# ഗീവർഗീസ് മാർ കൂറിലോസ്
# ജീവിതവും ദർശനവും

Malayalam
**GHEEVARGHESE MAR COORILOSE**
**JEEVITHAVUM DARSANAVUM**

Edited by: **REJI PARAPURATHU**

First Edition: October 2009

Rights Reserved

Cover Design: Vinayan Gayathri

Typesetting : Gayathri, Mvk.

Printing: Nambothil, Mavelikara

Published by: Mar Gregorios Study Forum, Mavelikara.

Distriution: Samvadam Books

**Rs. 45/-**

# ഗീവർഗീസ് മാർ കൂറിലോസ്
# ജീവിതവും ദർശനവും

(ലേഖന സമാഹാരം)

എഡിറ്റർ

**റജി പാറപ്പുറത്ത്**

പ്രസാധനം

മാർ ഗ്രിഗോറിയോസ് സ്റ്റഡിഫോറം

വിതരണം

സംവാദം ബുക്സ്

# ഉള്ളടക്കം


സൗമ്യതയുടെ ഭാവം ........ 14

സഭയുടെ എക്യുമെനിക്കൽ ബിഷപ്പ് ........ 18

വെളിച്ചം കാട്ടി നയിക്കുന്ന പുരോഹിതൻ ........ 20

ധാർമ്മികതയുടെ നേർവഴികൾ ........ 24

യുവത്വം അറുപതിന്റെ നിറവിൽ ........ 27

കർതൃത്വം നടത്തുന്ന കൂറിലോസ് ........ 30

വിനയാന്വിതനായ മാർ കൂറിലോസ് ........ 33

നല്ല ഇടയൻ ........ 35

അഭിമുഖം ........ 37

ഇടയ ദൗത്യബോധവും ദർശനവുമുള്ള ബിഷപ്പ് ........ 55

സഭൈക്യ പ്രസ്ഥാനത്തിന്റെ നേതാവ് ........ 57

ദൈവാനുഗ്രഹത്തിന്റെ ഷഷ്ടിപൂർത്തി വർഷം ........ 59

സഭകളുടെ ഐക്യം ........ 62

ഹൃദയത്തുടിപ്പുകൾ അറിയുന്ന ജനകീയ ബിഷപ്പ് ........ 65

സൗഹൃദത്തിന്റെ പര്യായമായ ശ്രേഷ്ഠാചാര്യൻ ........ 68

ജോർജ് കുര്യനച്ചൻ ഒരു നല്ലസുഹൃത്ത് ........ 70

നിർമ്മല സ്നേഹത്തിന്റെ ദൈവദൂതൻ ........ 72

നിങ്ങൾ എന്നെ ആരെന്നു പറയുന്നു ........ 76

സമർപ്പണത്തിന്റെ സാക്ഷ്യം ........ 80

ഗീവർഗീസ് മാർ കൂറിലോസ് മലങ്കരസഭയുടെ അംബാസിഡർ ........ 82

# ഉള്ളടക്കം

ധന്യമീ ജീവിതം ..... 85

ഹൃദയത്തെ സ്പർശിക്കുന്ന പ്രകാശം ..... 89

സരളതയുടെ പുഞ്ചിരി ..... 95

തിരുമധുരം ..... 99

കൂറിലോസ് തിരുമേനിയും ഞാനും ..... 103

എക്യുമെനിസത്തിന്റെ പ്രയോക്താവ് ..... 106

മഹാനഗരത്തിന്റെ ഇടയൻ അറുപതിന്റെ നിറവിൽ ..... 108

കൂറിലോസ് തിരുമേനിയെ ഓർക്കുമ്പോൾ ..... 110

ഗുരുവും പുരോഹിതനും ..... 114

എന്റെ ഇളയ സഹോദരനായ ശ്രേഷ്ഠമഹാചാര്യൻ അറുപതിന്റെ നിറവിൽ ..... 116

മലങ്കരയിലെ കൂറിലോസുമാർ ..... 124

കൂറിലോസ് തിരുമേനിയുടെ പ്രസംഗം ..... 126

കാലത്തിന്റെ സൗന്ദര്യം ..... 130

# ആമുഖം

ഓർത്തഡോക്സ് സഭാ മുംബൈ ഭദ്രാസന മെത്രാപ്പോലിത്തായും, മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡന്റുമായ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ ഷഷ്ട്യബ്ദപൂർത്തി വർഷമാണിത്. സമൂഹം തിരഞ്ഞെടുക്കുന്ന വ്യക്തിനാമങ്ങളിലൂടെയാണ് ചരിത്രം പിന്നീട് അറിയപ്പെടുന്നത്. ഓരോ കാലഘട്ടവും വ്യക്തികളെ സൃഷ്ടിക്കുന്നുവെന്ന് തിരിച്ചു പറയാനും കഴിയും.

അനേകം സമൂഹ ചിന്തകരായ പിതാക്കന്മാരെ സംഭാവന ചെയ്ത സഭയാണ് മലങ്കര ഓർത്തഡോക്സ് സഭ. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ, രണ്ടാമൻ, പ. പരുമല തിരുമേനി, പ. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്, പാമ്പാടി മാർ ഗ്രിഗോറിയോസ്, ഗീവർഗീസ് ദ്വീതിയൻ ബാവ, പത്രോസ് മാർ ഒസ്താത്തിയോസ്, തോമാ മാർ ദിവന്നാസിയോസ്, പുത്തൻകാവ് മാർ ഫീലക്സിനോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പൗലോസ് മാർ ഗ്രിഗോറിയോസ് തുടങ്ങിയ പിതാക്കന്മാരെ മലങ്കര സഭ സമൂഹത്തിന് സമർപ്പിച്ചവരാണ്. ഈ ഗണത്തിലെ പിതാക്കന്മാരെ എഴുതുക പ്രയാസകരവുമാണ്.

ഇന്ന് മലങ്കര സഭയിലൂടെ ലോക രാഷ്ട്രങ്ങൾ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്ന മെത്രാപ്പോലിത്തയാണ് അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി. അറുപതു വയസ്സിലെത്തിയ തിരുമേനിയെ അറിയുന്നതിനുള്ള ശ്രമമാണ് ഈ ഗ്രന്ഥം. അഭി. തിരുമേനിയുടെ ജീവിതത്തിലൂടെ യാത്ര ചെയ്യുവാൻ തുടക്കമിട്ടത് ചെറിയൊരു ആശങ്കയോടെയായിരുന്നു. വ്യക്തിജീവിതത്തിന്റെ പ്രശംസാ പത്രമായി ഗ്രന്ഥം മാറിയാൽ സമൂഹം വിമർശിക്കുകയും അടുത്ത തലമുറയെ തെറ്റിലേക്ക് നയിക്കുകയും ചെയ്യും. ജീവിത കാലഘട്ടത്തിൽ വ്യക്തി ഉന്നതനായാൽ പ്രശംസിച്ച് അദ്ദേഹത്തിന്റെ അടുത്താളായി മാറുക എന്നത് സ്വാഭാവികമാണ്. എന്റെ ചോദ്യം കേട്ട് ഒരദ്ധ്യാപക ശ്രേഷ്ഠൻ ഒഴിഞ്ഞു പോയതും രസകരമായ കാര്യമാണ്. 'ബോംബെയിലെ തിരുമേനിയെ അറിയുമോ' എന്നായിരുന്നു ചോദ്യം. ഉത്തരവും ലഭിച്ചു. 'അറിയും, എന്താകാര്യം, ഇപ്പോൾ എനിക്ക് സമയമില്ല, ഒരുമണിക്കൂർ കഴിഞ്ഞ് സംസാരിക്കാം'. ഞാൻ കാത്തു നിന്നു. പിന്നീട് പല പ്രാവ ശ്യം എന്റെ സമീ

പത്തുകൂടി ഈ അദ്ധ്യാപക ശ്രേഷ്ഠൻ കടന്നുപോയെങ്കിലും ഒരു പ്രാവശ്യം പോലും ഞാൻ കാണും വിധത്തിൽ എന്നെ നോക്കാൻ തയ്യാറായില്ല. ഈ അദ്ധ്യാപകനിലൂടെ തിരുമേനിയിൽ നിന്ന് എന്തെങ്കിലും നേടിയെടുക്കാൻ ചെന്ന ആവശ്യക്കാരനായിട്ടായിരുന്നു എനിക്ക് വളരെ അടുത്തു പരിചയമുള്ള അദ്ധ്യാപക ശ്രേഷ്ഠൻ ധരിച്ചതെന്നു വേണം കരുതാൻ. വ്യക്തിയെ നീതിപൂർവ്വമായി സമൂഹത്തിൽ അവതരിപ്പിക്കപ്പെടണമെന്നുള്ള ദൃഢനിശ്ചയത്തോടെയായിരുന്നു എന്റെ തുടക്കം. കാപട്യമില്ലാത്ത, സത്യപരമായ പ്രതിപാദനങ്ങൾ മാത്രമാണ് ഇതിലെ ലേഖനങ്ങൾ ഓരോന്നും.

33 ലേഖനങ്ങളുടെ സമാഹാരമാണ് 'ഗീവർഗീസ് മാർ കൂറിലോസ് ജീവിതവും ദർശനവും' എന്ന കൃതിയിലുള്ളത്. പ. കാതോലിക്കാ ബാവാ, ആത്മീയ പിതാക്കന്മാർ, സാംസ്ക്കാരിക പ്രവർത്തകർ തുടങ്ങി വിവിധ തലങ്ങളിലുള്ളവർ സ്മരണ പങ്കുവയ്ക്കുന്നു. ഈ സമാഹാരത്തിൽ എന്നോടു സഹകരിച്ച അഭിവന്ദ്യ പിതാക്കന്മാർ, തിരുമേനിയുടെ സുഹൃത്തുക്കൾ, കുടുംബാഗംങ്ങൾ, അഭിമുഖം നടത്തിയ പ്രൊഫ. പി.സി. എലിയാസ്, അവതാരിക എഴുതിയ പോൾ മണലിൽ തുടങ്ങി എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.

ഡി.റ്റി.പി. വർക്ക് ചെയ്ത ഗായത്രി ഡിജിറ്റൽ ആർട്സ്, നമ്പോത്തിൽ പ്രിന്റിംഗ് പ്രസ്, യുവകവയിത്രി ബിന്ദു വിനയൻ, സണ്ണി കോവിലകം, പോൾ ജോർജ് പൂവത്തേരിൽ, ടി. ആർ. രാജേന്ദ്രൻ, ഷീ തോമസ്, മാന്നാർ പ്രണവ് സ്റ്റുഡിയോ തുടങ്ങി എല്ലാവരോടും ഉള്ള നന്ദിയും സ്നേഹവും നിസ്സീമമായി രേഖപ്പെടുത്തുന്നു.

രജി പാറപ്പുറത്ത്

ജീവിതത്തിന്റെ അറുപതു വസന്തങ്ങൾ പിന്നിടുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ദർശനവും, സാക്ഷ്യവും അവതരിപ്പിക്കുന്ന കുറെ ലേഖനങ്ങളാണ് ഗീവർഗീസ് മാർ കൂറിലോസ് ജീവതവും ദർശനവും എന്ന ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നത്. മലങ്കര ഓർത്തഡോക്സ് സഭയുടെ മുംബൈ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റുമാണ് അഭി. കൂറിലോസ് തിരുമേനി. മലങ്കര സഭയിൽ സാക്ഷ്യത്തിന്റെ പുതിയ വേദിയായ ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയുടെ സ്ഥാപകനും തിരുമേനിയാണ്. കൂടാതെ ഭാരതത്തിലെ ക്രൈസ്തവ സഭകളുടെ ഏകോപന സമിതിയായ എൻ.സി.സി.ഐ, ലോകത്തിലെ ക്രൈസ്തവ സഭകളുടെ ഏകോപന സമിതിയായ ഡബ്ല്യു.സി.സി. ലോകത്തിലെ ഓർത്തഡോക്സ് യുവജന സംഘടനകളുടെ ഐക്യവേദിയായ സിൻഡിസ്മോസ് എന്നീ പ്രസ്ഥാനങ്ങളുടെ സഹയാത്രികൻ എന്നീ നിലകളിൽ അഭിവന്ദ്യ കൂറിലോസ് തന്റെ പ്രവർത്തന മണ്ഡലം ഇന്ത്യയിലും പുറത്തും വ്യാപിപ്പിച്ചിരിക്കുന്നു.

തിരുമേനിയുടെ കർമ്മജീവിതം ഇങ്ങനെ എണ്ണിപ്പറയാനാണെങ്കിൽ ഏറെയുണ്ടെങ്കിലും ഞാനിവിടെ പറയാൻ ഉദ്ദേശിക്കുന്നത്, തിരുമേനിയുടെ വിശാലമായ സഭാദർശനത്തെപ്പറ്റിയാണ്. മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിൽ ആരംഭിച്ച്, സഭകളുടെ ലോക കൗൺസിലിൽ എത്തിനിൽക്കുന്നതാണ് തിരുമേനിയുടെ സഭാദർശനം. അഭിവന്ദ്യ തിരുമേനിയുടെ ഈ ദർശന പാരമ്പര്യത്തിനു ദൃക്സാക്ഷിയാകാൻ അവസരം ലഭിച്ചിട്ടുള്ള എനിക്ക് പുസ്തകത്തിനു അവതാരിക എഴുതാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി കരുതുന്നു.

എഴുപതുകളിൽ ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തകനായി കടന്നുവരുമ്പോൾ എന്നോട് അതീവ വാത്സല്യത്തോടെ ഇടപെട്ട ജോർജ് കുര്യൻ ശെമ്മാശൻ മനസ്സിൽ ഒരു സ്നേഹക്കുളിരായി നിറഞ്ഞുനിൽക്കുന്നുണ്ട്. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ അദ്ദേഹ

ത്തിന്റെ കൂടെ കോട്ടയത്തും തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിക്കാൻ എനിക്കു അവസരം ലഭിച്ചു. ആരാധനയിലും പഠനത്തിലും സേവനത്തിലും അധിഷ്ഠിതമായ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഒരു കാലഘട്ടത്തിലെ സജീവമായ പ്രവർത്തനങ്ങളിൽ പങ്കുചേരാൻ അവസരം ലഭിച്ചതു എന്റെ വ്യക്തിത്വത്തെയും സ്വാധീനിച്ചു.

ഫാദർ പി.സി. ചെറിയാൻ ജനറൽ സെക്രട്ടറിയായിരുന്ന കാലത്താണ് പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ എം.ജി.ഒ.സി.എസ്.എമ്മിന്റെ സെക്രട്ടറിയായി പ്രവർത്തനം തുടങ്ങി വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കോട്ടയത്തെ നേതൃത്വത്തിലേക്ക് ഞാൻ കടന്നുവന്നത്. എഴുപതുകളിൽ ഞാൻ വിദ്യാർത്ഥി പ്രസ്ഥാനം സാഹിത്യവേദിയുടെ സെക്രട്ടറിയായി. പിന്നീട് പ്രസ്ഥാനത്തിന്റെ കേന്ദ്രകമ്മറ്റി വൈസ് പ്രസിഡന്റായി. ഈ നിലകളിൽ കോട്ടയത്ത് പ്രസ്ഥാനത്തിന്റെ വേദികളിൽ എത്തിയിട്ടുള്ളപ്പോൾ ജോർജ് കുര്യൻ ശെമ്മാശൻ എന്നെ അകമഴിഞ്ഞു പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എന്നെ മാത്രമല്ല, കുട്ടികളെയെല്ലാം അദ്ദേഹം കരുതി. അദ്ദേഹത്തിന്റെ കരുതൽ ഞാനേറെ ആസ്വദിച്ചതു തിരുവനന്തപുരത്തുവച്ചാണ്. ഞാനന്ന് മാർ ഈവാനിയോസ് കോളജിൽ വിദ്യാർത്ഥിയാണ്. ഹോസ്റ്റലിലെ ഞങ്ങളുടെ പ്രാർത്ഥനാസംഘത്തിലേക്ക് അദ്ദേഹം ആഴ്ചയിൽ ഒരിക്കൽ കടന്നുവരുമായിരുന്നു. കുട്ടികളുടെ വ്യക്തിപരമായ പ്രശ്നങ്ങളും മറ്റും മനസ്സിലാക്കി ഇടപെടുന്നതിനും അവരോട് മധുരമായി സംസാരിക്കുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് ഞാൻ പലപ്പോഴും തിരിച്ചറിഞ്ഞിട്ടുണ്ട്.

കുട്ടികളുടെ മനസ്സറിഞ്ഞു പെരുമാറുന്നതിനു പ്രസ്ഥാനത്തിന്റെ സാരഥിയായിരുന്ന ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിക്കുണ്ടായിരുന്ന കഴിവ് അന്യാദൃശമായിരുന്നു. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി കാലംചെയ്തപ്പോൾ പ്രസ്ഥാനത്തിൽ ആ ശൂന്യത നികത്തിയതു ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനിയാണ്. അഭിവന്ദ്യ തിരുമേനിയെ കാണുമ്പോൾ എനിക്കു സ്വന്തം വീട്ടിലെ ഒരംഗത്തെ കാണുംപോലെയാണ്. അങ്ങനെയാണ് തിരുമേനി. അദ്ദേഹവുമായി ആർക്കും അകലമില്ല. ചിലർക്ക് അദ്ദേഹം സഹോദരനായി തോന്നും. ചിലർക്കു കൂട്ടുകാരൻ, ഗുരുവായും മാർഗ്ഗദർശിയായും ആചാര്യനായും പിതൃസ്ഥാനീയനായും തിരുമേനിയെ കാണുന്നവരുണ്ട്. ഹൃദയത്തിന്റെ അടുപ്പമാണ് അതിനുകാരണം.

വിദ്യാർത്ഥി പ്രസ്ഥാനത്തിൽ ഞാൻ പ്രവർത്തിക്കുമ്പോൾ കോട്ട

യത്തു പഴയ സെമിനാരിയിൽ സംഘടിപ്പിക്കപ്പെട്ട പ്ലാറ്റിനം ജൂബിലി സമ്മേളനം ഓർക്കുന്നു. ഞാനന്ന് കോട്ടയം സെന്ററിലാണ് താമസം. പ്രസ്ഥാനത്തിന്റെ മറ്റൊരു പ്രവർത്തകനായ ജോൺ ചാണ്ടിയും എന്റെ കൂടെയുണ്ടായിരുന്നു. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും അവിസ്മരണീയമായിരുന്നു പ്ലാറ്റിനം ജൂബിലി സമ്മേളനം. ഫാദർ ജോർജ് കുര്യൻ അന്ന് പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ മികവ് ഞാൻ നേരിൽ കണ്ടത് അന്നാണ്. പരിപാടികൾ കൃത്യസമയത്തു തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യണമെന്നു ജോർജ് കുര്യൻ അച്ചൻ നിർദ്ദേശിച്ചു. ജോൺ ചാണ്ടിയെ അതിനായി നിയോഗിച്ചു. അങ്ങനെ ഓരോ ദിവസത്തെയും പരിപാടികൾ നടത്താൻ ഓരോരുത്തരെ ചുമതലപ്പെടുത്തി. ഞങ്ങൾ എന്നും രാത്രിയിൽ ജനറൽ സെക്രട്ടറിയുടെ മുറിയിൽ ഒത്തുകൂടും. അങ്ങനെ പല ദിവസത്തെ ചർച്ചകൾ. ഒരു ടീം സ്പിരിറ്റ് ഉണ്ടാക്കാനുള്ള അദ്ദേഹത്തിന്റെ മികവു ഞാൻ നേരിൽ കണ്ടു. പുതിയ ആശയങ്ങളും അഭിപ്രായങ്ങളും അച്ചൻ സ്വീകരിച്ചു. വിമർശനങ്ങൾ അദ്ദേഹം ഏറെ ഇഷ്ടപ്പെട്ടു. ഇതിന്റെ ഫലം മനസ്സിലാക്കാൻ പ്ലാറ്റിനം ജൂബിലിയുടെ പരിപാടികൾ അവലോകനം ചെയ്താൽ മതി. ഞാൻ പറഞ്ഞുവരുന്നത്, അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനിയുടെ പ്രവർത്തനശൈലിയെപ്പറ്റി പറയാനാണ്. അതു തികച്ചും ജനാധിപത്യപരമാണ്. ചുറ്റും നിൽക്കുന്നവരെ വളർത്താൻ എപ്പോഴും അദ്ദേഹം കരുതൽ കാണിക്കുന്നു. ഒപ്പം പ്രസ്ഥാനത്തിന്റെ മൂല്യം വെളിപ്പെടുത്താൻ അദ്ദേഹം എന്നും ജാഗ്രത പുലർത്തുന്നു.

ഞാൻ കോഴിക്കോട് പ്രസ്ഥാനത്തിന്റെ റീജണൽ സെക്രട്ടറിയായി പ്രവർത്തിക്കുമ്പോഴായിരുന്നു കോഴിക്കോട് പ്രസ്ഥാനത്തിന്റെ ആദ്യത്തെ കോൺഫ്രൻസ് സംഘടിപ്പിച്ചത്. ജോർജ് കുര്യൻ അച്ചന്റെ കൂടെ ഞാനും വി.ഐ. നൈനാൻ സാറും പണപ്പിരിവിനായി പോയിട്ടുണ്ട്. ഒരു രൂപയും കിട്ടില്ലെന്നു കരുതി ചെല്ലുമ്പോൾ അത്ഭുതം സംഭവിക്കുന്നതു ഞങ്ങൾ കണ്ടു. ജോർജ് കുര്യൻ അച്ചന്റെ കുലീനതയും പ്രതിബദ്ധതയും മിതത്വവും ഓരോ സന്ദർഭത്തിൽ ഫലപ്രദമായി മാറുകയായിരുന്നു. ഓരോ അവസരത്തിലും അച്ചന്റെ വ്യക്തിത്വം അസാധാരണമായ ശോഭയോടെ പ്രവർത്തിക്കുന്നതു അടുത്തു മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞു. ഇപ്രകാരം അദ്ദേഹത്തിന്റെ പ്രകാശമാനമായ മുഖത്തെപ്പറ്റി. ധാരാളം പറയാനുണ്ട്. പ്ലാറ്റിനം ജൂബിലി

കോൺഫ്രൻസിനെപ്പറ്റി ഞാൻ പറഞ്ഞല്ലോ. അന്ന് സംഘടിപ്പിക്കപ്പെട്ട സാഹിത്യ സമ്മേളനത്തിന്റെ ചുമതല എനിക്കായിരുന്നു. നമ്മുടെ സഭയിലെ എഴുത്തുകാരെയെല്ലാം ഞാൻ ആദ്യമായി ഒരു വേദിയിൽ കൊണ്ടുവന്നു. തുടർന്നു പ്രസ്ഥാനത്തിന്റെ സാഹിത്യവിഭാഗത്തിന്റെ ചുമതല അച്ചൻ എനിക്കുതന്നു. ഇപ്രകാരം ആളുകളെ തിരിച്ചറിയുന്നതിനും മനസ്സിലാക്കുന്നതിനും അവരോട് സന്ദർഭോചിതമായി പെരുമാറുന്നതിനുമുള്ള കഴിവും സന്മനസ്സും കൂറിലോസ് തിരുമേനിക്കുണ്ട്.

കൂറിലോസ് എന്ന പദത്തിന്റെ അർത്ഥത്തെപ്പറ്റി ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് ഇതിൽ എഴുതുന്നുണ്ട്. കർത്താവ്, കർത്തൃത്വം നടത്തുന്നവൻ എന്നൊക്കെ അതിനു അർത്ഥമുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. തൈസേ കമ്യൂണിറ്റിയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കി അത്തരത്തിലൊന്നു നമ്മുടെ സഭയിലും നടപ്പിലാക്കണമെന്ന കൂറിലോസ് തിരുമേനിയുടെ ചിന്തയെപ്പറ്റി നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് ഇതിൽ എടുത്തു പറയുന്നുണ്ട്. ഇപ്രകാരമുള്ള കാര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ കർതൃത്വം നടത്തുന്ന കൂറിലോസ് എന്ന വിശേഷണം തിരുമേനിക്കു ശരിക്കും യോജിക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികൾ മനസ്സിലാക്കി തിരുമേനി ആരംഭിച്ച തൈസേ കമ്യൂണിറ്റിയെപ്പറ്റി ജോർജ് ഓണക്കൂറും പറയുന്നുണ്ട്. അതുപോലെ നേതൃ രംഗത്തു പുതിയൊരു അനുരഞ്ജന ശൈലിയുടെ ഉടമയാണ് കൂറിലോസ് തിരുമേനിയെന്നു ഡോ. മാത്യു വൈദ്യൻ കോറെപ്പിസ്ക്കോപ്പ എടുത്തുപറയുന്നു. വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന തിരുമേനിയുടെ എക്യുമെനിക്കൽ ദർശനത്തെപ്പറ്റി ഡോ. യൂഹാനോൻ മാർ ദീയസ്കോറസും തോമസ് നീലാർമഠവും ഫാ. എം.സി. കുര്യാക്കോസും സ്മരിക്കുന്നു. നരേന്ദ്ര ഭൂഷൺ പറയുന്നതു പുരോഹിത ധർമ്മം അനുസ്മരിക്കുന്ന തിരുമേനിയെപ്പറ്റിയാണ്.

തിരുമേനിയുടെ ജീവിതവും ദർശനവും വെളിപ്പെടുത്തുന്നതാണ് പ്രൊ. പി.സി. ഏലിയാസിന്റെ അഭിമുഖവും സഹോദരനായ ജോസ് കുര്യൻ പുളിയേരിലിന്റെ ഓർമ്മക്കുറിപ്പും. പാമ്പാടി തിരുമേനിയെ കണ്ട് അനുഗ്രഹം പ്രാപിക്കാൻ ബാലനായ ജോർജ്കുട്ടി ഒരുദിവസം മൂന്നു തവണ ചെന്ന കാര്യം ജോസ് കുര്യൻ അനുസ്മരിക്കുന്നുണ്ട്. ജീവിതത്തിൽ അനുഗ്രഹത്തിന്റെ വഴികളിൽ സഞ്ചരിക്കാൻ ജോർജ്കുട്ടിയെ പ്രചോദിപ്പിച്ചതും ഇത്തരം ഇച്ഛാശക്തിയാണ്. ജേക്കബ് കുര്യൻ

ഓണാട്ട് തിരുമേനിയെ വിശേഷിപ്പിക്കുന്നതു സഭയുടെ ഇപ്പോഴത്തെ അംബാസിഡർ എന്നാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിലെ നല്ല നാളുകൾ പ്രൊഫ. വി.ഐ. നൈനാനും ഡോ. വർഗീസ് പേരയിലും പ്രിയ ജേക്കബും ഫാ. ജോൺ തോമസ് കരിങ്ങാട്ടിലും പങ്കുവയ്ക്കുന്നു.

ജോയൻ കുമരകം തിരുമേനിയെ വിശേഷിപ്പിക്കുന്നതു നിർമല സ്നേഹത്തിന്റെ ദൈവദൂതൻ എന്നാണ്. തിരുമേനിയുടെ അഭിപ്രായ ധീരതയെപ്പറ്റി പ്രൊഫ. മേരി മാത്യു എടുത്തുപറയുന്നു. കൊല്ലാട് എന്ന ഗ്രാമത്തിൽ ജനിച്ച തിരുമേനിയെ വിശ്വപൗരൻ എന്നാണ് ഡോ. ലീലാമ്മ ജോർജ് വിശേഷിപ്പിക്കുന്നത്. തിരുമേനിയുടെ കടമയും സഹിഷ്ണുതയും വ്യതിരിക്തതയായി റവ. ഡോ. വി.എം. ഏബ്രഹാം കാണുന്നു. തിരുമേനിയുടെ പക്വതയും സമചിത്തതയും തന്നെ ആകർഷിച്ചിട്ടുള്ളതായി ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് എഴുതുന്നു. സൗമ്യതയും ശാന്തതയും തിരുമേനിയുടെ ധീരതയുടെ ലക്ഷണങ്ങളാണെന്നു ഡോ. ജോസ് പാറക്കടവിൽ അഭിപ്രായപ്പെടുന്നു. തിരുമേനിയുടെ സൗഹൃദം നിറഞ്ഞ പുഞ്ചിരിയെപ്പറ്റിയാണ് ഇലവുക്കാട്ടിൽ ഗീവറുഗീസ് റമ്പാൻ എടുത്തുപറയുന്നത്.

കൂറിലോസ് തിരുമേനിയുടെ കർമ്മധീരതയെപ്പറ്റിയും ജീവിതവീക്ഷണത്തെപ്പറ്റിയും ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ ബർന്നബാസ്, ഡോ. യുയാക്കിം മാർ കൂറിലോസ് എന്നിവർ എഴുതുന്നു. അടിസ്ഥാന വിശ്വാസങ്ങൾക്കു കോട്ടംതട്ടാതെ തിരുമേനി കാലഘട്ടത്തിന്റെ സ്പന്ദനങ്ങളെ ഉൾക്കൊള്ളുകയും പ്രവർത്തന ശൈലികൾ ക്രമീകരിക്കുകയും ചെയ്യുന്നതായി ഫാ. ജോസഫ് സാമുവൽ കറുകയിൽ സാക്ഷിക്കുന്നു. വിദ്യാർത്ഥി പ്രസ്ഥാനത്തിനു ലഭിച്ച പഴയ കൊച്ചുമാലാഖയെപ്പറ്റിയാണ് മാത്യു സഖറിയ സ്മരിക്കുന്നത്. ആ കൊച്ചുമാലാഖ ഇപ്പോൾ സഭയുടെ മാലാഖയായി മാറിയതിൽ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ആഹ്ലാദിക്കുന്നു. കൂടാതെ കൂറിലോസ് പാരമ്പര്യത്തെപ്പറ്റി വർഗീസ് ജോൺ തോട്ടപ്പുഴയും വിവരിക്കുന്നു.

ഇപ്രകാരം കൂറിലോസ് തിരുമേനിയെപ്പറ്റിയുള്ള നിരീക്ഷണങ്ങളും സ്മരണകളും ഈ പുസ്തകത്തിന്റെ പ്രത്യേകതകളാണ്. നമ്മുടെയിടയിൽ ജീവിക്കുന്ന ഒരു ഇടയനെപ്പറ്റിയുള്ള അറിയപ്പെടാത്ത കുറെ കാര്യങ്ങളാണ് ഈ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ പ്രകാശത്തിനു നേതൃത്വം നൽകിയ റെജി പാറപ്പുറത്തിനെ എത്രകണ്ട് അഭിനന്ദിച്ചാലും മതിവരികയില്ല.

Telegrams : Devalokam
E-mail-orthodox@md4.vsnl.net.in

Telephone : 0481 - 2574323, 2578500
Fax : 0481 - 2570569

# The Malankara Orthodox Syrian Church

**CATHOLICATE OF THE EAST**

Baselios Marthoma Didymus I
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 038
KERALA, INDIA

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന മാർ ഗ്രീഗോറിയോസ് സ്റ്റഡി ഫോറം പ്രവർത്തകർക്ക് വാഴ്വ്

പ്രിയരേ,

കർത്താവിൽ നമ്മുടെ സഹോദരനും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മുംബൈ ഭദ്രാസന അധിപനുമായ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ഷഷ്ടിപൂർത്തി, അദ്ദേഹത്തിന്റെ നിസ്തുല സേവനം ലഭിച്ചുകൊണ്ടിരിക്കുന്ന വിവിധ ഭദ്രാസനങ്ങളും ആദ്ധ്യാത്മിക സംഘടനകളും മാതൃകാപരമായ രീതിയിൽ ആഘോഷിക്കുന്നു എന്നറിയുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. അഭിവന്ദ്യ തിരുമേനിയുടെ ധന്യമായ ആദ്ധ്യാത്മിക ജീവിതവും ദർശനങ്ങളും, മികവുറ്റ ഭരണപാടവവും സാമൂഹ്യ വീക്ഷണവും, അർപ്പണ മനോഭാവത്തോടുകൂടിയ കഠിന പ്രയത്നവും കൊണ്ടു മാത്രമാണ് മുംബൈ ഭദ്രാസനം ഇന്നു കാണുന്ന അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളത് എന്ന് നമുക്ക് നിസംശയം പറയുവാൻ കഴിയും. യുവജനങ്ങളുടെ മനസ്സിൽ തിരുമേനി ആർജ്ജിച്ചെടുത്ത സ്വാധീനവും, എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് അദ്ദേഹം നൽകിക്കൊണ്ടിരിക്കുന്ന സംഭാവനയും വിലമതിക്കാനാവാത്തതാണ്. നിർമ്മലമായ വ്യക്തിത്വം കാത്തു സൂക്ഷിക്കുന്ന തിരുമേനിയുടെ ജീവിതം, കൂടുതൽ നന്മകൾ ലോകത്തിന് പ്രദാനം ചെയ്യുവാൻ കരുത്തുള്ള ഉൾക്കാഴ്ചകളോടെ ദീർഘനാൾ തുടരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തിരുമേനിയുടെ ഷഷ്ടിപൂർത്തി ആഘോഷങ്ങളോടനുബന്ധിച്ച് അദ്ദേഹത്തെക്കുറിച്ചുള്ള നിരവധി പ്രമുഖരുടെ സ്മരണകൾ ഉൾപ്പെടുത്തി മാർ ഗ്രീഗോറിയോസ് സ്റ്റഡി ഫോറം പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥത്തിന് എല്ലാവിധ ആശംസകളും നേരുന്നു. ഈ സദുദ്യമത്തിനുവേണ്ടി അധ്വാനിക്കുന്ന എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

ബസ്സേലിയോസ മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

# സൗമ്യതയുടെ ഭാവം

ശ്രേഷ്ഠ നിയുക്ത കാതോലിക്ക പൗലോസ് മാർ
മിലിത്തിയോസ് മെത്രാപ്പോലീത്ത

മുംബൈ ഭദ്രാസനത്തിന്റെ അധ്യക്ഷനായിരിക്കുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് വൈദിക സെമിനാരിയിൽ പഠിക്കുന്ന കാലയളവിലാണ്. അന്ന് അദ്ദേഹം ഞാൻ പഠിക്കുന്ന ക്ലാസ്സിനേക്കാൾ മൂന്നുവർഷം അധികമുള്ള ഫൈനലിയർ ക്ലാസിൽ പഠിക്കുകയാണെന്നാണ് എന്റെ ഓർമ്മ. ആ സമയത്ത് ഒരു ജ്യേഷ്ഠ സഹോദരനെന്ന നിലയിൽ അദ്ദേഹത്തെ വളരെ ആദരവോടെ നോക്കി കാണാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. സൗമ്യമായ സംസാരവും ജൂനിയർ ആയിരിക്കുന്ന വിദ്യാർത്ഥികളോട് സഹോദരഭാവത്തിലുള്ള ഇടപെടലുമൊക്കെ എന്നെ ഏറെ ആകർഷിച്ചു.

അന്ന് ഒരു വ്യക്തിബന്ധം സ്ഥാപിച്ചെടുക്കാനൊന്നും സാധിച്ചിട്ടില്ലായെങ്കിലും ഞങ്ങളുടെ ജ്യേഷ്ഠ സഹോദരൻ എന്ന നിലയിലുള്ള ഒരു ഭാവം എന്റെ മനസ്സിൽ അന്നു മുതൽ പച്ചപിടിച്ചുനിൽക്കുന്നുണ്ടായിരുന്നു. അത് കഴിഞ്ഞ് പിന്നീട് അദ്ദേഹത്തെ കൂടുതൽ പരിചയപ്പെടുവാനും ഒരുമിച്ചു പ്രവർത്തിക്കുവാനും ലഭിച്ച ഒരവസരമെന്ന് പറയുന്നത് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പ്രവർത്തന മേഖലകളിൽ ഇടപഴകുമ്പോഴാണ്. അദ്ദേഹം അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന പി.സി. ചെറിയാൻ എന്ന വൈദികന്റെ പിൻഗാമിയായി എം. ജി. ഒ. സി. എസ്. എം ന്റെ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുവാൻ തുടങ്ങി. എനിക്കും എം.ജി.ഒ.സി.എസ്.എം പ്രസ്ഥാനത്തിന്റെ കേന്ദ്രതലത്തിൽ പ്രവർത്തിക്കാൻ അന്ന് അവസരം ഒരുക്കി തന്നത് പ്രസിഡന്റായിരുന്ന അഭി. തെമോഫിലോസ്

തിരുമേനിയായിരുന്നു. തിരുവനന്തപുരം സ്റ്റുഡന്റ്സ് സെന്റർ രൂപം കൊള്ളുന്ന കാലത്ത് അതിന്റെ ആദ്യത്തെ വാർഡൻ എന്ന നിലയിലും അവിടെ സേവനം ചെയ്തത് ജോർജ് കുര്യനച്ചനായിരുന്നു. അദ്ദേഹം കുറച്ചു മാസങ്ങളേ അവിടെ പ്രവർത്തിച്ചുള്ളെങ്കിലും അദ്ദേഹത്തിന്റെ പിൻഗാമിയായി തെയോഫിലോസ് തിരുമേനി നിയമിച്ചത് എന്നെയാണ്. പിൻഗാമികൾക്ക് സുഗമമായ പ്രവർത്തനമണ്ഡലം ഒരുക്കിയിട്ടാണ് അദ്ദേഹം അടുത്ത കർമ്മമണ്ഡലത്തിലേക്ക് പോയത്. സ്റ്റുഡന്റ്സ് ചാപ്ലിനായും ഹോസ്റ്റൽ അസിസ്റ്റന്റ് വാർഡനായും രണ്ടു വർഷത്തിൽ താഴെ ഞാനവിടെ പ്രവർത്തിച്ചപ്പോൾ അതിന് സഹായകമായത് ജോർജ് കുര്യനച്ചന്റെ സേവനങ്ങളായിരുന്നു. എം.ജി.ഒ.സി. എസ്.എം ന്റെ ജനറൽ സെക്രട്ടറിയായിരുന്ന ഫാ. പി.സി. ചെറിയാൻ ഉപരിപഠനാർത്ഥം വിദേശരാജ്യങ്ങളിലേക്ക് പോയപ്പോൾ ആ സ്ഥാനത്തേക്ക് തെയോഫിലോസ് തിരുമേനി നിയോഗിച്ചത് ജോർജ് കുര്യനച്ചനെയായിരുന്നു. ഈ കാലഘട്ടിൽ ഒരുമിച്ച് പ്രവർത്തിക്കാൻ അവസരം ലഭിച്ചു. വിദ്യാർത്ഥികളുടെ ആത്മീയവിഷയങ്ങളിലും പഠനകാര്യങ്ങളിലും ജോർജ് കുര്യനച്ചന്റെ പ്രവർത്തനം സൗഹൃദപരവും, മാതൃകാപരവുമായിരുന്നു. 1976 ൽ എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലേക്കുള്ള നിയോഗം ലഭിച്ചതോടെ പ്രസ്ഥാനത്തിന്റെ കേന്ദ്രതലപ്രവർത്തനത്തിൽ നിന്ന് ഞാൻ വിരമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സഹകരണത്തോടെ എറണാകുളം മേഖലയിലും എനിക്കു സജീവമായി പ്രവർത്തിക്കുവാൻ സാധിച്ചു. എല്ലാവരോടും സൗഹൃദം പുലർത്തുന്ന സൗമ്യമായ പെരുമാറ്റത്തിലൂടെ വിദ്യാർത്ഥികൾക്കിടയിലെ പ്രിയങ്കരനായിരുന്നു അദ്ദേഹം. ഉപരിപഠനം നടത്താൻ അദ്ദേഹം ലണ്ടൻ ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിച്ചുകൊണ്ട് അവിടുത്തെ വിദ്യാർത്ഥികളുടെ ഇടയിൽ പ്രവർത്തിച്ചു. കാലയളവിൽ മൂന്നാലു ദിവസം എനിക്കും തിരുമേനിയോടൊപ്പം അവിടെ താമസിക്കാൻ സാധിച്ചു. ഏതു മേഖലയിൽ പ്രവർത്തിക്കുമ്പോഴും അവിടൊക്കെ ആരാധകവൃന്ദത്തെ സൃഷ്ടിക്കാൻ തിരുമേനിക്ക് സാധിക്കുന്നു.ലണ്ടനിൽ നിന്നും തിരിച്ചെത്തിയ അവസരത്തിലാണ് മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. 1991 ൽ മേല്പട്ടസ്ഥാനത്തേക്ക് അദ്ദേഹത്തെ തിരഞ്ഞെടുത്തു. കൂറിലോസ് തിരുമേനിയെ തന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്തയായി തെയോഫിലോസ് തിരുമേനി ആഗ്രഹിച്ചിരുന്നു. തിരുമേനിയുടെ ആഗ്രഹം എപ്പിസ്കോപ്പൽ സുന്നഹ

ദോസും അംഗീകരിച്ചു. സഹായ മെത്രാപ്പോലീത്ത എന്ന നിലയിലുള്ള തന്റെ പ്രവർത്തനവും അദ്ദേഹം ഭംഗിയായി നിർവ്വഹിച്ചു. രണ്ടുമെത്രാപ്പോലീത്തമാർ ഒരുമിച്ച് ഭദ്രാസന ചുമതല വഹിക്കുമ്പോഴുള്ള പ്രശ്നമൊന്നുമില്ലാതെ ഒരു പിതൃ-പുത്ര ബന്ധത്തിന്റെ പരിശുദ്ധിയിൽ നിന്നുകൊണ്ട് തങ്ങളുടെ ചുമതല വഹിക്കാൻ തെയോഫിലോസ് തിരുമേനിയും കൂറിലോസ് തിരുമേനിയും ശ്രദ്ധിച്ചിരുന്ന കാര്യം എനിക്ക് നേരിട്ട് അറിവുള്ളതാണ്. തെയോഫിലോസ് തിരുമേനിയുടെ ശുദ്ധതയെ മറ്റുള്ളവർ ചൂഷണം ചെയ്യുന്നത് ഒഴിവാക്കി അദ്ദേഹത്തോടൊപ്പം തിരുമേനി കാലം ചെയ്യുന്നതുവരെ നിൽക്കാൻ കൂറിലോസ് തിരുമേനിക്ക് കഴിഞ്ഞു. തന്റെ അഭിപ്രായങ്ങൾ തുറന്നു പറയുന്ന സ്വഭാവം കൂറിലോസ് തിരുമേനിക്ക് ഉണ്ടെങ്കിൽപ്പോലും തെയോഫിലോസ് തിരുമേനി എന്താണ് ഉദ്ദേശിച്ചത് എന്നറിഞ്ഞ് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു. മനസ്സുകൊണ്ടുപോലും തിരുമേനിയെ എതിർക്കാതെ പ്രവർത്തിച്ച് അദ്ദേഹത്തിന്റെ പാത പിൻതുടരാൻ കൂറിലോസ് തിരുമേനി അന്നും ഇന്നും ശ്രദ്ധിക്കുന്നു.

അദ്ദേഹത്തിന്റെ മനസ്സിൽ ഉടലെടുത്ത ഒരാശയമാണ് ഗ്രിഗോറിയൻ കമ്മ്യൂണിറ്റി. അതിന് പ്രേരകമായത് ഫ്രാൻസിൽ ഉടലെടുത്ത തൈസേ കമ്മ്യൂണിറ്റി എന്ന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ സ്വാധീനമാണ്. കമ്മ്യൂണിറ്റിയുടെ അന്തർദേശിയ സെമിനാറിലൊക്കെ തിരുമേനി പങ്കെടുത്തിട്ടുണ്ട്. അപ്രകാരം ഒരു പ്രസ്ഥാനം മലങ്കരസഭയിലും വളർന്നുവരണമെന്ന് തിരുമേനി ആഗ്രഹിച്ചു. അതിന്റെ ഫലമായി രൂപംകൊണ്ടതാണ് ഗ്രിഗോറിയൻ കമ്മ്യൂണിറ്റി. മലങ്കരസഭയുടെ സംസ്ക്കാരത്തിനും അതിന്റെ മേന്മയ്ക്കും സഭയുടെ യുവതലമുറയ്ക്കും ആദ്ധ്യാത്മികമായ ചൈതന്യം ലഭിക്കത്തക്കരീതിയിൽ ഗ്രിഗോറിയൻ കമ്മ്യൂണിറ്റി പ്രവർത്തിക്കുന്നു. തന്റെ മുൻഗാമിയായ കാലം ചെയ്ത തെയോഫിലോസ് തിരുമേനിയെപോലെ മലങ്കരസഭയുടെ അംബാസിഡർ എന്നനിലയിൽ അന്തർദേശിയതലത്തിലുള്ള വിവിധ സഭകളുമായും, വ്യക്തികളുമായും നല്ല ബന്ധം പുലർത്തുകയും ചെയ്യുന്നു. അതേപോലെ ഒരു എക്യുമെനിക്കൽ കാഴ്ചപ്പാട് തിരുമേനിയിൽ നല്ലപോലെയുണ്ടെന്ന് എനിക്ക് ബോധ്യമുണ്ട്. തിരുമേനിയുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ അന്തർദേശിയതലത്തിൽ മലങ്കര സഭയ്ക്ക് ഒരു സ്വാധീനം ഉണ്ടാക്കികൊടുക്കുന്നു. സഭയുടെ മേന്മക്കുവേണ്ടി സങ്കുചിത ചിന്തവെടിഞ്ഞ് വിശാലമനസ്സോടെ,

എക്യുമെനിക്കൽ ചിന്തയോടെ പ്രവർത്തിക്കുന്ന തിരുമേനി യുവജനങ്ങൾ സഭയ്ക്ക് മുതൽക്കൂട്ടാവണം എന്ന കാഴ്ചപ്പാടും ഉള്ള വ്യക്തിയാണ്. ഇതൊക്കെ തിരുമേനിയുടെ മഹത്വം വ്യക്തമാക്കുന്നതാണ്. കേരളതലത്തിലുള്ള സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ തിരുമേനിക്ക് കഴിയുന്നില്ലെങ്കിലും കാലം ചെയ്ത ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിക്ക് ശേഷം എം.ജി.ഒ.സി.എസ്.എം പ്രസിഡന്റ് സ്ഥാനം കൂറിലോസ് തിരുമേനിക്ക് ഞങ്ങൾ ഏൽപ്പിച്ചുകൊടുത്തു. അത് അദ്ദേഹം ഭംഗിയായി നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്.

പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഒരു ശിഷ്യസ്ഥാനവും തിരുമേനിക്കുണ്ട്. തിരുമേനി പ്രവർത്തിച്ച പല സ്ഥാപനങ്ങളുടെയും പിൻഗാമിയായി കണ്ടത് കൂറിലോസ് തിരുമേനിയെയാണ്. വെട്ടിക്കൽ തലക്കോടുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും ചുമതല ഏൽപ്പിച്ചത് കൂറിലോസ് തിരുമേനിയെയാണ്. ഇതെല്ലാം ആ പിതാക്കന്മാർക്ക് തിരുമേനിയുടെ നേതൃത്വപാടവത്തിലുള്ള വിശ്വാസം കൊണ്ടാണ്. തിരുമേനിയുടെ പ്രവർത്തനങ്ങളെല്ലാം മലങ്കരസഭയക്ക് നേട്ടങ്ങളായിത്തീരട്ടെയെന്ന് ആശംസിക്കുന്നു. ഇപ്പോൾ തിരുമേനിയുടെ 60-ാം പിറന്നാൾ ആഘോഷിക്കുകയാണ്. വ്യക്തിപരമായി അതിലെനിക്കുള്ള എല്ലാ സന്തോഷവും തിരുമേനിയെ അറിയിക്കുന്നു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും കൂടുതൽ തിളക്കമുള്ളതായി തീരട്ടെയെന്ന് ആശംസിക്കുന്നു.

*(ജനറൽ സെക്രട്ടറി, അഖിലേന്ത്യ വേദിക് മിഷൻ)*

# സഭയുടെ എക്യുമെനിക്കൽ ബിഷപ്പ്

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

ഷഷ്ടിപൂർത്തിയിലെത്തിയ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് ദൈവകൃപയാൽ ക്രിസ്തീയ ലോകത്ത് വളരെ പ്രശസ്ത പദവിയിലേക്ക് ഉയർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ സെമിനാരി അദ്ധ്യാപകരിൽ ഒരാളായ എനിക്ക് തന്റെ മാതാപിതാക്കളെക്കുറിച്ചും കുടുംബാംഗങ്ങളെക്കുറിച്ചും ധാരാളം മധുര സ്മരണകളുണ്ട്.

ഒന്നരമാസം ഭീകരമായ ഒരപകടത്തിൽപ്പെട്ട് കോട്ടയം ആശുപത്രിയിൽ കഴിഞ്ഞിരുന്നു. പൂർണ്ണ ആരോഗ്യത്തിലേക്ക് തിരിച്ചുവരുമെന്ന് അന്നു ഞാൻ കരുതിയില്ല. പൂർണ്ണ സൗഖ്യം നൽകി ദൈവം അത്ഭുതം പ്രവർത്തിച്ചു. മുംബൈ ഭദ്രാസനാധിപനായി പൂർണ്ണ ആരോഗ്യത്തോടെ അദ്ദേഹം ഭംഗിയായി പ്രവർത്തിക്കുന്നു.

പൂനയിലെ ദേഹുറോഡ് സെന്റ് ജോർജ് ബാലികാഗ്രാമിന്റെ വൈസ് പ്രസിഡന്റ് ആയി അദ്ദേഹം പ്രവർത്തിക്കുന്നതിൽ ഞാൻ അദ്ദേഹത്തോട് വ്യക്തിപരമായി കടപ്പെട്ടിരിക്കുന്നു. അതിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചത് അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയും ഞാനും ചേർന്നാണ്. മിഷൻ സൊസൈറ്റിയുടെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളെപ്പോലെ ഈ ബാലികാ ഗ്രാമിനും ബോംബെ ഭദ്രാസനത്തിന്റെ പൂർണ്ണ പിന്തുണ കിട്ടിക്കൊണ്ടിരിക്കുന്നു. ദേഹുറോഡിലെ സ്കൂൾ ഒരു ഹയർ സെക്കന്ററി സ്കൂൾ നിലവാരത്തിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു. ഞാൻ 92 വയസ്സിലെത്തിയതിനാൽ തിരുമേനിയാണ് സ്കൂൾ കമ്മറ്റി യോഗങ്ങളിൽ അധ്യക്ഷത വഹിക്കുന്നത്. വാർഷിക യോഗങ്ങളിലും തിരുമേനി പങ്കെടുക്കുന്നു.

ലോക സഭാ കൗൺസിൽ, ഓർത്തഡോക്സ് സഭകൾ ഇവയുടെ യോഗങ്ങളിൽ സംബന്ധിക്കുവാൻ അദ്ദേഹം നിരന്തരം ലോക രാജ്യ

ങ്ങളിൽ സഞ്ചരിക്കുന്നു. ഇൻഡ്യയിലെ സഭകളുടെ ദേശീയ കൗൺസിൽ യോഗങ്ങളിലും അദ്ദേഹം ഭാഗഭാഗിത്വം വഹിക്കുന്നു. ഇക്കാരണങ്ങളാൽ അദ്ദേഹം ഓർത്തഡോക്സ് സഭയുടെ എക്യൂമെ 'നിക്കൽ ബിഷപ്പ് ആയിരിക്കുന്നു. പരിശുദ്ധ സഭാ സുന്നഹദോസിലും സഭാ മാനേജിംഗ് കമ്മറ്റിയിലും അദ്ദേഹം അതുല്യമായ സേവനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ബോംബെ ഭദ്രാസനത്തിൽ മാത്രമല്ല സഭയുടെ എല്ലാ ഭദ്രാസനങ്ങൾക്കുവേണ്ടിയും അദ്ദേഹം തുടർന്നും വലിയ സംഭാവനകൾ നൽകട്ടെയെന്ന് നാം വിനീതമായി പ്രാർത്ഥിക്കുന്നു. വരും വർഷങ്ങളിൽ അദ്ദേഹത്തിന് നല്ല ആരോഗ്യം ലഭിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

# വെളിച്ചം കാട്ടി നയിക്കുന്ന പുരോഹിതൻ

ആചാര്യ നരേന്ദ്രഭൂഷൺ

പൂർണ്ണ പുരുഷായുസ്സിന്റെ നേർപകുതിയാണ് ഷഷ്ടി. ഈ അറുപത് മനുഷ്യജീവിതത്തിലെ അർദ്ധഭാഗത്ത് കുറിക്കുന്നതാണ്. ഇതുവരെ ജീവിതത്തിന്റെ പകുതികാലം വരെ ചെയ്ത കർമ്മങ്ങളുടെ അവലോകനം ഈശ്വരസമക്ഷം, ദൈവസമക്ഷം സമർപ്പിക്കുന്നതാണ് ഷഷ്ട്യബ്ദപൂർത്തിയായി ആഘോഷിക്കുന്നത്. 120 വർഷം വരെയെങ്കിലും ജീവിച്ചിരിക്കുവാനുള്ള ആഗ്രഹം ദൈവത്തിങ്കൽ സമർപ്പിക്കുകയാണ് അതിൽ പങ്കുകൊള്ളുന്നവരുടെ കർത്തവ്യം. അഭി. ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനിക്ക് എല്ലാ നന്മകളും ചൈതന്യവും ഈശ്വരൻ നല്കട്ടെയെന്ന് അറുപതാം പിറന്നാളിൽ ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. തിരുമേനിയുടെ പൗരോഹിത്യത്തെപ്പറ്റി ഇവിടെ അൽപ്പം ചിന്തിക്കാം.

സംസ്കൃതഭാഷയിലെ പദമാണ് പുരോഹിതഃ. കേൾക്കുമ്പോൾ തന്നെ ദേവാലയത്തിലെ മുഖ്യകാർമ്മികനെന്ന് മനസ്സിൽ അർത്ഥബോധം വരും. ഇങ്ങനെയും ഒരർത്ഥം കൽപ്പിച്ചു പറയാമെന്നല്ലാതെ മുഖ്യകർമ്മി വെറും പൂജാരിയോ ദേവാലയ ശുശ്രൂഷകനോ അല്ല. അത്യധികം അർത്ഥഗർഭമാണ് ഈ സംജ്ഞ. ആസ്തികർക്കുമാത്രമല്ല നാസ്തികർക്കും പുരോഹിതർ വേണം. ജന്മചരമവാർഷികങ്ങൾ കല്ലറയിൽ പുഷ്പഹാരമർപ്പിച്ച് നാസ്തികരും ആചരിക്കുന്നു. ഇതിന് നേതൃത്വം നൽകുന്ന ആളിനെ പുരോഹിതൻ എന്നു പറയാറില്ലെങ്കിലും ഫലത്തിൽ അയാൾ ചെയ്യുന്നത് മതപുരോഹിതന്റെ കർമ്മം തന്നെയാണ്. പുഷ്പചക്രവും ഹാരവുമെല്ലാം അവരും ഉപയോഗിക്കുന്നു.

മനുഷ്യന്റെ സാമൂഹിക ജീവിതത്തിൽ ഇങ്ങനെ കർമ്മ നിർദ്ദേശം ചെയ്തു നയിക്കാൻ ഹിതകാരിയായ ഒരാൾ കൂടിയേ കഴിയൂ. പുതി

യൊരു സ്ഥലം സന്ദർശിക്കുമ്പോൾ അവിടുത്തെ വിശേഷങ്ങൾ നിർദ്ദേശിച്ച് അപകടത്തിൽ പെടാതെ നയിക്കുകയും നേടാവുന്നത്ര ഉപകാരവും നന്മയും നേടാൻ മാർഗ്ഗദർശനം നൽകുകയും ചെയ്യുന്നയാളിനെ വഴികാട്ടി എന്നു വിളിക്കുന്നു. ഈ വഴികാട്ടിയെന്ന പദം സംസ്കൃതത്തിലേക്കു മൊഴിമാറ്റിയാൽ പുരോഹിതനെന്നാവും. വഴികാട്ടിക്ക് ഗൈഡ് എന്ന ഇംഗ്ലീഷുപദം ധാരാളം മതി.എന്നാൽ പുരോഹിതൻ എന്നു മലയാളത്തിലാക്കിയാലോ?. അർത്ഥം ശരിക്കും സ്ഫുരിക്കുമെങ്കിലും അത്രയും ഉന്നതപദം നൽകാൻ ആരും തയ്യാറാവുകയില്ല. അതിന്റെ ആവശ്യകത ഇല്ലാതാവുന്നു.

ഈ ജഗത്തിൽ ജനിച്ചു വളരുന്ന മനുഷ്യന്റെ ശൈശവം മുതൽ അവന് മാർഗ്ഗനിർദ്ദേശം കൂടിയേതീരു. അത് മാതാവ് പിതാവ് ഗുരു എന്നിവരിൽ നിന്ന് യഥാക്രമം ലഭിക്കണം. ആഹാരപാനീയങ്ങൾ നൽകുന്നത് മാർഗ്ഗദർശനമല്ല. എന്നാൽ അവയുടെ രീതി അവ ഉപയോഗിക്കുന്ന ക്രമം തുടങ്ങിയവ വഴികാട്ടലിലൂടെയേ പഠിപ്പിക്കാൻ കഴിയൂ. മാംസാഹാരിയുടെ കുഞ്ഞുങ്ങൾ മാംസം ഭക്ഷിക്കുമ്പോൾ സസ്യാഹാരിക്ക് അത് പഥ്യമല്ല. ഇരുന്ന് ശബ്ദമുണ്ടാക്കാതെ ചവച്ചരച്ച് ഭക്ഷിക്കണം തുടങ്ങിയ നിർദ്ദേശങ്ങൾ സംസ്കാരത്തിന്റെ ഭാഗങ്ങളാണ്. ഇത് അമ്മയാണ് പഠിപ്പിക്കുക. സമൂഹവുമായി ബന്ധപ്പെടാനും അഭിവാദനം ചെയ്യാനുമെല്ലാം പഠിപ്പിക്കുന്നത് പിതാവായിരിക്കണം. ഗുരുവിന്റെ ശിക്ഷണമാണ് ഒരുവനെ അവൻ എന്ന വ്യക്തിയാക്കി രൂപാന്തരപ്പെടുത്തുന്നത്. ഈ 'അവൻ' ശാസ്ത്രജ്ഞനോ തത്വജ്ഞനോ, കലാകാരനോ, ഭിഷക്കോ, നിയമജ്ഞനോ ആകാം. അങ്ങനെ ആക്കുന്നത് അവന്റെ മുന്നേ ഹിതാനുവർത്തിയായി നടന്ന ശുഭകാംക്ഷിയാണ്. ആ ശുഭകാംക്ഷി 'അവന്റെ' പുരോഹിതനാണ്. ഇവിടെ പ്രയോഗിച്ച സർവനാമം 'അവൻ'സ്ത്രീ വാചിയുമാണ്. സംസ്കൃതഭാഷയുടെ പ്രാചീന രൂപമായ വൈദികസംസ്കൃതത്തിൽ പുരുഷഃ എന്ന നാമം ലിംഗബോധകമായിരുന്നില്ല. ശരീരമെന്ന പുരി (പട്ടണം)യിൽ വസിക്കുന്ന ചൈതന്യരൂപിയായ ആത്മാവ് എന്നേ പുരുഷ സംജ്ഞയ്ക്ക് അർത്ഥമുള്ളു. സമൂഹത്തിൽ പും- സ്ത്രീ ഭേദത്തിന്റെ അന്തരം തുലോം നേർത്തതായിരുന്നെന്ന് ഈ പ്രയോഗം നമ്മെ ബോധിപ്പിക്കുന്നു. ഇക്കാലത്തുപോലും പരിഷ്കൃത മാന്യന്മാരായ ആളുകൾ സ്ത്രീയുടെ പൗരോഹിത്യപദവിയെ സ്വാഗതം ചെയ്യുന്നില്ലെന്ന് ഓർക്കേണ്ടതാണ്.

മനുഷ്യന്റെ പുസ്തകാലയത്തിലെ ഒന്നാമത്തെ ഗ്രന്ഥമാണ് ഋഗ്വേദം. അതിലെ രണ്ടാമത്തെ സമസ്തപദമാണ് പുരോഹിതം. മുൻപിൽ നിന്നു നയിക്കുന്ന പ്രകാശത്തിന്റെ വിശേഷണമാണീ വാക്ക്. പ്രകാശം വഹിച്ച് നയിച്ചുകൊണ്ടുപോകുന്ന ആൾ എന്നാണ് പുരോഹിതന് ഈ സന്ദർഭ ത്തിൽ കല്പിക്കേണ്ടതായ വാഗ്വാർത്ഥം. ആ അർത്ഥം അഗ്നിയുടെ വിശേഷണ പദവുമാണ്. പ്രകാശമേ നയിച്ചാലും എന്നർത്ഥം വരുന്ന ജ്യോതിർഗമയ എന്ന ഉപനിഷദ് വാക്യവും, Lead thiu kindly lightഎന്ന കവിതാഭാഗവും ഇവിടെ സ്മരണീയമാണ്. പുരോഹിത ശബ്ദത്തിന്റെ ആവിർഭാവം ഇപ്രകാരമാണെന്ന് അറിയുമ്പോൾ മനുഷ്യൻ പ്രകാശ ത്തിനു നൽകിയ സ്ഥാനമെന്തെന്ന് ഊഹിക്കുവാൻ കഴിയും. ആ പ്രകാ ശാഭിമുഖ്യമാണ് മുന്നോട്ടു നയിക്കണേ വഴികാട്ടി നയിക്കണമേ എന്ന പ്രാർത്ഥനയിൽ അടങ്ങുന്ന ഉത്കടമായ അഭിലാഷം.

**ഈ അഭിലാഷപൂർത്തീകരണത്തിന് മുന്നിൽ നിന്നു നയിക്കുന്ന പ്രകാശത്തിനെയാണ് തത്ത്വശാസ്ത്രത്തിൽ പുരോഹിതൻ എന്നു വാഴ്ത്തുന്നത്. പുരോഹിതൻ പ്രകാശത്തിന്റെ പ്രഥമ സ്രോതസ്സായ സ്രഷ്ടാവിന്റെ നിയോഗം ഉൾക്കൊണ്ടിരിക്കണം. ഇല്ലെങ്കിൽ പുരോ ഹിത പദവികൊണ്ട് സദുപയോഗമൊന്നും ചെയ്യാൻ കഴിയുന്നതല്ല.**

ലോകത്തിലെ ആസ്തിക മതങ്ങളെല്ലാം ദൈവത്തിന്റെ പ്രവചന മാണ് ആവരവരുടെ ധർമ്മഗ്രന്ഥമെന്നു വിശ്വസിക്കുകയും അനുയാ യികളെ ആ വിശ്വാസത്തിലൂടെ മുന്നോട്ടു നയിക്കുകയും ചെയ്യുന്നത്. വചനം ദൈവത്തോടൊപ്പമായിരുന്നെന്നു മാത്രമല്ല. വചനം ദൈവമാ യിരുന്നെന്നും കൂടി പറയുമ്പോൾ ഈ സിദ്ധാന്തത്തെ സമ്പൂർണ്ണമായി പിന്തുണക്കുകയാണ് പ്രവാചകൻ ചെയ്യുന്നത്. ഈ വചനത്തെ നാം പ്രവാചക മതമായി കാണുന്നു. പ്രവാചകൻ സംസ്കൃതത്തിൽ ഋഷി യാണ്. ഋഷി എന്ന പദത്തിന്റെ വാഗ്വാർഥം ഗതിയിൽ പ്രകാശം കാട്ടി ഗമിപ്പിച്ച് നന്മയുടെ പാതയിലൂടെ സത്യമെന്ന ദൈവത്തെ പ്രാപിപ്പി ക്കുന്നയാൾ എന്നാണർത്ഥം. ഫരിസ്താ, ശ്രമണൻ, ഏജ്ഞൻ തുട ങ്ങിയ വിവിധ പദങ്ങൾ ഈ ദൈവദൂതരെ കുറിക്കുന്നതാണ്. ഇവ യിൽ ഫരിസ്താ എന്ന പദത്തിന്റെ തദ്ഭാവമാണ് പ്രീസ്റ്റ്. പുരോഹിത നെന്നാണല്ലോ പ്രീസ്റ്റിന് അർത്ഥം. ഈ പുരോഹിതൻ ദൈവവചന ത്തിന്റെ വാഹകനും ദൈവത്താൽ അനുഗൃഹീതനും ഇരുട്ടിൽ തപ്പിത്ത ടയുന്ന മാനവരെ ദിവ്യപ്രകാശം കാട്ടി നയിക്കുന്നയാളും സ്വയം ദൈവ ത്തിനു സമർപ്പിതനുമാണ്.

പത്രോസിന്റെ രണ്ടാം ലേഖനത്തിൽ നിന്ന് ഒരു വാക്യം ഉദ്ധരിച്ചെഴുതികൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ– "നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്‌വോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്ന്. തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യംതന്നെ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകൽപ്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ" (2 പത്രോസ് 20–21)

ദൈവം തന്ന വചനത്തെ വളച്ചൊടിച്ച് പഠിപ്പിക്കുന്ന പ്രവാചകരിൽ നിന്ന് രക്ഷപ്രാപിക്കാൻ വിശുദ്ധ പത്രോസ് തുടർന്നെഴുതുന്നു. ആ രക്ഷാപ്രാപ്തിക്ക് പുരോഹിതൻ പ്രകാശം വീഴ്ത്തി വഴികാട്ടി കള്ള പ്രവാചകരിൽ നിന്ന് സത്യാന്വേഷികളെ രക്ഷിക്കുന്നു. അതാണ് പുരോഹിതന്റെ ധർമ്മം.

ഈ അവസരത്തിൽ പുരോഹിത ധർമ്മം നിറവേറ്റി ഷഷ്ടിപൂർത്തിയാഘോഷിക്കുന്ന കുറിലോസ് തിരുമേനിക്ക് തന്റെ ജീവിതലക്ഷ്യങ്ങളിലൂടെ മുന്നോട്ടു പോകാനും, എല്ലാ അർത്ഥത്തിലും സമ്പൂർണ്ണനാകാനും ദൈവം അനുഗ്രഹിക്കട്ടെ.

# ധാർമ്മികതയുടെ നേർവഴികൾ

ഡോ. ജോർജ് ഓണക്കൂർ

മതം മനുഷ്യനെ ധാർമ്മികതയുടെ വഴിയിൽ നയിക്കേണ്ട ശക്തിയാണ്. ഇടറാത്ത കാൽവെയ്പുകളോടെ ജീവിതപ്പാതയിൽ പുരോഗമിക്കണമെങ്കിൽ ആത്മീയ ചോദനകൾ അനിവാര്യം. പൂർവസംസ്കൃതികളിൽ നിന്ന്ആർജ്ജിക്കുന്ന ഊർജ്ജം, പ്രാർത്ഥനയും പ്രായശ്ചിത്തവും വഴി സ്വന്തമാക്കുന്ന പുണ്യം, അർത്ഥികൾക്ക് അർഹമായ അഭയവും ഭൂതദയയും പ്രദാനം ചെയ്യുന്ന ആദ്ധ്യാത്മിക ഉണർവ്, ഇവയൊക്കെ ജീവിതത്തെ മൂല്യവത്താക്കുന്നു. അനശ്വര യശസ്സിന് ഉടമയാക്കുന്നു.

മതതത്ത്വങ്ങൾ ഗ്രന്ഥങ്ങളിൽ നിന്നു ഗ്രഹിക്കുകയും സ്വന്തം ബൗദ്ധിക ഉന്നതിക്ക് ഉപകരണമാക്കുകയും ചെയ്യാനുള്ളതല്ല. വേദജ്ഞാനികൾ സമൂഹത്തിന്റെ ഉന്നതതലങ്ങളിൽ വിരാജിക്കുന്നുണ്ട്. ജീവിതകാലത്ത് വലിയ പ്രശംസകൾ അവരെ തേടിയെത്തുന്നുമുണ്ട്. മഹാപണ്ഡിതന്മാർ, പ്രഭാഷകർ എന്നിങ്ങനെ അവരുടെ വ്യക്തിത്വം അടയാളപ്പെടുത്തുന്നു. പക്ഷേ, അവിടം കൊണ്ട് യശസ്വികളുടെ ജീവിതധർമ്മം പരിപൂർണ്ണത പ്രാപിക്കുന്നില്ല. മതം മനുഷ്യനന്മയ്ക്ക് പ്രയോജനപ്പെടുന്നില്ലെങ്കിൽ അത് നിഷ്പ്രയോജനമാണ്. വിശക്കുന്നവന് ആഹാരവും, നഗ്നന് വസ്ത്രവും, രോഗിക്ക് ഔഷധവുമാണ് ആവശ്യം. അതിന് വിസമ്മതിക്കുകയും വാഗ്പാടവത്തിൽ അഭിരമിക്കുകയും ചെയ്യുന്നവർ മതത്തിന്റെ മഹത്വം തിരിച്ചറിയാത്തവരാണ്.

പരസ്പര സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും നേർവഴികളാണ് വെളിപ്പെടുത്തേണ്ടത്. ബ്രഹ്മാവിന്റെ ചൈതന്യമാണ് സൃഷ്ടികളിൽ കുടികൊള്ളുന്നത്; ഞാൻ ബ്രഹ്മമാണ് എന്ന് വേദസൂക്തം: നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കു' എന്ന് രക്ഷാകര

മന്ത്രം; 'നിന്റെ സഹോദരൻ വിശന്നിരിക്കുമ്പോൾ നീ ഭക്ഷിക്കരുത്' എന്ന് പ്രവാചക ഭാക്ഷ്യം.

ഈ അമൂല്യ തത്ത്വങ്ങൾ തിരിച്ചറിഞ്ഞ് അവയെ ജീവിതാധാരമാക്കുകയാണ് മതവിശ്വാസികളുടെ ധർമ്മം അങ്ങനെ വരുമ്പോൾ മതം നിഷേധാത്മകമല്ല. പുരോഗതിയുടെ പ്രചോദനമാണെന്ന് സർവ്വസമ്മതം ലഭിക്കും. പലപ്പോഴും തത്ത്വങ്ങളല്ല പ്രശ്നമാകുന്നത്. തത്വങ്ങൾ വെടിഞ്ഞ് ഭൗതികതയിൽ ഭ്രമിക്കുന്ന ആചാര്യവൃന്ദമാണ് മതത്തെ അപഹാസ്യമാക്കുന്നത്. സദ്ഗുരു പ്രബോധിപ്പിക്കുന്നത് സ്വജീവിതത്തിൽ പ്രാവർത്തികമാക്കുന്നു. കപടഗുരുവും മികച്ച പ്രബോധനങ്ങൾ നടത്തുന്നു. എന്നാൽ അവയൊന്നും ജീവിതത്തിൽ അനുവർത്തിക്കുന്നില്ല. സദ്ഗുരുക്കളേക്കാൾ കപടതയും വക്രബുദ്ധിയുമുള്ള ആചാര്യന്മാർ എല്ലാ മതത്തിലും ഏറിവരുന്നു എന്നതാണ് വർത്തമാനകാലത്തെ വിപരീതം.

സ്വാർത്ഥത ഏതുകാലത്തെക്കാളും വർദ്ധിച്ചു വരുന്ന കാലഘട്ടമാണിത്. കൊടുക്കുന്നതിനേക്കാൾ സ്വീകരിക്കുന്നതിലാണ് ഏവർക്കും താത്പര്യം. മറ്റുള്ളവരുടെ അവകാശങ്ങൾ നിഷ്കരുണം നിഷേധിക്കുകയും സ്വന്തം ഭണ്ഡാരങ്ങൾ സമ്പത്തുകൊണ്ടു നിറയ്ക്കുന്നതിന് ശ്രദ്ധപുലർത്തുകയും ചെയ്യുന്നു. ഇതിൽ നിന്നും വേറിട്ട് നിഷ്കാമ കർമ്മികളായി ജീവിക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാണ്. അത്തരം വെല്ലുവിളികൾ ഏറ്റെടുക്കുന്നവരെയാണ് കാലം മഹാത്മാക്കളായി കൊണ്ടാടുന്നത്.

ജീവിതത്തെ പ്രാർത്ഥനാപൂർണ്ണമായ മനുഷ്യസേവനത്തിന്റെ ഉപകരണമാക്കി തീർത്ത പുണ്യവതിയാണ് മദർ തെരേസ. നമ്മുടെ ഇടയിൽ നിഷ്കാമ സേവനത്തിന്റെ മഹനീയ മാതൃകയായി അവർ ജീവിതം നയിച്ചു. അനാഥമാക്കപ്പെട്ട മനുഷ്യജീവിതങ്ങൾക്ക് അവർ അമ്മയായി; വാത്സല്യത്തിന്റെ ഉറവിടമായി. രോഗികളും അനാഥരും ആ മാതൃഹൃദയത്തിൽ അഭയം തേടി. യാതൊരു സങ്കുചിത മനോഭാവവും തൊട്ടുതീണ്ടാത്ത മഹത്വമാണ് 'അഗതികളുടെ അമ്മയെ' സർവ്വാദരണീയയാക്കിയത്.

മദർ തെരേസ ഏതു കാലവും കൊതിക്കുന്ന പുണ്യത്തിന്റെ പരിപൂർണ്ണതയാണ്. അതിന്റെ ഒരംശമെങ്കിലും ജീവിതത്തിന് ധന്യതയേറ്റുമെങ്കിൽ അതിലുപരി മഹനീയമായി മറ്റെന്തുണ്ട്? നമ്മുടെ പാതയിൽ സേവനോത്സുകരായി ചരിക്കുന്ന പുതിയ തലമുറ രൂപപ്പെട

ണം. നാളേക്കുമാറ്റിവയ്ക്കാൻ കഴിയാത്ത ജീവിതദർശനം അവർക്കുണ്ടാകണം. പലതരം പ്രതികൂലസാഹചര്യങ്ങളിൽപ്പെട്ട് നേർവഴികൾ നഷ്ടപ്പെടുന്ന യുവത്വത്തെ നാം കുറ്റപ്പെടുത്തുന്നു. എന്നാൽ മാനസികവും വൈകാരികവും ആദ്ധ്യാത്മികവുമായ പരിശീലനം നൽകി യുവാക്കളെ മനുഷ്യസേവനത്തിന് പ്രാപ്തരാക്കിത്തീർക്കുന്നതിനെക്കുറിച്ച് നാം അധികമൊന്നും ചിന്തിക്കുന്നില്ല. നമ്മുടെ മതങ്ങൾ പോലും ഇവിടെ മൗനം പുലർത്തുകയാണ്; കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വിമുഖത പുലർത്തുകയാണ്.

ഈ പശ്ചാത്തലത്തിലാണ് പുതിയ പ്രതീക്ഷയുടെ പ്രകാശമായി, സൗന്ദര്യമായി രൂപം കൊള്ളുന്ന ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയെക്കുറിച്ച് ഞാൻ വായിച്ചറിയുന്നത്. കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിനുള്ള സദുദ്യമം എന്ന നിലയ്ക്കാണ് അതിന്റെ ആവിർഭാവം എന്നു ഞാൻ മനസ്സിലാക്കുന്നു. സേവനോത്സുകരായ ഒരു പുതിയ തലമുറയുടെ സൃഷ്ടിയാണ് അത് ലക്ഷ്യമാക്കുന്നത്. വിദ്യാർത്ഥി പ്രസ്ഥാനത്തിൽ ഇടപെട്ട് ഫലപ്രദമായ പ്രവർത്തനം കാഴ്ചവെച്ച്, വൈദിക ജീവിതത്തിന്റെ പൂർണ്ണതയിൽ മെത്രാപ്പോലീത്തയായ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ നേതൃത്വത്തിലാണ് ഇതിന്റെ സമാരംഭമെന്നത് തികച്ചും ശുഭോദർക്കമാണ്.

ബഹു. ജോർജ് കുര്യൻ അച്ചന്റെ കർമ്മമേഖലകൾ ഞാനോർക്കുന്നുണ്ട്. വിദ്യാർത്ഥി ഹോസ്റ്റലുകളുടെ വാർഡൻ, യുവജന സംഘടനകളുടെ മുഖ്യ കാര്യദർശി, ധാരാളം വിനോദസഞ്ചാരം നടത്തി ആർജ്ജിച്ച സമുജ്ജ്വലവിജ്ഞാനത്തിന് ഉടമ, ആദ്ധ്യാത്മികതയെ ജനോപകാരപ്രദമായ കർമ്മവേദിയാക്കി രൂപാന്തരപ്പെടുത്തിയ മതാദ്ധ്യക്ഷൻ എന്നിങ്ങനെ വർണ്ണോജ്ജ്വലമായ തിരുമേനിയുടെ വ്യക്തിത്വം മതത്തെ ധാർമ്മികതയുടെ ചൈതന്യമാക്കി പുനരുജ്ജീവിപ്പിക്കാൻ സഹായകമായിത്തീരട്ടെ എന്നാണ് എന്റെ പ്രാർത്ഥന; ആശംസ

# യുവത്വം അറുപതിന്റെ നിറവിൽ

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത

മലങ്കരസഭയിലെ ബോംബെ ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനി അറുപതിന്റെ നിറവിലെത്തിയെന്നറിയുന്നത് വിസ്മയകരം. യുവത്വത്തിന്റെ പ്രസരിപ്പോടെ ഇടയശുശ്രൂഷയുടെ മഹിമ വർദ്ധിപ്പിക്കുന്ന അഭിവന്ദ്യ പിതാവിന് കാലത്തിനും സമയത്തിനും അതീതമായ ചിന്തകൾ രൂപപ്പെടുത്തി സഭയെ നയിക്കുവാൻ സാധിക്കുന്നുവെന്നു കാണുന്നതാണ് വിസ്മയത്തിന്റെ കാരണം. പൗരോഹിത്യ ജീവിതത്തിന്റെ പൂർണ്ണത എല്ലാ അർത്ഥത്തിലും മനസ്സിലാക്കി വിരാജിക്കുന്ന തിരുമേനിക്ക് മംഗളങ്ങൾ നേരുന്നത് സൗഭാഗ്യമായി കരുതുന്നു.

സഭ അതിന്റെ പൗരോഹിത്യത്തെ മനസ്സിലാക്കുന്നത് രണ്ടു പ്രധാന കാര്യങ്ങളോടു ബന്ധപ്പെടുത്തിയാണ്. ഒരിക്കൽ എന്നെന്നേക്കും എല്ലാവർക്കും ബലിയായി മാറിയ കർത്താവായ യേശുക്രിസ്തുവെന്ന നിത്യ മഹാപുരോഹിതനോടുള്ള ബന്ധമാണ് ഒന്നാമത്തേത്. നിത്യ മഹാപുരോഹിതനായ ക്രിസ്തുവിൽ സഭ മുഴുവൻ രാജകീയ പുരോഹിത വർഗ്ഗമായി നിലകൊള്ളുന്നുവെന്ന ചിന്ത രണ്ടാമത്തെ തലമാണ്. അതുകൊണ്ടുതന്നെ സഭയിലെ പൗരോഹിത്വം ക്രിസ്തുവിന്റെ നിത്യ പൗരോഹിത്വത്തിൽ നിന്ന് അന്യമായി മാറി നിൽക്കുന്നില്ല. സഭയ്ക്കുള്ളിലെ എപ്പിസ്കോപ്പമാർ നിത്യ മഹാപുരോഹിതനായ ക്രിസ്തുവിന്റെ മുമ്പാകെ രാജകീയ പൗരോഹിത്വത്തിന്റെ അടയാളങ്ങളും മദ്ധ്യസ്ഥരുമായി വിളിക്കപ്പെടുന്നവരാണ്.

എപ്പിസ്കോപ്പ എവിടെയായാലും അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും ഒറ്റപ്പെട്ട വ്യക്തിയുടേതായി കരുതുന്നില്ല. സഭയുടെ തലയായ ക്രിസ്തുവിൽ നിന്ന് സഭയിലേക്ക് ഒഴുകി വരുന്ന ജീവനെ

സ്നേഹിച്ച് ജീവനെ സ്വീകരിച്ച് സഭയിലേക്ക് വ്യാപരിപ്പിക്കണമെങ്കിൽ എപ്പിസ്കോപ്പ എന്ന ദൃശ്യതലവന് ഒറ്റവ്യക്തിയായി നിലകൊള്ളുവാൻ സാദ്ധ്യമല്ല. ഈ യാഥാർത്ഥ്യത്തെ ക്രിയാത്മകമായി ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിച്ചുവരുന്ന അഭി.കൂറിലോസ് തിരുമേനി സഭയോടും ക്രിസ്തുവിനോടുമുള്ള തന്റെ പ്രതിബദ്ധത സ്ഥിരമായി കാത്തു സൂക്ഷിക്കുന്നു.

സഭയുടെ ഘടനാപരമായ വളർച്ചയിൽ എപ്പിസ്കോപ്പയ്ക്ക് വളരെ വലിയ പങ്കുണ്ട്. പ്രധാന ഗുരുവും ഇടയനുമായ ക്രിസ്തുവിനുവേണ്ടി സഭയുടെ മുമ്പാകെ തന്റെ ഇടയനും ഗുരുവും പിതാവുമൊക്കെയായി എപ്പിസ്കോപ്പ ഗണിക്കപ്പെടുന്നു. അപ്പോസ്തോലിക പിതാവായ അന്ത്യോഖ്യായിലെ മാർ ഇഗ്നാത്തിയോസ് ചിന്തയിൽ "എവിടെ എപ്പിസ്കോപ്പയുണ്ടോ അവിടെ സഭയുണ്ട്" എന്നതാണ്. സഭയ്ക്കുള്ളിൽ എപ്പിസ്കോപ്പയോട് മറുതലിച്ച് നിൽക്കുന്നവർ ആരായാലും അവർ സഭയ്ക്ക് അന്യരാകും എന്ന ചിന്തയും ഇഗ്നാത്തിയോസ് നൽകുന്നുണ്ട്. വിശുദ്ധ കുർബാനയാണ് സഭയുടെ ആരാധനാ കേന്ദ്രം. കശീശ്ശന്മാരാലും ശെമ്മാശന്മാരാലും വിശ്വാസികളാലും ചുറ്റപ്പെട്ടു നിൽക്കുന്ന എപ്പിസ്കോപ്പ വി. കുർബാനയിലെ പ്രധാന കാർമ്മികനാകുന്നു. യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യം വിശുദ്ധ കുർബാനയിലെന്നതുപോലെ എപ്പിസ്കോപ്പയിലും നിറഞ്ഞു നിൽക്കുന്നവെന്നതാണ് ഇവിടെ അർത്ഥം. റോമാസഭയിലെ കാഴ്ചപ്പാടുപോലെ ഓർത്തഡോക്സ് വീക്ഷണത്തിൽ എപ്പിസ്കോപ്പ ക്രിസ്തുവിന്റെ വികാരിയാകുന്നില്ല. വികാരി എന്നാൽ സാന്നിദ്ധ്യം കൊണ്ടുവരാൻ പറ്റാത്ത ഒരാളിനുവേണ്ടി നിൽക്കുന്ന മറ്റൊരാളാണ്. ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്ക് ഒരിക്കലും നഷ്ടമാകുന്നില്ല. അതൊരിക്കലും നഷ്ടപ്പെടാൻ പാടുള്ളതുമല്ല. സാന്നിദ്ധ്യം കൊണ്ട് നിറഞ്ഞു നിൽക്കുന്ന ക്രിസ്തുവിന്റെ പ്രതിനിധിയായിട്ടാണ് എപ്പിസ്കോപ്പയെ നാം കാണുന്നത്. യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യമെന്ന നിലയ്ക്ക് എപ്പിസ്കോപ്പമാർ ക്രിസ്തുവിന്റെ ജീവിതത്തിലും മനുഷ്യാവതാര ശുശ്രൂഷയിലും സജീവ പങ്കാളിയായിരിക്കണമെന്ന വിവക്ഷയാണ് ഇവിടെയുള്ളത്. പ്രായോഗിക തലത്തിൽ ഞങ്ങളുടെ വികാരിമാരായി ഞങ്ങൾക്കുവേണ്ടി വി. കുർബ്ബാന അർപ്പിക്കുന്ന വൈദിക ഗണം മുഴുവനും ഈ ക്രിസ്തു കൗദാശിക സാന്നിദ്ധ്യം ദൈവജനത്തിന് അനുഭവമാക്കണം. അറുപതിന്റെ നിറവിലായിരിക്കുന്ന അഭിവന്ദ്യ കൂറിലോസ്

തിരുമേനി ക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യം തന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ചും വിശ്വാസികൾക്ക് അനുഭവമാക്കുന്നുവെന്നത് മലങ്കര സഭയ്ക്ക് അഭിമാനവും സന്തോഷവുമാണ്.

സഭ ക്രിസ്തുവിന്റെ ശരീരമാകുന്നുവെന്നത് വി. വേദപുസ്തകസാക്ഷ്യമാണ്. ഈ നിർവചത്തിന് രണ്ടു അർത്ഥ തലങ്ങളുണ്ട്. ഒന്ന് ക്രിസ്തുവിന്റെ സാന്നിദ്ധ്യം കൗദാശികമായി അനുഭവിക്കുന്ന ഒരേ അർത്ഥത്തിന്റെ അംശികളായ സഭാഗോത്രമെന്നത്. യഥാർത്ഥ സഭാഗാത്രം ഇതു തന്നെയാണെന്ന് നാം ഉറച്ചു വിശ്വസിക്കുന്നു. എന്നാൽ സഭ ക്രിസ്തുവിന്റെ ശരീരമെന്നതിനെ ഈ തലത്തിൽ ഒതുക്കി നിർത്തിയാൽ വചനമായ ക്രിസ്തുവിന്റെ പൂർണ്ണതയെ നാം ചോദ്യം ചെയ്യുന്നുവെന്ന് പറയേണ്ടതായി വരും. അതിന് നമുക്ക് അനുവാദവും അവകാശവുമില്ലാത്തതുകൊണ്ട് ദൈവസൃഷ്ടിയെ മുഴുവൻ ക്രിസ്തു ഗാത്രത്തിന്റെ ഭാഗമായി നിർത്തുകയെന്ന രണ്ടാമത്തെ തലം നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. കൗദാശിക സാന്നിദ്ധ്യമുള്ള പരിശുദ്ധ സഭയിൽ നാം അർപ്പിക്കുന്ന വി. കുർബ്ബാനയിലും മറ്റു പ്രാർത്ഥനാ ക്രമങ്ങളിലുമൊക്കെ സൃഷ്ടിയെ മുഴുവൻ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതിന്റെ കാരണമിതാണ്. ക്രിസ്തു സാന്നിദ്ധ്യം എല്ലായിടത്തുമുണ്ടെങ്കിൽ ക്രിസ്തു ശരീരമായ സഭയിലെ കാതോലികത അതിന്റെ പ്രത്യേക അർത്ഥമായ കൗദാശിക സാന്നിദ്ധ്യത്തിൽ പ്രായോഗിക അർത്ഥമായ സർവ്വവ്യാപിത്വത്തിലും നാം മനസ്സിലാക്കണം. സഭയിലെ ആതുരസേവനങ്ങളും എക്യുമെനിക്കൽ ബന്ധങ്ങളും പരിസ്ഥിതി സംരക്ഷണവും ഈ അർത്ഥവ്യാപ്തിയിലാണ് നാം മനസ്സിലാക്കുന്നത്. അഭി. കുറിലോസ് തിരുമേനി സ്ഥാപിച്ചതായ രോഹാ കമ്മ്യൂണിറ്റിയും എക്യുമെനിസത്തിന് അദ്ദേഹം നൽകിയിരിക്കുന്ന വിലയേറിയ സംഭാവനകളും ശരിയായി വീക്ഷിക്കുന്നവർക്ക് അദ്ദേഹം സഭയുടെ നിർവചനത്തിന്റെ ഈ രണ്ടു അർത്ഥതലങ്ങളും പൂർണ്ണമായി ഗ്രഹിച്ചിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. വി. തക്സയിൽ സഭയിലെ ഇടയന്മാർക്കുവേണ്ടി സമർപ്പിക്കുന്ന പ്രാർത്ഥനയുണ്ട്. "ഉത്തമവും പ്രശാന്തവുമായ വാർദ്ധക്യം അവർക്ക് നല്കണമേയെന്നും വേദവിപരീതങ്ങൾക്ക് കീഴടങ്ങാത്ത നല്ല നാളുകൾ അവർക്ക് നല്കണമേ" യെന്നുമാണ് നാം പ്രാർത്ഥിക്കുന്നത്. അറുപതിന്റെ നിറവിലെത്തിയിരിക്കുന്ന അഭി. തിരുമേനിയെ സ്നേഹപൂർവ്വം ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.

# കർതൃത്വം നടത്തുന്ന കൂറിയോസ്

ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

ഗ്രീക്കുഭാഷയിൽ "കൂറിയോസ്" എന്ന പദം സുപരിചിതമാണല്ലോ. "നാഥൻ", "കർത്താവ്," "അധികാരി" എന്നെല്ലാം അർത്ഥമുള്ള ഈ പദത്തോട് ബന്ധപ്പെട്ടുനിൽക്കുന്ന പേരാണ് "കൂറിലോസ്." "അധികാരിക്കനുയോജ്യമായ (Lordly) "ചെറിയ അധികാരി" (Little Lord) എന്നെല്ലാം ഈ പദത്തിന് അർത്ഥമുണ്ട്. മേല്പട്ടക്കാർ സഭയിൽ കർത്താവിന്റെ സ്ഥാനം വഹിക്കുകയും, പ്രതീകാത്മകമായി സഭയിൽ കർത്താവിന്റെ സാന്നിദ്ധ്യം അനുഭവമാക്കിത്തീർക്കുകയും ചെയ്യുന്നവരാകയാൽ എന്തുകൊണ്ടും മേല്പട്ടക്കാർക്ക് യോജിക്കുന്ന ഒരു പേരു തന്നെയാണിത്. ആദിമ നൂറ്റാണ്ടുകളിൽ സഭയുടെ വേദശാസ്ത്രത്തെയും വളർച്ചയേയും സ്വാധീനിച്ച "കൂറിലോസ്" എന്നു പേരുള്ള പലരുണ്ടായിരുന്നു. അവരിൽ രണ്ടുപേർ പ്രത്യേക പരാമർശം അർഹിക്കുന്നവരാണ്.

ഒന്നാമത് യരുശലേമിലെ മാർ കൂറിലോസ്. 4–ാം നൂറ്റാണ്ടിൽ (മരണം 387) ജീവിച്ചിരുന്ന ഈ പിതാവ് രചിച്ച അനേക കൃതികളിൽ വേദപഠിതാക്കൾക്കുവേണ്ടിയുള്ള കാറ്റക്കിസം ആണ് ഏറ്റവും പ്രശസ്തമായത്. മാമോദീസ ഏല്ക്കുവാൻ തയ്യാറാകുന്നവർ അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളെക്കുറിച്ചും സമഗ്രമായി പ്രതിപാദിക്കുന്നുണ്ട് മാർ കൂറിലോസ്. എ.ഡി. 350 നോട് അടുത്ത് യരുശലേമിലെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. വേദവിപരീതം സംബന്ധിക്കുന്ന പ്രശ്നങ്ങൾ രൂക്ഷമായിരുന്ന കാലത്ത് വളരെ കഷ്ടതകൾ അനുഭവിക്കേണ്ടിവന്ന ഇദ്ദേഹത്തിന്, വേദവിപരീതത്തെ പിന്താങ്ങിയിരുന്ന രാജാക്കന്മാരുടെ അപ്രീതിക്ക് പാത്രീഭൂതനായിത്തീരുകയും, അതിനാൽ നാടുകടത്തപ്പെടുകയും ചെയ്തിട്ടുണ്ട്.

രണ്ടാമത്തെ കൂറിലോസ് അലക്സാന്ത്രിയായിലെ പാത്രീയർക്കീസായിരുന്നു (412). എപ്പേസൂസ് സുന്നഹദോസിന് (431) നേതൃത്വം നല്കിയ ഇദ്ദേഹം സഭാ ചരിത്രത്തിലെ ഒരു വിവാദ പുരുഷനായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായിരുന്ന നെസ്തോറിയോസ്, കന്യകമറിയാമിനെ "ദൈവമാതാവ്" എന്നു വിളിക്കുന്നതു ശരിയല്ല എന്നു വാദിച്ചപ്പോൾ അദ്ദേഹത്തെ പല്ലും, നഖവും ഉപയോഗിച്ച് കൂറിലോസ് എതിർത്തു. ശേഷിച്ച കാലം മുഴുവനും നെസ്തോറിയോസിന്റെ പഠിപ്പിക്കലിന് എതിരായി യുദ്ധം ചെയ്യുകയായിരുന്നു അദ്ദേഹം. ഇതിന്റെ ഭാഗമായി എപ്പസോസ് സുന്നഹദോസ് കൂടുകയും, നെസ്തോറിയോസ് മുടക്കപ്പെടുകയും ചെയ്തു. ക്രിസ്തുവിന്റെ ആളത്വത്തെ വിവരിക്കുന്ന "വചനമാം ദൈവത്തിന്റെ മനുഷ്യാവതാരം ചെയ്ത ഒരു സ്വഭാവം" (One incarnate nature of God the word) എന്ന നിർവ്വചനം കൂറിലോസിന്റെ സംഭാവനയാണ്. വളരെയധികം എതിർപ്പുകളും പീഢനങ്ങളും നേരിടേണ്ടിവന്നിട്ടും ഈ നിർവ്വചനം അദ്ദേഹം മുറുകെപ്പിടിച്ചു. കല്ക്കിദോൻ സുന്നഹദോസിനെ അംഗീകരിക്കാത്ത "ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ" കൂറിലോസിനെ തങ്ങളുടെ ഏറ്റവും ശ്രേഷ്ഠരായ പിതാക്കന്മാരുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ വി. കുർബ്ബാനയുടെ "തുബദേനിൽ" അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. "നമ്മുടെ കർത്താവായ യേശുമിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചവനും, സത്യവാനും, ഉന്നത ഗോപുരവുമായ പ്രസിദ്ധനായ മാർ കൂറിലോസ്."

മലങ്കര സഭയിൽ "കൂറിലോസ്" എന്ന നാമം വഹിച്ചിരുന്ന പല മേല്പട്ടക്കാരും ഉണ്ടായിരുന്നുവെങ്കിലും അവരിൽ രണ്ടുപേരാണ് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിട്ടുള്ളത്. ഒന്നാമത്, മലങ്കര സഭയുടെ കാതോലിക്കയായി പിന്നീട് ഉയർത്തപ്പെട്ട കൊല്ലം ഭദ്രാസനത്തിന്റെ മാത്യൂസ് മാർ കൂറിലോസ് തിരുമേനി. കർത്താവിന്റെ നാമം വഹിക്കുവാൻ എന്തുകൊണ്ടും യോഗ്യനായിരുന്നു ആ പരിശുദ്ധ പിതാവ്. ഹൃദ്യമായ പുഞ്ചിരിയിലൂടെയും മുഖപ്രകാശംകൊണ്ടും അനേകരെ തന്നിലേക്ക് ആകർഷിച്ച വിശുദ്ധൻ; യരുശലേമിലെയും, അലക്സാന്ത്രിയായിലെയും കൂറിലോസ്മാരെപ്പോലെ പ്രയാസ ഘട്ടങ്ങളിൽ സഭയെ നയിച്ച സന്യാസിവര്യൻ എന്നീ നിലകളിലെല്ലാം ആ പിതാവിനെ സഭ അനുസ്മരിക്കുന്നു.

രണ്ടാമത് ഇപ്പോൾ ബോംബെ ഭദ്രാസനത്തിന്റെ സാരഥ്യം വഹിക്കുന്ന അഭി. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത. കൂറിലോസ് എന്ന പേരിന്റെ അർത്ഥത്തെയും, ആ നാമം വഹിച്ചിരുന്ന മുൻഗാമികളുടെയും യഥാർത്ഥ പിൻഗാമി. 21-ാം നൂറ്റാണ്ടിൽ സഭയെ നയിക്കുവാൻ ആവശ്യമായ കഴിവുകൾ നല്കി നേതൃനിരയിലേക്ക് ദൈവം വിളിച്ച പിതാക്കന്മാരിൽ ഒരാളാണ് അഭി. തിരുമേനി എന്നതിൽ സംശയമില്ല. ഭരണപാടവം കൊണ്ടും, മുഖശ്രീകൊണ്ടും, ആത്മപ്രശംസ തൊട്ടുതീണ്ടാത്ത ഹൃദ്യമായ പെരുമാറ്റംകൊണ്ടും അനേകരെ തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്ന അഭി. തിരുമേനിക്ക് 60-ാം പിറന്നാൾ ആശംസകൾ നേരുന്നു. സർവ്വശക്തനായ ദൈവം ആയുസ്സും ആരോഗ്യവും തന്ന് അങ്ങയെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# വിനയാന്വിതനായ മാർ കൂറിലോസ്

## ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ

സ്നേഹസമ്പന്നനും, വിനയാന്വിതനുമായ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ ഷഷ്ടിപൂർത്തി സ്മരണികയിലേക്ക് അറുപത് പൂർത്തിയാക്കുന്ന എനിക്കും ഒരു കുറിപ്പ് എഴുതാൻ സാധിക്കുന്നതിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. ആറ് പതിറ്റാണ്ട് അനുഗ്രഹകരമായി ജീവിക്കുക, അതിൽ ദൈവാനുഗ്രഹത്തിന്റെ സുഗന്ധം എല്ലായിടത്തും ചൊരിഞ്ഞുകൊടുക്കുക, ദൈവനിയോഗത്തിന്റെ സ്വപ്നം എല്ലാവരിലും അനുഭവവേദ്യമാക്കുക എന്നതൊക്കെ ഈ ചെറിയ ആയുസിന്റെ വലിയ ആയുർബലങ്ങളാണ്. ഒരു വൈദീകനായും മെത്രാനായും ദൈവത്തിന്റെ പരിശുദ്ധസഭയ്ക്ക് അമരക്കാരനായിരിക്കുന്നതിന് ദൈവം അഭിവന്ദ്യ പിതാവിലൂടെ നമ്മെ അനുഗ്രഹിച്ചിരിക്കുകയാണ്. തിരുമേനിയുടെയും എന്റെയും വലിയ മാതാപിതാക്കൾ പുതുപ്പള്ളി പള്ളിയുടെ സന്തതികളായതിനാലും ഒരേ മാമോദീസാതൊട്ടിയിൽ മുഴുകപ്പെട്ടവരുമായതിനാലാകാം ഞങ്ങൾക്കു തമ്മിൽ ഒരു ആത്മബന്ധം ഉടലെടുത്തിരിക്കുന്നത്. അവാച്യമായ ആ ഐക്യബന്ധത്തിലാണ് ഞങ്ങളിരുവരും.

ഭാഗ്യസ്മരണീയനായ ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി ബോംബെ ഭദ്രാസനാധിപനായിരിക്കുന്ന കാലത്ത് എനിക്ക് ചെമ്പൂർ മാർത്തോമ്മാ ഇടവകയിലായിരുന്നു ശുശ്രൂഷ. തിരുമേനിയുമായി ദീർഘനേരം സഹൃദയ സംഭാഷണങ്ങളിൽ മുഴുകിയിരുന്നത് ഇന്ന് ഞാൻ കൃതാർത്ഥതയോടെ സ്മരിക്കുന്നു. തിരുമേനിയോടൊപ്പം കൂറിലോസ് തിരുമേനിക്ക് പ്രവർത്തിപ്പാൻ ദൈവം ഒരു അവസരം കൊടുത്തത് എത്ര ഭാഗ്യകരമായ അനുഭവമായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയുന്നു. തെയോഫിലോസ് തിരുമേനിയിൽ കണ്ട സഭാ,

സഭൈക്യ ദർശനങ്ങൾ പൂവണിഞ്ഞിരിക്കുന്നത് കൂറിലോസ് തിരുമേനിയിലാണ്. വിദേശയാത്രയിലൂടെയും സന്ദർശനങ്ങളിലൂടെയും ആർജിച്ചെടുത്തിരിക്കുന്ന സവിശേഷ സിദ്ധികളും എക്യൂമെനിക്കൽ ദർശനവും തമ്മിൽ ഐക്യരൂപമാണ് കാണിക്കുന്നത്. ഒരു പിതാവിനെ മകൻ ശുശ്രൂഷിക്കുന്നതുപോലെയും ഒരു ഗുരുവിനെ ശിഷ്യൻ നമിക്കുന്നതുപോലെയും അവർ തമ്മിലുള്ള ബന്ധം ഞാൻ നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

കൊല്ലാടിനടുത്താണ് ദേവലോകം എന്നതിനാൽ അല്ലയോ ബേത്‌ലഹേം ഓഫർത്തായേ യഹൂദ്യമലനാട്ടിൽ നീ ഏറ്റം ചെറിയ പട്ടണമെങ്കിലും യിസ്രായേലിനെ മേയ്പ്പാനുള്ളവൻ നിങ്കൽ നിന്ന് പുറപ്പെട്ടുവരും എന്നുള്ള ദീർഘദർശിയുടെ പ്രവചനം വന്ദ്യപിതാവിൽ നിറവേറ്റപ്പെടണമേ എന്ന് ആഗ്രഹിച്ചും പ്രാർത്ഥിച്ചും അറുപതുവരെ ലഭിച്ച ദൈവീക പരിപാലനവും കൃപയും അതിന്റെ പൂർണതയിൽ വരും കാലങ്ങളിൽ, സഭാഗാത്രത്തെ നയിക്കുന്നതിന് വന്ദ്യതിരുമേനിക്ക് ഇടയാകട്ടെ എന്നും മെത്രാനായി ലഭിച്ച സാധനയും സിദ്ധിയും സൂറിയാനിസഭകൾ ആകമാനവും ക്രൈസ്തവ ലോകത്തിൽ മുഴുവനും ലഭിക്കുന്നതിന് അതിശ്രേഷ്ഠ പുരോഹിതനായ ദൈവം കനിയട്ടേ എന്നും പ്രാർത്ഥിക്കുന്നു.

*(മാർത്തോമ്മ സഭ അടൂർ ഭദ്രാസനാധ്യക്ഷൻ)*

# നല്ല ഇടയൻ

ഡോ. ലീലാമ്മ ജോർജ്

അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനി അറുപതാം വയസ്സിലെത്തിയിരിക്കുകയാണ്. ജീവിതത്തിന്റെ നിമ്നോന്നതികളിലൂടെ തളരാതെ മുന്നേറുന്ന അദ്ദേഹത്തിന് സംതൃപ്തിയോടെ അറുപതാം പിറന്നാൾ ആഘോഷിക്കാം. വരദാനമായ ജീവിതം ദൈവമഹത്വത്തിനും മനുഷ്യനന്മയ്ക്കും സമർപ്പിക്കുവാൻ കഴിഞ്ഞതിന്റെ ധന്യത ഈ സന്യാസിവര്യന്റെ ശ്രേഷ്ഠത വർദ്ധിപ്പിക്കുന്നു.

വാഹനാപകടവുമായി ബന്ധപ്പെട്ടാണ് ബഹു. ജോർജ് കുര്യൻ അച്ചനെ ഞാൻ പരിചയപ്പെടുന്നത്. എന്റെ നാടിന്റെ സാമീപ്യവും ഒരു ദൈവപകടത്തിന്റെ ദുഃഖസ്മരണകളും ഈ പുരോഹിത ശ്രേഷ്ഠനേപ്പറ്റിയുള്ള അറിവുകൾക്ക് പ്രാധാന്യം നൽകി. പ്രവർത്തന നൈരന്തര്യത്തിന് കടിഞ്ഞാണിടുന്ന ഇത്തരം അനുഭവങ്ങൾ വ്യക്തികളെ വ്യത്യസ്തമായി ബാധിക്കാറുണ്ട്. എന്നാൽ മരണനിഴലിൻ താഴ്വരയിലും കരം പിടിച്ചു നടത്തുന്ന ദൈവത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞുകൊണ്ട് പൂർവ്വാധികം കരുത്തോടെ നീങ്ങുന്ന അച്ചനെയാണ് പിന്നീട് കാണുവാൻ കഴിഞ്ഞത്.

ആട്ടിൻ തൊഴുത്തിൻ വാതിലിലൂടെത്തന്നെ കടന്നുവന്ന നല്ല ഇടയനാണ് കൂറിലോസ് തിരുമേനി. സമസ്ത ക്രൈസ്തവജനതയുടേയും നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കുചേരാൻ കഴിഞ്ഞതിന്റെ സംതൃപ്തിയാണ് ഈ അറുപതാം പിറന്നാളിന്റെ നേട്ടം. അഖിലകേരളാ ബാലജനസഖ്യം, സ്കൗട്ട്സ്, എം.ജി.ഒസി.എസ്.എം. എന്നിവയിലൂടെ വളർന്നുവന്ന അദ്ദേഹം സേവനത്തിന്റെ പന്ഥാവിലൂടെ പ്രയാണം തുടർന്നതിൽ അല്പവും അത്ഭുതമില്ല. മുംബൈ പ്രദേശത്തിന് ശോഭ നൽകുന്ന ഗ്രിഗോറിയൻ കമ്മ്യൂണിറ്റി വരെ എത്തിനിൽക്കു

ന്നു ആ കർമ്മചൈതന്യം. ഇന്നിന്റെ വെല്ലുവിളികളെ നേരിടുവാനുള്ള ധാർമ്മിക പിന്തുണ നൽകുന്ന ഈ സംരംഭം കാലഘട്ടത്തിന്റെ അനിവാര്യതയാകുന്നു. പ്രഭാഷണങ്ങൾക്കും പ്രബോധനങ്ങൾക്കുമപ്പുറം അജഗണത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയുന്ന ഒരു നല്ല ഇടയന്റെ പ്രതീക്ഷയാണ് കൂറിലോസ് തിരുമേനിയിൽ തെളിയുന്നത്. ഭൗതിക ജീവിതസൗകര്യങ്ങൾ മനുഷ്യനെ സമ്പൂർണ്ണനാക്കുമെന്ന പ്രതീക്ഷയെ തകിടം മറിച്ചുകൊണ്ട് ജീവിതനിഷേധത്തിന്റെയും വിരുദ്ധ പ്രവർത്തനങ്ങളുടെയും തേർവാഴ്ചയിൽ ലോകം പകച്ചുനിൽക്കുമ്പോൾ, ധാർമ്മികതയുടെ നെറ്റ്‌വർക്കിനു രൂപം നൽകി. ക്രിസ്ത്യാനിത്വത്തിന്റെ സന്ദേശം പൂർത്തീകരിക്കുവാൻ ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയിലൂടെ സാധിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ആരാധനയും പഠനവും പൂർണ്ണമാകുന്നത് സേവനത്തിലൂടെയാണെന്നു തിരിച്ചറിയുന്ന ഈ ബിഷപ്പ് ക്രൈസ്തവ സമൂഹത്തിന് ശുഭപ്രതീക്ഷയാണ് നൽകുന്നത്.

കൊല്ലാട് എന്ന കൊച്ചു ഗ്രാമത്തിൽ ജനിച്ചുവളർന്ന തിരുമേനി ഒരു വിശ്വപൗരൻ എന്ന നിലയിലേക്കുയരുന്നതു കാണുമ്പോൾ അകർമ്മണ്യതയ്ക്ക് സാഹചര്യങ്ങളുടെ മറ പിടിക്കുന്ന നമുക്ക് നിറഞ്ഞ മനസ്സോടെ അഭിനന്ദിക്കുവാനേ കഴിയൂ. ലോകത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ചും ചർച്ചകളിലും സെമിനാറുകളിലും പങ്കെടുത്തും ലബ്ധമായ അറിവുകൾ പങ്കുവെയ്ക്കുവാൻ മടിക്കാത്ത തിരുമേനിയുടെ ഉദാത്തമായ ആശയങ്ങൾ എത്രയെത്ര കമ്മറ്റികളെയാണ് പ്രബുദ്ധമാക്കുന്നത്? സഭകളുടെ ദേശീയ കൗൺസിലിന്റെ നേതൃത്വസ്ഥാനത്തെത്തിയ അദ്ദേഹം സ്വദേശത്തിന്റെയും സ്വജനതയുടേയും അഭിമാനപാത്രമാകുന്നു. വന്ദ്യപിതാവേ! അങ്ങയുടെ ജന്മത്താൽ ഈ ദേശം ധന്യമായി. അങ്ങയുടെ കർമ്മത്താൽ ക്രൈസ്തവ ജനത മാനിതരായി.

ഷഷ്ടിപൂർത്തി ആഘോഷിക്കുന്ന അഭിവന്ദ്യ കൂറിലോസ് തിരുമേനി, അറിവിന്റെ നിറവാണ് അങ്ങയുടെ അറുപതാം പിറന്നാൾ. അതിന്റെ ചാലുകൾ ഞങ്ങളിലേക്ക് ഇനിയും തുറക്കുക. അങ്ങയുടെ പ്രയത്നം എരിയുന്ന മനസ്സുകൾക്ക് സ്വാന്തനമാകട്ടെ. ആയുരാരോഗ്യസമ്പൂർണ്ണതയോടെ ക്രൈസ്തവസഭയെ ദീർഘകാലം നയിക്കുവാൻ അങ്ങേയ്ക്ക് സാധിക്കണമെന്ന വിനീതമായ പ്രാർത്ഥനയോടെ ആശംസകളുടെ പൂച്ചെണ്ടുകൾ അർപ്പിക്കട്ടെ.

*(ബിഷപ്പ് മൂർ കോളജ്, മാവേലിക്കര)*

# അഭിമുഖം

പ്രൊഫ. പി.സി. എലിയാസ്

മുംബൈ ഭദ്രാസനാധിപനായ അഭിവന്ദ്യ മാർ കൂറിലോസ് തിരുമേനിക്ക് ഒക്ടോബർ 7-ാം തീയതി 60 വയസ്സ് തികയുകയാണ്. അറുപത് വയസ്സിന്റെ നിറവിൽ മുംബൈ ഭദ്രാസനാധിപൻ , മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് സ്റ്റുഡന്റ് മൂവ്മെന്റ് ഓഫ് ഇന്ത്യയുടെ പ്രസിഡന്റ്, മലങ്കര [illegible] പബ്ലിക് റിലേഷൻസ് സമിതിയുടെ അദ്ധ്യക്ഷൻ, ഗ്രിഗോറിയൻ [illegible]റ്റിയുടെ സ്ഥാപക പ്രസിഡന്റ്, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ മുൻ പ്രസിഡന്റ്, മഹാരാഷ്ട്രാ കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്ന, അല്ലെങ്കിൽ പ്രവർത്തിച്ചിരുന്ന അഭിവന്ദ്യനായ തിരുമേനിക്ക് അറുപതിന്റെ നിറവിൽ എന്തു തോന്നുന്നു? ഇപ്പോൾ അങ്ങയുടെ മാനസികാവസ്ഥ?

സർവ്വവും ദൈവകൃപയായിട്ടാണ് അനുഭവവേദ്യമാകുന്നത്, ദൈവത്തിന്റെ കരുണയില്ലെങ്കിൽ ഞാനിപ്പോൾ ജീവിച്ചു പോരില്ലായിരുന്നു. വലിയൊരപകടത്തിൽപ്പെട്ട് 85 ൽ ഈ ലോകത്തിൽ നിന്ന് യാത്രയാകും എന്നായിരുന്നു അന്ന് മാധ്യമങ്ങൾ സൂചിപ്പിച്ചിരുന്നത്. അതിൽ നിന്ന് ഉയർത്തിയെടുത്ത ആ നിമിഷം മാത്രമല്ല ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളും ദൈവകൃപയുടെ സമ്പന്നതയാണ്. അതിനനുസരിച്ചുള്ള ഒരു പ്രതികരണം എനിക്ക് വരുന്നില്ല എന്നുള്ള ദുഃഖവും അനുതാപവും മാത്രമേ ഞാൻ നിലനിർത്തുന്നുള്ളു.

ആറ് ദശകങ്ങളിലെ സംഭവബഹുലമായ ജീവിതം തികയുന്ന വേളയിൽ അങ്ങയുടെ മാതാപിതാക്കളെക്കുറിച്ചുള്ള സ്മരണകൾ?

വളരെ ഉന്നതമായ മാതൃകയായിരുന്നു ഞങ്ങളെ വളർത്തിയെടുത്ത അവരുടെ ജീവിതം. വലിയ സമ്പന്നരൊന്നും ആയിരുന്നില്ലെങ്കിലും കാരുണ്യ പ്രവർത്തനത്തിലും നീതിബോധത്തിലും കുഞ്ഞുങ്ങളെ വളർത്തുന്ന കാര്യത്തിലും അവർക്കുവേണ്ടി സമയം ചെലവഴിക്കുന്നതിലും അവരുടെ ജീവിതം മുഴുവനായിട്ട് ഉഴിഞ്ഞുവച്ചു എന്നുള്ളത് ഞങ്ങളുടെ ജീവിതത്തിൽ ഏറ്റവും വലിയ സമ്പത്താണ്. മൂല്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായിട്ട് പഠിപ്പിക്കുവാൻ, ധാർമ്മിക അംശങ്ങൾ ശ്രദ്ധിച്ച് നീങ്ങുവാൻ, കാരുണ്യ പ്രബുദ്ധതയിലേക്ക് ഉറ്റുനോക്കുവാൻ, വളരെ നല്ല മാതൃകകൾ കൈമാറുവാൻ, അയൽവാസികളുമായിട്ട് ഉറ്റബന്ധം സ്ഥാപിക്കുവാൻ, സുഹൃത്തുക്കളും ലോകത്തിലെ മറ്റു വ്യക്തികളുമായിട്ട് ഇടപഴകുന്ന അവസരത്തിൽ കൈകാര്യം ചെയ്യേണ്ട പല കാര്യങ്ങളും സമൃദ്ധമായിട്ട് വിളമ്പിതന്നത് മാതൃകാപരമാണ്, ആവേശകരമാണ്, അനുഭവ സമ്പന്നമാണ്.

**തിരുമേനി ജനിച്ചു വളർന്ന ഗ്രാമം, പഠിച്ചു വളർന്ന വിദ്യാലയം, സ്വാധീനിച്ച വ്യക്തികൾ എന്നിവയെക്കുറിച്ചൊക്കെ അറിയാൻ ഏവർക്കും ജിജ്ഞാസയുണ്ടാകും?**

ഞാൻ കോട്ടയത്തിനടുത്ത് കൊല്ലാട് എന്ന കൊച്ചു ഗ്രാമത്തിലാണ് ജനിച്ചു വളർന്നത്. ആ ഗ്രാമത്തെക്കുറിച്ച്, അവിടുത്തെ ദേവാലയത്തെക്കുറിച്ച്, അവിടുത്തെ സാഹചര്യങ്ങളെക്കുറിച്ചുമൊക്കെ ചെറുപ്പകാലത്ത് വളരെ അസ്വസ്ഥതയുളവാക്കുന്ന കാര്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും വളരെയധികം ഉറ്റബന്ധം സ്ഥാപിക്കുന്ന നല്ല നിലയിലുള്ള ചിന്തകൾക്ക് രൂപം കൊടുക്കുന്ന വളരെ ആശയസമ്പുഷ്ടമായിട്ടുള്ള ആളുകളുടെ കൂട്ടായ്മ, സമൃദ്ധമായിട്ടാണ് കാണാൻ സാധിച്ചിട്ടുള്ളത്. വളരെ ചെറുപ്പത്തിൽതന്നെ അങ്ങേയറ്റം പ്രോത്സാഹനം ആ ഗ്രാമത്തിൽ നിന്ന്, ആ ദേവാലയത്തിൽ നിന്ന്, ആ സ്കൂളിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നത് വളരെ സന്തോഷകരമാണ്. ഞങ്ങൾ പഠിക്കുന്ന കാലത്ത് ചായയെക്കുറിച്ച് യാതൊരു നിശ്ചയവുമില്ല. ഞങ്ങളെ പഠിപ്പിച്ച അദ്ധ്യാപിക വളരെ നല്ല രീതിയിൽ ചായക്കുപയോഗിക്കുന്ന എല്ലാ അംശങ്ങളും പ്രത്യേകിച്ച് തെയിലയുടെ ഇലകൾകൊണ്ടുവന്ന് അതൊരു പ്രാക്ടിക്കൽ സെഷൻപോലെ ചായ ഉണ്ടാക്കി സ്കൂളിന്റെ മുൻവശത്തുവച്ചുതന്നെ ചായ കുടിക്കാനായിട്ട് അവസരം നൽകിയത് ഞാനോർക്കുകയാണ്. അത്യാധുനിക പഠനപദ്ധതികൾ ആവിഷ്കരി

ക്കുന്നതിന് മുൻപുതന്നെ, കുഞ്ഞുങ്ങൾ വിചാരിച്ചിരുന്നത് വളരെ വ്യക്തമായിട്ട് അനുഭവവേദ്യമാക്കണം എന്ന വ്യക്തമായ ദർശനത്തോടെ നീങ്ങിയ അധ്യാപകർ ഞങ്ങൾക്കുണ്ടായിരുന്നു എന്നുള്ളത് ശ്രേഷ്ഠമാണ്. അതുപോലെതന്നെ വിദ്യാഭ്യാസ രംഗത്ത് മാത്രമല്ല എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസിനും സ്പോർട്സിലും ഗെയിംസിലും ഓരോരുത്തരുടെ സിദ്ധികൾ അനുസരിച്ച് അവരെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലും സൺഡേസ്ക്കൂൾ അധ്യാപകരും, സെക്യുലർ പഠനത്തിലുള്ള അധ്യാപകരും അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു, പ്രോത്സാഹിപ്പിച്ചിരുന്നു, അനുഗ്രഹിച്ചിരുന്നു, ആശീർവദിച്ചിരുന്നു എന്നുള്ളത് വളർച്ചയ്ക്ക് അങ്ങേയറ്റം സഹായകരമായിരുന്നു.

ചെറുപ്പകാലത്ത് ബാലജനസഖ്യത്തിലും സ്കൗട്ട് പ്രസ്ഥാനത്തിലും, പ്രവർത്തിച്ചിരുന്നതായി കേട്ടിട്ടുണ്ട്. ബാലജനസഖ്യത്തിന്റെ പ്രവർത്തനങ്ങളും സ്കൗട്ട് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും തിരുമേനിയുടെ വ്യക്തിത്വ രൂപീകരണത്തെ എങ്ങനെ സ്വാധീനിച്ചു?

തമ്മിൽ തമ്മിലുള്ള ബന്ധങ്ങളെങ്ങനെ ദൃഢീകരിക്കാൻ സാധിക്കും, വ്യക്തമായ ആശയ രൂപീകരണത്തിന് നല്ല സാധ്യതകൾ, വിവിധങ്ങളായ സിദ്ധികൾ എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും, മാതൃക കണ്ടെത്തി ആ മാർഗ്ഗത്തിൽ ചരിക്കാൻ എങ്ങനെയാണ് സാധിക്കുക, പ്രത്യേകമായിട്ടുള്ള ശക്തി വിശേഷങ്ങൾക്ക് കുറേക്കൂടി കൃതകൃത്യത കൊടുക്കുവാനായിട്ടെങ്ങനെ സാധിക്കും, ഇവയൊക്കെ വളരെ വ്യക്തമായിട്ട് അനുഭവവേദ്യമായിട്ട് പ്രായോഗികമായിട്ട് വളർത്തിയെടുക്കാൻ സഹായിച്ചിട്ടുള്ള ഒരു കാലഘട്ടമാണത്. അനേകർ മാതൃകയായിട്ട് ഉണ്ടായിരുന്നു. അവരുടെ കാൽപ്പാടുകൾ പിന്തുടരുവാൻ സാധിച്ചിട്ടുണ്ട്. അത് വ്യക്തിവികാസത്തിന്, വളർച്ചയിൽ അങ്ങേയറ്റം സഹായകരമായി. അതുപോലെതന്നെ ഒരുആത്മവിശ്വാസം രൂപപ്പെടുത്താനും കലാപരിപാടികൾക്ക് സ്റ്റേജിൽ കയറി കാര്യങ്ങൾ നന്നായിട്ട് അവതരിപ്പിക്കുവാനുമുള്ള ഉണർവ്വ് ലഭിച്ചതിന്റെ ആരംഭം കൂടിയായിരുന്നുവെന്ന് സന്തോഷത്തോടെ ഓർക്കുന്നു.

കലാപരിപാടികളുടെ കാര്യം പറഞ്ഞപ്പോഴാണ്, കേട്ടിട്ടുണ്ട്, തിരുമേനിക്ക് മോണോആക്ടിന് തുടർച്ചയായി വർഷങ്ങളോളം സമ്മാനം ലഭിച്ചുവെന്ന്. ഇന്ന് അഭിനയ രംഗത്ത് അഖിലേന്ത്യ പ്രശസ്തരായ ചിലരോടൊപ്പം തിരുമേനി നാടകം അഭിനയിച്ച് സമ്മാനം വാങ്ങിച്ചി

ട്ടുണ്ടെന്ന് കേട്ടിട്ടുണ്ട്. ആ രസകരമായ സ്മരണകൾ?

ഞാൻ നാലാംക്ലാസ്സിലാണ് ആദ്യമൊരു നാടകത്തിൽ പങ്കെടുക്കുന്നത്. അതൊരു പെൺകുട്ടിയായിട്ടാണ് . പാറുകുട്ടിയുടെ വേഷമാണ് കെട്ടിയത്. പെൺകുട്ടികളുടെ ഒരു പരിപാടിയുണ്ടായിരുന്നു. അതുകഴിഞ്ഞ് വന്നപ്പോഴേക്കും വൈകിപ്പോയി. ഡ്രസ്സ് ചെയ്ത് കാത്തുനിന്നെങ്കിലും നിർഭാഗ്യവശാൽ ഞങ്ങൾക്ക് ആ പരിപാടി നടത്തുവാൻ സാധിച്ചില്ല. ഞങ്ങളെ സ്റ്റേജിൽ എടുത്തുകയറ്റി. ഓഡിയൻസിനെ അഭിസംബോധന ചെയ്യാൻ ഒരുമിനിട്ടിലെത്തിച്ചു. അന്ന് ആ നാടകം നടത്താൻ സാധിച്ചില്ല. വളരെ മനോഹരമായ നാടകമായിരുന്നു അത്. ഒരു പക്ഷെ നാടകം എന്റെ ലോകമല്ല എന്ന് അന്നേ തമ്പുരാൻ സൂചിപ്പിച്ചതായിട്ട് തോന്നുന്നു. എന്നാൽ വൈദികസെമിനാരിയിൽ പഠിക്കുന്നതുവരെ പല അവസരങ്ങളിലും പെൺകുട്ടിയായിട്ടും അഭിനയിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. മോണോആക്ടിന് ഏറ്റവും കൂടുതൽ പ്രചോദനം നൽകിയത് എന്റെ മാതാവാണ്. ഞാൻവളരെ മടിയനായ ഒരു മനുഷ്യനായിരുന്നു. പക്ഷേ എപ്പോഴും ആവേശത്തോടെ പ്രോത്സാഹിപ്പിച്ചിരുന്ന അമ്മയുടെ നിർബന്ധം മൂലമാണ് ഞാനാരംഗത്ത് വന്നത്. പല അവസരങ്ങളിലും വളരെ ശ്രദ്ധയായി കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. അതെല്ലാം ഞാനീ അവസരത്തിൽ സന്തോഷത്തോടെ ഓർക്കുന്നു.

ആ നല്ല അമ്മയുടെ സ്വാധീനത്തിന് മലങ്കരസഭ മുഴുവൻ നന്ദിപറയുന്നതോടൊപ്പം വിദ്യാർത്ഥി പ്രസ്ഥാനത്തിലെ ഒരു പ്രവർത്തകൻ, പിന്നീട് വളരെ സമർത്ഥനായ ഒരു ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച അങ്ങ്, വിദ്യാർത്ഥി പ്രസ്ഥാനത്തിന് നൂറ് വയസ്സ് തികഞ്ഞപ്പോൾ ആ മഹാ പ്രസ്ഥാനത്തിന്റെ അധ്യക്ഷപദവിയിലേക്ക് ഉയർത്തപ്പെട്ടു. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് എന്നുള്ള നിലയിൽ തിരുമേനിയുടെ മുൻഗണന എന്തൊക്കെയാണ്?

വിദ്യാർത്ഥി പ്രസ്ഥാനത്തിന് വളരെയധികം സാധ്യതയുണ്ട്. എന്റെ വ്യക്തിപരമായ ജീവിതത്തിൽ ഞാനതുമായി ബന്ധപ്പെട്ടുകാണുന്നവർ നേരത്തെതന്നെ യുവജനങ്ങളുടെ ചിന്തകളും അവരുടെ സ്വപ്നങ്ങളും വളരെ വിശാലമായിട്ടും വളരെ തന്മയത്വമായിട്ടും മനസ്സിലാക്കിയിരുന്നു. അതിനെ പ്രോത്സാഹിപ്പിച്ചാൽ അവർ മാത്രമല്ല നമ്മളും വളരും. അവരിൽ നിന്നാണ് പലപ്പോഴും പ്രചോദനം ഉൾക്കൊള്ളാറു

ള്ളത്. സത്യസന്ധമായി മൂല്യങ്ങൾ കണ്ടെത്തിയിട്ടുള്ള യുവജനങ്ങൾ ആത്മാർത്ഥമായിട്ട് പ്രാർത്ഥിക്കുന്നതും കുരിശുവരയ്ക്കുന്നതും കുമ്പിടുന്നതും ഉപവസിക്കുന്നതും ധ്യാനിക്കുന്നതുമൊക്കെ ഇന്നും എനിക്ക് ലഹരിയാണ്, അത്ഭുതകരമാണ്, അനുഭവകരമാണ്. ഇക്കഴിഞ്ഞ ദിവസങ്ങളിൽ അമേരിക്കയിൽ ചെലവഴിച്ച അവസരങ്ങളിൽ അവിടെ വളർന്നു വരുന്ന ശെമ്മാശന്മാർ, യുവജനങ്ങൾ എന്നിവരൊക്കെ എത്ര മാത്രം തീക്ഷ്ണമായ വികാരത്തിൽ, പൂർണ്ണമായ സമർപ്പണത്തിൽ, വ്യക്തമായ ദർശനത്തിലുമാണ് നീങ്ങുന്നത് എന്നുള്ളത് ഹിമാലയത്തെ ഉറ്റുനോക്കുന്നതുപോലുള്ള ആവേശത്തോടെയാണ് ഞാൻ നോക്കുന്നത്. ഇത് എപ്പോഴും പ്രചോദനകരമാണ്. പക്ഷേ അവരെ നയിക്കുകയും, തിരുത്തുകയും, സഹായിക്കുകയും, തുണയ്ക്കുകയും, അവരോടൊപ്പമായിരിക്കുകയും ചെയ്യുക എന്നുള്ളത് വളരെ അടിസ്ഥാനപരമായിട്ടുള്ള ഒരു ഭാവമായിരിക്കണം. സഭ അതിൽ നിന്ന് വഴുതിപോകുന്നു. അത് ദുഃഖകരമായിട്ടുള്ള ഒന്നാണ്. നേരെ മറിച്ച് അവരുടെ കൂടെ ആയിരിക്കുകയും, അവരെ സഹായിക്കുകയും ചെയ്യുമ്പോൾ അത്ഭുതകരമായിട്ടുള്ള ഒരു [illegible] ഞാനതിൽ കാണുന്നത്.

വിദ്യാർത്ഥി പ്രസ്ഥാനത്തിലും മുംബൈ ഭദ്രാസനത്തിലും ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ പിൻഗാമി എന്ന നിലയിലാണ് കൂറിലോസ് തിരുമേനി അറിയപ്പെടുന്നത്. മുംബൈ ഭദ്രാസനത്തിൽ ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി തുടങ്ങിവച്ച പ്രസ്ഥാനങ്ങൾ, പ്രവർത്തനങ്ങൾ, സ്ഥാപനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും പുതിയ പല പദ്ധതികളും ആവിഷ്കരിക്കുന്നതിനും അഭി. തിരുമേനിക്ക് കഴിഞ്ഞിട്ടുണ്ട്. മുംബൈ ഭദ്രാസനത്തിന്റെ ഭാവിയെക്കുറിച്ചുള്ള സ്വപ്നമെന്താണ്?

വിശാലമായ മേഖലയാണത്. പലരും അതിന് അതിർത്തികളിടുന്നു. വളരെ സജീവമായിട്ടുള്ള അദ്ധ്യാത്മ സംഘടനകളും മറ്റ് പ്രോജക്ടുകളും മുംബൈ ഭദ്രാസത്തിന്റെ വിവിധ മേഖലകളിൽ വ്യത്യസ്തങ്ങളായിട്ടുള്ള സ്ഥാപനങ്ങൾ വളർത്തിയെടുക്കുന്നത് അങ്ങേയറ്റം പ്രയോജനകരമാണ്, മാതൃകാപരമാണ്. അനേകർക്ക് വളരുവാനും ഉയരുവാനും സഹായിക്കുന്ന ഈ പുരാതനമായ സഭയെത്തന്നെ അവിടുത്തെ ജനങ്ങളുടെ മദ്ധ്യത്തിലും അവരുടെ ഹൃദയത്തിലും പ്രതിഷ്ഠിക്കുന്നതിൽ വളരെ നിർണ്ണായകമായിട്ടുള്ള സംഭാവനകളുണ്ട് അ

തിന് സംശയമില്ല. തെയോഫിലോസ് തിരുമേനി ആരംഭിച്ച സ്കൂളിൽ അദ്ദേഹത്തിന്റെ വാർദ്ധക്യത്തിലും അവിടുത്തെ അദ്ധ്യാപകർ കാലിൽ തൊട്ട് വന്ദിക്കുകയും ആദരിക്കുയും ചെയ്ത ഒരു സംസ്ക്കാരമാണ്. അവിടെ മന്ത്രിമാരായിരിക്കുന്നവർ പൂർണ്ണകുംഭം എന്നപോലെ ആദരവോടെ കടന്നുവരുകയും അവർ ഇലക്ഷന് നിൽക്കുന്ന അവസരത്തിൽ മാത്രമല്ല തിരിച്ച് വിജയശ്രീലാളിതരായി വരുമ്പോഴും തിരുമേനിയുടെ അടുത്ത് ആദ്യം വന്ന് ആദരവോടെ ആ കാലിൽ വന്ദിച്ചിട്ടുള്ളത് സന്തോഷത്തോടെ ഓർക്കുകയാണ്.

**തിരുമേനിയുടെ സ്വപ്നപദ്ധതിയായ ഗ്രീഗോറിയൻ കമ്മ്യൂണിറ്റി; അതേക്കുറിച്ചുള്ള തിരുമേനിയുടെ പ്രത്യാശയും പ്രതീക്ഷയും എന്തൊക്കെയാണ്?**

വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ജന. സെക്രട്ടറിയായിരുന്നപ്പോഴും അതിനു മുൻപും ഞാൻ കണ്ടിട്ടുള്ള ഒരു വികാരത്തിൽ നിന്നും അനുഭവത്തിൽനിന്നുമാണ് ഞാനതിന് രൂപംകൊടുക്കാനാരംഭിച്ചത്. ആയിരക്കണക്കിന് വിദ്യാർത്ഥി- വിദ്യാർത്ഥിനികൾ എല്ലാവർഷവും പരിപാടികളിൽ പങ്കെടുക്കുന്നെങ്കിലും അവർക്ക് ഈ സഭയെക്കുറിച്ച്, ക്രിസ്തുവിനെക്കുറിച്ച്, ലോകത്തെക്കുറിച്ച്, ആദ്ധ്യാത്മിക തലങ്ങളെക്കുറിച്ച്, കൂദാശകളെക്കുറിച്ച്, അനുഷ്ഠാനങ്ങളെക്കുറിച്ച് കൂടുതലായി അന്വേഷിക്കുവാനോ പഠിക്കുവാനോ പറ്റിയ ഒരു വേദിയില്ല. അതിന് ഒരു വേദിയുണ്ടാക്കേണ്ടത് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന് അത്യാവശ്യമാണ് എന്നുള്ളത് മനസ്സിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥി വിദ്യാർത്ഥിനികൾ കോൺഫറൻസുകളിൽ പങ്കെടുക്കുമ്പോൾ അവസാന ദിവസം അവരെ പറിച്ചെടുത്താൽ ആ സ്ഥലത്തുനിന്ന് പോകില്ല. പക്ഷേ രണ്ടുമൂന്നാഴ്ചക്കുള്ളിൽ മറ്റ് സ്നേഹിതരുമായിട്ട് കോളേജിലൊക്കെ ചെലവഴിച്ചുകഴിയുമ്പോൾ ഈ മൂല്യങ്ങളൊക്കെ വളരെ വിദൂരതയിൽ പോകുന്ന ഒരു അവസ്ഥാ വിശേഷം കണ്ടിട്ടുണ്ട്. ഇതിനൊരുത്തരമായിട്ടും, പ്രതിവിധിയായിട്ടും ഗ്രിഗോറിയൻ മൂവ്മെന്റ് വളരണം എന്നുള്ളതായിരുന്നു എന്റെ സ്വപ്നം. എന്നാൽ പലതരത്തിലുള്ള പ്രശ്നങ്ങൾ വന്നപ്പോൾ, അതുപോലെ തന്നെ പുതിയ തെളിവുകൾ കണ്ടപ്പോൾ ഇതൊരു എക്യുമെനിക്കൽ പ്രസ്ഥാനമായി വളർത്തണം എന്ന് വിചാരിച്ചു. സർവ്വമത സമൂഹത്തിനും എത്തിച്ചേരുവാനും, ഈശ്വരന്റെ സാന്നിധ്യത്തെ അന്വേഷിക്കുവാനും,

മനുഷ്യ ബന്ധങ്ങൾക്ക് വ്യക്തത നൽകുവാനും, മനുഷ്യസേവനത്തിന് ക്രിയാത്മകമായിട്ടുള്ള അടിസ്ഥാനം ഉണ്ടാക്കുവാൻ സാധിക്കുന്നതും അതുപോലുള്ള ചിന്തകൾക്ക് രൂപം കൊടുക്കുവാനും, വളർത്തിയെടുക്കുവാനുമുള്ള ഒരു വേദിയായിട്ടാണ് ഇതിന് രൂപം നൽകിയിരിക്കുന്നത്. വിദ്യാർത്ഥി-യുവജനപ്രസ്ഥാനത്തിന്റെ ആരാധന, സേവനം, പഠനം, എന്നുള്ളതാണ് അതിന്റെ ലക്ഷ്യങ്ങളായി അംഗീകരിച്ചിരിക്കുന്നത്. ആരാധനയിൽ നമ്മുടെ യുവജനങ്ങൾക്ക് പലപ്പോഴും വളരെ സജീവമായിട്ട് പങ്കെടുക്കാൻ സാധിക്കുന്നില്ല. ഇത് കുറേക്കൂടെ അവർക്ക് മനസ്സിലാക്കാവുന്ന തരത്തിൽ, എളുപ്പത്തിൽ അത് കൈകാര്യം ചെയ്യാനായിട്ട് സാധിച്ചാൽ ഇന്ന് ലഭിക്കുന്ന പ്രതികരണത്തേക്കാൾ വളരെയധികം പ്രതികരണം ഉണ്ടാകും എന്ന് ഉറച്ചു വിശ്വസിക്കുന്നു. അതിനാൽ എന്റെ അന്വേഷണ യാത്രയിൽ, തീർത്ഥാടനത്തിൽ, പഠനത്തിൽ ലോകപ്രസിദ്ധമായിട്ടുള്ള പല സന്ന്യാസ പ്രസ്ഥാനങ്ങളും, ഇന്റർ നാഷണൽ കമ്മ്യൂണിറ്റീസും സന്ദർശിച്ച് അവിടുത്തെ അനുഭവങ്ങൾ വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും ഈ കഴിഞ്ഞ ദിവസം ഞാൻ പോയ തൈസെ കമ്മ്യൂണിറ്റിയിലെ ആരാധനാ ശൈലി ഇതിനുദാഹരണമാണ്. ആരാധനയിൽ നിന്ന് നമ്മൾ വഴുതി മാറിപോകുന്നത് നമ്മുടെ കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് പരിമിതി ഒരുക്കുന്നതാണെന്ന് ഉറച്ചബോധ്യം എനിക്കുണ്ട്. അതുപോലെ തന്നെ പഠനത്തിന് പ്രത്യേകമായ ശൈലിവിശേഷണങ്ങൾ വളർത്തിയെടുക്കുന്നത് സഹായകരമാണ്. സേവന മേഖലയിൽ നോക്കുമ്പോൾ പല പ്രോജക്ടുകൾ ഒരുമിച്ച് വന്നാൽ ക്രിയാത്മകമായിട്ട് പല ബന്ധങ്ങൾക്കും ദൃഢത വരുത്തുവാനായിട്ട് സാധിക്കും. ഉദാഹരണമായി വൃദ്ധമന്ദിരങ്ങളും ബാലികാബാലന്മാർക്കുള്ള ഓർഫനേജും അടുത്തടുത്തുവന്നാൽ അവിടെ പ്രശംസനീയമായ പലകാര്യങ്ങളും ചെയ്യുവാനായിട്ട് സാധിക്കും. പ്രായമായവർക്ക് പലപ്പോഴും നഷ്ടമാവുന്നത് മക്കളെയും കൊച്ചുമക്കളെയുമാണ്. മാതാപിതാക്കൾ ആരാണെന്ന് അറിയാത്ത കൊച്ചുകുഞ്ഞുങ്ങൾ ധാരാളമുണ്ട്. അവർക്കൊക്കെ തമ്മിൽ ബന്ധപ്പെടുവാനും ഹൃദ്യമായിട്ട് ഇടപഴകുവാനും, ഒരുമിച്ച് വസിക്കുവാനും കുറേ സമയമെങ്കിലും ഒരുമിച്ച് ആയിരിക്കുവാനും സാധിച്ചാൽ അത് ഭാഗ്യകരമായ ഒരു അവസ്ഥയാണ്. ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വ്യക്തമായ ദർശനങ്ങളെ തിരിച്ചുകൊണ്ടുവരുവാനും നല്ല അനുഭവത്തിലേക്ക് കൊണ്ടുവരാനും സാധിക്കുന്നതാണ്. ഇത് വളരെ അടി

സ്ഥാനപരമായിട്ട് പറയുകായെണങ്കിൽ പ്രപഞ്ചത്തെ മുഴുവനായിട്ട് ചെറിയ ഒരു ന്യൂക്ലിയർ സ്പേസായിട്ടെങ്കിലും വളർത്തിയെടുക്കാനുള്ള ആഗ്രഹം പോലെ. ധ്യാനത്തിനും പ്രാർത്ഥനയ്ക്കും സഹായകരമായിട്ട് ചെറിയകുടിലുകൾ ഉണ്ടാക്കി, അതുപോലെ ദീർഘമായ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും താത്പര്യപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു വലിയ സംവിധാനം ആഗോളതലത്തിൽ ഓർത്തഡോക്സ് സമൂഹത്തിൽ വളരെ ശക്തമായിട്ട് ഉള്ളതാണ്. ഭാരതത്തിൽ നിർഭാഗ്യവശാൽ അത് വളർന്നുവന്നിട്ടില്ല. ഇതും ഞാൻ വേർതിരിച്ചറിഞ്ഞിട്ടുള്ളതാണ്. ഇത്തരത്തിലുള്ള ചിന്തകളാണ് പ്രസ്ഥാനത്തിന്റേത്. ചുരുങ്ങിയ നിമിഷം കൊണ്ട് അതെല്ലാം പറയുന്നത് ഭംഗിയാണോ എന്നെനിക്ക് നിശ്ചയമില്ല.

**തിരുമേനി ഓൾഡേജ് ഹോമിനെക്കുറിച്ചും ഓർഫനേജിനെക്കുറിച്ചും പറഞ്ഞു. വിശ്വ പ്രസിദ്ധനായിരുന്ന ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി താലോലിച്ച് വളർത്തിയ തലക്കോട് ബാലഭവൻ പ്രസ്ഥാനത്തിന്റെ ഇന്നത്തെ അദ്ധ്യക്ഷനായിരുന്ന തിരുമേനി അവിടുത്തെ കുഞ്ഞുങ്ങളുമായുള്ള ബന്ധം അനുസ്മരിക്കാമോ?**

അനുപമമായ ബന്ധത്തിൽ ആൺകുട്ടികളാണ് കൂടുതലും പങ്കെടുക്കുന്നത്. ഒരു മാതൃരൂപം അവർക്ക് കാണാനായിട്ട് സാധിക്കാത്തതുകൊണ്ടാവാം. അങ്ങനെയുള്ള കുഞ്ഞുങ്ങളെ കാണുവാൻ പ്രത്യേകിച്ചും കൗൺസിലിങ്ങിനൊക്കെ വ്യുത്പത്തിയും ഇച്ഛാശക്തിയുമുള്ള ആളുകൾ അവിടെ വല്ലപ്പോഴുമെങ്കിലും വരാൻ തക്കവണ്ണമുള്ള സാധ്യത ഉണ്ടാക്കണം എന്നുള്ളത് പറയുകയും, അതിനുള്ള ക്രമീകരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അത് വളരെ ശ്രദ്ധാർഹമായിട്ടുള്ള മാറ്റങ്ങൾക്ക് സഹായകരമായിട്ടുണ്ട്. കൂടാതെ പ്രായമായ ആളുകളുമായിട്ട് ഇടപഴകിക്കാനും വല്ലപ്പോഴുമൊക്കെ കൗൺസിലിങ്ങിന്റെ സൗകര്യങ്ങൾ ഒരുക്കുവാനും കഴിഞ്ഞിട്ടുണ്ട്. വ്യക്തിപരമായി ബലഹീനതകളോ എന്തെങ്കിലും പ്രശ്നങ്ങളോയുള്ള കുട്ടികളുമായിട്ട് ഇടപഴകുവാനും സാധിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് വളരെ സജീവരായിട്ട് മാറ്റാനും കഴിഞ്ഞിട്ടുണ്ട്. അവരുടെ കാര്യങ്ങളിൽ ശ്രദ്ധിക്കുക വഴി അവരിൽ വലിയൊരു മാറ്റം വരുത്തുവാനും സാധിച്ചിട്ടുണ്ട്. അവരുടെ വിദ്യാഭ്യാസ രംഗത്തും അനിവാര്യമായ മാറ്റങ്ങൾക്ക് സ്വാധീനം ചെലുത്തുവാൻ ചെറുതായിട്ടെങ്കിലും സാധിച്ചിട്ടുണ്ട് എന്നുള്ളത് വളരെ സന്തോ

ഷകരമാണ്. ഏതു നിമിഷവും ആരും ദുഃഖത്തിലേക്കും തളർച്ചയിലേക്കും പോകാം എന്നാൽ കൊച്ചുകൊച്ചു നിമിഷങ്ങൾകൊണ്ടും വളരെ നിസ്സാരരായ ആളുകളെകൊണ്ടുമൊക്കെ മാറ്റങ്ങൾ വരുത്തുവാനായിട്ട് സാധിക്കും. അത് ദൈവത്തിന്റെ നിയോഗത്തിൽപ്പെട്ടതാണ്. മനുഷ്യൻ അത് ഏറ്റെടുത്താൽ വലിയ ഒരു മാറ്റം വരുത്താനായിട്ട് സാധിക്കും. ആ സ്ഥാപനത്തിൽ വളർന്ന കുട്ടികളൊക്കെ മെഡിസിനും എഞ്ചിനീയറിങ്ങിനുമൊക്കെ പഠിക്കുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. അവിടെ ഐ.റ്റി.സി. യിൽ പഠിച്ചിട്ടുള്ള പല കുട്ടികളും കേരളത്തിനു വെളിയിൽ മാത്രമല്ല ഇന്ത്യയ്ക്കു വെളിയിലും പല സ്ഥാനങ്ങളിലും എത്തി വളരെ അനുഗ്രഹമായിട്ട് നല്ലനിലയിൽ വളരുന്നുണ്ട് എന്നുള്ളത് സംതൃപ്തി നൽകുന്നു.

ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയെ സഭയിലെ യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഒരു വേദിയായി കാണുന്നതോടൊപ്പം സഭകൾ തമ്മിലും, മതങ്ങൾ തമ്മിലുമു ള്ള സൗഹാർദ്ദപരമായ ഇടപെടലിനു കൂടിയുള്ള വേദിയായി മാറണമെന്ന് തിരുമേനി പറഞ്ഞു. എക്യുമെനിക്കൽ രംഗത്ത് ഏറെ സജീവമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുള്ള തിരുമേനി നാഷണൽ കൗൺസിൽ ചർച്ച്സ് ഓഫ് ഇൻഡ്യയുടെ പ്രസിഡന്റായിരുന്നു. ഇപ്പോൾ മഹാരാഷ്ട്ര കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിക്കുകയാണ്. ഇന്ത്യയെപ്പോലെ വിവിധ മതങ്ങൾ ഒരുമിച്ച് വസിക്കുന്ന ഈ രാജ്യത്ത് എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ഭാവിയെന്താണ്? മതങ്ങൾ തമ്മിലുള്ള സംവാദത്തിന്റെ ശക്തിയെന്താണ്?

ലോകത്തിന്റെ രക്ഷകനായ യേശുവിൽ സ്നാനപ്പെടുന്ന ആളുകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഏതൊരു ക്രിസ്ത്യാനിയും വ്യക്തമായ ദർശനമാക്കേണ്ടത്. അടിസ്ഥാനപരമായും ചരിത്രപരമായും പല മാർഗ്ഗങ്ങളിലും നമ്മൾ പാളിപ്പോയിട്ടുണ്ടെങ്കിലും, ആ തെറ്റുകൾ തിരുത്തി ഒരു വേദിയിലേക്ക് തിരിച്ചുവരുക എന്നുള്ളത് കരണീയമാണ്. അത് ഒരു നിമിഷംകൊണ്ട് സാധ്യമാകുന്ന സംഗതിയല്ല. പക്ഷേ ഇതൊരു തപസ്യയാണ്. നമ്മുടെ ജീവിതത്തിലെ ദർശനമായി തീരേണ്ടതാണ്. അതിനുള്ള സാധ്യതകൾ നമ്മൾ കണ്ടെത്തി അപ്രിയ സത്യങ്ങളെ മൂടിവെച്ചിട്ട് ഒരു രമ്യതയിൽ കൈകാര്യം ചെയ്യേണ്ടതാണ്. ഇതാണ് എക്യുമെനിക്കൽ തരംഗം എന്നു പറയുന്നത്.

എന്റെ കൈയ്യിൽ വിലപ്പെട്ടതായിട്ട് എന്തെങ്കിലുമുണ്ടെങ്കിൽ അത് എന്റെ സഹോദരന് കൈമാറികൊടുക്കേണ്ടത് മാനുഷിക ഭാവമായിരിക്കണം. അത് സ്നേഹപൂർവ്വം മനുഷ്യബന്ധങ്ങൾ വ്യക്തീകരിച്ചുകൊണ്ടുതന്നെ സന്തോഷത്തോടെ കൈമാറാൻ സാധിക്കുന്നതാണ്. ഓർത്തഡോക്സ് വിശ്വാസത്തിൽ ഈ മൂല്യങ്ങൾ മറ്റൊരു ക്രിസ്ത്യൻ കമ്മ്യൂണിറ്റിയിൽ ആരോടെങ്കിലും പറഞ്ഞാൽ അത് അസ്വസ്ഥത ഉളവാക്കുന്നതായിരിക്കും. പക്ഷേ നമ്മുടെ പെരുമാറ്റം കൊണ്ട്, നമ്മുടെ മൂല്യഭാവങ്ങൾകൊണ്ട് ജീവിത ശൈലികൊണ്ട് അത് കൈമാറാനായിട്ട് സാധിക്കും. പൊതുവേദികളിൽ വരുമ്പോൾ തുറന്ന മനസ്സോടുകൂടി ഇതാണ് ഞങ്ങൾ അനുഭവിക്കുന്നത് എന്നു പറയാൻ സാധിക്കണം. പ. ദൈവമാതാവിന്റെയും ശുദ്ധിമതികളുടെയും കൂട്ടായ്മ, വാങ്ങിപ്പോയവർക്കുള്ള പ്രാർത്ഥന എന്നിവ പഠിക്കാനോ ഇതിൽ വിഷയമെടുക്കുകയോ ചെയ്യുമ്പോൾ വലിയ വെല്ലുവിളികൾ ഉയർത്തുന്നതായിട്ടുള്ള സംഗതികൾ ധാരാളമുണ്ട്. എന്നാൽ പരുമലയിൽ ചെന്നാൽ ഓർത്തഡോക്സുകാർ മാത്രമല്ല, ക്രിസ്ത്യാനികൾ മാത്രമല്ല, നാനാജാതി മതസ്ഥരായിട്ടുള്ളവർ ഇവിടെ കുമ്പിടുന്നത് കാണാം. ഇത് പരുമല തിരുമേനിയുടെ കബറാണ് അദ്ദേഹം മരിച്ചു പോയതാണ് എന്ന് ആരും വാദിക്കാറില്ല. നേരെ മറിച്ച് അനുഭവസമ്പന്നമായി മുഹൂർത്തങ്ങളൊക്കെ കൂടുതൽ ധന്യമാക്കി വളരുവാനും മധ്യസ്ഥപ്രാർത്ഥനയിലൂടെ അനുഭവങ്ങളുടെ നിറവിലേക്ക് വരുവാനും സാധിക്കും. അതുകൊണ്ട് നമ്മൾ അസ്വസ്ഥരാകുകയില്ല, നമുക്കുള്ള വിഭവങ്ങൾ സന്തോഷത്തോടെ സഹോദരങ്ങൾക്ക് കൈമാറികൊടുക്കുകയും യഥാർത്ഥ സത്യത്തിലേക്ക് അനുനയിക്കപ്പെടുകയും ചെയ്യും. ഇതിന് ഒരു പ്രത്യേക ശൈലിയുണ്ട് ആ ശൈലി വളരെ തന്മയത്വത്തോടുകൂടി, വിനയത്തോടുകൂടി, ദൈവാശ്രയത്തോടുകൂടി, ദൈവം കൈമാറിത്തന്ന അനുഭവത്തോടുകൂടി, അഹങ്കാരമില്ലാതെ നന്നായിട്ട് കൈകാര്യം ചെയ്യാൻ സാധിക്കുമെങ്കിൽ കരണീയമായ മാറ്റങ്ങൾ വരും. രക്ഷകനായ യേശു രണ്ടാമതും കടന്നുവരുമ്പോൾ ഭാഗ്യകരമായ അവസ്ഥയിലേക്ക് വരും. സർവ്വമത ചിന്തകൾ എന്നുപറയുന്നത് ക്രിസ്തുവിനെ ഒതുക്കി കൂട്ടി ഒരു കൂട്ടിലാക്കിയിട്ടുള്ള കാര്യമല്ല. നേരെമറിച്ച്. ദൈവവചനത്തിൽ വളരെ അനുഗ്രഹമായ രീതിയിൽ പറയുന്ന മനുഷ്യൻ ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. ആ മനുഷ്യനെ അവന്റെ മൂല്യപ്രവർത്തി കൈകാര്യം ചെയ്യാനും

ആദരവോടുകൂടി സ്വീകരിക്കാനും സ്നേഹത്തോടെ ആലിംഗനം ചെയ്യാനും സാധിക്കുന്ന ഒരു ശക്തി നമ്മളിൽ ദൈവം നിക്ഷേപിച്ചിട്ടുണ്ട്. അത് വളർത്തിയെടുക്കുക എന്നുള്ളതാണ് നമ്മളിലുള്ള അടിസ്ഥാനപരമായ ഭാവമായി ഞാൻ ഉറച്ചു വിശ്വസിക്കുന്നത്.

തിരുമേനി ഒരു യുവാവായിരുന്ന കാലത്തെ അന്നത്തെ ഒരു യുവതലമുറയും ഇന്ന് കേരളത്തിലും ഇന്ത്യയിലെങ്ങും, വിദേശത്തും അനേക യുവാക്കളുമായി സംസാരിക്കുകയും ഇടപഴകുകയും ചെയ്തുകൊണ്ടിരിക്കുന്ന പരിചയം വെച്ച് തലമുറകളെ തമ്മിൽ താരതമ്യപ്പെടുത്തി സംസാരിക്കാൻ തിരുമേനിക്ക് സാധിക്കുമോ?

പലരുടെയും ചിന്തയിൽ ആധുനിക യുവജന സമൂഹം നന്മയിൽ നിന്നും സത്യത്തിൽ നിന്നും ആത്മീയതയിൽ നിന്നും വഴുതിപ്പോകുന്നു എന്ന ചിന്തയാണ്. ഞാനതു വിശ്വസിക്കുന്നില്ല. നിലപാടുകൾക്ക് മാറ്റം വരും, ഓരോ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ശൈലിക്ക് വ്യത്യാസം വരും. ഇന്ന് വളരെ അപകടകരമായിട്ടുള്ള പ്രവണതകൾ ധാരാളമുണ്ട്. അതുപോലെ നല്ല സാധ്യതകളും ധാരാളമുണ്ട്. സാദ്ധ്യതയിൽ ശ്രദ്ധ വയ്ക്കുകയും അതിൽ ഊന്നൽ കൊടുത്ത് മുന്നോട്ട് പോകാനായിട്ട് അവരെ സഹായിക്കുകയും അവരുടെ വ്യക്തിത്വവികാസത്തിൽ അങ്ങേയറ്റം സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടെങ്കിൽ ഈ കുഞ്ഞുങ്ങളെ നമ്മളേക്കാളെല്ലാം വളരെ മെച്ചമായിട്ട്, വ്യക്തമായ ദർശനത്തോടെയും, പൂർണ്ണമായ സമർപ്പണത്തോടെയും നീങ്ങും എന്നുള്ളതിന് എനിക്ക് സംശയമൊന്നുമില്ല. ഈ രീതിയിൽ അധ്വാനിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുവാൻ, സമർപ്പിക്കപ്പെട്ടിട്ടുള്ള ആളുകളുടെ എണ്ണം വർദ്ധിക്കുക എന്നുള്ളതാണ് കരണീയമായിട്ടുള്ളത്. പഴയകാലത്തേക്കാൾ തുറന്ന് ചോദ്യങ്ങൾ ചോദിക്കുകയും ആളുകളെ നിരൂപണം ചെയ്യുകയും ചെയ്യാനുള്ള ഒരു ശക്തി യുവതലമുറക്കുണ്ട് എന്നുള്ളതിന് സംശയമൊന്നുമില്ല. ബോധ്യമില്ലാത്ത ഒരു കാര്യത്തിൽ ഒരു യുവാവിനെയും വലിച്ചിഴയ്ക്കാനായിട്ട് സാധിക്കാത്ത ഒരു സാഹചര്യമാണ്. അതുകൊണ്ട് അവർ തെറ്റിപ്പോയവരാണ്, നഷ്ടപ്പെട്ടുപോയവരാണ് എല്ലാം തകർന്നു എന്നുള്ള ചിന്തയിൽ അവരെ സമീപിക്കരുത്. നേരെ മറിച്ച് നമ്മളേക്കാൾ മൂല്യങ്ങൾക്കുവേണ്ടി ദാഹിക്കുന്നവർ, സത്യത്തെ അന്വേഷിക്കുന്നവർ ദൈവസന്നിധിയിൽ ആത്മാർത്ഥമായിട്ട് താലോലിക്കുവാൻ

താല്പര്യമുള്ളവരുമാണ് യുവജനങ്ങൾ എന്നുള്ളത് എന്റെ അനുഭവ ത്തിൽ ഉണ്ട് എന്നുള്ളത് മാത്രമല്ല അവരാണ് ഇന്നും എന്റെ പ്രചോദ നം.

തിരുമേനിയുടെ ഇന്നുവരെയുള്ള ജീവിതത്തിൽ ഏറ്റവും സന്തോ ഷവും സംതൃപ്തിയും തോന്നിയ നിമിഷങ്ങൾ?

അതുപറഞ്ഞാൽ ഒരു പ്രത്യേക മുഹൂർത്തം എന്നു പറയാനില്ല. പക്ഷേ ആത്മീയമായിട്ട് ദൈവകൃപ ധാരാളമായിട്ട് ലഭിക്കുകയും പൗരോ ഹിത്യ സ്ഥാനത്തിലേക്കും അതിനുവേണ്ട സാഹചര്യത്തിലേക്കും വന്ന അവസരത്തിൽ, തിരിഞ്ഞു നോക്കുമ്പോൾ യാതൊരു ബാദ്ധ്യതയുമി ല്ലാത്ത എനിക്ക് ഇത് ആര് എന്തുകൊണ്ട് തന്നു എന്നുള്ളത് ഇന്നും അത്ഭുതപ്പെടുത്തുന്ന ഒന്നാണ്. അതുപോലെ ആരാധനയിൽ കൂടി ദൈവത്തിന്റെ സാന്നിദ്ധ്യം മാത്രമല്ല, പരിശുദ്ധ മാതാവിന്റെയും, പരി ശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും കൂട്ടായ്മ അനുഭവപ്പെടാൻ സാധിക്കുന്ന കൊച്ചുകൊച്ചു നിമിഷങ്ങളൊക്കെ ആവേശത്തിന്റെ മുഹൂർത്തങ്ങളാണ്. അതുകൂടാതെ എന്റെ യാത്രയ്ക്കിടയിൽ ലോക പ്രസിദ്ധമായിട്ടുള്ള പ്രസ്ഥാനങ്ങളും വളർത്തിയിട്ടുള്ള പ്രസിദ്ധരായ ആളുകളുമായിട്ട് ഇടപഴകുന്ന അവസരങ്ങൾ, മദർതെരേസയുടെ അടു ത്തോ, ഈ സഭയിൽ തന്നെ വളർന്നുവന്ന എനിക്ക് ഈ രൂപവും ഭാവവും നൽകിയ തെയോഫിലോസ് തിരുമേനിയുടെയോ, പൗലോസ് ഗ്രിഗോറിയോസ് തിരുമേനിയുടെയോ അടുത്ത് സമയം ചിലവഴിക്കു മ്പോൾ പ്രത്യേകിച്ച് വ്യക്തിപരമായിട്ട് പലതും അയവിറക്കാനായിട്ട് സാധിച്ചിട്ടുള്ളപ്പോൾ ഈ മഹാമേരുക്കളുടെ അടുത്തൊക്കെ ആ തണ ലിലിരുന്ന് ആശ്വസിക്കുവാനും ധാരാളം പഠിക്കുവാനും അത്ഭുത ത്തോടെ നോക്കുവാനും അനുഭവങ്ങളുടെ നിറവിലേക്ക് പ്രവേശി ക്കുവാനും സാധിക്കുന്നത് സന്തോഷകരമായ അനുഭവമാണ്. എന്റെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും അടുത്ത് സമയം ചില വഴിക്കുന്നത് ഹൃദ്യമാണ്. കാരണം യാതൊരു ഉപാധികളുമില്ലാതെ ആത്മാർത്ഥമായിട്ട് സ്നേഹിക്കുന്നവരാണ്. ലോകത്ത് ധാരാളം ആളു കളുമായിട്ട് ഇടപഴകുമ്പോൾ, വളരെ നിമിഷങ്ങൾക്കുള്ളിൽ അവരുടെ മനസ്ഥിതി മനസ്സിലാക്കുവാനായിട്ട് സാധിക്കുമ്പോൾ, നന്മയുള്ളവർ, സന്തോഷമുള്ളവർ, തുറന്നമനസ്സോടെ ഇടപഴകുന്നവരുമായിട്ട് പെരു മാറുന്നതും ഏറ്റവും സന്തോഷകരമായ അനുഭവമാണ്. പ്രത്യേകിച്ചും

തികഞ്ഞ ആത്മാർത്ഥതയോടുകൂടി ആരെങ്കിലും ഏതെങ്കിലും തരത്തിൽ മുന്നോട്ടു വരുമ്പോൾ അത് എന്നിൽ ആവേശം ഉണർത്തും. പ്രചോദനം നിറയ്ക്കുകയും ചെയ്യും.

**അടിസ്ഥാനപരമായി ക്രൈസ്തവ ദർശനത്തിലൂന്നിയ പ്രവർത്തന രീതികൊണ്ടും ആകർഷകമായ വ്യക്തിത്വം കൊണ്ടും അനുകരണീയമായ ആത്മീയ ജീവിതം നമുക്ക് കാണിച്ചുതരുന്ന അഭി. തിരുമേനി ഇന്നത്തെ തലമുറയോട് പ്രത്യേകിച്ചും വിദ്യാർത്ഥികളോട്, യുവജനങ്ങളോട് അങ്ങയുടെ പ്രത്യേക സന്ദേശം എന്താണ്?**

മനുഷ്യനായി പിറന്ന് കാൽവരിയിൽ പരമത്യാഗമായി അർപ്പിക്കപ്പെട്ട ക്രിസ്തു ലോക രക്ഷകനാണ്. എന്റെയും നിങ്ങളുടെയും രക്ഷകനാണ്. അവനുമായിട്ടുള്ള ബന്ധം ആരുടെയും കുത്തകയല്ല നമുക്കെല്ലാവർക്കും അനുഭവവേദ്യമാണ്. അവനുമായിട്ടുള്ള ബന്ധം നമ്മുടെ ബന്ധങ്ങളെ ശക്തീകരിക്കുന്നു. ആദ്യമായിട്ട് രക്ഷകൻ വരുന്ന ഒരു മുഹൂർത്തത്തിലേക്ക് മാത്രം ഉറ്റുനോക്കാനല്ല, ഓരോനിമിഷങ്ങളും, ഓരോവ്യക്തികളും ദൈവത്തിന്റെ ദാനമാണ്. ഒരു കഠാരുയുമായിട്ട് കടന്നുവരുന്നവൻ പോലും പുതിയ ബന്ധം സ്ഥാപിക്കുവാൻ സാധ്യതയുള്ള ഒരു വ്യക്തിത്വമാണ്. അതിന് ഉദാഹരണമായി ഒരു സിസ്റ്ററിന്റെ കാര്യം പറയാം. അടുത്ത ഒരു സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഒരു സിസ്റ്റർ, അവരുടെ പ്രവൃത്തികളെ ചോദ്യം ചെയ്തുകൊണ്ട് ഒരു ഉന്നത സമുദായ വ്യക്തിവന്ന് കഠാര ഉയർത്തി നിങ്ങളെ കൊല്ലുമെന്ന് പറഞ്ഞു. അവരു പറഞ്ഞു കൊന്നോ പക്ഷേ എന്താണ് കാരണം എന്ന് പറയണം . കാരണം പറഞ്ഞപ്പോൾ അവർ പറഞ്ഞു എന്റെ കൂടെ വാ ഞാൻ ഒരു സ്ഥലത്തേക്ക് പോവുകയാണ്. അവർ ചെന്ന് ആ ഗ്രാമത്തിലെ സാധാരണക്കാരായ സ്ത്രീകളുമായി ഇടപഴകുന്നതു കണ്ടു. അവിടെ ജനിക്കുന്ന കുട്ടി പെൺകുട്ടിയാണെങ്കിൽ നെന്മണി വായിലിട്ട് അവരെ കൊല്ലുന്ന ഒരു പതിവുണ്ടായിരുന്നു. ഇത്രയും ഹീനകരമായതും തരംതാഴ്ന്നതുമായ പ്രവൃത്തിയിൽ കഴിഞ്ഞ അവരെ ഉദ്ധരിച്ചുകൊണ്ടുള്ള പ്രവൃത്തികൾ കണ്ടപ്പോൾ ഈ മനുഷ്യൻ കഠാര മാറ്റിയെന്നു മാത്രമല്ല ഒരു ഷാൾ എടുത്ത് അവരെ ആദരിച്ചിട്ട് ഞാനിനിയൊരിക്കലും നിങ്ങൾക്കെതിരായി പ്രവർത്തിക്കുകയില്ല എല്ലാ സഹായങ്ങളും ചെയ്യാമെന്ന് പറഞ്ഞു. ഇത് മനുഷ്യന്റെ ശക്തിയാണ് . അത് ദൈവം ദാനം ചെയ്യുന്നതാണ് ദൈവാശ്രയത്തോടുകൂടി ഈ ലോകത്ത്

വർത്തിച്ചാൽ നിങ്ങൾ ദൈവത്തിന് വളരെ പ്രിയങ്കരരാവും. അവരുടെ ശിഷ്യന്മാരെക്കൊണ്ട് തൃപ്തിപ്പെടുന്നവനല്ല ക്രിസ്തു. പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട് അവസാനിക്കുവാനുള്ളതല്ല നമ്മുടെ ജീവിതം. കിട്ടുന്ന നിമിഷങ്ങളൊക്കെയും അനുഗ്രഹകരമായിട്ട് പ്രയോജനകരമായിട്ട് മാതൃകാപരമായിട്ട് നീങ്ങുവാൻ സാധിക്കണം. നിങ്ങൾക്കുള്ള സിദ്ധി അത്ഭുതകരമാണ്. അത് പ്രവർത്തിക്കും അപ്പുറത്തേക്കുള്ളതാണ്. അതിന്റെ നിറവിലേക്കു നീങ്ങുവാൻ ദൈവം അനുഗ്രഹിക്കുന്നുണ്ട്. പ. ദൈവമാതാവും പരിശുദ്ധന്മാരും ശുദ്ധിമതികളും അനുഗ്രഹിക്കട്ടെ, ഈ ലോകത്തിന്റെ മായമില്ലാത്ത ഒരു അവസ്ഥയിലേക്ക് മാറാൻ എപ്പോഴും നമുക്ക് പ്രാർത്ഥിക്കാം. കഷ്ടതകൾ അനുഭവിച്ച് മുന്നേറുമ്പോൾ അതിർത്തിയില്ലാത്തടത്തോളം അനർഗളമായ ദൈവസ്നേഹവും നമുക്ക് അനുഭവിക്കാൻ സാധിക്കും. എന്നു മാത്രമല്ല മറ്റുള്ളവരെ സ്നേഹിക്കാനും സാധിക്കും. ക്രിസ്തുവിൽ ശരണപ്പെട്ട് ഈ ലോകത്ത് പ്രത്യാശയോടു കൂടി നല്ലമൂല്യങ്ങൾ സമ്മാനിച്ചും കൈമാറിയും ഒരുമിച്ചനുഭവിച്ചും ജീവിതാനുഭവത്തെ പാകപ്പെടുത്തിയും പ്രശ്നങ്ങളെ നേരിട്ടും ധൈര്യപൂർവ്വം മുന്നേറിയാൽ ദൈവം നമ്മോടുകൂടിയുണ്ടാകും.

തിരുമേനിയെ സ്വാധിനിച്ച ആത്മീയ വ്യക്തിത്വം ആരുടേതാണ്.

തീർച്ചയായിട്ടും പ. പരുമല തിരുമേനിയാണ്. പ. പരുമലതിരുമേനിയെക്കുറിച്ച് ചെറുപ്പകാലം മുതൽ മാതാപിതാക്കൾ പറഞ്ഞ് കേട്ടിട്ടുണ്ട്. കൂടുതൽ അന്വേഷിക്കുവാൻ താത്പര്യം ഉണ്ടായിട്ടുണ്ട്. യാദൃശ്ചികമായിട്ടാണെങ്കിലും വിദ്യാർത്ഥി പ്രസ്ഥാനത്തിൽ പങ്കെടുക്കുവാൻ സാധിച്ചപ്പോൾ കൂടുതൽ അന്വേഷണങ്ങൾക്ക് സഹായകരമായി. അതിനെക്കാൾ കൂടുതൽ മറ്റുള്ളവരിൽ നിന്ന് കേൾക്കുവാനായിട്ട് സാധിച്ചു. 'സ്വന്തം അമ്മയിൽ നിന്ന് സ്നേഹം അനുഭവിക്കാൻ സാധിക്കാതെ കഴിഞ്ഞ ഒരു വ്യക്തി, നിറവായ് സ്നേഹം നിരന്തരമായിട്ട് വിളമ്പികൊടുക്കുവാൻ സാധിക്കുന്ന വ്യക്തിയായിട്ട് രൂപാന്തരപ്പെട്ടപ്പോൾ നമുക്ക് മാതൃകാപരമായ ഒരു ദൃഷ്ടാന്തമായിത്തീർന്നു'. മനുഷ്യന്റെ നൊമ്പരങ്ങളിൽ വേദനപ്പെടുകയോ നിരാശപ്പെടുകയോ തളരുകയോ ചെയ്യാതെ ക്രിയാത്മകമായി തമ്പുരാന്റെ തൃപ്പാദങ്ങളിൽ സമർപ്പിച്ച് മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും എന്നും നമുക്ക് മനസ്സിലായി. ദൈവസന്നിധിയിൽ കുരിശു വരയ്ക്കുന്നത് പ്രപഞ്ചത്തെ മുഴു

വൻ വഹിച്ചുകൊണ്ട് സാധ്യമാണെന്ന വസ്തുത ലോകത്തിന് കൈമാറുമ്പോൾ, കുരിശുവരയും കുമ്പിടിലുമൊക്കെ പ്രപഞ്ചത്തിന് പുതിയ അലകൾ സൃഷ്ടിക്കുന്നു എന്ന മഹാദൃഷ്ടാന്തം മനസ്സിലാക്കുവാൻ സാധിക്കും. പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവിതം ദർശനം സമർപ്പണം, ചിന്തകൾ, പഠിപ്പിക്കലുകൾ എന്നിവയൊക്കെ അനുഭവത്തിന് ഉപോൽബലകമാണ്. അതിലൊരംശംപോലും മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചില്ലെങ്കിലും അത് കേട്ടിടത്തോളം പ്രപഞ്ചത്തിലെ മഹാ അത്ഭുതകരമായ അനുഭവമായിട്ട് കാണുകയാണ്. പ്രത്യേകിച്ചും നമുക്കൊക്കെ പ്രചോദനമാകാൻ സാധിക്കുന്ന മാതൃകാപുരുഷനാണ്. എന്റെ വ്യക്തിജീവിതത്തിലും ആത്മീയ ജീവിതത്തിലും സ്വാധീനിക്കുന്ന ധാരാളം അംശങ്ങൾ ആ പുണ്യപുരുഷന്റെ ജീവിത ദർശനത്തിലൂടെ അറിയാൻ കഴിഞ്ഞത് വളരെ സന്തോഷത്തോടെ ഓർക്കുന്നു.

ലോകമിന്ന് വലിയൊരു സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണ്. എന്താണ് ശരിയായ മാർഗ്ഗം എന്നന്വേഷിക്കുന്നവർക്ക് മാർക്സിസവും കമ്മ്യൂണിസവും ശുദ്ധമായ ക്യാപിറ്റലിസവും വാസ്തവത്തിൽ കാലാവധികഴിഞ്ഞ മരുന്നാണ്. ഇനിയതു പ്രയോഗിക്കാനാവില്ല എന്ന മട്ടിൽ ന്യൂയോർക്ക് ദി നയന്റീന്ത് സെഞ്ചുറി മ്യൂസിയം എന്നുവിമർശിക്കുന്നവരുണ്ട്, ഗാന്ധിസം പഴകിയതാണ് പഴഞ്ചനാണ് എന്ന് വാദിക്കുന്ന പല ചെറുപ്പക്കാരുമുണ്ട്. തിരുമേനിയുടെ അഭിപ്രായത്തിൽ ഈ വലിയ സാമ്പത്തിക പ്രതിസന്ധി ഒരു ചെറിയ പരിധിവരെയെങ്കിലും അതിജീവിക്കാൻ കഴിഞ്ഞ ഇന്ത്യൻ ഇക്കോണമി ഒരു മാതൃകയായി ലോകത്തിന് ചൂണ്ടിക്കാണിക്കാൻ കഴിയുമോ, ഗാന്ധിസത്തിന്റെ പ്രസക്തിയെന്താണ്.?

ഈ ചുറ്റുപാടിലാണ് ഗാന്ധിസത്തിന്റെ അടിസ്ഥാനപരമായ ചിന്തകൾക്ക് വലിയ ആദരവുകൊടുക്കുവാൻ മനുഷ്യത്വവും, മനഃസാക്ഷിയുമുള്ള ഓരോ വ്യക്തിയും ആദരപൂർവ്വം ചിന്തിക്കുന്നത്. കാരണം സുഖലോലുപതയിലും അമിതവേഗത്തിലുമൊക്കെ ആവേശം കാണിച്ച് അതാണ് ലേറ്റസ്റ്റ് ഫാഷൻ എന്നു ചിന്തിച്ചിരുന്നവരെ വളരെ ചിന്തിപ്പിക്കുകയും വളരെ അമ്പർത്ഥമായിട്ട് മറ്റൊരു ശൈലിയിലേക്ക് വാർത്തെടുക്കുകയും ചെയ്ത സാഹചര്യമാണ് ഈ റിവല്യൂഷൻ മുഖാന്തിരം ഉണ്ടായിട്ടുള്ളത്. മൂല്യങ്ങൾ നിലനിർത്തി സ്വന്തമായിട്ട് അതിലേക്കടു

ക്കണം എന്ന് നിർബന്ധപൂർവ്വം ഉപദേശിച്ച മാതൃകാ പുരുഷനാണ് ഗാന്ധിജി. ആ മൂല്യങ്ങളെ ഒരിക്കലും തളർത്തു കളയാതെ അനാവശ്യമായിട്ടുള്ള ദുർവിനിയോഗങ്ങൾ മാറ്റി ജീവിതശൈലിയിൽ വിനയത്തിനും എളിമയ്ക്കും ഒരു വലിയ സ്ഥാനമുണ്ടെന്ന് പഠിപ്പിക്കുകയും ചെയ്തു. നല്ല ചിന്തകൾ ഒരു കാലഘട്ടത്തിലും മങ്ങിപ്പോകില്ല, മങ്ങിപ്പോകാൻ അനുവദിക്കരുത്. നേരെ മറിച്ച് അത് സ്വാംശീകരിച്ച്, സ്ഫുടം ചെയ്ത് സ്വന്തമായ അനുഭവത്തിൽ വളർത്തിയെടുക്കാതെ മറ്റുള്ളവർക്ക് കൈമാറാൻ സാധിക്കുകയാണെങ്കിൽ പ്രപഞ്ചത്തിന് വലിയ മാറ്റം വരും. അതിനനുസരിച്ച് ഇതുപോലുള്ള സാഹചര്യങ്ങളൊക്കെ ഒഴിവാക്കാൻ സാധിക്കും എന്നുള്ളത് ഗാന്ധിജിയുടെ ചിന്തകൾ ലോകത്തിന് നൽകിയ വലിയ സംഭാവനയാണ്. ഗാന്ധിജി എന്ന ഫിലിം കണ്ടുകഴിഞ്ഞപ്പോൾ ഞാൻ യൂറോപ്പിലും മറ്റ് പ്രദേശങ്ങളിലുമൊക്കെ യാത്ര ചെയ്തപ്പോൾ ഭാഷകൊണ്ട് കമ്മ്യൂണിക്കേഷൻ വളരെ പരിമിതിയുണ്ടായിരുന്ന ആളുകൾ കൈയ്യുയർത്തി ഗാന്ധി എന്ന് ആവേശത്തോടെ അതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഞാനോർക്കുകയാണ്. ഭാരതം ഒരു പരിധിവരെ അതുമറന്നുപോയി എന്നുള്ളതാണ് ഭാരതത്തിനുണ്ടായ ദാരിദ്ര്യം. പക്ഷേ അതിൽ നിന്ന് ഒരു തിരിച്ചുവരവ് ഉണ്ടാകുന്നില്ലേ എന്നതാണ് പ്രത്യാശനൽകുന്ന ഒരു ചലനം. അത് വളരെ മാതൃകാപരമാണ്.

**പരിസ്ഥിതി മലിനീകരണം ഇന്ന് ലോകം നേരിടുന്ന മാഹവിപത്തുകളിലൊന്നാണ്. പരിസ്ഥിതിസംരക്ഷണത്തെപ്പറ്റി സഭയിലൂടെയുള്ള തിരുമേനിയുടെ കാഴ്ചപ്പാട്?**

ദൈവസൃഷ്ടിയെ എങ്ങനെ ആദരപൂർവ്വം കൈകാര്യം ചെയ്യുവാനായിട്ട് സാധിക്കും, കൈമാറി തന്നിരിക്കുന്ന കഴിവുകൾ എങ്ങനെ ഉപയോഗിക്കണം എന്നുള്ളത് കർത്താവ് ഉപമയിൽ തന്നെ പറഞ്ഞിട്ടുണ്ട്. അത് ദുർവിനിയോഗം ചെയ്താൽ ഉണ്ടാകുന്ന ദോഷകരമായിട്ടുള്ള അവസ്ഥയാണ് പരിസ്ഥിതി മലിനീകരണം. അത് സൃഷ്ടിമുഴുവൻ അനുഭവിക്കും. വ്യക്തിപരമായിട്ടുണ്ടാകുന്ന താത്പര്യത്തിൽ എനിക്ക് ആർജ്ജിക്കണം അവൻ തകർന്നാലും കുഴപ്പമില്ല എന്നുള്ള ചിന്തയിൽ മാനുഷിക മൂല്യങ്ങൾക്ക് യാതൊരു സ്ഥാനവും കൊടുക്കാതെ, മനസ്സാക്ഷിക്ക് ഒരു പ്രസക്തിയുമില്ലാത്ത വിധത്തിൽ കാര്യങ്ങൾ ദുർവിനിയോഗം ചെയ്യുന്നതുകൊണ്ട് അനേകം പേർക്ക് ദുഃഖക

രമായിട്ടുള്ള, ഹീനമായിട്ടുള്ള ഒരവസ്ഥയിലേക്ക് എത്തിച്ചേരുന്നു. ഏറ്റവും മനോഹരമെന്ന് ദൈവം ആവർത്തിച്ചാവർത്തിച്ച് പ്രസ്താവിച്ചിട്ടുള്ള ഈ സൃഷ്ടിയെ മലീമസപ്പെടുത്തുന്നതും തകർക്കുന്നതും മനുഷ്യന്റെ അത്യാർത്തിതന്നെയാണ്. അതിന് ഉത്തരം കണ്ടെത്തേണ്ടതും മനുഷ്യ മനസ്സാക്ഷിതന്നെയാണ്. ആ ചിന്തകൾക്ക് സ്ഥാനം കൊടുക്കണമെങ്കിൽ തീർച്ചയായും നമ്മുടെ മനഃസാക്ഷിയെന്താണ്, ദൈവവചനത്തിലുള്ള സന്ദേശം എന്താണ്, നമ്മൾ ഉയർത്തിക്കാട്ടുന്ന പ്രസക്തമായിട്ടുള്ള മൂല്യങ്ങൾ എന്താണ് എന്നുള്ളതിനെക്കുറിച്ച് വ്യക്തമായ ദർശനം നമുക്കുണ്ടായിരിക്കണം. ഇല്ലെങ്കിൽ തകർന്നുപോവും. ദൈവം കൈമാറിയത് പലതും അനുഭവിക്കാൻ പറ്റാത്തത്ര സാഹചര്യത്തിൽ എത്തിച്ചേരും. പ്രകൃതിക്ഷോഭങ്ങളുടെ കാര്യങ്ങൾ എന്താണ് എന്ന് അന്വേഷിച്ചു ചെല്ലുമ്പോൾ മനുഷ്യൻ പ്രകൃതിയെ ദുർവിനിയോഗം ചെയ്തതിന്റെ ഉത്തരമാണ് ലഭിക്കുന്നത്. അതിലേക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. പക്ഷേ മനുഷ്യൻ പ്രകൃതിയെ പൂർണ്ണമായ അർപ്പണത്തോടെ, ആദരവോടെ കൈകാര്യം ചെയ്യേണ്ടത് നമുക്ക് അത്യന്താപേക്ഷിതമാണ്.

**തിരുമേനിയെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഗ്രന്ഥം ഏതാണ്?**

വിശുദ്ധ വേദപുസ്തകം കഴിഞ്ഞാൽ ബിഷപ്പ് ആന്റണി എന്നുപറഞ്ഞ ഇംഗ്ലണ്ടിൽ വസിച്ചിരുന്ന ഒരു എഴുത്തുകാരന്റെ 'എസ്സൻസ് ഓഫ് വെയർ' എന്നു പറയുന്ന പല വാള്യങ്ങളുള്ള പുസ്തകത്തിലെ 'ആസ്പെക്ട്സ് ഓഫ് വെയർ' എന്നെ ഹഠാദാകർഷിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ പുസ്തകങ്ങൾ പലതും സ്വാധീനമുളവാക്കുന്നതാണ്. പരുമല തിരുമേനിയുടെ പുസ്തകങ്ങളെക്കുറിച്ച് ഞാൻ പറയേണ്ട ആവശ്യമില്ല. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പുസ്തകങ്ങൾ ചിന്താലോകത്തിലേക്ക് നയിക്കാനും വേദശാസ്ത്ര മൂല്യങ്ങളിലേക്ക് നയിക്കുവാനും സാധിച്ചു. ഭക്തിപൂർവ്വം ശ്രദ്ധിച്ചാൽ ആ അന്വേഷണലോകത്തെ കണ്ടെത്തുവാൻ സാധിക്കുന്ന വളരെ വിലയേറിയ മുത്തുകളാണ് നമ്മുടെ ആരാധനക്രമങ്ങൾ, കൂദാശകൾ എന്നിവ. നമ്മുടെ പലമാസികകളും ആഴ്ച പതിപ്പുകളും ഒക്കെ വായിക്കുന്ന ആളുകൾ വീട്ടിലുള്ള ഇതുപോലുള്ള പുസ്തകങ്ങൾ പേജുകൾ മറിച്ചുനോക്കിയാൽ ദൈവമാരാണ്, സഭയെന്താണ്, കൂദാശകളിൽ കൂടി വരുന്ന മാറ്റങ്ങൾ എന്താണ്, ഇതെല്ലാം ധാരാളമായിട്ട് മനസ്സിലാക്കാൻ സാധിക്കും. ഈ മേഖലയിൽ ആരും അന്വേഷണം നടത്തുന്നില്ല. പുരോഹിതന്മാർക്കും വാചാലമായിട്ട് ഇതേക്കുറിച്ച് പറയാവുന്നതിൽ പരിമിതി

യുണ്ടെന്ന് പറയുന്നത് ദുഃഖകരമാണ്. എന്നാൽ ഇത് നന്നായിട്ട് അനുഭവിക്കാൻ സാധിക്കുകയാണെങ്കിൽ കൂദാശയും, പ്രത്യേകമായിട്ടുള്ള പെരുന്നാളുകളുടെ പ്രാർത്ഥനകളൊക്കെ വേർതിരിക്കുവാനായിട്ട് സാധിക്കാനും ആനുകാലിക പ്രസക്തിയുള്ള പലവിഷയങ്ങളും എങ്ങനെയാണോ ആദരപൂർവ്വം കൈകാര്യം ചെയ്യേണ്ടത് എന്നുള്ളത് മനസ്സിലാക്കാനും സാധിക്കും. ഉദാഹരണം പറഞ്ഞാൽ കുരുത്തോല വെട്ടി ഓശാന പെരുന്നാൾ ഭംഗിയാക്കുന്നതിനോടൊപ്പം നമ്മൾ പ്രാർത്ഥിക്കുമ്പോൾ ആ കുരത്തോലകളെയും, വൃക്ഷങ്ങളെയും, സസ്യലതാദികളെയും അനുഗ്രഹിക്കണേയെന്ന് ഇതിനെല്ലാം ദൈവമഹത്വത്തിന്റെ സ്ഥാനമാണെന്നും, അതിനെ പൊന്നുപോലെ സൂക്ഷിക്കണമെന്നുമുള്ള ക്രൈസ്തവദർശനമാണ്. ഇന്ന് ഇക്കോഫ്രണ്ട്ലി അതുപോലുള്ള കാര്യങ്ങൾ വളർന്നുവരുന്നതിന് നൂറ്റാണ്ടുകൾക്ക് മുൻപ് തപസ്വികളായിരുന്ന പിതാക്കന്മാർ അനുഗ്രഹമായിട്ട് വേർതിരിച്ച പലചിന്തകളും നമ്മളെ അത്ഭുതപ്പെടുത്തുന്നതാണ്. ഇതിനെക്കുറിച്ചുള്ള നിരന്തരമായ അന്വേഷണം നമ്മുടെ വളർച്ചയ്ക്കും, സമൂഹത്തിന്റെ മാറ്റത്തിനും വളരെയേറെ പ്രയോജനപ്പെടും എന്നാണ് എന്റെ അഭിപ്രായം.

**ജോർജുകുട്ടി എന്ന ബാലൻ ഫാ. ജോർജ് കുര്യനായി ഇപ്പോൾ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയായി. കൂറിലോസ് എന്ന നാമം, എന്താണ് അതിന്റെ അർത്ഥം അതിന്റെ വ്യാപ്തി, അതിന്റെ പ്രസക്തി?**

ദൈവത്തിന്റെ കൃപ എന്നാണ് അതിന്റെ ഡയറക്ടായിട്ടുള്ള അർത്ഥം. അത് ജീവിതത്തിൽ ഒരുപാട് അനുഭവിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ അത് എനിക്ക് ദൈവം ദാനം ചെയ്ത ഒരു നൽവരമായിട്ട് കാണുകയാണ്. അടിസ്ഥാനപരമായി ഒരാളുടെ പേരുമാത്രമല്ല അത്. ദൈവസൃഷ്ടിയിൽ നമുക്കെല്ലാർക്കുമായിട്ട് അനുഭവിക്കാൻ സാധിക്കുന്ന ഒന്നാണ്. അതിനെക്കുറിച്ച് ബോധ്യമുള്ളവരായിട്ട് നീങ്ങുവാൻ സാധിക്കുന്നത് സമ്പന്നമാണ്. ഞാൻ പലപ്പോഴും അനുഭവിച്ച് ബോധ്യപ്പെട്ടു പെരുമാറുന്നില്ല എന്നതാണ് എന്റെയും ക്ഷീണം. എന്നാൽ അത് മനസ്സിലാക്കിയിട്ടുള്ള പല ആളുകളും ആ പേരിന് അർത്ഥം നൽകി ജീവിതത്തെ ഈ ലോകത്തിൽ അവതരിപ്പിക്കുവാൻ സാധിച്ച് ദൈവ സന്നിധിയിൽ പ്രീതിപ്പെട്ടിട്ടുള്ളതാണ്. ആ ഭാഗ്യത്തിലേക്ക് പരിശുദ്ധാത്മാവ് നമ്മെ വഴിനയിക്കട്ടെ എന്നു മാത്രമാണ് എന്റെയും എളിയ പ്രാർത്ഥന.

# ഇടയ ദൗത്യബോധവും ദർശനവുമുള്ള ബിഷപ്പ്

ഡോ. യുയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പ

ഓർത്തഡോക്സ് സഭയുടെ മുംബൈ ഭദ്രാസനത്തിന്റെ വന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 60-ാം ജന്മദിന സ്മരണികയിൽ ഏതാനും വാക്കുകൾ കുറിക്കുന്നതിൽ ഞാൻ അതീവ ധന്യനാണ്. ഈ മഹത്തായ സന്ദർഭത്തിൽ മാർ ഗ്രിഗോറിയോസ് സ്റ്റഡി ഫോറം ഒരു അനുസ്മരണ വാല്യം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ എനിക്ക് സന്തോഷവുമുണ്ട്. ഓർത്തഡോക്സ് സഭയുടെ ഒരു ബിഷപ്പായി വിശ്വാസ യാത്രയിൽ ഇത്രത്തോളം തിരുമേനിയെ നയിച്ചതിൽ നമുക്ക് ദൈവത്തിന് നന്ദി കരേറ്റാം.

ആദിമസഭ മുതൽ സഭാവിശ്വാസം കരുപ്പിടിപ്പിക്കുന്നതിൽ സഭാപിതാക്കന്മാർ പ്രധാന പങ്കുവഹിച്ചതായി നാം കാണുന്നു. പൗരസ്ത്യ സഭകൾ എപ്പോഴും തിരുമേനിമാരുടെയും അച്ചന്മാരുടെയും അല്മായ ശുശ്രൂഷകരുടെയും നേതൃത്വത്തിൽ ക്രിസ്തുവിൽ ആഴമായി വളരുവാൻ അതിന്റെ അംഗങ്ങളെ സഹായിച്ചുകൊണ്ടിരുന്നു. നമ്മുടെ ജീവിതവും ദൗത്യവും കെട്ടിപ്പടുക്കുന്നതിന് സമൃദ്ധമായ പാരമ്പര്യങ്ങൾ അവർ പിന്തുടരുകയും നമുക്ക് കൈമാറിത്തരികയും ചെയ്തു.

കൂറിലോസ് തിരുമേനിയെ 1983 മുതൽ എനിക്കറിയാം. അന്ന് അദ്ദേഹം ഒരു വൈദികനായിരുന്നു. ഓർത്തഡോക്സ് യുവജന വിദ്യാർത്ഥി സംഘടനയുടെ സെക്രട്ടറിയുമായിരുന്നു. യുവജനങ്ങൾക്കിടയിൽ അച്ചന്റെ കഴിവുറ്റ നേതൃത്വം മികച്ചതായിരുന്നു. എപ്പിസ്കോപ്പാസ്ഥാനലബ്ധിക്കു ശേഷവും യുവജനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിൽ അദ്ദേഹം ഉത്സാഹിച്ചുവന്നു എന്നത് 2008 മുതൽ മാർ ഗ്രിഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി പ്രവർത്തിക്കുന്നതിലൂടെ വ്യക്തമാണ്.

ഒരു പൊതുനാമവും ഒരു പൊതു പൈതൃകവും ഞങ്ങൾ പങ്കിടുന്നു. മാതൃവഴിയിൽ എന്റെ വലിയ വല്യപ്പൻ കൊല്ലാട് അതേ കുടുംബത്തിൽ നിന്നുമാണ്. ശിക്ഷണത്തിന്റെ ജീവിത ശൈലിയും സുവിശേഷദൗത്യത്തിൽ ഊന്നലും പുലർത്തുന്ന ബിഷപ്പാണ് മാർ കൂറിലോസ്. തന്നെ നിയമിച്ചാക്കിയ സ്ഥലങ്ങളിലെല്ലാം സമൂഹത്തിന് പുതുജീവൻ അദ്ദേഹം പകർന്നു നൽകി. ഒരു സമൂഹം പടുത്തുയർത്തുന്നതിലാണെപ്പോഴും തിരുമേനി ശ്രദ്ധിച്ചുവന്നത്.

യഥാർത്ഥ സംസർഗ്ഗവും ആശയ സംവേദനവും ഒരു സമൂഹത്തിലൂടെ മാത്രമാണ് സാദ്ധ്യമാകുന്നത്. മാർ കൂറിലോസിന്റെ ആഴമായ സാമൂഹിക, ആദ്ധ്യാത്മിക ദർശനമാണ് മുംബൈയുടെ അതിർത്തിപരിധിക്കുള്ളിൽ നവിമുംബൈയ്ക്കടുത്ത് 100 ഏക്കർ സ്ഥലത്ത് ഒരു കമ്മ്യൂണിറ്റിയുടെ രൂപീകരണത്തിലേക്കു നയിച്ചത്. ആദ്ധ്യാത്മികവും വൈകാരികവും മനഃശാസ്ത്രപരവും ബൗദ്ധികവുമായ സമകാലീന വെല്ലുവിളികളെ നേരിടുവാൻ വേണ്ടിയുള്ള ഉത്തരമാണ് ഈ പ്രസ്ഥാനം.

ഇടയ ദൗത്യബോധവും ദർശനവുമുള്ള ഒരു ബിഷപ്പാണ് മാർ കൂറിലോസ്. മതങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളിൽ അതീവ തല്പരനാണദ്ദേഹം. സഭൈക്യത്തിനുവേണ്ടി എപ്പോഴും യത്നിക്കുന്ന ഒരു എക്യൂമെനിക്കൽ നേതാവുമാണ്. സഭാ ദൗത്യനിർവ്വഹണത്തിൽ വിനയവും ലാളിത്യവും ആത്മാർത്ഥതയും താൻ നിയോഗിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തും സമൂഹത്തിലും സുവ്യക്തമാണ്. തിരുമേനിയുടെ സന്തോഷപ്രദമായ സാന്നിദ്ധ്യവും ഉറപ്പുള്ള ശബ്ദവും പ്രോത്സാഹനം പകരുന്ന വാക്കുകളും സ്നേഹനിർഭരമായ പെരുമാറ്റ രീതികളും അദ്ദേഹവുമായി ഇടപെടുന്ന ആരിലും നിത്യമായ സ്വാധീനം ചെലുത്താറുണ്ട്.

സമൂഹത്തിന്റെ അനുദിന വെല്ലുവിളികളെ ആഭാഷണം ചെയ്യുന്ന ഒരു ഗ്രന്ഥനിർമ്മിതിയുടെ മഹനീയ ദൗത്യം ഏറ്റെടുത്ത മാർ ഗ്രിഗോറിയോസ് സ്റ്റഡിഫോറത്തെ ഞാൻ അഭിനന്ദിക്കുന്നു. ദൈവസ്നേഹം പ്രസരിപ്പിക്കുന്നതിനും ക്രിസ്തീയ സാമൂഹിക ജീവിതത്തിന്റെ ആധികാരിക മാതൃക കാട്ടുന്നതിനും പാവങ്ങളെ സമുദ്ധരിക്കുന്ന പ്രവർത്തനങ്ങളിൽ മുന്നേറുന്നതിനും ഉതകുന്ന ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയുടെ എല്ലാ സംരംഭങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ.

വരും വർഷങ്ങളിൽ സഭയ്ക്കും സമൂഹത്തിനും രക്ഷാദൂത് പ്രഖ്യാപിച്ചുകൊണ്ട് തന്റെ ദൗത്യം നിറവേറ്റുന്നതിന് ശരീരത്തിലും മനസ്സിലും ആത്മാവിലും കൂറിലോസ് തിരുമേനിയെ സർവ്വശക്തനായ ദൈവം ശക്തിപ്പെടുത്തട്ടെ.

*(മാർത്തോമ്മാ സഭ കോട്ടയം-കൊച്ചി ഭദ്രാസന ബിഷപ്പ്)*

# സഭൈക്യ പ്രസ്ഥാനത്തിന്റെ നേതാവ് യുജനങ്ങളുടെ മാർഗ്ഗദർശി

### ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്

എന്റെ സഹോദരൻ, ഓർത്തഡോക്സ് സഭയുടെ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ 2009 ഒക്ടോബർ 7 ന് തന്റെ ഭൂമിയിലെ പരദേശ വാസത്തിന്റെ 60 വർഷം പൂർത്തിയാക്കുന്നു. തന്റെമേൽ അനുഗ്രഹം ചൊരിഞ്ഞ ദൈവത്തിന് നന്ദിയർപ്പിക്കുവാനും തിരുമേനിയെ അനുമോദിക്കുവാനും ഈ അവസരം ഞാൻ വിനിയോഗിക്കട്ടെ. ഇൻഡ്യയിലും വിദേശത്തുമുള്ള വിവിധ ക്രൈസ്തവ വിഭാഗങ്ങളിൽ പരസ്പര ധാരണ വർദ്ധിപ്പിക്കുവാനും മനുഷ്യരാശിക്ക് പൊതു താല്പര്യമുള്ള വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ എല്ലാ മതക്കാരെയും പ്രേരിപ്പിക്കുന്നതിനും നിരന്തരം യത്നിക്കുന്ന എക്യുമെനിക്കൽ നേതാവാണ് തിരുമേനി.

സഭകളുടെ ദേശീയ കൗൺസിൽ പ്രസിഡന്റായും അതിന്റെ വിവിധ കമ്മറ്റികളുടെയും പരിപാടികളുടെയും സജീവാംഗമായും തിരുമേനിയുടെ പ്രവർത്തനങ്ങൾ എല്ലാവർക്കും അറിവുള്ളതാണ്. അംഗ സഭകളുടെ നീതിയും സമാധാനവും തേടിയുള്ള വിവിധ പരിപാടികളെ ഏകോപിപ്പിക്കുന്നതിനും നിലനില്പിനും വികസനത്തിനും വേണ്ടി ബോധവൽക്കരണം നടത്തുവാനും ഇതര മതസമൂഹങ്ങളുമായി സംവാദങ്ങൾ ആരംഭിക്കുവാനും യുവജന വിദ്യാർത്ഥികൾക്കു വേണ്ടി വിവിധ പദ്ധതികൾ കരുപ്പിടിപ്പിക്കുവാനും തിരുമേനി പ്രയത്നിച്ചിട്ടുണ്ട്.

ഓർത്തഡോക്സ് സഭയുടെ മുംബൈ ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ വികസിക്കുന്ന നഗരത്തിൽ പ്രവാസികളായി ചിതറിപ്പാർക്കുന്നവരുടെ ഉൽക്കർഷത്തിനും ആത്മീയ കൈത്താങ്ങലിനും

അദ്ദേഹം നിരന്തരം ആമഗ്നനായിരിക്കുന്നു. സഹായം അർഹിക്കുന്ന വർക്ക് ആശ്വാസം നൽകികൊണ്ട് ഒരു തീർത്ഥാടകനായി അദ്ദേഹം ലോകമെങ്ങും സഞ്ചരിക്കുന്നു.

ഫ്രാൻസിലെ തൈസേ സമൂഹമായി ബന്ധപ്പെട്ടത് ഫലപ്രദമായി എഴുപതുകളിൽ തൈസേ സമൂഹത്തിലേക്കുള്ള തന്റെ ആദ്യ സദർശനത്തോടെ ഓരോ വർഷവും തൈസേയിലെ ക്യാമ്പുകളിലേക്ക് ഭാരതത്തിൽ നിന്ന് യുവജനങ്ങളെ പങ്കെടുപ്പിച്ചുതുടങ്ങി. ആത്മീയമായി ഉൽക്കർഷ പ്രാപിച്ച് മടങ്ങിയെത്തിയ ഇവർ പല സ്ഥലങ്ങളിൽ സഭയ്ക്ക് നല്ല ശുശ്രൂഷകൾ നൽകി. മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ കൂടിയും അതിനുള്ളിലും കൂറിലോസ് മെത്രാപ്പോലീത്താ വളർന്നു. അതിന്റെ ജനറൽ സെക്രട്ടറിയായി ദീർഘനാൾ പ്രവർത്തിച്ചു. ഇപ്പോൾ അതിന്റെ പ്രസിഡന്റാണ്. കാലംചെയ്ത പുണ്യ ശ്രേഷ്ഠനായ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ കീഴിൽ പരിശീലനം ലഭിച്ചത് പ്രസ്ഥാനത്തിലും പിന്നീട് മുംബൈ ഭദ്രാസനാധിപനായും മഹത്തായ ദർശനങ്ങളോടെ ഉത്കൃഷ്ട സേവനങ്ങൾ നിർവ്വഹിക്കുവാൻ തന്നെ പ്രാപ്തനാക്കി. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ശാക്തീകരണത്തിനുവേണ്ടി അനേകരെ സഭയുടെ വിശ്വാസത്തിലുറപ്പിച്ചു നിർത്തുന്ന നങ്കൂരമായി അദ്ദേഹം പ്രവർത്തിച്ചു. ബോംബെയിൽ അദ്ദേഹം സ്ഥാപിച്ച ഗ്രിഗോറിയൻ കമ്മ്യൂണിറ്റി രാജ്യത്തിലെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു.

അധഃസ്ഥിതരോട് എന്നും ദീനാനുകമ്പയും വൈകാരിക ഐക്യവും പുലർത്തിയ മാനവസ്നേഹിയാണ് മാർ കൂറിലോസ്. ആവശ്യകാർക്ക് സഹായഹസ്തം നീട്ടി മന്ദമാരുതനായി ദയാപൂർവ്വം അവരോട് ഇടപെട്ട് മുന്നേറുന്നു. എം.ജി.ഒ.സി.എസ്.എം ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച കാലത്ത് തിരുവനന്തപുരത്ത് അനേകം മനുഷ്യോപകാരപ്രദമായ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. ഇന്നും അവ തുടർന്നുകൊണ്ടിരിക്കുന്നു.

ദൈവകൃപയിലൂടെ വരുംവർഷങ്ങളിൽ കൂടുതൽ ഫലപ്രദമായി ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത തന്റെ ശുശ്രൂഷ തുടരുമാറാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*(ആർച്ച്ബിഷപ്പ്, തിരുവല്ല)*

# ദൈവാനുഗ്രഹത്തിന്റെ ഷഷ്ഠിപൂർത്തി വർഷം

ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത

അനിതര സാധാരണമായ കർമ്മകുശലതകൊണ്ടും യേശുനാഥന്റെ ദിവ്യസാന്നിദ്ധ്യത്തിൽ നിന്ന് സ്വായത്തമാക്കിയ ദിവ്യതേജസ്സുകൊണ്ടും സമൂഹത്തിന്റെ നിറസാന്നിദ്ധ്യമായ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി ഷഷ്ടിപൂർത്തിയുടെ നിറവിൽ എത്തിയിരിക്കുന്നു.

അറുപതു വർഷങ്ങൾക്ക് മുൻപ് (7.10.1949 -ൽ) ദൈവത്തിന്റെ സ്നേഹത്താൽ കോട്ടയത്ത് കൊല്ലാട് പുളിയേരിൽ ശ്രീ. പി. കെ. കുര്യന്റെയും മേരി കുര്യന്റെയും അഞ്ചാമത്തെ സന്താനമായി ജനിച്ച ജോർജ് കുര്യൻ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും വളർന്നു വന്ന് വളരെ ചെറുപ്പം മുതൽ ദൈവീക കാര്യങ്ങളോടും ദേവാലയത്തോടുമുള്ള ആഭിമുഖ്യത്തിൽ വളർന്നു. കൊല്ലാട് സ്കൂൾ പഠനത്തിനുശേഷം, സി. എം. എസ് കോളേജിൽ നിന്ന് പ്രീ-ഡിഗ്രി പാസ്സായി. ഒരു വൈദികനാകുവാനുള്ള തീവ്രമായ ആഗ്രഹത്താൽ കോട്ടയം സെമിനാരിയിൽ പഠനം നടത്തി. 1975 -ൽ അങ്കമാലി ഭദ്രാസനാധിപനായിരുന്ന ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. ഒരു പുരോഹിതൻ, വചനപ്രഘോഷകൻ, കൂദാശകളുടെ പരികർമ്മി, ജനനായകൻ എന്നീ നിലയിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. ലണ്ടൻ ഓർത്തഡോക്സ് പള്ളിയുടെ വികാരിയെന്ന നിലയിൽ നന്നായി ശോഭിച്ചു. കോഴിക്കോട് സർവ്വകലാശാലയിൽ നിന്നുള്ള ബി. എ. ഡിഗ്രിയും ആന്ധ്രാ സർവ്വകലാശാലയിൽ നിന്നുള്ള എം. എ. ഡിഗ്രിയും, ലണ്ടൻ സർവ്വകലാശാലയിൽ നിന്നുള്ള പി. ജി. ഡിപ്ലോമയുമൊക്കെ വായിച്ചു വളരുവാൻ, ചിന്തിച്ചു പ്രബുദ്ധനാകുവാൻ, വിശാല ചക്രവാള സീമകളെക്കുറിച്ച് മനസ്സിലാക്കി പ്രവർത്തിക്കാൻ

തിരുമേനിയെ സഹായിച്ചു.

കോട്ടയത്തെയും തിരുവനന്തപുരത്തേയും സ്റ്റുഡന്റ് സെന്ററിലും, എം.ജി.ഒ.സി.എസ്.എം. ന്റെ ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്ന നിലയിലും, എൻ.സി.സി.ഐ, സി.എ.എസ്.എ, സി.എം.എ.ഐ, സി.എം.സി, ഡബ്ല്യൂ.സി.സി - എന്നീ ദേശിയ-അന്തർദേശിയ സമിതികളിലെ നിർണ്ണായകമായ ഭാഗഭാഗിത്വത്തിലൂടെയും തിരുമേനി തന്റെ സ്നേഹസ്വാധീനം സംലഭ്യമാക്കിയിട്ടുണ്ട്.

1986 മുതൽ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് സ്റ്റുഡന്റ് മൂവ്മെന്റിന്റെ സെക്രട്ടറിയായി ചുമതലയേറ്റ് സ്തുത്യർഹമായി പ്രവർത്തിച്ചു വരുമ്പോഴാണ് ഗീവർഗീസ് എന്ന നാമധേയത്തിൽ റമ്പാൻ പട്ടം സ്വീകരിക്കുന്നത്.

1991 ഏപ്രിൽ മാസം 30 ന് പരുമലയിൽ വച്ച് കാലംചെയ്ത ബസേലിയോസ് മാർത്തോമ്മാ ദ്വിതീയൻ കാതോലിക്കാ ബാവായുടെ തൃക്കയ്യാൽ ഗീവർഗീസ് മാർ കൂറിലോസ് എന്ന നാമധേയത്തിൽ ബോംബേ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. അറിവും, അനുഭവവും, ആദ്ധ്യാത്മികതയുമുള്ള അദ്ദേഹം മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി വിദേശരാജ്യങ്ങൾ സന്ദർശിക്കുകയും, കർമ്മോത്സുകനായി പ്രവർത്തിച്ചുവരികയും ചെയ്യുമ്പോൾ ബോംബേ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി നിയമിച്ചു. ബോംബേ -ഭാരതത്തിന്റെ ഗേറ്റ് വേ ആണല്ലോ.

തിരുമേനിയുടെ ബഹുമുഖ പ്രതിഭ മനുഷ്യസ്നേഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും പ്രസരിച്ചിട്ടുണ്ട്. ആതുരരോടും പരിത്യക്തരോടുമുള്ള തിരുമേനിയുടെ അനുകമ്പാർദ്രമായ സമീപനം ശ്രദ്ധേയമാണ്. ആന്ധ്രാപ്രദേശ് റിലീഫ് ഫണ്ട്, വിവാഹസഹായനിധി, രോഗിസഹായം, കോയമ്പത്തൂർ-തടാകം ക്രിസ്തുശിഷ്യ ആശ്രമം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ദു:ഖിതരായ സഹജരോടുള്ള തിരുമേനിയുടെ ക്രിയാത്മകമായ പങ്കുവയ്ക്കലായിരുന്നു.

വിദ്യാഭ്യാസരംഗത്തുള്ള തിരുമേനിയുടെ പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. ആലുവാ യു.സി കോളേജിന്റെ ഭരണനിർവ്വഹണസമിതിയിലും, ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയുടെ പ്രസിഡന്റ് എന്ന നിലയിലും തിരുമേനി നല്കിക്കൊണ്ടിരിക്കുന്ന സേവനം സ്തുത്യർഹമാണ്. വിദ്യാഭ്യാസം നല്കുന്ന വിമോചനവും വികസനവും എന്നും തിരുമേനിയുടെ ഹൃദയത്തോടു ചേർന്നു നില്ക്കുന്ന ദർശനമാണ്.

പാരമ്പര്യങ്ങളും പൈതൃകങ്ങളും ഓർത്തഡോക്സ് വിശ്വാസവും ഐക്യത്തിലും താഴ്മയിലും കാത്തുസൂക്ഷിച്ചുകൊണ്ട് പ്രവർത്തിക്കുന്ന അഭിവന്ദ്യ തിരുമേനിയുടെ അറുപതാം ജന്മവാർഷികം ആഘോഷി ക്കുമ്പോൾ അദ്ദേഹത്തോടൊപ്പം ദൈവത്തിനു നന്ദി പറയുന്നു. അദ്ദേ ഹത്തിനു ജന്മം നല്കി വളർത്തിയ മാതാപിതാക്കളെയും, കുടുംബാം ഗങ്ങളെയും, ഗുരുക്കന്മാരെയും, സഭാപിതാക്കന്മാരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

കാലഘട്ടത്തിന്റെ സൂചനകൾ മനസ്സിലാക്കി ദൈവസാന്നിദ്ധ്യമായി സമസ്ത മേഖലകളിലും തുടർന്നും പ്രവർത്തിക്കാൻ സർവ്വശക്തനാ യ ദൈവം തിരുമേനിയെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സഹോദരി സഭയിലെ ഒരു മേൽപട്ടക്കാരൻ എന്ന നിലയിൽ അദ്ദേഹ ത്തിന് ഷഷ്ട്യബ്ദ പൂർത്തിയുടെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശം സിക്കുന്നു. ആയുസും ആരോഗ്യവും നല്കി ദൈവമഹത്വത്തിനായി ജനനന്മക്കായി പ്രവർത്തിക്കുവാൻ ദൈവം ശക്തനാക്കട്ടെ.

*(കെ.സി.ബി.സി പ്രസിഡന്റ്)*

# സഭകളുടെ ഐക്യം:
# വികസ്വരമാകുന്ന സഭൈക്യചക്രവാളങ്ങൾ

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത

അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി സെമിനാരിയിൽ എന്റെ ഒരു വർഷം ജൂനിയറായി പഠിച്ചിരുന്നയാളാണ്. 1966 ലാണ് ഞാൻ സെമിനാരിയിൽ ചേരുന്നത്. അദ്ദേഹം 1967 ൽ സെമിനാരി യിൽ വിദ്യാഭ്യാസം തുടങ്ങി. കൂറിലോസ് തിരുമേനി പൂർണ്ണമായും സന്യാസം സ്വീകരിച്ച് കർത്താവിന്റെ വേലയ്ക്കുവേണ്ടി സമർപ്പിച്ച ഒരു വ്യക്തിയാണ്. അദ്ദേഹം അന്നുമുതൽതന്നെ സഭയുടെ പ്രവർത്ത നത്തിലേർപ്പെട്ട് ദൈവനാമമഹത്വത്തിനും സഭയുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കണമെന്നുവിചാരിച്ച് സമർപ്പിച്ച ആളായിരുന്നു. നിസ്വലമായ സംഭാവനകളാണ് സഭ പിന്നീട് അദ്ദേഹത്തിലൂടെ കണ്ട ത്. ശെമ്മാശനായശേഷം പൂർണ്ണമായും വിദ്യാർത്ഥി പ്രസ്ഥാനത്തി ലൂടെയാണ് അദ്ദേഹത്തിന്റെ സേവനം മലങ്കര സഭയ്ക്ക് കാഴ്ചവെച്ച ത്. വിദ്യാർത്ഥികളുടെ ഇടയിലൊരാളായി അതേസമയം പക്വതയോടും സമചിത്തതയോടുംകൂടി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു മുതിർന്ന ജ്യേഷ്ഠനായി അദ്ദേഹം കുട്ടികളുടെ ഇടയിൽ പ്രവർത്തി ച്ചു. ഒരുവശത്ത് നാം ഏർപ്പെടുന്ന തലങ്ങളിൽ ജനസാമാന്യത്തോടെ ഇഴുകിച്ചേരുവാനുള്ള നൈപുണ്യം. അതേസമയംതന്നെ അതിൽനിന്നു വേറിട്ടൊരു പാകതയും അനുസരണവുമായ ഭക്തിയും ജീവിതത്തിൽ സ്വീകരിച്ചുകൊണ്ടുപോകുവാനുള്ള കഴിവ് ഇത് രണ്ടുംകൂടി ഇഴുകി ച്ചേർന്ന ഒന്നായി ഒരു പ്രവാഹമായി ഒഴുകുകയായിരുന്നു ആ ജീവിത ത്തിലൂടെ. അതുകൊണ്ടാണ് കൂറിലോസ് തിരുമേനി ദൈവ തിരുസ ന്നിധിയിൽ ഇത്രമാത്രം സാക്ഷ്യമുള്ള ഒരു മഹാപുരോഹിതനായി ശുശ്രൂഷ അനുഷ്ഠിക്കുവാൻ അദ്ദേഹത്തിന് സാധിച്ചത്.

കൂറിലോസ് തിരുമേനിയെ ഞാനോർക്കുമ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വം എപ്പോഴും രണ്ടു ഗുണങ്ങളിലാണ്. സുസ്മേരവദനനായി എല്ലാവരേയും അഭിമുഖീകരിക്കുന്ന ആകർഷണീയമായ ഒരാളത്വം. അതോടൊപ്പം എല്ലാവരുടേയും ഹൃദയങ്ങളിലേക്ക് കടന്നുചെന്ന് സ്ഥാനം നേടുവാനുള്ള അസാമാന്യമായ ഒരു ബന്ധം. ആളത്വത്തിൽ ആകർഷണീയതയും പെരുമാറ്റത്തിന്റെ വശ്യതയുമാണ് അദ്ദേഹത്തിന് ധാരാളം സ്നേഹിതരെ സമ്പാദിക്കാൻ സാധിച്ചത്.

ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ പ്രധാനപ്പെട്ട സംഭാവന രണ്ടുതലങ്ങളിൽ സഭയ്ക്ക് ഇന്നും ലഭിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ മെട്രോപോളിറ്റൻ സിറ്റികളിലൊന്നായ ഏറ്റവും ജനസാന്ദ്രതയുള്ള, ഓർത്തഡോക്സ് വിശ്വാസികളുടെ സാന്നിദ്ധ്യമുള്ള ഒരു സ്ഥലമാണ് മുംബൈ. അവിടെ പാരമ്പര്യം അണുവിട വ്യത്യാസം വരുത്താതെ മുന്നോട്ടുപോകണമെന്നാഗ്രഹിക്കുന്ന ഒരു മുതിർന്ന തലമുറയും പുതിയ വെല്ലുവിളികളെയും സമകാലീന സാഹചര്യങ്ങളെയും അഭിമുഖീകരിച്ചുകൊണ്ട് ജീവിക്കുന്ന ഒരു യുവസമൂഹവും. ഈ രണ്ടു തലമുറയെയും ഒരേസമയം കോർത്തിണക്കിക്കൊണ്ട് പോകുവാൻ അദ്ദേഹത്തിന്റെ മേൽപ്പട്ടസ്ഥാനത്തിനടുത്ത അജപാലന ശുശ്രൂഷ വിജയകരമായി അദ്ദേഹത്തിന് കൊണ്ടുപോകുവാൻ സാധിക്കുന്നു എന്നുള്ളത് മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്. ഇത് ഓർത്തഡോക്സ് സഭാംഗങ്ങളുടെ ഇടയിലുള്ള അദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷയാണ്. എന്നാൽ സഭൈക്യ പ്രസ്ഥാനങ്ങളിൽ മുംബൈയിലുള്ള വിവിധ സഭാവിഭാഗത്തിൽപ്പെട്ട മേലധ്യക്ഷന്മാരും അവർക്ക് കീഴിൽ പ്രവർത്തിക്കുന്ന മറ്റു ശുശ്രൂഷകരെയും അഭിഷിക്തരേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ഐക്യവേദി ഉണ്ടാക്കാൻ അതിനു നെടുനായകത്വം വഹിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അതിനപ്പുറത്തേക്ക് മഹാരാഷ്ട്രയിലുള്ള ആളുകളുടെ ഒരു കൂട്ടായ്മ വിവിധ സഹോദരിസഭകളുടെ നേതൃത്വനിരയിലുള്ളവരെ കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു ഐക്യവേദി ഉണ്ടാക്കാൻ, നാഷണൻ കൗൺസിൽ ക്രിസ്ത്യൻ ചർച്ചസ് ഓഫ് ഇന്ത്യ (എൻ.സി.സി.ഐ.) ഇതിന്റെ ഉപാധ്യക്ഷൻ പദവി ഏറ്റെടുക്കാൻ അതിനുശേഷം അതിൽ പ്രധാനപ്പെട്ട സ്ഥാനം വഹിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഈ തലങ്ങളിലെല്ലാം രണ്ടു കാര്യങ്ങൾ അദ്ദേഹം സൂക്ഷിച്ചിരുന്നു. ഒന്ന് ഓർത്തഡോക്സ് സഭയുടെ അനന്യതയും അതിന്റെ സ്വത്വവും നഷ്ടപ്പെടാതിരിക്കുക അതിലുറച്ചുനിന്നുകൊണ്ടു

ണ്ടുതന്നെ അവരുടെ ഹൃദയത്തിന്റെ ഉള്ളിലേക്ക് എല്ലാ സഭയിലുംപെട്ട ആളുകളെ സമാശ്ലേഷിച്ചുനിർത്തുവാനുള്ള ഒരു കെല്പ് ഇതും ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയിൽ നാം കാണുന്നതാണ്. മാത്രമല്ല ലോകരാഷ്ട്രങ്ങളിലുള്ള വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് (ഡബ്ല്യു.സി.സി) പ്രത്യേകിച്ചും സിന്റസ്മോസ് പോലെയുള്ള ഓർത്തഡോക്സ് സഭകളുടെ യുവജനവേദി അവിടെയൊക്കെ കടന്നുചെല്ലുവാനും അവരുമായി സംവാദിക്കുവാനും അവരുടെ സ്നേഹവും സൗഹൃദവും ആർജ്ജിക്കാനും അങ്ങനെ മലങ്കര സഭയുടെ പേരും വിലാസവും എത്തിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ഇത്തരത്തിൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ സംഭാവന വളരെ മികവുള്ളതാണ്. അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിക്ക് 60 വയസ്സ് തികയുന്ന ഈ സന്ദർഭം അദ്ദേഹത്തിന് ഇനിയും ഏറെ കാര്യങ്ങൾ ദൈവനാമമഹത്വത്തിനും സഭയുടെ മേന്മയ്ക്കും സഭകളുടെ ഐക്യത്തിനും സംഭാവന ചെയ്യുവാൻ കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു. ദൈവകരങ്ങളിൽ അദ്ദേഹത്തെ സമർപ്പിക്കുകയും ചെയ്യുന്നു.

# ഹൃദയത്തുടിപ്പുകൾ അറിയുന്ന ജനകീയ ബിഷപ്പ്

റവ. ഡോ. മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ

സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറിയായി ദീർഘകാലം സ്തുത്യർഹ സേവനം ചെയ്ത ഫാ. ജോർജ് കുര്യൻ സഭയുടെ മേല്പട്ട സ്ഥാനത്തെത്തുമെന്ന് എല്ലാവർക്കും ഉറപ്പായിരുന്നു. കുലീനത്വവും പക്വതയും കാര്യഗൗരവവും ആത്മീയനിറവും എല്ലാ രംഗങ്ങളിലും പ്രകടിപ്പിച്ച ആ വന്ദ്യ പുരോഹിതൻ ഇന്ന് മുംബൈ ഭദ്രാസനാധിപനായും സഭയുടെ അംബാസിഡർ ആയും ശ്രേഷ്ഠമായി ശുശ്രൂഷകൾ തുടരുന്നു. അദ്ദേഹം എം.ജി.ഒ.സി.എസ്.എം ജനറൽ സെക്രട്ടറിയായിരുന്ന കാലഘട്ടത്തിൽ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറിയായി ഏതാനും വർഷം പ്രവർത്തിച്ചു ഈ ലേഖകൻ. നിഷ്കളങ്ക സൗഹൃദത്തിന്റെ വാടാമലരാണ് അറുപതിന്റെ നിറവിലെത്തിയ അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ എന്ന് അന്നേ മനസ്സിലാക്കിയിരുന്നു

ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ എന്ന ശ്രേഷ്ഠഗുരുവിന്റെ പ്രിയശിഷ്യനും ആത്മീയ മകനും ആയിരുന്നു അദ്ദേഹം. ഇവരുടെ ആത്മബന്ധത്തിന്റെ നിരവധി മുഹൂർത്തങ്ങൾക്ക് ഞാനും സാക്ഷിയായിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ സ്റ്റുഡന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകിയ ഈ മികച്ച സംഘാടകൻ സംഘടനയുടെ സീനിയർ പ്രവർത്തകരെയും ഇളയ തലമുറയേയും ഭംഗിയായി കോർത്തിണക്കി.

സ്കൂട്ടർ അപകടത്തിൽ സാരമായി പരിക്കേറ്റ് ദീർഘനാൾ ആശുപത്രിയിലും വിശ്രമത്തിലുമായി കഴിഞ്ഞ കാലത്ത് ഫാ. ജോർജ് കുര്യൻ പ്രകടിപ്പിച്ച ധീരതയും ശുഭാപ്തി വിശ്വാസവും, ദൈവാശ്രയവും ഏവർക്കും ഉത്തമ മാതൃകയാണ്. വേദനയും അവഗണനയും എന്തെന്ന്

സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞു.

മറ്റുള്ളവർക്ക് പ്രോത്സാഹനം കൊടുക്കുന്നതിലും കൈപിടിച്ചുയർത്തുന്നതിലും കഴിവുകൾ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നതിലും ഉൾക്കാഴ്ചയും ദീർഘവീക്ഷണവും പുലർത്തി. വൈദികരെക്കുറിച്ചും ജനങ്ങളെക്കുറിച്ചുമുള്ള കരുതലാണ് ഒരു ബിഷപ്പിനെ സ്വീകാര്യനാക്കുന്നത്.

ഔപചാരികവും യാന്ത്രികവും കൃത്രിമവുമായ ഇടപെടലുകൾ നമുക്ക് തിരിച്ചറിയാം. ആത്മീയ പിതാവിൽ നിന്നും ഹൃദയത്തിലേക്ക് സ്നേഹം പകരുന്ന സാന്ത്വന സ്പർശമാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. രോഗികളെയും ദുഃഖിതരെയും സന്ദർശിച്ച് ആശ്വാസം നൽകുന്നതിൽ തിരുമേനി പണ്ടുമുതലേ ശ്രദ്ധിച്ചിരുന്നു.

എക്യുമെനിക്കൽ ബന്ധങ്ങൾ ഊഷ്മളമായി നിലനിർത്തുന്നതിൽ അദ്ദേഹം വളരെ ശ്രദ്ധിക്കുന്നു. സഭകളുടെ ദേശിയ കൗൺസിൽ (എൻ.സി.സി.ഐ) അദ്ധ്യക്ഷനായി എല്ലാവർക്കും സ്വീകാര്യമായ നേതൃത്വപാടവമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. ആദിമസഭാപിതാക്കന്മാരുടെ ദർശനങ്ങൾ പ്രായോഗിക ജീവിതത്തിൽ അർത്ഥവത്താക്കുവാൻ ഗ്രിഗോറിയൻ കമ്മ്യൂണിറ്റി എന്ന പ്രസ്ഥാനത്തിന് അഭിവന്ദ്യ കുറിലോസ് തിരുമേനി ശക്തമായ നേതൃത്വം നൽകുന്നു. അതിന്റെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായ ദർശനമുണ്ട് ഈ പിതാവിന്. ആരാധന, പഠനം, സേവനം, അദ്ധ്വാനം ഇവ ഭംഗിയായി സമന്വയിപ്പിച്ചുകൊണ്ടാണ് ഈ കമ്മ്യൂണിറ്റിയുടെ പ്രവർത്തനസരണി. വിവാഹിതരും അവിവാഹിതരുമായ വിശ്വാസികളുടെ ഉത്തമ കൂട്ടായ്മയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്.

വിശ്വാസ്യതയുള്ള നേതൃത്വമാണിന്നാവശ്യം. സഭയോടും അതിന്റെ വിശ്വാസവിചാരങ്ങളോടും പൂർണ്ണമായ പ്രതിബദ്ധതയോടെയാണ് അഭിവന്ദ്യ തിരുമേനി പ്രവർത്തിക്കുന്നത്. കാര്യക്ഷമതയും സുവിശേഷതീക്ഷ്ണതയും മേലധികാരികളോട് വിനീത വിധേയത്വവും അദ്ദേഹം പ്രകടിപ്പിക്കുന്നു. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യേണ്ടതുപോലെ നിർവ്വഹിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിക്കുന്നു. ധനം, സമയം, കഴിവുകൾ ഇവയുടെ കാര്യവിചാര വ്യക്തിത്വബോധം അദ്ദേഹത്തിനുണ്ട്. പണം വിനിയോഗിക്കുന്നതിൽ നൂറു ശതമാനം വിശ്വസ്തത പുലർത്തുന്നു. ആഡംബരവും അലസതയും, പരദൂഷണവും അകറ്റിനിർത്താനുള്ള പരിശീലനം ചെറുപ്പത്തിലേ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

നല്ലഭാഷയിൽ സമയക്ലിപ്തതയിൽ നല്ല ആശയങ്ങൾ കൈമാറുന്ന പ്രസംഗങ്ങളാണ് തിരുമേനിയുടേത്. വിശാലമായ വായനയും അവബോധവും ഉള്ള വ്യക്തിയെന്ന് അനുവാചകർക്ക് ബോദ്ധ്യം വരുന്ന പ്രസംഗശൈലി. ആരാധനയ്ക്കും വിശുദ്ധ കൂദാശകൾക്കും നേതൃത്വം കൊടുക്കുമ്പോൾ പങ്കെടുക്കുന്നയാൾക്ക് അനല്പമായ ആരാധനാ സാഫല്യം ലഭിക്കുന്നു. ആകർഷണീയമായ ശബ്ദം.

പക്വമായ തീരുമാനങ്ങൾ എടുക്കുന്നതിൽ അതീവ ശ്രദ്ധാലുവാണ് അഭിവന്ദ്യ തിരുമേനി. കേൾക്കുവാൻ വേഗതയും പറയുവാൻ താമസവും വേണമെന്ന പഴമൊഴി ഇവിടെ അന്വർത്ഥമാകുന്നു. എല്ലാവരുടെയും ആശയങ്ങൾ ശ്രദ്ധിച്ചുകേട്ട് മനനം ചെയ്തെടുക്കുന്ന അനുരഞ്ജനശൈലി. പ്രയാസങ്ങളുമായി സമീപിക്കുന്നവരോട് ദേഷ്യപ്പെടാതെ ശാന്തമായി കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുവാനുള്ള അപാരമായ കഴിവ്. ചെയ്യാൻ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ഒട്ടും വൈമനസ്യമില്ലാത്ത മനസ്സ്.

വിലകുറഞ്ഞ പ്രസിദ്ധിക്കും പോപ്പുലാരിറ്റിയ്ക്കും വേണ്ടി അനവസരത്തിലുള്ള പ്രസ്താവനകൾ നടത്തുന്ന രീതി ഈ ആത്മീയ പിതാവിന് ഇല്ല. പാലിക്കാമെന്ന് ഉറപ്പുള്ള വാഗ്ദാനങ്ങളെ നൽകാറുള്ളു. ആതു പാലിക്കുകയും ചെയ്യും. ന്യായവും നീതിയും നടപ്പാക്കുന്നതിൽ അതീവ ശ്രദ്ധാലു.

കർമ്മകുശലതയും വചനതീക്ഷ്ണതയും മിതഭാഷിത്വവുമുള്ള ആത്മീയ ഗുരുവും നല്ല ഇടയനും, യൂത്ത് കോൺഫറൻസുകളിൽ യുവജനങ്ങളെ ആകർഷിക്കുകയും ചെയ്യുന്ന പണ്ഡിതൻ. കളങ്കമില്ലാത്ത സൗഹൃദവും മാനസിക വിശാലതയും എപ്പോഴും പ്രകടിപ്പിക്കുന്ന ഈ ബിഷപ്പിന് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും അജപരിപാലനരംഗത്ത് ശോഭവിതറുവാനും സഭയിൽ നൂതന ജീവകാരുണ്യ വാതിലുകൾ തുറക്കുവാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ലോകമെമ്പാടുമുള്ള ആദ്ധ്യാത്മിക കേന്ദ്രങ്ങൾ സന്ദർശിക്കുകയും വിവിധ തുറകളിലെ നേതാക്കളുമായി സുഹൃദ്ബന്ധം കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന അഭിവന്ദ്യ തിരുമേനി നല്ല വ്യക്തിബന്ധങ്ങളിലൂടെ സഭയുടെ മഹത്വം ഉയർത്തുന്നു. പൗരസ്ത്യ ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ ശക്തനായ വക്താവും പ്രചാരകനും സാക്ഷിയുമായ ഈ താപസ ശ്രേഷ്ഠൻ ദീർഘകാലം ജീവിച്ചിരുന്ന് സഭയ്ക്ക് നല്ല നേതൃത്വം നൽകട്ടെയെന്ന് ആശംസിക്കുന്നു.

# സൗഹൃദത്തിന്റെ പര്യായമായ ശ്രേഷ്ഠാചാര്യൻ

വെരി. റവ. ഇലവുക്കാട്ടു ഗീവർഗീസ് റമ്പാൻ

അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി വൈദികനായിരിക്കുന്ന കാലം മുതൽ എനിക്ക് വളരെ പരിചിതനാണ്. എം.ജി.ഒ.സി. എസ്.എം ന്റെ വാർഷിക ക്യാമ്പ് 1970 നോടു ചേർന്നിരുന്ന പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽവച്ച് നടന്നപ്പോൾ കടമ്പനാട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ പള്ളിയെ പ്രതിനിധീകരിച്ച് ഞാനും പോയിരുന്നു. തിരുമേനിയുടെ അന്നത്തെ സ്വാഗത പ്രസംഗത്തിന്റെ പ്രസരിപ്പ് ഇന്നും എന്റെ കാതുകളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. ഞാൻ വൈദികനായതിനുശേഷവും പലപ്പോഴും തിരുമേനിയുടെ സൗഹൃദം ലഭിപ്പാനിടയായിട്ടുണ്ട്. യു. എ. ഇ.യിൽ വികാരിയായിരുന്നപ്പോൾ തിരുമേനിയുടെ ഒരു സഹോദരിയോടും മറ്റ് സഹോദരങ്ങളോടുമൊപ്പം സൗഹൃദം പങ്കിടുവാനുള്ള അവസരവും എനിക്ക് ലഭിക്കുകയുണ്ടായി. കൂടാതെ തിരുമേനിയുടെ ഒരു പിൻഗാമിയായി ഇംഗ്ലണ്ടിലെ ഇടവകയിൽ സേവനം അനുഷ്ഠിക്കുവാനും സാധിച്ചതിൽ എനിക്ക് അഭിമാനം തോന്നുന്നു.

സൗഹൃദം നിറഞ്ഞ പുഞ്ചിരിയോടുകൂടി മറ്റുള്ളവരോട് തിരുമേനി ഇടപെടുന്നത് വളരെ ആകർഷകമായ വ്യക്തിത്വമായി കാണാവുന്നതാണ്. ആ വ്യക്തിത്വം ആരേയും ആകർഷിക്കുന്നതാണ്. തിരുമേനിയുടെ ബന്ധങ്ങൾ ഇന്ന് അഞ്ചു ഭൂഖണ്ഡങ്ങളിലും നിറഞ്ഞുനിൽക്കുന്നു എന്ന സത്യം മലങ്കര സഭയ്ക്കും അഭിമാനത്തോടുകൂടെ കാണാവുന്നതാണ്. വിവിധ സഭകളും, സംഘടനകളും, അതുമായി ബന്ധപ്പെട്ട പ്രധാനികളുമായിട്ടുള്ള തിരുമേനിയുടെ സൗഹൃദം മലങ്കര സഭയ്ക്ക് എന്നുമെന്നും ശ്രേയസ് നൽകുന്നതാണ്.

വൈദികനായിരിക്കുമ്പോൾതന്നെ നല്ല ഒരു സംഘാടകൻ എന്ന ഖ്യാതി നേടിയ വ്യക്തിയാണ് തിരുമേനി. കാലം ചെയ്ത അഭിവന്ദ്യ

ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ ശിക്ഷണത്തിൽ ആ പിതാവിനെപ്പോലെ അന്തർദേശീയ തലത്തിൽ കുറിലോസ് തിരുമേനിക്കും ഉയരുവാൻ സാധിച്ചുവെന്നത് അനുഗ്രഹമായി കരുതുന്നു. ആഢ്യത്വത്തോടുള്ള പെരുമാറ്റം ആരേയും ആകർഷിക്കുന്നതാണ്.

അഭിവന്ദ്യ തിരുമേനിക്ക് നല്ലയൊരു മിഷനറി സ്പിരിറ്റ് ഉണ്ടെന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു. യുവജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുവാനും മറ്റ് ഓർത്തഡോക്സ് സഭകളുടെ ആത്മീയ പാരമ്പര്യങ്ങളേയും ഫ്രാൻസിലെ തൈസേ പോലെയുള്ള ആത്മീയ സമൂഹത്തിന്റെ പ്രവർത്തനങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഭാരതീയ സംസ്കാരത്തിനും മലങ്കര സഭയുടെ ആത്മീയ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലും കമ്മ്യൂണിറ്റി (കളെ) രൂപപ്പെടുത്താനുള്ള തിരുമേനിയുടെ ഉദ്യമം വളരെ ശ്ലാഘനീയമാണ്. തിരുമേനിയുടെ ജീവിതത്തിൽ കാണുന്ന പ്രത്യേകത പ്രാർത്ഥനയും, പ്രസംഗവും, പ്രവർത്തനങ്ങളും കൂട്ടായ്മയും സമഗ്രമായി ഒന്നിച്ചു സമ്മേളിക്കുന്നു എന്നുള്ളതാണ്.

തിരുമേനിയുടെ ആത്മവീര്യവും ദൃഢവിശ്വാസവും കഠിനാധ്വാനവും ഏവർക്കും ഒരു നല്ല മാതൃകയായി കാണാവുന്നതാണ്. വലിയ ഒരു അപകടത്തിന്റെ പ്രത്യാഘാതത്തിൽനിന്നും പുനർജീവിച്ച് അസാധാരണമായ ശക്തിയോടും പ്രഭയോടും ഓടിനടക്കുന്ന തിരുമേനി മലങ്കര സഭയ്ക്ക് ദൈവം നൽകിയ ഒരു അത്ഭുത ശ്രേഷ്ഠാചാര്യനാണെന്ന സത്യം വിസ്മരിക്കാൻ സാദ്ധ്യമല്ല.

മറ്റുള്ളവരുമായിട്ട് ചേർന്നുപോകുവാനും തന്റേതായ അഭിപ്രായങ്ങളെയും മൂല്യങ്ങളേയും തുറന്നു പറയുവാനുമുള്ള തിരുമേനിയുടെ വ്യക്തിത്വത്തേയും എടുത്തുകാട്ടേണ്ട കാര്യം തന്നെയാണ്. അതുപോലെ മറ്റുള്ളവരെ കേൾക്കുവാനുള്ള തിരുമേനിയുടെ ക്ഷമയും അതിനുവേണ്ടി സമയം കണ്ടെത്തുവാനുള്ള വ്യഗ്രതയും അവരെ നേരായ വഴിയിൽ നയിക്കാനുമുള്ള താല്പര്യവും മറ്റൊരു പ്രത്യേകതയായി എനിക്ക് അനുഭവപെട്ടിട്ടുണ്ട്. അഭിവന്ദ്യ തിരുമേനിയുടെ ജന്മദിനത്തിൽ സർവ്വശക്തനായ ദൈവം തിരുമേനിക്ക് ആയുസ്സും ആരോഗ്യവും നൽകി അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അഭിവന്ദ്യ തിരുമേനിയുടെ ജന്മദിനത്തോടുചേർന്ന് പ്രസിദ്ധീകരിക്കുന്ന മാർ ഗ്രിഗോറിയോസ് സ്റ്റഡിഫോറത്തിന്റെ ഈ പതിപ്പ് എന്നും ഓർമ്മയിൽ നിറഞ്ഞ് ശോഭിക്കട്ടെ എന്നാശംസിക്കുന്നു.

# ജോർജ് കുര്യൻ അച്ചൻ - ഒരു നല്ല സുഹൃത്ത്

പ്രൊഫ. വി.ഐ. നൈനാൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക കോൺഫ്രൻസുകളിൽ, പതിനഞ്ചോളം വർഷങ്ങളിൽ കോളജ് അധ്യാപകനായ ശേഷം പങ്കെടുക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. എന്റെ ജീവിതത്തിന്റെ ഒരു വഴിത്തിരിവും ഈ കോൺഫ്രൻസുകളിൽകൂടിയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇവിടെവച്ചാണ് ഞാൻ ജോർജ് കുര്യൻ എന്ന വൈദീക ശ്രേഷ്ഠനെ പരിചയപ്പെടുന്നത്. കോൺഫ്രൻസുകൾ, സാധാരണ ജീവിതത്തിൽനിന്നുള്ള ഒരു "റിട്രീറ്റ്" എന്ന സങ്കൽപമാണ്, അച്ചന് ഉണ്ടായിരുന്നത്. വിലകുറഞ്ഞ തമാശകൾ പറയാത്ത അദ്ദേഹം മിതഭാഷിയായിരുന്നു. ശാന്തമായും, സൗമ്യമായുമുള്ള പെരുമാറ്റം, ആരുടെയും ശ്രദ്ധപിടിച്ചു പറ്റും. നോട്ടത്തിലെ കർക്കശഭാവം, കോൺഫ്രൻസുകളിൽ അച്ചടക്കം പാലിക്കാൻ വിദ്യാർത്ഥികളെ നിർബന്ധിതരാക്കി.

തുടർച്ചയായി പല കോൺഫ്രൻസുകളിൽ പങ്കെടുത്ത, 42 വയസ്സിൽ കൂടുതൽ പ്രായമുള്ള എന്നോട്, ഓരോ കോൺഫ്രൻസിന് ചെല്ലുമ്പോൾ "എന്തുണ്ട്, നൈനാൻ സാറെ", എന്ന കുശലംകൊണ്ട് സംസാരം നിർത്തും. ഇന്നും അങ്ങനെതന്നെ.

സ്ഥാനമോഹങ്ങൾ ഇല്ലാതെ, തന്നെ ഏൽപ്പിച്ച ജോലി കൃത്യമായി ചെയ്ത ആളാണ് അച്ചൻ. നമ്മുടെ വാർഷിക കോൺഫ്രൻസുകളിൽ, മുമ്പ് സഭയ്ക്ക് പുറത്തുനിന്നുള്ള പ്രഭാഷകരെ പങ്കെടുപ്പിക്കാറില്ലായിരുന്നു. എന്നാൽ ജോർജ് കുര്യൻ അച്ചന്, പ്രമുഖ സാഹിത്യകാരനും, പ്രഭാഷകനുമായ ഡോ. സുകുമാർ അഴീക്കോട് സാറിനെ പങ്കെടുപ്പിക്കണമെന്ന് താൽപര്യം തോന്നി. അതനുസരിച്ച്, ഞാനും അച്ചനും കൂടി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പോയി, അഴീക്കോട് സാറിനെ

ക്ഷണിക്കുകയായിരുന്നു.

കളമശ്ശേരി രാജഗിരി കോൺഫ്രൻസിൽ ആയിരുന്നു, അഴീക്കോട് സാറിന്റെ മലങ്കര സഭയിലെ ആദ്യത്തെ പരിപാടി. ഇന്ന് നമ്മുടെ സഭയുടെ രാജ്യാന്തര സമ്മേളനങ്ങളിലെ മുഖ്യപ്രഭാഷകൻ അഴീക്കോട് സാർ തന്നെ ആയിത്തീർന്നു. ഇരുപതാം നൂറ്റാണ്ടിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ "ശില്പി" എന്ന് ഞാൻ വിശ്വസിക്കുന്ന, ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ കരങ്ങൾക്ക് ശക്തി പകരുന്നതായിരുന്നു ജനറൽ സെക്രട്ടറി എന്ന നിലയിൽ ജോർജ് കുര്യനച്ചന്റെ പ്രവർത്തനശൈലി.

ജോർജ് കുര്യനച്ചനെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ശേഷം, റമ്പാൻ ആയി അദ്ദേഹം, പരുമലയിൽ ഉപവസിച്ചു പ്രാർത്ഥിക്കാൻ വന്നിരുന്നു. ഒരു ദിവസം വൈകിട്ട് മാവേലിക്കരയിൽനിന്ന് ഞാൻ പരുമലയിലെത്തി. കബറിങ്കൽ പ്രാർത്ഥിച്ചശേഷം, ഞാൻ റമ്പാൻ അച്ചനെ കണ്ടു. വളരെ ശാന്തമായി കുറച്ചുനേരം എന്നോട് സംസാരിച്ചു. ഏൽക്കാൻ പോകുന്ന ആ വലിയ സ്ഥാനത്തെ വിശ്വാസികൾ എങ്ങനെ കാണുന്നുവെന്ന് ഞാൻ സൂചിപ്പിച്ചു. ഉടനെ റമ്പാൻ അച്ചൻ എന്നോടു പറഞ്ഞ ഒരു ചെറിയ വാചകം ഞാൻ ഇന്നും ഓർക്കുന്നു. "നൈനാൻ സാറിനെപ്പോലെയുള്ളവർ സഭയിലെ തിരുമേനിമാരുടെ മാത്രമായ ഒരു യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നത് നന്നായിരിക്കും. കാരണം അത് ഞങ്ങൾക്ക് വിശ്വാസികളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ സാധിക്കും."

റമ്പാൻ അച്ചൻ, പരുമല പാലത്തിൽകൂടി നടന്ന്, ബസ്സ്റ്റാന്റുവരെ വന്ന് എന്നെ യാത്രയാക്കിയിട്ടാണ് പോയത്. ഇന്ന് ബോംബെ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി, ലോക ക്രൈസ്തവ സമ്മേളനങ്ങളിലെ മുഖ്യ പ്രഭാഷകനാണ്. അദ്ദേഹത്തിന് എന്റെ ജന്മദിനാശംസകൾ...

# നിർമല സ്നേഹത്തിന്റെ ദൈവദൂതൻ

ജോയൻ കുമരകം

നിർമല മാനസരായ മനുഷ്യർ ദൈവദൂതന്മാരാണ്. ഭൂമിയിൽ സ്വർഗം പണിയുന്ന ദൈവദൂതന്മാർ. വളരെ നാളുകൾക്കുമുമ്പ് ഒരു കൊച്ചു ദൈവദൂതൻ എന്റെ ജീവിതത്തിലേക്കു കടന്നുവന്നു. ആണ്ടും തീയതിയും കൃത്യമായി ഓർമ്മിക്കാൻ കഴിയുന്നില്ല.

സി.എം.എസ്. കോളജിൽ പ്രീഡിഗ്രിക്കു പഠിച്ചിരുന്ന ആ ചെറുപ്പക്കാരന്റെ പേര് ജോർജ് കുര്യൻ എന്നായിരുന്നു. എം.ജി.ഒ.സി.എസ്.എമ്മിലും ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിലും അന്നും ഇന്നും സജീവസാന്നിദ്ധ്യമായ കൊല്ലാട് പുളിയേരിൽ ജോസ് കുര്യന്റെ അനുജൻ ആയിരുന്നു ആ യുവാവ്. ജ്യേഷ്ഠനെപ്പോലെ അനുജനും എം.ജി.ഒ.സി.എസ്.എം ന്റെ സജീവ പ്രവർത്തകനായി.

സമുദായക്കാരോടെന്നപോലെ മുതിർന്ന തലമുറയോടും ഇളംതലമുറയോടും സ്നേഹബന്ധങ്ങൾ പുലർത്തിയിരുന്ന എനിക്ക് ഇളം തലമുറക്കാരനായ ജോർജ് കുര്യനുമായി സൗഹൃദം സ്ഥാപിക്കാൻ അധികനാൾ വേണ്ടിവന്നില്ല.

ഞാൻ അദ്ദേഹത്തെ അന്ന് ജോർജ്കുട്ടി എന്നു വിളിച്ചിരുന്നു. ജോർജ്കുട്ടി എന്ന പേര് എനിക്ക് വളരെ പ്രിയപ്പെട്ടതാണ്. ആ പേരിൽ നിരവധി സ്നേഹിതന്മാർ എനിക്കുണ്ട്. എം.ജി.ഒ.സി.എസ്.എം. കോൺഫറൻസിലെ രസക്കുടുക്കയായിരുന്നു ജോർജ്കുട്ടി. നിർദ്ദോഷഫലിതങ്ങൾ പറയുന്നതിലും കേൾക്കുന്നതിലും ആ നർമ്മ കുബേരൻ ആനന്ദം കണ്ടെത്തിയിരുന്നു.

ആ കൊച്ചു ജോർജ്കുട്ടി കലാലയ പഠനത്തിനുശേഷം വൈദീക സെമിനാരിയിൽ ചേർന്നു. വൈദീക പദവികളിൽ പടിപടിയായി ഉയർന്നു. ഷഷ്ട്യബ്ദപൂർത്തിയാഘോഷിക്കുന്ന അഭിവന്ദ്യനായ

ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമേനിയാണ് അന്നത്തെ ആ കൊച്ചു ജോർജുകുട്ടി എന്നു ചിന്തിക്കുമ്പോൾ സപ്തതി കഴിഞ്ഞ ഈ ലേഖകൻ അത്ഭുതഭരിതനാകുന്നു.

മഹാതേജസ്വിയായിരുന്ന വലിയ തിരുമേനിയുടെ (ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ) സ്നേഹവാത്സല്യങ്ങൾ ആർജ്ജിക്കുവാൻ ഭാഗ്യം ലഭിച്ചവരുടെ മുൻനിരയിലാണ് ഈ കൊച്ചു തിരുമേനിയുടെ സ്ഥാനം.

യുവജനങ്ങളെ ആഴമായി സ്നേഹിക്കയും, യുവഹൃദയങ്ങളുടെ തുടിപ്പും ചൊടിപ്പും മനസ്സിലാക്കുകയും ചെയ്തിരുന്ന വലിയ തിരുമേനിയെപ്പോലെതന്നെ കൊച്ചുതിരുമേനിയും 'യുവാക്കളുടെ തിരുമേനി' എന്ന പേരിന് അർഹനാണ്.

അന്നത്തെ ജോർജ്കുട്ടിമാരിലൊരാളാണ് ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ പ്രിൻസിപ്പലായി ഇന്നു സേവനം അനുഷ്ഠിക്കുന്ന വന്ദ്യനായ റവ. ഡോ. കെ.എം. ജോർജ്. ദൈവശാസ്ത്രജ്ഞൻ, ഗ്രന്ഥകാരൻ, ചിന്തകൻ, പ്രഭാഷകൻ, കവി... ഈ നിലകളിലെല്ലാം അദ്ദേഹം സർവ്വാദരണീയനാണ്.

പുലിക്കോട്ടിലെ ജോർജ്കുട്ടി (മാർ കൂറിലോസ് തിരുമേനി) യും പുറക്കുളത്തെ ജോർജ്കുട്ടിയും (റവ. ഡോ. കെ.എം. ജോർജ്) അത്യുന്നതസ്ഥാനം അലങ്കരിക്കുമ്പോഴും കൂടുതൽ കൂടുതൽ വിനയാന്വിതരാകുന്നു. അവർ എന്നിൽ ചൊരിയുന്ന സ്നേഹവാത്സല്യങ്ങൾ എന്നെ വികാരാധീനനാക്കുന്നു.

ഒരു കാലത്ത് ലഹരിയുടെ തിരകളിൽ തകർന്നുകൊണ്ടിരുന്ന എന്നെ ആ മാരക വിപത്തിൽനിന്നും മോചിപ്പിക്കാൻ കൊച്ചുതിരുമേനിയും കെ.എം. ജോർജ് അച്ചനും വലിയ പങ്കുവഹിച്ചിരുന്നു.

ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിക്കുക എന്നത് എന്റെ ഒരു വലിയ സ്വപ്നം ആയിരുന്നു. വലിയ തിരുമേനിയും, കൊച്ചുതിരുമേനിയും അന്നു വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി ആയിരുന്ന ബ. ജോൺ തോമസച്ചനും ഇക്കാര്യത്തിൽ ആതീവ തല്പരർ ആയിരുന്നു. മദ്യാസക്തിക്കും മയക്കുമരുന്നാസക്തിക്കും എതിരായി ഒരു പ്രസ്ഥാനം നാമ്പെടുത്തെങ്കിലും താമസിയാതെതന്നെ ശാന്തനിദ്രയിൽ ലയിച്ചു. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഇന്നത്തെ നേതൃത്വം ആ സംഘടനയ്ക്ക് പുനർജന്മം നൽകുമെന്ന് പ്രത്യാശിക്കുന്നു.

കൊച്ചുതിരുമേനി ഇന്ന് ക്രൈസ്തവസഭാ നേതൃത്വരംഗത്ത് ശ്രദ്ധേയനാണ്. അദ്ദേഹം നേതൃത്വം നൽകുന്ന പ്രസ്ഥാനങ്ങളെക്കുറിച്ച് ഒന്നും തന്നെ ഈ ലേഖനത്തിൽ പരാമർശിക്കുന്നില്ല. വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ഒരു കവിതാശകലം ഓർമ്മയിൽ വരുന്നു.

"പേരറിഞ്ഞുകൂടാത്ത ഒരു
കൊച്ചുപൂവിനോട് കുശലം
പറയാൻ സൂര്യകാന്തിപ്പൂവ്
മടിച്ചുനിൽക്കെ ഉദയ
സൂര്യൻ തന്റെ സ്നേഹ
കിരണങ്ങൾകൊണ്ട്
ആ കുഞ്ഞു പൂവിനെ
തലോടിയിട്ട്..."

"ഓമനേ നിനക്കു സുഖമാണോ..." എന്നു ചോദിച്ചു.

വലിയ തിരുമേനിയും കൊച്ചുതിരുമേനിയും പങ്കെടുത്തിരുന്ന പല സമ്മേളനങ്ങളിലും അവരുടെ പ്രോത്സാഹനം അനുഭവിക്കുവാൻ എനിക്ക് ഇടവന്നിട്ടുണ്ട്.

വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഔദ്യോഗിക സ്ഥാനങ്ങൾ ഒന്നും വഹിച്ചിട്ടില്ലെങ്കിലും ആ പ്രസ്ഥാനത്തെ ആഴമായി സ്നേഹിക്കുന്ന ഒരാൾ എന്ന നിലയിൽ പല പരിപാടികളിലും ഞാൻ പങ്കെടുക്കാറുണ്ട്.

നിശ്ശബ്ദ ശ്രോതാവായി പിൻനിരയിലിരിക്കുന്ന എന്നെ തിരുമേനിയുടെ സൂക്ഷ്മ നേത്രങ്ങൾ കണ്ടുപിടിക്കും. ഏതെങ്കിലും ദൂതനെ വിട്ട് സ്റ്റേജിലേക്ക് വിളിക്കും. പ്രസ്ഥാനത്തിന്റെ വമ്പന്മാർ ഇരിക്കുന്ന വേദിയിൽ എനിക്കും ഒരു ഇരിപ്പിടം നൽകും. മഹാകവിയുടെ കുഞ്ഞു പൂവിനെപ്പോലെ ഞാൻ ആഹ്ലാദിക്കും.

ഈ അടുത്തകാലത്ത് മാർ തെയോഫിലോസ് സ്മാരക പ്രഭാഷണത്തിന് എന്നെ ബോംബെയിലേക്ക് തിരുമേനി വിളിക്കുകയുണ്ടായി. ടിക്കറ്റും ബുക്കുചെയ്തു. നിർഭാഗ്യമെന്നുപറയട്ടെ, ആരോഗ്യപരമായ കാരണങ്ങളാൽ പോകാൻ കഴിഞ്ഞില്ല. ആ വലിയ മനസ്സിന്റെ മുമ്പിൽ ഞാൻ ശിരസ്സുനമിക്കുന്നു.

വലിയ തിരുമേനിയെപ്പോലെതന്നെ കൊച്ചുതിരുമേനിയും അർഹതയുള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

കാലംചെയ്ത ബഥനിയിലെ കൊച്ചുതിരുമേനി (യൂഹാനോൻ മാർ

അത്താനാസിയോസ്) പലപ്പോഴും ജോർജ് കുര്യന്റെ (കൊച്ചുതിരുമേനി) സ്വഭാവ വൈദഗ്ധ്യത്തെ പ്രകീർത്തിച്ചു പറഞ്ഞിട്ടുള്ളത് ഇപ്പോഴും എന്റെ കാതുകളിൽ മുഴങ്ങുന്നു. ആർദ്രത, അലിവ്, അനുകമ്പ ഈ വാക്കുകൾ സമസ്ത നേതൃമണ്ഡലങ്ങളിലും വറ്റിവരണ്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് കൊച്ചുതിരുമേനിയെപ്പോലുള്ള സ്നേഹദൂതന്മാരുടെ സ്ഥാനം അതുല്യമാണ്........................................................................................................

.......................................................................................................................................

ആർദ്രത, സമഭാവന, വിനയം വിശാലവീക്ഷണം തുടങ്ങിയ വിശിഷ്ട ഗുണങ്ങളുടെ വിളനിലമായ കൊച്ചുതിരുമേനിക്ക് നിറഞ്ഞ മനസ്സോടെ ഷഷ്ട്യബ്ദപൂർത്തി മംഗളങ്ങൾ നേരുന്നു.

# "നിങ്ങൾ എന്നെ ആരെന്നു പറയുന്നു"

ഫാ. ജോസഫ് സാമുവേൽ കറുകയിൽ

"പുരാതനനായ ദൈവം നിന്റെ സങ്കേതം. കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്" മിസ്രയിമിന്റെ അടിമത്വത്തിൽനിന്ന് വിടുവിച്ച് കനാനിലേക്ക് നയിച്ച മോശ തന്റെ ദൗത്യം പൂർത്തിയാക്കിയപ്പോൾ നടത്തിയ വിട വാങ്ങൽ പ്രസംഗത്തിൽ പറഞ്ഞ വാക്യമാണിത്. പുരാതനനായ ദൈവം നിന്റെ സങ്കേതം കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്. മലങ്കര സഭയിലെ ഒരു വിശ്വാസിയായും വൈദികനായും മെത്രാപ്പോലീത്തായായും ശുശ്രൂഷ ചെയ്യുവാൻ ദൈവം അഭിവന്ദ്യ തിരുമേനിയെ ഒരുക്കിയ തിനാൽ ദൈവത്തെ സ്തുതിക്കാം. ഈ ലോകത്തിൽ 60 വയസ്സു പൂർത്തിയാക്കിയ പിതാവിന് ഹൃദയം നിറഞ്ഞ മംഗളങ്ങൾ ആശംസിക്കുന്നു.

മറ്റുള്ളവരെ വിമർശിക്കുവാൻ പ്രത്യേകിച്ച് ദൈവശുശ്രൂഷയിൽ ആയിരിക്കുന്നവരെ വിമർശിക്കുവാൻ വളരെ സാധ്യതയുള്ള ഒരു ഘട്ട ത്തിലാണ് നാം ജീവിക്കുന്നത്. അതുകഴിഞ്ഞ കാലങ്ങളേക്കാൾ ഒരു പക്ഷെ കൂടിയിട്ടുണ്ടാവാം. എങ്കിലും മലങ്കര സഭാവിശ്വാസികൾ പിതാ ക്കന്മാരെ ബഹുമാനിക്കുന്നതിലും ആദരിക്കുന്നതിലും വളരെ മുൻപി ലാണ് എന്ന സത്യം വിസ്മരിക്കരുത്. ഇത്തരുണത്തിൽ ആർക്കും പൂർണ്ണരായി ജിവിക്കാനാകില്ലെങ്കിലും സാധാരണ വിശ്വാസികളും വൈദികരും പൊതുജനവും ഒരു മെത്രാപ്പോലീത്താ എന്തായിരിക്കണം എന്നു ആശിക്കയും ആഗ്രഹിക്കയും ചെയ്യുന്നുണ്ട് എന്നത് ഓർക്കേ ണ്ടതാണ്. ഒരിക്കൽ ക്രിസ്തു ചോദിച്ചു "നിങ്ങൾ എന്നെ ആരെന്നു പറയുന്നു" അധികാരങ്ങളിലായിരിക്കുന്ന നാം ഈ ചോദ്യം ആത്മാർത്ഥതയോടെ ആരായേണ്ടതാണ്. പലരും മുഖസ്തുതിക്കാ രായതിനാലും അനധികൃതമായി പലതും നേടേണ്ടതുകൊണ്ടും സത്യം

പറയാറില്ലെങ്കിലും ആത്മാർത്ഥതയുള്ളവരോട് രഹസ്യമായി ആരായുന്നതു നല്ലതാണ്. എന്നാണ് ഒരു ശ്രേഷ്ഠ ഇടയനിൽനിന്നു പ്രതീക്ഷിക്കുന്നത്.

**1. അഹങ്കാരമില്ലാത്ത അധികാരി**

മലങ്കര സഭയെ സംബന്ധിച്ചിടത്തോളം ഒരു വൈദികനായാലും മെത്രാപ്പോലീത്തായായാലും അവർക്ക് ചില ആത്മീയാധികാരങ്ങളും ഭരണപരമായ അധികാരങ്ങളും ഉണ്ട്. എന്നാൽ ഇവയൊന്നും അഹങ്കാര പ്രകടനത്തിനുള്ള വഴിയായി കാണരുത്. പ്രതിക്കൂട്ടിൽ കയറ്റി നിർത്തിയ ക്രിസ്തുവിനോടു പറഞ്ഞു. നിന്നെ വെറുതെ വിടാനും ക്രൂശിക്കാനും എനിക്ക് അധികാരമുണ്ട് എന്നറിയാമോ? കർത്താവിന്റെ ഉത്തരം മുകളിൽനിന്ന് അധികാരം ഇല്ലാതെപോയാൽ നിനക്കെന്തധികാരം? അധികാരവും സ്ഥാനവും ഉടയവൻ തന്നതാണെന്ന ബോധ്യം ഉണ്ടായാൽ അവ അഹങ്കാരത്തിനുള്ളതല്ല എന്ന തിരിച്ചറിവുണ്ടാവും.

**2. പരീശ ഭക്തിയെക്കാൾ ഉയർന്ന ഭക്തിയാണാവശ്യം**

കൃത്യനമസ്കാരവും നോമ്പുനോൽക്കയും പള്ളിയാരാധന മുടക്കം കൂടാതെ നടത്തുകയും ചെയ്യേണ്ടതാവശ്യമെങ്കിലും പരീശന്മാരും ഇതെല്ലാം ചെയ്തിരുന്നു എന്നു മറക്കരുത്. അതിലുപരിയായ പ്രാർത്ഥനാത്മാവിലുള്ള ഭക്തിയാണാവശ്യം. പരീശ ഭക്തിയെ കർത്താവ് നിശിതമായി വിമർശിച്ചു. പരിശുദ്ധന്മാരിലെല്ലാം കാണുന്നത് നിഷ്ഠയോടെയുള്ള ആരാധനകൾക്കുപരിയായ ഭക്തിയായിരുന്നു. നിങ്ങളുടെ നീതി പരീശന്മാരുടെ നീതിയെ കവിയുന്നതായിരിക്കണം എന്നു കർത്താവു കല്പിച്ചു.

**3. മാന്യമായ സമീപനവും കുലീനമായ ഇടപാടുകളും**

വിവിധ വിഷയങ്ങളിൽ ഒരു മെത്രാപ്പോലീത്തായും വൈദികനും ഇടപെടേണ്ടതുണ്ട്. മനുഷ്യബന്ധങ്ങളാണ് ഏറ്റം പ്രധാനമായി ഉണ്ടാകേണ്ടത്. അതിന് മാന്യമായ സമീപനം ആവശ്യമാണ്. വെറും താഴ്ന്ന നിലവാരത്തിലുള്ള ഇടപാടുകൾ നേതാക്കന്മാരെ വിലകുറച്ചുകാട്ടുന്നു. എല്ലാവരും പറയുന്നതെല്ലാം അംഗീകരിക്കാനാവില്ലെങ്കിലും മാന്യമായ പെരുമാറ്റത്തിലൂടെയും ഒരു അധികാരിക്ക് തന്റെ സ്ഥാനത്തിനു ചേരാത്ത ഇടപെടലുകൾ ഒഴിവാക്കിയും ശുശ്രൂഷ തികയ്ക്കാം.

**4. ഞാൻ മാത്രം എല്ലാം അറിയാവുന്നവൻ എന്ന ചിന്ത**

നിശ്ചയമായും ഒരു മെത്രാപ്പോലീത്താ എല്ലാ കാര്യങ്ങളെക്കുറിച്ചും അറിവുണ്ടായിരിക്കുക നല്ലതാണ്. പക്ഷെ ലോകത്തിൽ എല്ലാം അറി

യാവുന്ന ആൾ ഞാനാണെന്നും സദസ്യരും കൂടെയുള്ളവരും ഒന്നും അറിവില്ലാത്തവർ എന്ന ധാരണ അബദ്ധങ്ങളിൽ കൊണ്ടുചെന്നെത്തിക്കും. ഓരോ വിഷയത്തിലും അവഗാഢജ്ഞാനമുള്ളവർ ഉണ്ട്. അവരുടെ ഉപദേശങ്ങൾ തേടുന്നത് ശ്രേഷ്ഠന്മാരുടെ ലക്ഷണമാണ്.

**5. വിവേചനത്തിന്റെ ആത്മാവുള്ളവർ**

ആളുകൾ പലവിധമാണ്. എന്നാൽ മുഖസ്തുതിക്കാരെയും സ്തുതിപാഠകന്മാരെയും ആത്മാർത്ഥതയുള്ളവരെയും തമ്മിൽ തിരിച്ചറിയാനുള്ള വിവേചനത്തിന്റെ ആത്മാവ് അധികാരികളിൽ നിന്നു നഷ്ടപ്പെടുമ്പോൾ ആത്മാർത്ഥതയുള്ളവർ പതുക്കെ അകലുവാൻ തുടങ്ങും. ഒടുവിൽ അധികാരികൾ സൂത്രത്തിൽ കാര്യം സാധിക്കാൻ നിൽക്കുന്നവരുടെ കളിപ്പാവയായി മാറും.

**6. മെത്രാപ്പോലീത്താമാർ ഏഷണിക്കാരെ പ്രോത്സാഹിപ്പിക്കരുത്.**

**സദൃശ്യ വാക്യക്കാരന്റെ ഭാഷയിൽ ഏഷണി കേൾക്കുന്ന അധികാരികൾ ന്യായം മറിച്ചുകളയും. ന്യായവും അന്യായവും തമ്മിൽ തിരിച്ചറിയാതെ ഏഷണിക്കാരുടെ വാക്കുകൾക്ക് കാതോർക്കുന്നതിനാൽ പലപ്പോഴും ന്യായം മറിച്ചുകളയുന്നു.**

**7. സഭ എന്ന പൊതു താൽപര്യത്തേക്കാൾ മറ്റു താല്പര്യങ്ങൾ ഒഴിവാക്കണം.**

മേല്പട്ട സ്ഥാനത്തേക്ക് ഒരാൾ തെരഞ്ഞെടുക്കപ്പെട്ടാൽ അവർ സഭയുടെ പൊതു സ്വത്താണ്. അവരുടെ കാര്യങ്ങൾ നോക്കേണ്ടതു സഭയാണ്. സഭയുടെ ഉന്നമനത്തിനും കെട്ടുറപ്പിനുംവേണ്ടി പ്രവർത്തിക്കേണ്ടതും അവരാണ്. സഭ എന്ന പൊതു താൽപര്യത്തേക്കാൾ വ്യക്തി താൽപര്യങ്ങൾക്കോ, സ്വാർത്ഥ ചിന്തകൾക്കോ അവിടെ യാതൊരു അടിസ്ഥാനവും ഉണ്ടാകാൻ പാടില്ല.

**8. നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ചുള്ള വിചാരം**

ഒരു പദവിയിലെത്തിക്കഴിഞ്ഞാൽ പിന്നെ അതിനുമുകളിലുള്ള പദവിയെക്കുറിച്ചുള്ള ചിന്ത സ്വാഭാവികമാണ്. എന്നാൽ നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ചുള്ള എരിവ് ഇല്ലാതെപോയാൽ ഒടുവിൽ കുറെ കെട്ടിടങ്ങളും ആത്മാർത്ഥതയില്ലാത്ത നേതാക്കന്മാരും ജീവിതമോ അനുഭവമോ ഇല്ലാത്ത കുറെ ഭരണക്കാരും മാത്രമേ ഉണ്ടാകയുള്ളൂ. എങ്ങനെ ഒരാളെ നേടാനാവും എന്നതായിരിക്കണം പ്രധാന ലക്ഷ്യം. എങ്ങനെയും ഒരുത്തനെ തള്ളിക്കളയാം എന്നതാകരുത് പ്രധാന ലക്ഷ്യം. പിതാക്കന്മാരുടെ അവകാശം അടിയറ വെയ്ക്കില്ല എന്നുപ

റഞ്ഞ നാബോത്തിനെ ചതിവിൽ കൊല്ലാൻ സംവിധാനം ചെയ്ത ആഹാബിന്റെ പിൻഗാമികളകരുത് നേതാക്കന്മാർ.

**9. കാലത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിയണം.**

അടിസ്ഥാന പ്രമാണങ്ങൾക്കോ, വിശ്വാസങ്ങൾക്കോ കോട്ടംതട്ടാതെ കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ട് അതിനനുസരിച്ച് പ്രവർത്തന ശൈലികൾ ക്രമീകരിക്കണം. അല്ലെങ്കിൽ സഭയിൽ പുത്തൻ തലമുറ വിശ്വാസം അർപ്പിക്കാതെ പുതിയ സംവിധാനങ്ങളുമായി റാഞ്ചാൻ നിൽക്കുന്നവരുടെ കൂട്ടായ്മയിൽ അഭയം കണ്ടെത്തും. പോകുന്നവൻ പോകട്ടെ, ബാക്കി മതി എന്ന ചിന്ത നന്നല്ല. ആത്മാക്കളെ നഷ്ടപ്പെടത്താൻ കണക്കുബോധിപ്പിക്കേണ്ട ശുശ്രൂഷയായി കാണണം.

**10. വാശിയും, വൈരാഗ്യവും പ്രതികാരവും ഒരിക്കലും നന്നല്ല**

ക്ഷമിക്കാനും, സ്നേഹിക്കാനും, സഹിക്കാനും ഉത്ബോധനം നടത്തുന്ന നാം ശിക്ഷിക്കണം. ശിക്ഷണം പഠിപ്പിക്കണം. തെറ്റുകൾ തിരുത്താൻ നടപടിയെടുക്കണം. പക്ഷേ സാധാരണക്കാരേക്കാൾ വാശിയും വൈരാഗ്യവും പ്രതികാരബുദ്ധിയും ഒരിക്കലും ഒരു ആത്മീയ നേതാവിനും ഭൂഷണമല്ല.

ഒരു സാധാരണക്കാരന്റെ മനസ്സിൽ പൊങ്ങിവരുന്ന ചില ചിന്തകൾ പങ്കുവെച്ചുവെന്നുമാത്രം. ഷഷ്ടിപൂർത്തി ആഘോഷിക്കുന്ന അഭിവന്ദ്യ തിരുമേനി മലങ്കര സഭയ്ക്ക് അഭിമാനകരമായ ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു സഭാംഗങ്ങൾക്കും അഭിമാനമാണ്. ദൈവം കൂടുതൽ ശക്തീകരിക്കട്ടെ.

# സമർപ്പണത്തിന്റെ സാക്ഷ്യം

ഡോ. ജോസ് പാറക്കടവിൽ

ജീവിതം പൂർണമായി ദൈവത്തിനു സമർപ്പിച്ച ഒരാളെ നമുക്കു തിരിച്ചറിയുവാൻ പ്രയാസമില്ല. വാക്കിലും നോക്കിലും പെരുമാറ്റത്തിലുമെല്ലാം അതു വെളിപ്പെട്ടുകൊണ്ടേയിരിക്കും. അഭിവന്ദ്യനായ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയെ ഫാദർ ജോർജ് കുര്യനായി പരിചയപ്പെടുമ്പോൾ തന്നെ എന്റെ മനസ്സിൽ രൂപംകൊണ്ട ധാരണ ഇതായിരുന്നു. ഇതാ ദൈവത്തിൽ പൂർണ്ണമായും വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ഒരാൾ!

ആത്മീയതയുടെ ദൃശ്യഫലങ്ങളെക്കുറിച്ച് വാചാലനാകുന്ന വിശുദ്ധ പൗലോസ് സൗമ്യതയെപ്പറ്റി ആവർത്തിച്ചു പറയുന്നത് അതുകൊണ്ടാണല്ലോ. എതു സാഹചര്യത്തിലും ശാന്തത പുലർത്തുവാൻ ആത്മീയനായ ഒരാൾക്കുമാത്രമേ സാധിക്കൂ. വിശുദ്ധ പൗലോസ് ക്രിസ്തുവിൽ ദർശിച്ച സവിശേഷതകളിൽ പ്രധാനമായിരുന്നു സൗമ്യതയും ശാന്തതയും. "പൗലോസായ ഞാൻ ക്രിസ്തുവിന്റെ സൗമ്യതയും ശാന്തതയും ഓർമ്മിപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നു." (2 കൊരി: 10:1) എന്നദ്ദേഹം പറയുന്നുണ്ടല്ലോ. നിങ്ങളുടെ സൗമ്യത ലോകം അറിയട്ടെ എന്ന് ആശംസിക്കുന്ന വിശുദ്ധ പൗലോസ് ക്രിസ്തീയതയുടെ അടയാളമായി സൗമ്യതയെ അംഗീകരിച്ചിരിക്കുകയാണ്.

സൗമ്യതയും ശാന്തതയും ധീരതയുടെ ലക്ഷണങ്ങളാണെന്നു ചിന്തിക്കുവാൻ കഴിയുന്നവർ ഇക്കാലത്തുണ്ടാകുമോ എന്നു നിശ്ചയമില്ല. 'അഗ്രസീവ്' എന്ന വിശേഷണം നേതൃത്വവൈഭവത്തോടൊപ്പം കൂട്ടിച്ചേർത്തുവയ്ക്കുന്ന ഇന്നത്തെ കാലയളവിൽ അതെങ്ങനെ അംഗീകരിക്കുവാനാകും? ആരാണു ധീരൻ? എന്ന ചോദ്യത്തിനു മഹാകവി കാളിദാസൻ നല്കുന്ന മറുപടി ശ്രദ്ധേയമാണ്.

"വികാരഹേതൗസതി വിക്രിയന്തേ
യേഹാം ന ചേതാംസി ച ധീരഃ ഏവഃ"

'വികാരഹേതുവിരിക്കവേ താൻ/ വികാരമില്ലാത്തവനാണു ധീരൻ' എന്നു പരിഭാഷ. പ്രഭാഷണവേദികളിൽ പ്രഘോഷിക്കപ്പെടുന്ന ആദർശങ്ങൾ ജീവിതത്തിൽ പ്രയോഗക്ഷമത കൈവരിക്കാതെ പോവുക സാധാരണമാണ്. എന്നാൽ കൂറിലോസ് തിരുമേനിക്ക് അത് സാധ്യമാകുന്നത് മനസ്സ് ആത്മീയതയിൽ അഭിരമിക്കുന്നതിനാലാണ്.

ഫാദർ ജോർജ് കുര്യനെ മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്ന അസോസിയേഷൻ യോഗം പത്തനംതിട്ടയിൽ നടക്കുമ്പോൾ അദ്ദേഹം പത്തനാപുരത്തു വിദ്യാർത്ഥി കോൺഫറൻസിൽ പങ്കെടുക്കുകയായിരുന്നു. അദ്ദേഹത്തെപ്പറ്റി നിർണായകമായ ഒരു തീരുമാനം എടുക്കുമ്പോൾ അതിനെക്കുറിച്ച് യാതൊരു ഉത്കണ്ഠയും ഔത്സുക്യമോ കൂടാതെ കോൺഫറൻസിൽ സംബന്ധിച്ചത് ഞാൻ ദർശിക്കുകയുണ്ടായി. വിദ്യാർത്ഥി പ്രസ്ഥാനത്തിലേക്ക് പത്രപ്രവർത്തകർ ഉൾപ്പെടെയുള്ള സഭയിലെ എഴുത്തുകാരെ ആകർഷിക്കുവാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എഴുത്തുകാർക്ക് യുവജനങ്ങൾക്കിടയിലുള്ള സ്വാധീനതയെ തിരിച്ചറിയുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുമായുണ്ടായ സമ്പർക്കം മാർ കൂറിലോസിനും വിശാലമായ കാഴ്ചപ്പാടുകൾ നൽകി. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽനിന്നും ലഭിച്ച ശിക്ഷണവും മാർ കൂറിലോസിന് അമൂല്യമായ സമ്പത്തായി. ആ രണ്ടു ശ്രേഷ്ഠ മഹാപുരോഹിതൻമാരെപ്പോലെതന്നെ മലങ്കര സഭയുടെ അംബാസിഡറായി രാജ്യാന്തര രംഗങ്ങളിലും എക്യുമെനിക്കൽ വേദികളിലും പ്രശോഭിക്കുവാൻ മാർ കൂറിലോസിന് സാധിക്കുകയുണ്ടായി.

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് സ്ഥാപിച്ച പരുമല മാർ ഗ്രിഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രസിഡന്റായും മാർ കൂറിലോസ് പ്രവർത്തിക്കുന്നുണ്ടല്ലോ. "ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയുടെ" പ്രവർത്തനങ്ങളുടെ അഭിമാനകരമായ അദ്ധ്യായങ്ങൾ സ്വജീവിതത്തിൽ എഴുതിച്ചേർക്കുവാൻ മാർ കൂറിലോസിന് കഴിയുമെന്നതിൽ സംശയമില്ല. ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് ആഘോഷങ്ങളല്ല നടക്കേണ്ടത്, ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയുടെ വിപുലീകരണമാണ് നടക്കേണ്ടത് എന്ന തീരുമാനമെടുത്തതിലൂടെ തിരുമേനിയുടെ പക്വതയാർന്ന മനസ്സിന്റെ സൗരഭ്യം ഒരിക്കൽകൂടി അനാവൃതമായിരിക്കുന്നു.

# ഗീവർഗീസ് മാർ കൂറിലോസ്
## മലങ്കരസഭയുടെ അംബാസഡർ

പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്

മലങ്കര ഓർത്തഡോക്സ് സഭയുടെ നയതന്ത്ര ബന്ധങ്ങൾക്ക് നേതൃത്വം നൽകുകയും ഭാരതത്തിനു പുറത്തും ഏറെ വ്യക്തിബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്ത ശ്രേഷ്ഠരായ ഏതാനും പിതാക്കന്മാരും വൈദികരും ഈ സഭയിൽ ഉയർന്നുവന്നിട്ടുണ്ട്. കാലം ചെയ്ത മെത്രാപ്പൊലീത്തമാരായ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, ദിവംഗതനായ ഫാ. ഡോ. വി.സി. സാമുവേൽ, ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പലായി ഇപ്പോൾ സേവനമനുഷ്ഠിച്ചുവരുന്ന ഫാ. ഡോ. കെ. എം. ജോർജ് തുടങ്ങിയവർ ഈ രംഗത്തെ അഗ്രഗണ്യരാണ്. ഈ മേഖലയിൽ ഇന്ന് പ്രഗത്ഭമായ നേതൃത്വം നൽകുന്ന ഒരു മേൽപ്പട്ടക്കാരനാണ് മുംബൈ ഭദ്രാസനാധിപൻ അഭി. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ. ഷഷ്ടിപൂർത്തിയുടെ നിറവിലേക്ക് നടന്നടുക്കുന്ന അഭിവന്ദ്യ തിരുമേനിയെ മലങ്കരസഭയുടെ അഭിനവ അംബാസഡർ എന്ന് നിസ്സംശയം പറയാം.

1980- കളിൽ അദ്ദേഹം (അന്ന് ഫാ. ജോർജ് കുര്യൻ) എം.ജി.ഒ. സി.എസ്സ് .എം. ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്ന കാലഘട്ടത്തിലാണ് അദ്ദേഹവുമായി അടുത്ത് ഇടപഴകാൻ എനിക്ക് അവസരം ലഭിച്ചു തുടങ്ങിയത്. ബസേലിയോസ് കോളേജിലെ വിദ്യാർത്ഥി പ്രസ്ഥാന യൂണിയന്റെ ചുമതല വഹിച്ചിരുന്ന അദ്ധ്യാപകൻ എന്ന നിലയിൽ പ്രസ്ഥാനത്തിന്റെ ഏറെ പരിപാടികളിൽ അദ്ദേഹത്തോടൊത്ത് പ്രവർത്തിക്കാൻ അക്കാലത്ത് സാധിച്ചിരുന്നു. പഴയ സെമി

നാരിയിൽ വച്ചു നടന്ന വാർഷിക കോൺഫറൻസിന്റെ നാളുകളിലു മൊക്കെയാണ് അദ്ദേഹത്തിന്റെ നേതൃപാടവം നേരിൽ ബോധ്യപ്പെട്ട ത്.

ഇംഗ്ലീഷിലും, മലയാളത്തിലും ആശയങ്ങളും അഭിപ്രായങ്ങളും പറ ഞ്ഞവതരിപ്പിക്കാൻ അഭിവന്ദ്യ കൂറിലോസ് തിരുമേനിക്കുള്ള വൈഭവം പ്രശംസനീയമാണ്. മാനേജിംഗ് കമ്മറ്റിയിലും മറ്റും വാദപ്രതിവാദങ്ങൾ വർദ്ധിച്ച് ചർച്ചകൾ വഴിമുട്ടി നിൽക്കുമ്പോൾ അദ്ദേഹം ഇടപെട്ട് പരി ഹാരമുണ്ടാക്കുന്നത് പലകുറി കണ്ടിട്ടുണ്ട്. ബാഹ്യകേരള ഇടവകക ളിൽ നിന്നുവരുന്ന വിദ്യാർത്ഥി പ്രതിനിധികളുമായി ഒരു അകലവുമി ല്ലാതെ അവരുടെ 'ഫ്രീക്വൻസി' യിൽ അദ്ദേഹം ഇടപെടുന്നത് കണ്ട് അത്ഭുതപ്പെട്ടിട്ടുണ്ട്. യുവജന പ്രസ്ഥാനത്തിന്റെ ഗൾഫ് മേഖലാ കോൺഫറൻസ് 2007 ൽ ബഹ്റിനിൽ വച്ച് നടന്നപ്പോൾ വിവിധ ഗൾഫ് രാജ്യങ്ങളിൽ നിന്നുവന്ന പ്രതിനിധികളെല്ലാം തിരുമേനിയുടെ ചുറ്റും എപ്പോഴും വന്നുനിന്ന് കുശല പ്രശ്നങ്ങൾ നടത്തുന്നത് കാണാമായി രുന്നു. പൊതു[illegible]സമ്പർക്ക കാര്യങ്ങളിൽ ഇത്ര നൈപുണ്യമുള്ള സഭാ മേലധ്യ[illegible]മാണ്.

വി[illegible] സന്ദർശിക്കുവാനും വിദേശങ്ങളിൽ നടക്കുന്ന സുപ്രധാന [illegible]ന്തര സമ്മേളനങ്ങളിൽ പങ്കെടുക്കാനും ഇത്രയേറെ അവസരങ്ങൾ ലഭിച്ചിട്ടുള്ളവരും കുറവാണ്. സഭയുടെ ദേശിയ കൗൺസിലിന്റെ (എൻ.സി.സി.ഐ) അദ്ധ്യക്ഷനായി അദ്ദേഹം തെര ഞ്ഞെടുക്കപ്പെട്ടത് മലങ്കരസഭയ്ക്ക് ലഭിച്ച വലിയ ഒരു അംഗീകാരമാ യിരുന്നു. മലയാളവും മലയാണ്മയും കൈമോശം വന്നു തുടങ്ങിയ പ്രവാസി മലയാളികളുടെ ഭദ്രാസനമായ മുംബൈ ഇടവകയ്ക്ക് പ്രത്യേ കിച്ച് യുവ തലമുറയ്ക്ക്, അവരോടെല്ലാം സംവദിക്കനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും കഴിയുന്ന ഒരു ഇടയനെ ലഭിച്ചത് ദൈവ നിയോഗം തന്നെയാണ്. മുംബൈ ഭദ്രാസനത്തിന്റെ പരിധിയ്ക്കു ള്ളിൽ വരുന്ന ഗൾഫ് രാജ്യങ്ങളിൽ ഇടയ്ക്കിടെ പര്യടനം നടത്തു വാനും അവിടുത്തെ യുവജനങ്ങളുമായി നിരന്തരം ബന്ധം പുലർത്തു വാനും അദ്ദേഹത്തിന് കഴിയുന്നുണ്ട് എന്നതും സ്മരണീയമാണ്.

അഭി. തിരുമേനിയുടെ നേതൃത്വത്തിൽ തുടക്കമിട്ടിട്ടുള്ള 'ഗ്രിഗോറി യൻ കമ്മ്യൂണിറ്റി' ഏറെ പ്രതീക്ഷയ്ക്ക് വക നൽകുന്ന ഒന്നാണ്. ലോക ത്തെമ്പാടുമുള്ള ഏറെ സന്യാസാശ്രമങ്ങൾ സന്ദർശിക്കുവാനും അവി ടങ്ങളിലെ ജീവിതരീതിയും ആരാധനശൈലിയുമൊക്കെ മനസ്സിലാ

ക്കാൻ കഴിഞ്ഞതും ഈ മേഖലയിൽ ഒരു പുതിയ തുടക്കമിടാൻ അദ്ദേഹത്തെ പ്രചോദിപ്പിച്ചിട്ടുണ്ടാകണം. ന്യൂ മുംബെയ്ക്ക് സമീപമുള്ള റോഹാ ടൗണിലാണ് ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയുടെ ആസ്ഥാനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്  എങ്കിലും കേരളത്തിൽ പലയിടങ്ങളിലും ഇതിനകം തന്നെ ഈ പുതിയ സമൂഹത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു. പൂർണ്ണമായ സന്യാസികളാവാതെ തന്നെ ക്രൈസ്തവ ധാർമ്മികതയുടെ വ്രതശുദ്ധിയിലേക്ക് മടങ്ങാൻ ഗൃഹസ്ഥാശ്രമികൾക്കുപോലും അവസരമൊരുക്കുന്നതാണ് ഇത്തരം കൂട്ടായ്മകൾ. അഭിവന്ദ്യ തിരുമേനിയുടെ ഊർജ്ജസ്വല നേതൃത്വത്തിൽ ഗ്രിഗോറിയൻ കമ്മ്യൂണിറ്റി വലിയൊരു ആത്മീയപ്രസ്ഥാനമായി വളർന്നുവരുമെന്ന് നമുക്ക് പ്രത്യാശിക്കാം.

അഭിവന്ദ്യ കൂറിലോസ് തിരുമേനി തന്റെ അനുഗൃഹീത ജീവിതത്തിലെ മറ്റൊരു നാഴികക്കല്ലുകൂടി പിന്നിടുകയാണ്. ഷഷ്ടിപൂർത്തി എന്നത് വാർദ്ധക്യത്തിലേക്കുള്ള കവാടമല്ല, മദ്ധ്യായുസ്സിന്റെ നിറവാണ്, ആയുസ്സിന്റെ അർദ്ധവിരാമം മാത്രമാണ്. 'ഇനിയുമൊരങ്കത്തിനു ബാല്യമുണ്ടെന്നു' അദ്ദേഹത്തിന്റെ മനസ്സും ശരീരവും ഒരുമിച്ചു പറയുന്ന വേളയാണ് ഈ സവിശേഷ ജന്മദിനം. പതിറ്റാണ്ടുകൾക്ക് മുൻപ് കോട്ടയം മെഡിക്കൽ കോളേജിനു മുന്നിലുണ്ടായ ഒരു സ്കൂട്ടർ അപകടത്തിൽ പൊലിഞ്ഞുപോകുമായിരുന്ന ഈ ജീവിതത്തെ തമ്പുരാൻ കാത്തുരക്ഷിച്ച് സഭയ്ക്കും സമൂഹത്തിനും മടക്കി നൽകിയത് ചില സുപ്രധാന ദൗത്യങ്ങളും ഉത്തരവാദിത്വങ്ങളും തന്നാലാവുംവിധം ശ്രേഷ്ഠമാക്കി പൂർത്തീകരിക്കാനാവണം. ആ നിയോഗങ്ങൾ പൂർത്തീകരിക്കാൻ ജഗദീശ്വരൻ ഇനിയുമിനിയും അദ്ദേഹത്തെ കനിഞ്ഞനുഗ്രഹിക്കട്ടെ, ശക്തീകരിക്കട്ടെ.

*(പ്രിൻസിപ്പൽ, ബസേലിയോസ് കോളേജ് കോട്ടയം)*

# ധന്യമീ ജീവിതം

പ്രൊഫ. മേരി മാത്യു

സൗമ്യമായ പെരുമാറ്റം, ഊർജ്ജസ്വലമായ പ്രവർത്തന ശൈലി, സ്വകീയമായ ഫലിതോക്തി, വിശ്വാസദൃഢത എന്നിങ്ങനെയുള്ള സദ്ഗുണങ്ങളാൽ ഏവരെയും ആകർഷിക്കുന്ന വ്യക്തിത്വമാണ് ഷഷ്ട്യബ്ദപൂർത്തി നിറവിൽ ശോഭിക്കുന്ന അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനി.

വൈദിക വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ ആന്തരിക ധൈര്യം, സമൂഹബന്ധം, ആത്മസംയമനം എന്നിവകൊണ്ടും അർത്ഥസമ്പുഷ്ടമായ വാഗ്മിത്വംകൊണ്ടും ഹൃദ്യമായ പെരുമാറ്റംകൊണ്ടും ശ്രദ്ധിക്കപ്പെട്ടു. അങ്കമാലി - ബോംബെ ഭദ്രാസനാധിപനും മാർ ഗ്രിഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡന്റും എക്യൂമെനിക്കൽ രംഗങ്ങളിൽ മലങ്കരസഭയുടെ അംബാസിഡറുമായിരുന്ന ഡോ. ഫീലിപ്പോസ് മാർ തേയോഫിലോസ് തിരുമേനി 1975 ൽ വൈദിക പദവി നൽകി. 1975 മുതൽ 1980 വരെയുള്ള കാലഘട്ടത്തിൽ കോട്ടയത്തും തിരുവനന്തപുരത്തുമുള്ള സ്റ്റുഡൻറ് സെന്ററുകളുടെ വളർച്ചയ്ക്ക് അത്യന്തം ജാഗ്രത പുലർത്തി. യുവജനങ്ങളുമായുള്ള നിരന്തര സാമീപ്യവും ശ്രദ്ധയും അവരുടെ ശക്തിസ്രോതസ്സുകളും വിഹ്വലതകളും മനസ്സിലാക്കുവാൻ സഹായിച്ചു. ജനങ്ങളുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് സാധുജന സംരക്ഷണാർത്ഥം പല ഫൗണ്ടേഷനുകൾക്കും നേതൃത്വം നൽകി.

മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനമായ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ 1980–86 വരെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച് പ്രസ്ഥാനത്തിന് ഉണർവ്വ് നൽകി. അതീവ ശ്രദ്ധയോടെ കാര്യങ്ങൾ വീക്ഷിച്ച് അങ്ങേയറ്റം ചിട്ടയോടും ക്രമത്തോടും പ്രസ്ഥാനത്തെ നയി

ക്കുവാനും ദൈവം ഏൽപ്പിച്ച കർത്തവ്യങ്ങൾ വിശ്വാസത്തോടും വിശ്വസ്തതയോടും എറ്റെടുത്ത് സമൂഹത്തിന് പ്രയോജനപ്രദമാക്കുവാൻ സാധിച്ചു.

ഏതൊരു പുണ്യപിതാവിന്റെ നാമധേയത്തിലാണോ വിദ്യാർത്ഥി പ്രസ്ഥാനം സ്ഥാപിതമായത് ആ പരിശുദ്ധ പിതാവിന്റെ മഹനീയത ഉൾക്കൊണ്ട് പ്രസ്ഥാനത്തെ നയിക്കുവാൻ ജനറൽ സെക്രട്ടറിയായിരുന്ന കാലയളവിൽ പ്രാർത്ഥനാ നിരതനും കലോപാസകനുമായി യുവഹൃദയങ്ങളിൽ അഭിപ്രായധീരതയും വിശ്വാസ സ്ഥിരതയും വർദ്ധിപ്പിക്കുവാൻ തനതായ നേതൃത്വശൈലി സഹായിച്ചു. യാഥാസ്ഥിതിക കാഴ്ചപ്പാടുകൾ മറികടന്നുകൊണ്ട് അന്നത്തെ പ്രസിഡന്റു തിരുമേനിയുടെ പ്രതീക്ഷകളെ സാഫല്യത്തിലെത്തിക്കുവാൻ പരിശ്രമിച്ചു. എക്യുമെനിക്കൽ ചിന്താധാരയെ പരിപോഷിപ്പിച്ചു. ഭാവികാലത്തിന് അർത്ഥവത്തായ ദർശനങ്ങളോടും മൂല്യബോധത്തോടും പ്രസ്ഥാനത്തിന് നേതൃത്വം നൽകി.

ആ കാലഘട്ടത്തിൽ വിദ്യാർത്ഥികളിൽ സംഘടനാപാടവം വർദ്ധിപ്പിക്കുവാനും ശരിയായ ആത്മീക നേതൃത്വം നൽകുവാനും ജനറൽ സെക്രട്ടറി എന്ന നിലയിൽ സാധിച്ചു. ഏറ്റെടുക്കുന്ന ഏതു ജോലിയും ആത്മാർത്ഥതയോടും ആത്മസംതൃപ്തിയോടും പൂർത്തീകരിക്കുന്ന വ്യക്തിത്വം എന്നും മാതൃകാപരമാണ്. ആരാധന, പഠനം, സേവനം എന്നീ കാര്യങ്ങൾ യഥോചിതം പകരുവാൻ കഴിഞ്ഞു. ഏതു പ്രശ്നത്തെയും സമചിത്തതയോടും സ്ഥിരപ്രജ്ഞയോടും സമീപിക്കുന്ന പ്രവർത്തനശൈലി പ്രസ്ഥാനത്തിന് മുതൽക്കൂട്ടാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ സത്യവിശ്വാസവും സംസ്കാരവും ആഗോളതലത്തിൽ എത്തിക്കുന്നതിന് അഭിവന്ദ്യ തിരുമേനി നൽകിക്കൊണ്ടിരിക്കുന്ന പങ്ക് സ്തുത്യർഹമാണ്. 1986-88 കാലയളവിൽ ലണ്ടനിൽ പ്രവർത്തിച്ചിരുന്നപ്പോൾ ഓറിയന്റൽ ഓർത്തഡോക്സ് ചർച്ചസിന്റെ കൂട്ടായ്മ സംഘടിപ്പിക്കുന്നതിൽ വിജയം കൈവരിച്ചു.

വിദ്യാർത്ഥി പ്രസ്ഥാനത്തിന് അഖില ഭാരത നിലവാരവും ആഗോളതല വ്യാപനവും ഒരുക്കിയത് ഡോ. ഫീലിപ്പോസ് മാർ തേയോഫിലോസ് തിരുമേനിയാണ്. ആ പാത പിന്തുടർന്ന് യുവതലമുറയെ വിശ്വാസത്തിലും മൂല്യബോധത്തിലും ഉറപ്പിച്ചു നിർത്തി ആരാധനാ ജീവിതത്തിൽ തല്പരരാകുന്ന ഓരോ വ്യക്തിയും തന്നോടും മറ്റുള്ളവരോടും പ്രകൃതിയോടും ദൈവത്തോടും വിശ്വസ്തരാകുന്നതിന്

അഭിവന്ദ്യ തിരുമേനി പരിശ്രമിക്കുന്നു. ലോകത്തിലെ വിവിധ സ്ഥല ങ്ങൾ സന്ദർശിക്കുവാനും പല ആശ്രമങ്ങൾ കാണുവാനും വിവിധ സമ്മേളനങ്ങളിൽ പങ്കെടുക്കുവാനും സാംസ്കാരികധാരകൾ പരിച യപ്പെടുവാനും സാധിച്ചു. ഈ ധന്യമായ അറിവും അനുഭവവും പിൽക്കാല പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും ഗുണപരവു മാക്കി. വേൾഡ് ക്രിസ്ത്യൻ കൗൺസിലിന്റെ പല മീറ്റിംഗുകളിലും ഭാഗ ഭാക്കായി പിൽക്കാലത്ത് എൻ.സി.സി. ഐ.യുടെ പ്രസിഡന്റായി സേവ നമനുഷ്ഠിച്ചു.

1991 മുതൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റായി. സമൂഹത്തിന്റെ അധാർമ്മികതകളോടു കലഹിക്കുന്ന പ്രവാചകസ്വ ഭാവം അഭിവന്ദ്യ തിരുമേനിക്കുണ്ട്. തിന്മയോടു സമരസപ്പെടാതെ തെറ്റു തെറ്റാണെന്നു ചൂണ്ടിക്കാട്ടുന്ന ധൈര്യവും തിരിച്ചറിവും പ്രസ്ഥാന ത്തിന് വലിയ നേട്ടമാണ്.

ഉത്തമ ഇടയന് ആടുകളോടുള്ള ബന്ധം സുതാര്യവും സുദൃഢവു മാണ്. ഇടയന്റെ ആടുകൾക്ക് ശുശ്രൂഷ ചെയ്ത് അവയോടു ചേർന്നു ജീവിക്കുന്ന, ഇടയത്വത്തിൽ മനുഷ്യരോട് ആർദ്രതയും താദാത്മ്യവും പുലർത്തുവാൻ സാധിക്കുന്നു. നറുനിലാവിന്റെ കുളിർമ്മയോടെ പ്രത്യേ കമായ ശബ്ദത്തിലും സംസാരരീതിയിലും നർമ്മത്തിൽ പൊതിഞ്ഞ് കാര്യങ്ങൾ അവതരിപ്പിക്കുവാനുള്ള ജന്മസിദ്ധമായ വരദാനം അഭി വന്ദ്യ തിരുമേനിയെ യുവജനങ്ങളുമായി കൂടുതൽ ബന്ധിപ്പിക്കുന്നു. ദൈവകൃപയിൽ ആലോചനയോടും അവധാനതയോടും ഏതു സാഹ ചര്യവും നേരിടുന്ന അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വം പ്രസ്ഥാ നാംഗങ്ങൾക്ക് എന്നും പ്രചോദനമാണ്.

അർപ്പണബോധവും അച്ചടക്കവുമുള്ള പ്രവർത്തന ശൈലിയിൽ തൊട്ടതൊക്കെ പൊന്നാക്കിക്കൊണ്ട് അനേകം പദ്ധതികൾ പ്രാവർത്തികമാക്കി. ബോംബെ ഭദ്രാസനത്തിലെ ബഹുമുഖ സംരം ഭങ്ങൾ തിരുമേനിയുടെ സംഘടനാപാടവത്തെയും സാമൂഹ്യസേവ നത്തേയും വെളിവാക്കുന്നു. ദൈവവിശ്വാസവും മനുഷ്യത്വവും മാന വിക മൂല്യങ്ങളും ഒപ്പം സംസ്കാരവും സാമൂഹ്യ പ്രതിബദ്ധതയും അഭിവന്ദ്യ തിരുമേനിയിൽ പ്രവർത്തകമാകുന്നതിന് പ്രസ്ഥാനവും ആ നേതൃത്വംകൊണ്ട് പ്രസ്ഥാന പ്രവർത്തനങ്ങളും പരസ്പരം സമ്പ ന്നമായിക്കൊണ്ടിരിക്കുന്നു.

ബോംബെ ഭദ്രാസനത്തിലെ പല കുട്ടികളും 'ഞങ്ങളുടെ തിരു

മേനി' എന്ന് സ്നേഹാദരവോടെ പറയുന്നതുകേൾക്കുമ്പോൾ തിരുമേനിക്ക് ഏതു പ്രായക്കാരോടും ഇടപെടുവാനുള്ള ദൈവദത്തമായ കഴിവ് മനസ്സിലാക്കുവാൻ സാധിക്കും.

ദൈവകൃപ ലഭിക്കുന്തോറും മനുഷ്യരെ മനസ്സിലാക്കുവാനും അവരുടെ പ്രശ്നങ്ങൾക്ക് സമയനിഷ്ഠമായി പരിഹാരം കണ്ടെത്തുവാനും ജാഗ്രത ഉണ്ടാകും. ആ വിധത്തിലുള്ള നിരീക്ഷണാത്മകമായ അപഗ്രഥനത്താൽ ആദിമ വർഗ്ഗക്കാർക്കും അനാഥർക്കും അശരണർക്കും വേണ്ടി അനേകം പദ്ധതികൾ രൂപകല്പന ചെയ്യുവാൻ സാധിച്ചു. മാർ ഗ്രീഗോറിയോസ് ക്രിസ്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് എന്ന നിലയിൽ തിരുമേനിയുടെ നേതൃത്വത്തിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ സഫലമാകുമെന്നു പ്രത്യാശിക്കുന്നു; പ്രതീക്ഷിക്കുന്നു. സത്യവിശ്വാസ ദീപ്തിയാൽ സുവിശേഷീകരണം, സന്മാർഗ്ഗബോധനം, സാന്ത്വന പരിപാലനം, സാംസ്കാരിക പ്രസ്ഥാനങ്ങൾ തുടങ്ങിയ സദ്ഭാവങ്ങൾ സഭയിലും സമൂഹത്തിലും പ്രസ്ഥാനാംഗങ്ങൾക്കിടയിലും കൂടുതൽ വളർത്തുന്നതിനു അഭിവന്ദ്യ തിരുമേനിക്ക് സർവ്വശക്തൻ ആയുരാരോഗ്യസൗഖ്യങ്ങൾ നൽകുന്നതിനായി പ്രാർത്ഥിക്കുന്നു.

*(ബസേലിയോസ് കോളേജ്, കോട്ടയം)*

# ഹൃദയത്തെ സ്പർശിക്കുന്ന പ്രകാശം

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

പന്തളം എൻ.എസ്.എസ്. കോളജിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തനോദ്ഘാടനത്തിന് 1982 ൽ ഫാ. ജോർജ് കുര്യനായിരുന്നു മുഖ്യാതിഥി. അന്ന് ഞാൻ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്നു. നല്ല ഉയരമുള്ള ആകാരനിറവൊത്ത വൈദികൻ. അത്യാകർഷകമായ ഇടപെടൽ, വിനയഭാവം, ഹൃദ്യമായ സംഭാഷണം, ഉജ്ജ്വല പ്രഭാഷണം സഭയുടെ ഭാവിയെക്കുറിച്ചുള്ള സ്വപ്നക്കൂട് തുറക്കുന്നു. ശബ്ദവും ഭാവവും അത്യാകർഷകമായി വിദ്യാർത്ഥികളിൽ സ്നേഹമഴയായി ഫാ. ജോർജ് കുര്യൻ. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായി ഉജ്ജ്വല പ്രവർത്തനങ്ങൾ കാഴ്ചവെച്ച കർമ്മയോഗിയാണ് പിന്നീട് ഗീവറുഗീസ് മാർ കുറിലോസ് എന്ന പേരിൽ മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. ശതാബ്ദി നിറഞ്ഞ മലങ്കരസഭയിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കരുത്തുറ്റ നായകരിൽ പ്രധാനിയാണ് അദ്ദേഹം. ഇപ്പോൾ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് പദവിയിലും പ്രശോഭിക്കുന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്തായിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തിപ്രഭാവം എന്താണ്.

**1. ഹൃദ്യമായ വ്യക്തിബന്ധം**

നേതൃത്വത്തിന് ശോഭ പകരുന്നതിൽ വ്യക്തിബന്ധത്തിന് വളരെ പ്രാധാന്യം ഉണ്ട്. വ്യക്തികളെ അറിയുക, മനസ്സിലാക്കുക, പേരുകൾ ഓർത്തിരിക്കുക, കുശലാന്വേഷണം നടത്തുക, ഹൃദ്യമായി ഇടപെടുക തുടങ്ങിയവ നേതാവിലുണ്ടായിരിക്കേണ്ട സത്ഗുണങ്ങൾ ആണ്. ഇവ നേതൃത്വത്തിലെത്തുന്നവരിൽ അനിവാര്യമായി ഉണ്ടാകേണ്ടതാണ്. ഇക്കാര്യങ്ങൾ വളരെ കൃത്യമായി പരിരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നതിൽ അഭിവന്ദ്യ ഗീവറുഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്തായ്ക്ക് പ്രത്യേക നൈപുണ്യമുണ്ട്. വ്യക്തികളെ തിരി

ച്ചറിയുക, അവരുടെ കഴിവുകൾ കണ്ടെത്തുക, സഭയ്ക്ക് പ്രയോജനപ്രദമായി നേതൃനിരയേ വാർത്തെടുക്കുക എന്നിവയാണ് നേതൃത്വത്തിൽനിന്നും പ്രതീക്ഷിക്കുന്നത്. അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ നേതൃത്വത്തിലേക്ക് എത്തുവാൻ ശക്തരായ വ്യക്തികളെ കണ്ടെത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. അവരുമായി ഹൃദ്യമായ വ്യക്തിബന്ധം കാത്തുസൂക്ഷിക്കുകയും ചെയ്യും. ഈ ബന്ധം ഏതെങ്കിലും പ്രാദേശിക തലങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. ദേശീയവും അന്തർദേശീയവുമായ വിവിധ പദ്ധതികളിലും പ്രസ്ഥാനങ്ങളിലും സജ്ജീവമായി ഇടപെടേണ്ട സാഹചര്യങ്ങളിലെല്ലാം ഈ ബന്ധം നിലനിർത്തിയാണ് ആശയങ്ങൾ അവതരിപ്പിക്കുന്നത്. ശബ്ദത്തിലും ഭാവത്തിലും കാത്തുസൂക്ഷിക്കുന്ന നൈർമ്മല്യവും വിനീതഭാവവും അത്യാകർഷകമാണ്. പ്രസന്നമായ മുഖഭാവംതന്നെ വ്യക്തിബന്ധത്തിന് സന്നദ്ധത പ്രകടമാക്കുന്നതാണ്. ആർക്കും ഏതു സമയത്തും അദ്ദേഹവുമായി സംവാദത്തിനും സംവേദനത്തിനും അവസരം ലഭ്യമാണ്. വിശാലമായ വിനയവും ഹൃദയഭാവവും നിലനിർത്തുന്നതിനാൽ വ്യക്തിബന്ധങ്ങൾ പരിപോഷിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നു.

വിദ്യാർത്ഥി പ്രസ്ഥാനത്തിൽ പ്രവർത്തിച്ചവരെ വളരെ വർഷങ്ങൾ കഴിഞ്ഞിട്ടും തിരിച്ചറിയുന്നത് വളരെ ശ്രദ്ധേയമാണ്. ഒരിക്കൽ അഭിവന്ദ്യ തിരുമേനിയുമായി സൗഹൃദം സ്ഥാപിച്ചാൽ പിന്നീട് ഒരിക്കലും അത് തിരുത്തേണ്ടിവരികയില്ല. സൗഹൃദങ്ങൾക്കും സംവാദങ്ങൾക്കും ഹൃദയവാതിൽ വിശാലമാക്കിയിരിക്കുകയാണ്. ഹൃദ്യമായ വ്യക്തിബന്ധം വഴി സഭയുടെ അടിസ്ഥാന ശിലകൾ ഉറപ്പിക്കുവാൻ അദ്ദേഹത്തിന് കഴിയുന്നു.

**2. കർമ്മനിരതമായ സംഘടനാപാടവം**

വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ച അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ സംഘടനാ പാടവം വളരെ പ്രശസ്തമാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഏറ്റവും ശക്തവും സൗന്ദര്യവും നിറഞ്ഞ കാലഘട്ടമായിരുന്നു അത്. കോളജുകൾതോറും കയറിയിറങ്ങി വിദ്യാർത്ഥികളെ സംഘടിപ്പിച്ച് ക്യാമ്പുകളും സെമിനാറുകളും നടത്തി ഫലപ്രദമായി സംഘടനയെ ശക്തിപ്പെടുത്തി. ഇതിനായി കേരളത്തിനകത്തും പുറത്തും നിരവധി യാത്രകൾ നടത്തി. വിദ്യാർത്ഥികൾ ആവശ്യപ്പെ

ടുന്ന സമയത്തും സ്ഥലങ്ങളിലും പാഞ്ഞെത്തി അവർക്ക് നേതൃത്വം നൽകി.

വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സമ്മേളനങ്ങൾക്കായി നേരത്തെ എത്തുകയും ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുകയും ചെയ്യും. പന്തളം കോളജിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വിവിധ മീറ്റിംഗുകളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പന്തളം യൂണിറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന സമയത്തുതന്നെ എനിക്ക് അദ്ദേഹത്തിന്റെ നേതൃത്വപാടവം മനസ്സിലാക്കാൻ സാധിച്ചിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും നേതൃത്വവും വളരെ ആകർഷകമാണ്. 'ക്രിസ്ത്യൻ കോളജുകളിൽ എം.ജി.ഒ.സി.എസ്.എം. സംഘടിപ്പിക്കുവാൻ എളുപ്പമാണ്. കോളജിലെ അദ്ധ്യാപകരുണ്ട് നേതൃത്വം നൽകാൻ അദ്ധ്യാപകരായ വൈദികരും കാണും! കോളജിൽ നിന്നും പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടും ലഭിക്കും. യോഗം കൂടുന്നതിന് സ്ഥലവും ഉണ്ട്. പിന്നെ എന്തുവേണം? സഭയുടെ കോളജുകളിൽ വിദ്യാർത്ഥിപ്രസ്ഥാനം വളർത്തിയെടുക്കാൻ എത്രയെളുപ്പം. എന്നാൽ പന്തളത്തെ സ്ഥിതി ഇതല്ല. എൻ.എസ്.എസ്. കോളജാണ്. കോളജിനുള്ളിൽ പ്രവർത്തനങ്ങൾ പറ്റില്ല, പുറത്തുമാത്രമേ അവസരമുള്ളൂ. പന്തളം കോളജിലെ നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് സഭ എന്നും കടപ്പെട്ടിരിക്കും.

പന്തളം കോളജിലെ പ്രവർത്തനങ്ങളെ പ്രഭാഷണത്തിൽ അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു. എൻ.എസ്.എസ്. കോളജിലെ വിദ്യാർത്ഥികളുടെ ആവേശത്തേയും താല്പര്യത്തെയും തൊട്ടുണർത്തുന്ന പ്രസ്താവനകളും വാചകങ്ങളുമാണ് പ്രസംഗത്തിൽ അദ്ദേഹം കോർത്തിണക്കിയത്.

വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം പൂർണ്ണ സമയം മുഴുകി. വിദ്യാർത്ഥികൾ യൂണിറ്റ്തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് ക്ഷണിച്ചാൽ ജനറൽ സെക്രട്ടറിയെ ലഭ്യമായിരുന്ന ഒരു സുവർണ്ണ കാലഘട്ടമായിരുന്നു അത്. എല്ലായിടവും ഓടിയെത്തും. പലപ്പോഴും ടി.എ. വാങ്ങാറില്ല. കൊടുക്കാറുമില്ല. അന്ന് അത്തരം ഒരു കീഴ്വഴക്കവും ഇല്ലായിരുന്നു.

വിവിധതരം ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിലും നടത്തുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സാഹിത്യക്യാമ്പ് എല്ലാവർഷവും കൃത്യമായി നടത്തിയിരുന്നു. എന്നെപ്പോലെ ഒരു ഡസനിലധികംപേർ

എഴുത്തിന്റെ ലോകത്തേക്ക് സഭയിൽനിന്നും എത്തിയത് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ എഴുത്തുശാലകളിൽകൂടിയാണ്. ക്യാമ്പുകൾ സംഘടിപ്പിക്കുകയും മുഴുവൻ സമയം അർത്ഥപൂർണ്ണമായ പങ്കാളിത്തം വഹിക്കുകയും ചെയ്തിരുന്നു. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ എല്ലാ തലങ്ങളിലും കർമ്മനിരതമായ നേതൃത്വവും സാന്നിദ്ധ്യവും അദ്ദേഹത്തിൽനിന്നുണ്ടായി. ഇപ്പോഴും സഭയുടെ വിവിധതരം പ്രവർത്തനങ്ങളിൽ അത് ശക്തമായി പ്രതിധ്വനിക്കുന്നു. അദ്ദേഹത്തിന്റെ സംഘടനാ വൈഭവവും ത്യാഗമനോഭാവവും അതിവിശിഷ്ടമാണ്.

**3. എക്യൂമെനിക്കൽ രംഗത്തെ കർമ്മയോഗി**

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് എക്യൂമെനിക്കൽ രംഗത്ത് സജീവ സാന്നിദ്ധ്യം ഉണ്ട്. എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളുടെ പ്രാരംഭം മുതൽ അത് നിലനിർത്തി. ഉജ്ജ്വലരായ നേതാക്കന്മാരും പിതാക്കന്മാരും എക്യൂമെനിക്കൽ പ്രവർത്തനങ്ങളിൽ സജീവമായി. സഭയുടെ അന്തസ്സും അഭിമാനവും സാന്നിദ്ധ്യവും ലോക എക്യൂമെനിക്കൽ വേദികളിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഒന്നും രണ്ടും തലമുറയ്ക്കുശേഷം മലങ്കര ഓർത്തഡോക്സ് സഭയിൽ എക്യൂമെനിക്കൽ രംഗത്ത് മൂന്നാം തലമുറ വേണ്ടത്ര ഉണ്ടായില്ല. സഭാ നേതൃത്വം കാര്യക്ഷമതയോടെ പ്രവർത്തനങ്ങൾ സജ്ജമാക്കുവാൻ വിസ്മരിക്കുന്ന മേഖലയാണ് എക്യൂമെനിക്കൽ പ്രവർത്തന മണ്ഡലങ്ങൾ. അതിനാൽ വിവിധ രാജ്യാന്തര എക്യൂമെനിക്കൽ സമിതികളിൽ മലങ്കര സഭയുടെ സാന്നിദ്ധ്യവും പ്രാതിനിധ്യവും വേണ്ടത്ര ലഭ്യമായില്ല. എക്യൂമെനിക്കൽ രംഗത്ത് കരുത്തുറ്റ ആത്മാർത്ഥമായ നേതൃത്വം വളർന്നുവന്നില്ല.

എക്യൂമെനിക്കൽ രംഗത്ത് 'ഒറ്റയ്ക്ക് തഴച്ചുവളർന്നുവന്ന' നേതൃത്വമാണ് അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടേത്. ഇപ്പോൾ 'മലങ്കര സഭയുടെ അംബാസിഡർ' എന്ന നിലയിൽ നിരവധി സമ്മേളനങ്ങളിൽ പങ്കുചേരുകയും നേതൃത്വം നൽകുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് അദ്ദേഹം എക്യൂമെനിക്കൽ പ്രവർത്തനങ്ങളിൽ ശുഷ്കാന്തി പുലർത്തുന്നത്.

വിവിധ രംഗത്ത് സഭകളുടെ നീതിപൂർവ്വമായ ഐക്യവും മാനവരാശിയുടെ സ്നേഹസൗഹൃദമായ ബന്ധവും, സാമൂഹിക പ്രതിബന്ധതയോടെയുള്ള ക്ഷേമ പ്രവർത്തനങ്ങളും മനസ്സിൽ നിറയുന്നതിനാലാണ് എക്യൂമെനിക്കൽ രംഗത്തേക്ക് അദ്ദേഹത്തിന്റെ സാന്നിദ്ധ്യം സജ്ജമായത്.

വൈദികനായിരുന്നപ്പോൾ യുവജന നേതൃത്വത്തിലും വിദ്യാർത്ഥി പ്രസ്ഥാനത്തിലും സജീവ പങ്കാളിത്തം വഹിച്ചത് എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്ക് വഴിയും വെളിച്ചവും പകർന്നു. എക്യുമെനിക്കൽ പ്രവർത്തനങ്ങളിലും സമ്മേളനങ്ങളിലും കൃത്യമായി പങ്കെടുക്കുക, ചർച്ചകളിൽ സജീവമാകുക, വിശാലമായ കാഴ്ചപ്പാടോടെ സഹകരിക്കുക, വിവിധ പ്രത്യയശാസ്ത്രങ്ങളെ മനസ്സിലാക്കുക തുടങ്ങിയ നൂതനമായ കർമ്മ മാർഗ്ഗങ്ങൾ സ്വീകരിച്ചതിനാൽ അന്യരുടെ ഇടപെടലും സ്വാധീനവും ഇല്ലാതെതന്നെ എക്യുമെനിക്കൽ വേദികളിലേക്ക് അതിശീഘ്രം ചവുട്ടിക്കയറുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഏതു സമ്മേളനത്തിൽ പങ്കെടുത്താലും കൃത്യവും പ്രസക്തവുമായ അഭിപ്രായങ്ങൾ വ്യക്തമായി പറയുന്നതിനാൽ ആരുടെയും ശ്രദ്ധ ലഭ്യമാകും. സമ്മേളനങ്ങളിൽ മലങ്കര സഭയുടെ പ്രതിനിധിയായി പങ്കുചേരുന്നതിലുപരി ചർച്ചകളിലും സംവാദങ്ങളിലും ശക്തമായി ഇടപെടാനുള്ള കരുത്തും തന്റേടവും അദ്ദേഹത്തിനുണ്ട്. ആശയങ്ങൾ ഫലപ്രദമായി അവതരിപ്പിക്കുവാനും കഴിയും. എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ ദേശീയവും [redacted] വിവിധ സമ്മേളനങ്ങൾക്ക് മലങ്കര സഭയുടെ [redacted], ശബ്ദമായി അദ്ദേഹം നിറഞ്ഞു നിൽക്കുന്നു.

### 4. അനുഗൃഹീതനായ ഉത്തമ ഇടയൻ

അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനി അനുഗൃഹീതനായ ഉത്തമ ഇടയനാണ്. സഭയുടെ വിശ്വാസ പ്രമാണങ്ങളും പാരമ്പര്യങ്ങളും ഉറപ്പിച്ച് സഭയുടെ ഭിത്തിയെ ബലവത്താക്കുന്ന ശ്രേഷ്ഠ ഇടയൻ. ഫലപ്രദമായ ശുശ്രൂഷകളുടെ അജപാലകൻ, ജീവിതവും സാക്ഷ്യവും സഭയ്ക്കും സമൂഹത്തിനുമായി സമർപ്പിച്ച ഉത്തമയോഗി, ഭദ്രാസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിച്ച് സഭയുടെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിൽ അഗ്രഗണ്യൻ.

ബാഹ്യകേരളത്തിൽ സഭയുടെ സാക്ഷ്യത്തിന് മുഖ്യ അടയാളമാണ് പള്ളിയോട് ചേർന്ന് സ്കൂളും, സ്കൂളിനോട് ചേർന്ന് പള്ളിയും, പല സ്ഥലങ്ങളിലും ഈ സമവാക്യമാണുള്ളത്. ബാഹ്യകേരളത്തിൽ പള്ളിക്ക് ആവശ്യമായ സാമ്പത്തികം ലക്ഷ്യമാക്കിയാണ് സ്കൂൾ ആരംഭിച്ചത്. അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനിയും വിവിധങ്ങളായ സ്കൂൾ പദ്ധതികൾ ആരംഭിക്കുകയും ഭംഗിയായി അതു നിലനിർത്തുകയും ചെയ്യുന്നു. മുംബൈയിലെ മിക്ക പള്ളികൾക്കും സ്കൂൾ പ്രോജക്ടുകൾ ഉണ്ട്. അവയുടെ പ്രവർത്തനങ്ങൾ ഭംഗിയായി

നിർവ്വഹിക്കുന്നു.. പള്ളികൾ സന്ദർശിക്കുമ്പോൾ സ്കൂളും അവയുടെ പ്രവർത്തനങ്ങളും അദ്ദേഹം നിരീക്ഷിക്കാറുണ്ട്.

അജപാലന ശുശ്രൂഷയിൽ ജനങ്ങളുമായും, വൈദികരുമായും നില നിർത്തേണ്ട സൗഹൃദങ്ങളും കടമകളും കൃത്യമായി നിർവ്വഹിക്കുന്നു. ആതുര ശുശ്രൂഷാ രംഗങ്ങളിൽ വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാനുള്ള ശ്രമങ്ങൾ ഉണ്ട്. അതിൽ ഒന്നാണ് ഇപ്പോൾ വളർന്ന് പന്തലിച്ചുകൊണ്ടിരിക്കുന്ന 'ഗ്രിഗോറിയൻ സമൂഹം.' യുവജനങ്ങളെ സംഘടിപ്പിച്ച് ആത്മീയ പ്രബോധനങ്ങളും പ്രചോദനങ്ങളും നൽകി സഭയുടെ കെട്ടുപണിക്കായി പ്രയോജനപ്രദമാക്കുവാൻ കഴിയും എന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഏറ്റെടക്കുന്ന ഉത്തരവാദിത്വം കൃത്യമായും ഭംഗിയായും നിർവ്വഹിക്കുന്ന അദ്ദേഹത്തിൽ സാമൂഹിക പ്രതിബദ്ധതയും സഭാ സ്നേഹവും അദ്ദേഹത്തിൽ പ്രോജ്ജ്വലിക്കുന്നു. **അഭിവന്ദ്യ തിരുമേനിയുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ ഇപ്പോൾ പുതുതായി ആരംഭിച്ച അഹമ്മദാബാദ് ഭദ്രാസനത്തിലും ലഭ്യമാകുന്നു.**

**മലങ്കര സഭയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്കും എക്യുമെനിക്കൽ ബന്ധങ്ങൾക്കും ഉത്തമ സാക്ഷ്യവും നേതൃത്വവും വഹിക്കു**വാൻ അദ്ദേഹത്തിന് കഴിയും. സൗമ്യവും ഹൃദ്യവുമായ ഇടപെടൽ ഹൃദയത്തെ സ്പർശിക്കുന്ന പ്രകാശമായി തീരുന്നു. അനുഗൃഹീതനായ ഉത്തമ ഇടയന്റെ സർവ്വ മാതൃകകളും അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിറഞ്ഞുനിൽക്കുന്നു.

ഉപസംഹാരം

കൃപയുടെ തണലിൽ അറുപതിന്റെ നിറവിൽ എത്തിയ അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ഭരണ വൈദഗ്ധ്യവും നേതൃത്വപാടവവും ഹൃദ്യമായ ഇടപെടലും വളരെ ശ്രേഷ്ഠമാണ്. സഭയുടെ യശസ്സും ശോഭയും ആഗോളതലത്തിൽ എത്തിക്കുവാൻ മലങ്കര സഭയുടെ പ്രതിനിധിയായി എക്യുമെനിക്കൽ രംഗത്ത് നിറഞ്ഞുനിൽക്കുന്ന വ്യക്തിപ്രഭാവമാണ് അഭിവന്ദ്യ കൂറിലോസ് മെത്രാപ്പോലീത്താ. ദീർഘായുസ്സും ഹൃദയബന്ധവും അനുസ്യൂതം ലഭ്യമാകുന്നതിനായി പ്രാർത്ഥിക്കുന്നു.

# സരളതയുടെ പുഞ്ചിരി

ഫാ. ഡോ. വി.എം. എബ്രഹാം

വിശ്രമം കൊതിച്ചീടുന്നു നാമെല്ലാം
വിശ്രമം ലഭിക്കുന്നതേയില്ലല്ലോ ?
എങ്ങു നിന്നു നാം വന്നെന്നറിഞ്ഞീല
എങ്ങു പോകുന്നുവെന്നുമറിവീല
പുഞ്ചിരിയും കരച്ചിലുമാം വഴി
ന[illegible]യും പിന്നെയും
എ[illegible]വഴി നാമെന്നും
എന്തിന്നീയർത്ഥമില്ലാക്കളിയെന്നും
കണ്ടറിയാൻ ശ്രമിക്കുന്നുവെങ്കിലും
വ്യർത്ഥമത്രേ പരിശ്രമമൊക്കെയും
സ്വപ്നംവിട്ടെഴുന്നേൽക്കൂ, കുമാരാ, നീ
നിദ്രയിൽ വീണ്ടുമെഴാതിരിക്കുക.

സിദ്ധാർത്ഥൻ എഴുന്നേറ്റു. ഉറങ്ങിക്കിടക്കുന്ന ഭാര്യയോടും, കുട്ടിയോടും നിശ്ശബ്ദമായി യാത്രപറഞ്ഞു. ചരിത്രപ്രസിദ്ധമായ ആ യാത്രയുടെ ഒടുവിൽ അദ്ദേഹം ബുദ്ധനും ജ്ഞാനിയുമായി.

അഭിവന്ദ്യ കുറിലോസ് തിരുമേനി ഒരു യാത്രികനാണ്. കുരിശുമേന്തി തന്നെ പിന്തുടരുവാൻ കർത്താവ് കല്പിച്ചത് കേട്ടിറങ്ങിയ യാത്രികൻ. യാത്രയുടെ ലക്ഷ്യം തേജസ്കരണം തന്നെ. യാത്രയിൽ ചെയ്യുന്നതെല്ലാം ജീവിതലക്ഷ്യത്തിന്റെ ഭാഗമാണെന്ന വിശ്വാസം. കർമ്മങ്ങളൊക്കെയും ദൈവബന്ധത്തിൽ ചെയ്യുവാനുള്ള തൃഷ്ണ. തേജസ്കരണത്തിലേക്ക് സഹയാത്രികരെ നയിക്കുവാനുള്ള ആഗ്രഹം. മാർ കുറിലോസ് എന്ന യാത്രികനിൽ നാം കാണുന്നത് ഇതൊക്കെ

യാണ്.

അറുപത് കൊല്ലം തടവിൽ കിടന്ന ഒരു ചൈനക്കാരന്റെ കഥയുണ്ട്. പുതിയ ചക്രവർത്തി സ്ഥാനാരോഹണം ചെയ്തപ്പോൾ അയാളെ വിട്ടയച്ചു. പുറത്തു വന്നപ്പോൾ അയാൾ ഉറക്കെ പറഞ്ഞു എനിക്കിത്രയും വെളിച്ചം സഹിക്കാൻ വയ്യ, എനിക്കിത്ര സ്വാതന്ത്ര്യം താങ്ങാൻ വയ്യ. അയാളുടെ അപേക്ഷ അനുസരിച്ച് അയാളെ വീണ്ടും കൽത്തുറങ്കിലടച്ചു. ഇത് നമ്മിൽ പലരുടെയും കഥയാണ്. നമുക്ക് പുതിയ ജീവിതം വേണ്ട, പുതിയ ശൈലി വേണ്ട. നമ്മൾ പരിചയപ്പെട്ടിരിക്കുന്നത് തുടരുവാനാണ് താത്പര്യം.

എന്നാൽ അഭി.ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി പരമ്പരാഗത വഴിവിട്ട്, വേറിട്ട വഴികളിലൂടെ സഞ്ചരിക്കുവാൻ സദാ സന്നദ്ധനാണ്. അങ്ങനെ സഞ്ചരിക്കുവാൻ ശ്രമിക്കുമ്പോഴും പാരമ്പര്യത്തിന്റെ സത്ത നഷ്ടമാകാതെ സൂക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിയുന്നുമുണ്ട്. വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചപ്പോഴും ഇപ്പോൾ അതിന്റെ അമരക്കാരനായി നയിക്കുമ്പോഴും തിരുമേനിയിൽ ആ ശൈലി നമുക്ക് കാണാം. അതൊക്കെ വെറും സഞ്ചാരങ്ങളല്ല, തീർത്ഥാടനങ്ങൾ തന്നെയാണ്. ഇത്തരം തീർത്ഥാടനങ്ങളിൽ പങ്കാളികളാകുവാനാണ് അദ്ദേഹം വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നത് - സത്ത നശിപ്പിക്കാതെയുള്ള പുതിയ പ്രയാണങ്ങൾ.

2009 ജൂലൈയിൽ അമേരിക്കയിലെ ചിക്കാഗോയിൽ നടന്ന വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ഒരു കോൺഫറൻസിൽ, തിരുമേനിയുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ദൈവസാന്നിദ്ധ്യത്തിന്റെ നിമിഷങ്ങൾ തങ്ങളോടു പങ്കുവെയ്ക്കുവാൻ കുട്ടികൾ ആവശ്യപ്പെട്ടു. വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറിയായിരിക്കെ അദ്ദേഹത്തിനുണ്ടായ സ്കൂട്ടർ അപകടവും അതേ തുടർന്നുണ്ടായ ദൈവാനുഭവത്തിന്റെ നാളുകളുമാണ് അദ്ദേഹം എടുത്തുപറഞ്ഞത്. അത് ഒരു സാക്ഷി പറച്ചിലല്ലായിരുന്നു. എങ്ങനെ തന്റെ ശാരീരിക ക്ലേശങ്ങൾ ആത്മാവിനെ സ്പർശിക്കാതെ സൂക്ഷിക്കുവാൻ കഴിഞ്ഞു എന്നാണ് അദ്ദേഹം വിശദീകരിച്ചത് സാധാരണ നിലയിൽ, സാക്ഷാത്കാരം സിദ്ധിച്ചവർക്കു മാത്രമേ ശാരീരിക ക്ലേശത്തിന്റെ മൂർദ്ധന്യതയിൽപ്പോലും മനസ്സിനെയും ആത്മാവിനെയും ഉന്നതതലത്തിലേക്ക് തിരിച്ചുവിടാൻ കഴിയൂ. അന്തർയാമിയായ ചൈതന്യത്തെ തന്റെ ഹൃദയത്തിൽ കുറെയെങ്കിലും അനുഭവിക്കുവാൻ കഴിഞ്ഞതുകൊണ്ടാണ് തിരുമേനിക്ക്

അങ്ങനെ സാധിച്ചത് എന്നാണ് എന്റെ വിശ്വാസം.

ഏത് പരിതസ്ഥിതിയിലും ക്ഷമയും സഹിഷ്ണതയും പുലർത്തുവാൻ തിരുമേനിക്ക് കഴിയുമെന്നാണ് എന്റെ അനുഭവം. അകത്ത് പൊരുത്തപ്പെടാതിരിക്കുന്നതാണ് ക്രോധത്തിനു കാരണം. മറ്റുള്ളവരോട് ദേഷ്യം തോന്നുന്നതിനു മുമ്പായി നമുക്ക് സ്വയം ദേഷ്യം തോന്നുന്നു. ആത്മാവിനെ ദൈവവുമായി ബന്ധപ്പെടുത്തുന്ന ചാലുകൾ മണ്ണടിഞ്ഞു പോകുന്നതാണ് പൊരുത്തക്കേടിനു കാരണം. ദൈവത്തോടു സമരസപ്പെടുമ്പോൾ സദാ ഉള്ളിൽ സമരസമനുഭവിക്കും. തിരുമേനി കോപിക്കാത്തവനാണെന്ന് ഞാൻ പറയില്ല. പക്ഷെ സമരസപ്പെടുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

മറ്റുള്ളവർ അന്യായം പ്രവർത്തിക്കുകയോ തെറ്റുകാണിക്കുകയോ ചെയ്യുമ്പോൾ ശാന്തമായി· പ്രതികരിക്കുന്ന പിതാക്കന്മാർ നമുക്കധികമില്ല. ശാന്തരായിരിക്കുവാൻ ബലമുണ്ടാകണം, ആന്തരിക ബലം. തിരിച്ചടിച്ചില്ലെങ്കിലും അന്യർ നമ്മുടെ ശക്തി താനേ അറിയുന്ന ആന്തരിക ബലശാലികളായിരിക്കണം നാം. തെറ്റു ചെയ്യുന്നവർ അത് മനസ്സിലാക്കുകയും നമ്മുടെ ശക്തി അറിയുകയും ചെയ്യുന്ന വിധത്തിൽ ശാന്തരായിരിക്കുവാനുള്ള കഴിവ് അത്തരക്കാർക്കുണ്ട്. ആ വഴി പ്രയോഗിച്ചാൽ തെറ്റുചെയ്യുന്നവൻ രണ്ടാമതൊരു തവണ നമ്മെക്കൊണ്ട് ലാഭമുണ്ടാക്കുവാൻ ശ്രമിക്കില്ല. നമ്മുടെ ദാർഢ്യവും അന്തസ്സും കൊണ്ട് അന്യരെ നമ്മുടെ  ശക്തി മനസ്സിലാക്കുവാൻ കഴിയും. തിരുമേനിക്ക് അത്തരം ഒരു ആന്തരബലമുണ്ട്.

വ്യവഹാരങ്ങളിൽ ആർജ്ജവം പുലർത്തുന്ന ആളാണ് തിരുമേനി. ദുരഭിമാനവും ഒളിച്ചുകളിയും അദ്ദേഹത്തിനില്ല. കർത്താവ് പറഞ്ഞു "ശിശുക്കളെപ്പോലെയാവുക എന്നാൽ ബാലിശത്വം അരുത്." തിരുമേനിയുടെ പുഞ്ചിരിയിൽ ഈ ശിശുഭാവവും സരളതയും നിറഞ്ഞുനിൽക്കുന്നത് നമുക്ക് കാണാം. എന്നാൽ മറുവശത്ത് ഒരു മുതിർന്ന ആളിന്റെ ഇരുത്തവും വിവേകവും സമഞ്ജസമായി സമ്മേളിച്ചിട്ടുണ്ട്.

നാം നല്ലവരാണെന്ന് അപരിചിതർ മാത്രം അറിഞ്ഞാൽ പോരാ. നാം നല്ലവരും പൂർണ്ണമായ ആത്മനിയന്ത്രണം ഉള്ളവരുമാണെന്ന് നമുക്ക് അടുത്തുള്ളവർ അറിയുന്നതിനും നാം ശ്രദ്ധിക്കണം. അപരിചിതർക്ക് ഒരു പുഞ്ചിരിക്കുന്ന നല്ല മുഖം കാണിക്കാനെളുപ്പമാണ്. നാം ജീവിതത്തിൽ ഒരിക്കൽ മാത്രം കാണുന്ന ആളുകളുടെ അഭിപ്രായത്തേക്കാൾ നമുക്കടുത്തുള്ളവരുടെ അഭിപ്രായം സദാ ആദരിക്കണം.

ആ ആദരവാണ് തിരുമേനിക്ക് അടുത്തുള്ളവരുടെ ആധിക്യം ഉണ്ടാക്കിയത്.

തിരുമേനിക്ക് ഒരു ഗുരുവുണ്ട്. ഭാഗ്യസ്മരണാർഹനായ അഭി. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി. ഗുരുമന്ത്രം എന്തായിരുന്നുവെന്ന് നമുക്കറിയില്ല. പക്ഷെ കൂറിലോസ് തിരുമേനി അത് ജപിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. മനസ്സിൽ മുഴുവൻ ആ മന്ത്രത്തിന്റെ സ്പന്ദനമുണ്ട്. ആ മന്ത്രത്തിനു വലിയ ശക്തിയുണ്ട്. എന്നാൽ അത് പ്രകടമല്ല. തിരുമേനി പറയുമായിരുന്നു, തിരുമേനി ചെയ്യുമായിരുന്നു എന്നിങ്ങനെയുള്ള മൊഴികൾ വല്ലപ്പോഴും മാത്രം നാം കേൾക്കുന്ന ഗുരുമന്ത്രത്തിന്റെ പ്രതിസ്പന്ദനങ്ങളാണ്.

ലോകത്തിലെ മതങ്ങളൊക്കെ വളരെയധികം മഹാപുരുഷന്മാരെ സൃഷ്ടിച്ചിട്ടുണ്ട്. ഇവർ സാധാരണക്കാർക്ക് ആദ്ധ്യാത്മിക ജീവിതത്തിന്റെ വെളിച്ചം നൽകുവാൻ ശ്രമിച്ചു. ഈ മഹാത്മാക്കൾ നൂറ്റാണ്ടുകളിലൂടെ അനുഷ്ഠിച്ച കർമ്മങ്ങളാണ് മൃഗങ്ങളുടെ നിലയിലേക്ക് അധഃപതിച്ചുപോകാതെ ഈ സംസ്ക്കാരം നിലനിർത്തുവാൻ സഹായിച്ചിട്ടുള്ളത്. ചരിത്രത്തിന്റെ മരുഭൂമികളെ നിറയ്ക്കുന്ന യുദ്ധങ്ങൾ, രക്തച്ചൊരിച്ചിൽ, മനുഷ്യഹിംസ, നാശം, ലാഭം, ഇന്ദ്രിയപ്രീണനം ഇവയൊക്കെ മുൻനിർത്തിയുള്ള കർമ്മങ്ങൾക്കിടയിൽ ഇവർ മരുപ്പച്ച പോലെ വർത്തിക്കുന്നു. ഇത്തരത്തിലുള്ള ഒരു മരുപ്പച്ചയാണ് അഭി. കൂറിലോസ് തിരുമേനി. മരുഭൂമിയാത്രികർക്ക് മരുപ്പച്ചയായി, അവരുടെ സഹയാത്രികനായി, തേജസ്കരണത്തിന്റെ മണ്ഡലത്തിലേക്ക് കൈപിടിച്ചു നയിക്കുന്നവനായി, മഹാപൗരുഷ്യത്തിന്റെ പൂർണ്ണതയിലേക്ക് ഈ യാത്ര തുടരുവാനും പ്രാർത്ഥിക്കുന്നു.

*എം.ജി.ഒ.സി.എസ്.എം, ജനറൽ സെക്രട്ടറി)*

# തിരുമധുരം

പ്രിയ ജേക്കബ്

പാലസ്തീൻ നാട്ടിലെ ഏറ്റവും ദുഷ്ക്കരമായ ജോലിയായിരുന്നു ഇടയവൃത്തി. കുറ്റിക്കാടുകളിലൂടെ കുന്നുകളിലൂടെ ആട്ടിൻപറ്റത്തെ മേയിക്കുക ആപത്കരമാണ്. എങ്കിലും ഇടയന്മാർ സമർത്ഥരാകാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. ഇടയൻ എന്ന പദത്തിന് ക്രൈസ്തവ വൈദികൻ എന്നും ഒരർത്ഥമുണ്ട്. ഒരേ സമയം അധികാരം പ്രയോഗിക്കുന്ന നേതാവ്, കാരുണ്യവും സ്നേഹവും പകരുന്ന സുഹൃത്ത് ബൈബിളിലെ ഇടയസങ്കല്പം ഇതാണ്. ആട്ടിൻകൂട്ടത്തിന് മാതൃകയായി അധ്യക്ഷത ചെയ്യുന്ന ഇടയനാണ് നാം സ്നേഹിക്കുകയും നമ്മെ സ്നേഹിക്കുകയും ചെയ്യുന്ന നമ്മുടെ പിതാവ് കുറിലോസ് തിരുമേനി. ജോർജ് കുര്യൻ അച്ചനായി വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വേദികളിൽ പ്രസന്നവദനനായി, ഹൃദയം നിറയെ സ്നേഹവും കരുതലുമായി, ആരേയും വേദനിപ്പിക്കാതെ അസ്വാരസ്യമില്ലാത്ത വാക്കുകളുമായി സീനിയർ ഫ്രണ്ട്സിനേയും വിദ്യാർത്ഥികളേയും നയിച്ച ജനറൽ സെക്രട്ടറിയച്ചൻ. പത്തനാപുരം വാർഷിക കോൺഫറൻസിൽവെച്ചാണ് മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു എന്ന സന്തോഷവർത്തമാനം ഞങ്ങൾ കേട്ടത്. അന്നുതന്നെ നിയുക്ത മെത്രാൻമാർക്ക് അനുമോദനം അർപ്പിച്ചതും പ്രസ്ഥാനത്തിന്റെ മുൻ ജനറൽ സെക്രട്ടറിയച്ചന്റെ സ്ഥാനലബ്ധിയിൽ ഞങ്ങൾ അഭിമാനം കൊണ്ടതും ഇന്നെന്നപോലെ ഓർമ്മിക്കുന്നു.

വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ 'വലിയ തിരുമേനി' യായി ഞങ്ങളുടെ തലമുറ തിരിച്ചറിഞ്ഞ തേയോഫിലോസ് തിരുമേനിയുടെ ആത്മീയ പുത്രനായിരുന്നു കൊച്ചുതിരുമേനി. തിരുമേനിയുടെ സാന്നിദ്ധ്യം വലിയ തിരുമനസ്സിലെ വ്യക്തിത്വസവിശേഷതകൾ പലതും

ഓർമ്മിപ്പിക്കാറുണ്ട്. വേദികളിലും സമ്മേളനങ്ങളിലും ഒരു ഇളംതെന്നലിന്റെ അനുഭവം. വാക്കുകളിലും നടപ്പിലും എടുപ്പിലും കാണുന്ന കുലീന ഭാവം. അധികാരത്തിന്റെ നിർവ്വചനം ശുശ്രൂഷിക്കലാണ് എന്ന വലിയ മാതൃക. ഒരു പുരോഹിതനിൽ നിന്നും സാധാരണ ആളുകൾ പ്രതീക്ഷിക്കുന്ന നിർവ്യാജസ്നേഹം, കരുതൽ, മൃദുഭാഷണം, ജീവിത വിശുദ്ധി എല്ലാറ്റിലുമുപരി സമീപന സുഗമത ഇതെല്ലാം നാം അനുഭവിച്ചറിഞ്ഞതാണ്. നമുക്ക് ഹൃദ്യാനുഭവങ്ങളാണ്.

തോമസ് അക്കിമ്പസിന്റെ ക്രിസ്ത്യാനുകരണത്തിലെ ഒരു സൂക്തം ഓർമ്മ വരുന്നു. 'പ്രൗഢമായ പ്രഭാഷണം ഒരുവനെ പരിശുദ്ധനും നീതിമാനുമാക്കുന്നില്ല. സുകൃത ജീവിതമാണ് അവനെ ദൈവത്തിന് സംപ്രീതനാക്കുന്നത്' സുകൃത ജീവിതത്തിന്റെ ഉടമയാണ് നമ്മുടെ തിരുമേനി. സുകൃതങ്ങൾ സുകൃതരിൽനിന്നു മാത്രമേ സംജാതമാവുകയുള്ളൂ. ഫ്രാൻസിലെ തൈസെ കമ്മ്യൂണിറ്റിയും ബ്രദർ റോജറുമായുള്ള തിരുമനസ്സിന്റെ ആത്മബന്ധം ഇതിനു തെളിവാണ്. ഓർത്തഡോക്സ് സഭയിലെ യുവജനങ്ങൾക്ക് ആ സന്ന്യാസ സമൂഹത്തിന്റെ ആതിഥ്യം സ്വീകരിക്കുവാൻ തിരുമേനി അവസരമൊരുക്കിയിട്ടുണ്ട്. സുകൃത ജീവിതത്തിന്റെ അനന്തസാധ്യത കർമ്മപഥങ്ങളിൽ എത്തിക്കുവാനുള്ള ശ്രമം ഇവിടെ കാണാം. അത്തരമൊരു സമൂഹത്തെപ്പറ്റിയുള്ള വലിയൊരു സ്വപ്നവും തിരുമനസ്സിന്റെ വാക്കുകളിലുണ്ട്. ഗ്രിഗോറിയൻ കമ്മ്യൂണിറ്റി എന്ന ചിന്താധാര ഉണർന്നത് ഇങ്ങനെയായിരിക്കാം.

ഇടയന്മാർ പല വിധത്തിലുണ്ടാകാം. മനുഷ്യനാൽ നിയോഗിക്കപ്പെടുന്നവർ, സ്വയം തീരുമാനിക്കുന്നവർ, ദൈവത്താൽ വിളിച്ചു വേർതിരിച്ചവർ. മനുഷ്യരാൽ നിയോഗിക്കപ്പെടുന്നവർക്ക് മനുഷ്യഹിതത്തിനനുസരിച്ചേ പെരുമാറാൻ കഴിയൂ. സ്വയം തീരുമാനിച്ചവർക്ക് തങ്ങളുടെ സ്വാർത്ഥത വിട്ടൊഴിയുക സാധ്യമല്ല. ദൈവത്താൽ നിയോഗിക്കപ്പെട്ടവരുടെ ഗണത്തിലാണ് നമ്മുടെ പിതാവിന്റെ സ്ഥാനം. ബോൺഹോഫർ എന്ന വേദപണ്ഡിതൻ പറയുംപോലെ 'സ്വയം എത്രത്തോളം വിസ്മരിക്കുവാൻ കഴിയുമോ അപ്പോഴാണ് നമ്മുടെ കർമ്മങ്ങൾ വിശിഷ്ടമാകുന്നത്.' മുംബൈ ഭദ്രാസനാധിപൻ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റ്, മഹാരാഷ്ട്രാ ക്രിസ്ത്യൻ കൗൺസിൽ, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ചെയർമാൻ എന്നീ നിലകളിൽ തനിക്കു ലഭിച്ച ഉത്തരവാദിത്വങ്ങളിൽ സ്വയം പരിത്യജിക്കപ്പെടുന്നതുകൊണ്ടാണ് അദ്ദേഹത്തിന്റെ കർമ്മങ്ങൾ വിശിഷ്ടമാകുന്നത്.

ണ്ടതാണ്.

ശതാബ്ദിയുടെ നിറവിൽ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ സാരഥ്യം ഏറ്റെടുത്തത് ഒരു ചരിത്രനിയോഗം. ഒരു സുവർണ്ണ കാലഘട്ടത്തിന്റെ ആരംഭമാകട്ടെ എന്നാണ് പ്രാർത്ഥന. സ്മാർട്ട് സിറ്റിയും, എക്സ്പ്രസ് ഹൈവേയും സ്വപ്നം കാണുന്ന തലമുറ നിരീശ്വരവാദവും, ഭൗതിക വാദവും, ആഗോളീകരണത്തിന്റെ വെല്ലുവിളികളും, വാണിജ്യവത്ക്കരിക്കപ്പെടുന്ന കപട ആത്മീയതയും, ആൾദൈവങ്ങളുടെ ആകർഷകത്വവും വിദ്യാർത്ഥി സമൂഹം നേരിടേണ്ടിവരുന്ന ഭീകര യാഥാർത്ഥ്യങ്ങളാണ്. പുതിയ തലമുറയുടെ ഹൃദയസ്പന്ദനങ്ങൾ അറിയുവാൻ കഴിയുന്ന തിരുമനസ്സിന് അവരെ പച്ചയായ മേച്ചിൻപുറങ്ങളിലൂടെ നടത്തുവാൻ കഴിയും എന്ന ശുഭാപ്തി വിശ്വാസം നമുക്കുണ്ട്. ആഗോള സഭാതലങ്ങളിലുള്ള ബന്ധങ്ങളും അനുഭവ ജ്ഞാനവും ഒരു മുതൽക്കൂട്ടാകും. സ്വർഗ്ഗത്തിലെ ഹിതം ഭൂമിയിൽ നിറവേറ്റാൻ വരം ലഭിച്ച തിരുമനസ്സിന് സർവ്വമംഗങ്ങളും അർപ്പിക്കുന്നു.

*(പ്രിൻസിപ്പൽ, മെത്രാപ്പോലീത്തൻ ഹയർ സെക്കണ്ടറി സ്കൂൾ, പുത്തൻകാവ്)*

# കൂറിലോസ് തിരുമേനിയും ഞാനും

ഡോ. വർഗീസ് പേരയിൽ

1978 ഡിസംബർ 30 ശനി, രാത്രി11 മണി, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അവസാന വർഷ ബി.എ വിദ്യാർത്ഥിയും കോളജ് യൂണിയൻ ജനറൽ സെക്രട്ടറിയുമായിരുന്നു ഞാൻ. ആലുവ ഏലൂർ ഫാക്ട് ഹൈസ്കൂളിൽ നടന്ന എം.ജി.ഒ.സി.എസ്.എം 70-ാമതു വാർഷിക കോൺഫറൻസിൽ പങ്കെടുക്കുകയായിരുന്നു. ഇപ്പോൾ തുമ്പമൺ ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യാപകനായ ഡോ. മാത്യു പി. ജോർജിന്റെ സഹോദരനും എന്റെ ആത്മ മിത്രവുമായിരുന്ന റജി ജോർജുമായി സംസാരിച്ച് കിടക്കുകയായിരുന്നു.

ഡും....ഡും....ഡും........കതകിൽ ആരോ മുട്ടുന്നു. മുറിയ്ക്കകത്തും പുറത്തും കുറ്റാക്കുറ്റിരുട്ട്. ചില മുറികളിൽനിന്നും അടച്ചുപിടിച്ച സംസാരം കേൾക്കാമായിരുന്നു. ധൈര്യം സംഭരിച്ച് ഞാൻ കതക് തുറന്നു. ടോർച്ചുമായി ഒരു വൈദികൻ മുന്നിൽനിൽക്കുന്നു. നിമിഷങ്ങൾക്കകം അത് ജോർജ് കുര്യനച്ചനാണെന്ന് മനസ്സിലാക്കി. എം.ജി.ഒ.സി.എസ്.എം ജനറൽ സെക്രട്ടറി ഫാ. പി.സി ചെറിയാൻ ആയിരുന്നെങ്കിലും നൈറ്റ് പെട്രോളിംഗ് ജോർജ് കുര്യനച്ചനായിരുന്നു. ധ്യാനത്തിനുശേഷം അടുത്തദിവസം വി.കുർബാന അനുഭവിക്കേണ്ട നിങ്ങൾ തകർത്ത് ചിരിക്കുന്നതും സംസാരിക്കുന്നതും ശരിയാണോയെന്ന ചോദ്യംകേട്ട് ഞാൻ തലകുനിച്ചു. വി.കുർബാന അനുഭവിക്കാനുള്ളതാണ്, പങ്കെടുക്കാനുള്ളതല്ല. അതിനായി നാം ഒരുങ്ങണം. അദ്ദേഹത്തിന്റെ ഉപദേശം എന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങി. അച്ചന്റെ മഹത്വം ഞാൻ ആദ്യമായി മനസ്സിലാക്കി. അന്നുമുതൽ ആരംഭിച്ച പ്രത്യേക ബഹുമാനം ഇന്നും തുടരുന്നു. ഏലൂരിൽ നടന്ന വിദ്യാർത്ഥി സെമിനാറിൽ ഞാൻ കുലംകക്ഷം എന്ന വാക്ക് 2 തവണ ഉപയോഗിച്ചു.

തുടർന്നു സംസാരിച്ച ജോർജ് കുര്യനച്ചനും കൂലകക്ഷം എന്ന വാക്ക് ഉപയോഗിച്ചപ്പോൾ വിദ്യാർത്ഥികൾ ചിരിച്ചു. ഉപസംഹാര പ്രസംഗം നടത്തിയ പ്രസിഡന്റ് ഫീലിപ്പോസ് മാർ തെയോഫിലോസ് തുരുമേനി കൂലംകഷായം എന്ന് തമാശരൂപേണ എന്നെ നോക്കി പ്രസംഗിച്ചു. 1979-ൽ പത്തനാപുരത്തും 1980-ൽപത്തനംതിട്ടയിലും നടന്ന വാർഷികകോൺഫറൻസുകളിൽ എല്ലാവരും എന്നെ കൂലംകഷായം എന്നു വിളിക്കാറുണ്ടായിരുന്നു.

1980-ൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ ഫൈനൽ എം. എ വിദ്യാർത്ഥിയായിരിക്കുമ്പോൾ നടന്ന 72-മതു കോൺഫറൻസിലാണ് ജോർജ് കുര്യനച്ചന്റെ സംഘാടകശക്തി ആദ്യമായി എനിക്ക് മനസിലായത്. അച്ചൻ ജനറൽ സെക്രട്ടറിയായതിനുശേഷമുള്ള പ്രഥമ കോൺഫറൻസായിരുന്നു. വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ഞാനും ലോക്കൽ റിസപ്ഷൻ കമ്മറ്റി അംഗമായിരുന്നു.

1983 ഡിസംബർ 27 മുതൽ 1984 ജനുവരി 1 വരെ കോട്ടയത്ത് പഴയ സെമിനാരിയിൽ നടന്ന എം.ജി.ഒ.സി.എസ്.എം ന്റെ 75-ാമതു വാർഷിക കോൺഫറൻസ് ജോർജ് കുര്യനച്ചന്റെ ബഹുമുഖ പ്രതിഭ പ്രകടമാക്കുന്നതായിരുന്നു. പ.ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ ബാവ, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, പൗലോസ് മാർ പൗലോസ് തുടങ്ങിയ സഭാപിതാക്കന്മാരും കേരള ഗവർണർ പി. രാമചന്ദ്രൻ, സർവോദയ നേതാവ് എം. പി. മന്മഥൻ, സി.എം. സ്റ്റീഫനെപ്പോലുള്ള രാഷ്ട്രീയനേതാക്കൾ, എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ അഖില ലോക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്ത സമ്മേളനം എം.ജി.ഒ.സി.എസ്.എം ന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണെന്ന് പറയുന്നതിൽ ഒട്ടും അതിശോക്തിയില്ല. പിൽക്കാലത്ത് ഞാൻ അടൂർ സെ. സിറിൽസ് കോളജ് അധ്യാപകനായശേഷം അടൂർ റീജനൽ സെക്രട്ടറി എന്ന നിലയിൽ അച്ചനോടൊപ്പം പ്രവർത്തിക്കാൻ ലഭിച്ച അവസരം ഓർക്കുന്നു. അഭി. സഖറിയാസ് മാർ തേയോഫിലോസ് തിരുമേനിയും മനോരമ പത്രാധിപ സമിതിയംഗം പോൾ മണലിലും സഭാ മാനേജിംഗ് കമ്മറ്റിയംഗം ചെറിയാൻ വർഗീസും (കോട്ടയം) വിവിധ റീജണൽ സെക്രട്ടറിമാരായിരുന്നു. 1985 ഫെബ്രുവരി 8-നു മലയാള മനോരമയിൽ ജോർജ് കുര്യനച്ചന് അപകടം പറ്റിയ വാർത്ത ഞാൻ വായിച്ചു. കോട്ടയം സി. എം. എസ് കോളജിലെ ഹിസ്റ്ററി പ്രൊഫസറായിരുന്ന സി.വി. ചെറിയാന്റെ സുഖമില്ലാതിരുന്ന

മകളെ കാണുവാൻ പോയപ്പോഴാണ് സ്കൂട്ടറപകടമുണ്ടായത്. അച്ചനെ കാണുവാനായി ഞാൻ കോട്ടയത്ത് ഹോസ്പിറ്റലിൽ ചെന്നു. കൈയ്യിൽ പ്ലാസ്റ്ററിട്ടിരിക്കുന്നു. വേദന കടിച്ചമർത്തിയിരിക്കുകയായിരുന്നു. എന്നോട് സംസാരിച്ചപ്പോൾ സ്വന്തം വേദനയേക്കാളുപരി സി.വി. ചെറിയാൻ സാറിന്റെ മാനസിക പ്രയാസത്തെക്കുറിച്ചും ആ കുട്ടിയുടെ അസുഖത്തെക്കുറിച്ചും സംസാരിക്കാനാണ് താല്പര്യം കാണിച്ചത്. 1984 -ൽ ആയിരുന്നു എന്റെ വിവാഹം. വിവാഹത്തിന് അച്ചന് സംബന്ധിക്കാൻ സാധിച്ചില്ല. എനിക്കയച്ചുതന്ന ഉപദേശ രൂപേണയുള്ള ആശംസാ കത്ത് ഞാനിന്നും സൂക്ഷിക്കുന്നു. എന്റെ റിസേർച്ചുമായി ബന്ധപ്പെട്ട് ഗോവയിൽ പോകേണ്ട ആവശ്യം വന്നപ്പോൾ അവിടുത്തെ വികാരിയച്ചന് കൂറിലോസ് തിരുമേനി നല്കിയ കല്പന എനിക്ക് വളരെയധികം പ്രയോജനപ്പെട്ടതും 2007-ൽ തുമ്പമൺ എം. ജി. എം ഹൈസ്കൂളിൽ നടന്ന എം. ജി. ഒ. സി. എസ്. എം ശതാബ്ദി സമ്മേളനത്തിൽ വച്ച് ഞാൻ പ്രസിദ്ധീകരിച്ച The oath canoon crose ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മത്തിൽ പങ്കെടുത്തതും ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

1995-ൽ അങ്കമാലി സെ. സിറിൾസ് കോളജിൽ നടന്ന എം. ജി. ഒ. സി. എസ്. എം 89-ാമത് വാർഷികകോൺഫറൻസിന്റെ ഫൈനാൻസ് കൺവീനറായും 1996 -ൽ അസോസിയേറ്റ് സെക്രട്ടറിയായി പ്രവർത്തിക്കുമ്പോഴും എനിക്ക് മാർഗ്ഗദീപമായിരുന്നത് പഴയ ജോർജ് കുര്യനച്ചനായിരുന്നു.

ഇപ്പോൾ മുംബൈ ഭദ്രാസനാധിപനായ അഭിവന്ദ്യ തിരുമേനിയുടെ ഭാവിയിൽ കൂടുതൽ കൂടുതൽ ഉയരങ്ങളിൽ പ്രശോഭിക്കുവാൻ ദൈവം അനുവദിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ എല്ലാ ആശംസകളും നേരുന്നു.

*(സെനറ്റ് മെമ്പർ, കേരള സർവ്വകലാശാല)*

# എക്യൂമെനിസത്തിന്റെ പ്രയോക്താവ്

തോമസ് നീലാർമം

മലങ്കര ഓർത്തഡോക്സ് സഭയുടെ അംബാസിഡർ എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന കാലം ചെയ്ത അഭി. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ പിൻഗാമിയായി മുംബൈ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത എന്ന നിലയിൽ സഭയെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന അഭി. ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനി ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പ്രതിഭാധനനായ മെത്രാപ്പോലീത്തയാണ്. അഭി. തെയോഫിലോസ് തിരുമേനിയായിരുന്നു അദ്ദേഹത്തിന്റെ വിചാരങ്ങളുടെ ശിൽപ്പിയും സംവിധായകനും. തെയോഫിലോസ് തിരുമേനിയുടെ അനന്യമായ ധിഷണാധാവള്യത്തിനും ദാർശനിക ചിന്തകൾക്കും മുന്നിൽ വിനയാന്വിതരായിത്തീർന്ന അനേക ശിഷ്യഗണങ്ങളിൽ അദ്വിതീയസ്ഥാനം ജോർജ് കുര്യനച്ചന് ഉണ്ടായിരുന്നു. മാർ തിയോഫിലോസ് തിരുമേനി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചുമതലയേൽക്കുന്ന കാലം മുതൽ, പിന്നീട് മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടും വരെ പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുവാൻ അഭിവന്ദ്യ കൂറിലോസ് തിരുമേനിക്ക് ഭാഗ്യം ലഭിച്ചു.

അഖില ലോകസഭാ കൗൺസിലിലും മറ്റ് അന്തർദേശിയ എക്യുമെനിക്കൽ സംഘടനകളിലും ഓർത്തഡോക്സ് സഭയ്ക്ക് പ്രാമുഖ്യവും പ്രാധാന്യവും ലഭിക്കുന്നതിന് പ്രധാന കാരണം തെയോഫിലോസ് തിരുമേനിയുടെയും, കാലം ചെയ്ത ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും നിസ്തന്ദ്രമായ പ്രവർത്തനം കൊണ്ടാണ്. ആ പാതയിലൂടെ സഞ്ചരിക്കാൻ ഇഷ്ടപ്പെടുകയും അന്തർദേശിയ സമ്മേളനങ്ങളിൽ ഓർത്തഡോക്സ് സഭയുടെ പ്രാതി

നിധ്യം ഉറപ്പാക്കുകയും ചെയ്യുവാൻ കുറിലോസ് തിരുമേനിക്ക് സാധിച്ചു.

ശാന്തഗംഭീര ഭാവമാണെങ്കിലും സൗമ്യവും സ്നിഗ്ദവുമായ പെരുമാറ്റവും സംഭാഷണവും തിരുമേനിയുടെ പൈതൃക സമ്പത്താണ്. അറിവാണോ അനുഭൂതിയാണോ തിരുമേനിയുടെ സാന്നിദ്ധ്യത്തിലൂടെ പകർന്നു കിട്ടുകയെന്ന് വേർതിരിക്കാൻ പ്രയാസമാണ്. പള്ളിമുറ്റത്തായാലും ഏതെങ്കിലും സമ്മേളനവേദിയുടെ സമീപത്തായാലും സന്ദർശക വിശേഷങ്ങൾ കേട്ടുകൊണ്ട് മണിക്കൂറുകളോളം ഒരൊറ്റനിൽപ്പ് നിൽക്കുന്നത് തിരുമേനിക്കു മാത്രം ചെയ്യാൻ സാധിക്കുന്ന കാര്യമാണ്. കേൾക്കുന്ന കാര്യങ്ങൾ അരോചകമോ അപ്രസക്തമോ ആണെങ്കിൽ പോലും യാതൊരു അസഹിഷ്ണുതയും പ്രകടിപ്പിക്കാതെ സംഭാഷണം ആരംഭിക്കുമ്പോഴുള്ള അതേ മുഖപ്രസന്നതയോടുകൂടി അവസാനം വരെ നല്ല കേൾവിക്കാരനായി തുടരാൻ അദ്ദേഹത്തിനു സാധിക്കുന്നു.

"മിതം ച സാരംച

വചോഹി വാഗ്മിതാ

എന്ന സൂക്തം കുറിലോസ് തിരുമേനിക്കിണങ്ങുന്ന രത്നാഭരണമാണ്. ഡബ്ല്യു.സി.സി.യുടെയും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റേയും മറ്റ് അന്തർദേശിയ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടേയും പ്രയോക്താവായി ശോഭിക്കുവാനും ഓർത്തഡോക്സ് സഭയുടെ പൈതൃകവും വിശ്വാസസ്ഥിരതയും ലോകക്രൈസ്തവ വേദികളിൽ പ്രഘോഷിക്കുവാനും കുറിലോസ് തിരുമേനി സ്ഥിരോത്സാഹം കാട്ടുന്നു. ഇനിയും സഭയുടെ ഭിത്തിയെ ബലവത്താക്കുന്ന സൃഷ്ടികർമ്മങ്ങളിൽ തളരാതെ പങ്കാളിയാകാൻ ദൈവം കൃപ നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

*(അദ്ധ്യാപകൻ, ആർ.എം.എച്ച്.എസ്.എസ്, വടവുകോട്)*

# മഹാനഗരത്തിന്റെ ഇടയൻ അറുപതിന്റെ നിറവിൽ

ഫാ. എം. സി. കുര്യാക്കോസ്

മലങ്കര ഓർത്തഡോക്സ് സഭയുടെ മുംബൈ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്താ അറുപതിന്റെ നിറവിൽ. മലങ്കരസഭയുടെ വിദ്യാർത്ഥി പ്രസ്ഥാനരംഗത്ത് തനതായ നേതൃത്വം നൽകി പുരോഗതിയിലേക്ക് നയിക്കുന്നതിൽ തിരുമേനിയുടെ നേതൃത്വപാടവം പ്രശംസനീയമാണ്. തിരുമനസ്സിന്റെ വ്യക്തിത്വത്തിന്റെ വിശേഷതകൾ വിവരിക്കുവാൻ വാക്കുകൾക്ക് നീളം പോരാ എന്നു തോന്നിപോകുന്നു.

**എക്യുമെനിസത്തിന്റെ വക്താവ്**

മലങ്കര ഓർത്തഡോക്സ് സഭയുടെ എക്യുമെനിക്കൽ രംഗത്ത് തന്റേതായ സംഭാവനകൾ നൽകുവാൻ അഭി. പിതാവിന് കഴിഞ്ഞിട്ടുണ്ട്. എൻ.സി.സി.ഐ പ്രസിഡന്റായി സേവനം അനുഷ്ഠിച്ച കാലയളവിൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിനും സർവ്വമതസൗഹാർദ്ദത്തിനും, സമൂഹത്തിന്റെ നന്മയ്ക്കും വിശേഷിച്ചും, പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനും മുഖ്യപ്രാധാന്യം നൽകി ചെയ്തുവന്ന നേതൃത്വവും സേവനവും പ്രശംസനീയമാണ്. ഈ കാര്യത്തിൽ തന്റെ മുൻഗാമി ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ കാലടികളെ പിൻതുടരുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

**വിദ്യാർത്ഥികളുടെ സതീർത്ഥ്യൻ**

അഭി. കുറിലോസ് തിരുമേനിയെ രൂപപ്പെടുത്തുന്നതിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പങ്ക് ഉദാത്തമാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായും ഇപ്പോൾ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായും സേവനമനുഷ്ഠിക്കുന്ന തിരുമനസ്സിന് വിദ്യാർത്ഥികളുടെ പ്രശ്നങ്ങളും പ്രതിസന്ധികളും ഉൾക്കൊണ്ട് പ്രസ്ഥാന പ്രവർത്തനങ്ങൾ നയിക്കു

വാൻ തക്കവണ്ണം സാധിക്കുന്നു.

ഭദ്രാസന ഭരണത്തിന്റെ തിരക്കിന്റെ നടുവിലും വിദ്യാർത്ഥി പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ തിരുമേനി സമയം കണ്ടെത്തുന്നു.

**ഉത്തമനായ രക്ഷകർത്താവ്**

മുംബൈ ഭദ്രാസനത്തെ മലങ്കരസഭയുടെ തന്നെ മികച്ച ഭദ്രാസനമാക്കി വളർത്തുന്നതിൽ തിരുമേനിയുടെ പ്രയത്നം പ്രശംസനീയമാണ്. തികഞ്ഞ അർപ്പണബോധത്തോടെ ഓരോ ഇടവകകളെ കണ്ടറിഞ്ഞ് പ്രവർത്തിക്കാൻ തിരുമേനി ശ്രദ്ധിക്കുന്നു. ഇന്ത്യയിലും വിദേശത്തുമായി നിലകൊള്ളുന്ന ഇടവകകളെ ഒരേ ചരടിൽ കോർത്ത് നയിക്കുവാൻ തിരുമേനിക്ക് സാധിക്കുന്നു. തന്നെ സമീപിക്കുന്നവരെ ഒരു നറും പുഞ്ചിരിയോടെ സ്വീകരിക്കുവാൻ അഭി. തിരുമേനിക്ക് കഴിയുന്നു. മുംബൈ, അഹമ്മദാബാദ് ഭദ്രാസനങ്ങളെ തന്റെ സന്താനങ്ങളെപ്പോലെ പരിപാലിക്കുവാൻ തിരുമേനിക്ക് കഴിയുന്നത് ദൈവകൃപയാണ്.

ലോക ക്രൈസ്തവ സമൂഹം പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ അഭി. തിരുമേനിയുടെ നേതൃത്വപാടവവും ഉൾക്കാഴ്ചയും ക്രൈസ്തവ സമൂഹത്തിന് എന്നും മുതൽക്കൂട്ടാണ്. ആശയപരമായ ഭിന്നിപ്പ് സഭാമക്കളെ തമ്മിൽ വേർതിരിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ തിരുമനസ്സിന്റെ സ്വയസമർപ്പിതവും, വിനയപൂർണ്ണവുമായ പെരുമാറ്റവും പ്രത്യാശയുടെ കിരണങ്ങളായി മാറുന്നു എന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. സമൂഹികസാമ്പത്തികബന്ധങ്ങളിലും ഒപ്പം കുടുംബ ബന്ധങ്ങളിലും അതിവേഗം മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആഗോളവത്ക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ വിശ്വാസസ്ഥിരത നിലനിൽക്കുന്നതിനും, ക്രിസ്തുവിന്റെ സ്നേഹം ഉപാധികളില്ലാതെ ഏവർക്കും ലഭ്യമാക്കിതീർക്കുന്നതിനും തിരുമേനിക്ക് സർവേശ്വരനായ കർത്താവ് ബലവും ആരോഗ്യവും ആയുസ്സും പ്രദാനം ചെയ്യുമാറാകട്ടെ! തുരുമേനിയുടെ ഷഷ്ട്യാബ്ദപൂർത്തിയിൽ എല്ലാ മംഗളാശംസകളും നേരുന്നു.

# കൂറിലോസ് തിരുമേനിയെ ഓർക്കുമ്പോൾ

മാത്യു സഖറിയ

1971 സെപ്റ്റംബറിലെ ഒരു സുദിനം. എം.ജി.ഒ.സി.എസ്.എം. പ്രസിഡന്റായിരുന്ന ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി അതീവ സന്തുഷ്ടനാണെന്ന് മുഖഭാവം കണ്ടാലറിയാം. തന്റെ സ്വസിദ്ധമായ ഗാംഭീര്യത്തിനല്പം പോലും മങ്ങലേല്ക്കാതെ വളരെ പ്രസന്നവദനനായി അദ്ദേഹം എം.ജി.ഒ.സി.എസ്.എം. ഓഫീസിലേക്ക് ഓടിക്കയറി. സന്തോഷംകൊണ്ട് മുഖമാകെ ചുവന്നുതുടുത്തിട്ടുണ്ട്. എന്തോ പ്രധാന സംഭവം നടന്നിരിക്കുന്നു എന്നു തോന്നിയെങ്കിലും ഒന്നും വ്യക്തമാകാതെ അവിടെയിരുന്നവർ ഉപചാര ബഹുമാനപൂർവ്വം എണീറ്റുനിന്നു. ഉദ്യോഗത്തിന്റെ മാറാലകൾ പൊട്ടിച്ചുകൊണ്ട് ചെറു മന്ദസ്മിതത്തോടെ അഭിവന്ദ്യതിരുമേനി മൊഴിഞ്ഞതിപ്രകാരമാണ്. "ഇന്നെന്റെ ജീവിതത്തിലെ ഏറെ സന്തോഷകരമായ ഒരു ദിവസമാണ്. കാരണമെന്തെന്നല്ലേ-ഇന്നെനിക്ക് ഒരു കുഞ്ഞു മാലാഖയെ ലഭിച്ചിരിക്കുന്നു." തന്റെ പിന്നാലെ ആ മുറിയിലേക്കു കടന്നുവന്ന ശുഭ്രവസ്ത്രധാരിയായ കൊച്ചു ശെമ്മാശനെ ചൂണ്ടികൊണ്ടാണദ്ദേഹം അതു പറഞ്ഞത്. അന്നത്തെ ആ കൊച്ചുമാലാഖയായിരുന്ന ഡീക്കൻ ജോർജ് കുര്യൻ തന്റെ പിതൃസമാനനായിരുന്ന തേയോഫിലോസ് തിരുമേനിയുടെ കാലടികൾ പിന്തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായി ആദ്യം ബോംബെ ഭദ്രാസനത്തിന്റെയും പിന്നീട് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും അമരക്കാരനായി എന്നത് ദൈവനിയോഗം. കോട്ടയം എം. ഡി. സെമിനാരി ഹൈസ്ക്കൂളിൽ സ്വപിതാവന്റെ സതീർത്ഥ്യനായിരുന്ന തെയോഫിലോസ് തിരുമേനിയും 'കൊച്ചു തിരുമേനി' എന്ന് അദ്ദേഹം സ്നേഹപൂർവ്വം സംബോധന ചെയ്തിരുന്നു. കൂറിലോസ് തിരുമേനിയുമായുള്ള പിതൃപുത്രസമാനമായ ബന്ധത്തിന്റെ ആഴം മന

സ്സിലാക്കുവാൻ ശ്രമിക്കുന്നത് അവിവേകമായിരിക്കുമെങ്കിലും അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ പ്രാർത്ഥനയിലും ജാഗരണത്തിലും ശ്രദ്ധിച്ച് കൂടെനിന്ന് ശുശ്രൂഷിക്കുകയും പരിചരിക്കുകയും ചെയ്ത 'കൊച്ചുതിരുമേനി' യുടെ ചിത്രം അത്രപെട്ടെന്ന് മറക്കുവാൻ സാധിക്കുകയില്ല.

സമൂഹത്തിനും ക്രൈസ്തവ സഭയ്ക്ക് പൊതുവെയും മലങ്കര സഭയ്ക്ക് പ്രത്യേകമായും കുറിലോസ് തിരുമേനി ചെയ്തുകൊണ്ടിരിക്കുന്ന സംഭാവനകളും പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. 22-ാം വയസ്സിൽ എം.ജി.ഒ.സി.എസ്.എം ൽ ചേർന്ന ഡീക്കൺ ജോർജ് കുര്യന് സ്കൂൾ പാർലമെന്റുകളിലും, സ്കൗട്ട് പ്രസ്ഥാനം, അഖിലകേരള ബാലജനസഖ്യം, യുവജന പ്രസ്ഥാനം തുടങ്ങിയ സംഘടനകളിലും വഹിച്ച സുപ്രധാന പദവികളും അവയിലൂടെ ആർജ്ജിച്ചെടുത്ത നേതൃത്വപാടവവും പ്രവർത്തന പരിചയവും മുതൽകൂട്ടാകുകയായിരുന്നു. വാർഡനും അസ്സിസ്റ്റന്റ് ജനറൽ സെക്രട്ടറിയുമായി പ്രവർത്തനം ആരംഭിച്ചുവെങ്കിലും വൈദികനായതോടെ ജനറൽ സെക്രട്ടറി സ്ഥാനവും കരഗതമായി. സൗമ്യവും ശാന്തവുമായ പ്രവർത്തനങ്ങളിലൂടെ മികച്ച സംഘാടക നൈപുണ്യമാണദ്ദേഹം കാഴ്ചവെച്ചത്. മെഡിക്കൽ ഓക്സിലറിയും ടെക്നിക്കൽ ആൻസിലറിയും ആരംഭിച്ചതും ആ കാലയളവിലായിരുന്നു. മലങ്കരയൊട്ടാകെയുള്ള വിദ്യാർത്ഥികൾക്ക് അദ്ദേഹം സുസമ്മതനും ബഹുമാന്യനുമാകുന്നതിന് അധികകാലം വേണ്ടിവന്നില്ല. 'ഫാദർ ഓൺ വീൽസ്' എന്ന അപരനാമത്തിലറിയപ്പെട്ടിരുന്ന അദ്ദേഹത്തിന് (1985 ൽ ദാരുണമായ ഒരപകടം ഉണ്ടാകുന്നതുവരെ തന്റെ മിക്ക യാത്രകളും സന്തത സഹചാരിയായ വെസ്പ സ്കൂട്ടറിലായിരുന്നു.) അരുമനാഥന്റെ സ്നേഹമന്ത്രവുമായി വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും മനസ്സുകളിലേക്ക് ഊളിയിട്ടിറങ്ങുവാനും അവരെ ഓർത്തഡോക്സ് വിശ്വാസത്തിൽ അരക്കിട്ടുറപ്പിക്കുവാനും സാധിച്ചിരുന്നു.

ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേക്കുപോയ രണ്ടുവർഷമൊഴികെ വൈദികവൃത്തിയിൽ പ്രവേശിച്ചതിനുശേഷം മുഴുവൻ സമയവും വിദ്യാർത്ഥിപ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുന്നതിന്, അതിന്റെ ചരിത്രത്തിലെ പ്രഗത്ഭരായ ജനറൽ സെക്രട്ടറിമാരിലൊരാളായിത്തീരുന്നതിന് സാധിച്ചത് ദൈവകൃപ ഒന്നുകൊണ്ടുമാത്രമാണെന്നദ്ദേഹം വിശ്വസിക്കുന്നു.

1991 ൽ അദ്ദേഹത്തെ മറ്റു നാലുപേരോടൊപ്പം എപ്പിസ്കോപ്പായായി വാഴിക്കുകയും 1992 ൽ അദ്ദേഹം ബോംബെ ഭദ്രാസനത്തിന്റെ അസി. മെത്രാപ്പോലീത്തായായി ചുമതലയേല്ക്കുകയും ചെയ്തു. 2002 ൽ ബോംബെ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി. ഇടയ്ക്ക് കുറെക്കാലം കൽക്കട്ടാ ഭദ്രാസനത്തിന്റെ ചുമതലയും അദ്ദേഹത്തിനായിരുന്നു. ഇന്ന് പുതുതായി രൂപംകൊണ്ട അഹമ്മദ്ബാദ് ഭദ്രാസനത്തിന്റെ താൽക്കാലിക ചുമതല അദ്ദേഹത്തിന് തന്നെയാണ് നല്കപ്പെട്ടിരിക്കുന്നത്. പൂർണ്ണസമർപ്പണത്തോടെ ഭദ്രാസന ഭരണം നിർവ്വഹിച്ച് വിജയം കൈവരിക്കുന്ന സഭയിലെ ചുരുക്കം ചില മെത്രാപ്പോലീത്താമാരിലൊരാളാണ് അദ്ദേഹം. ഇടവകകളിലോ കുടുംബങ്ങളിലോ ഉണ്ടാകാവുന്ന തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് അദ്ദേഹത്തിന് അനിതര സാധാരണമായ നൈപുണ്യമാണുള്ളത്. ആത്മീയവും ഭൗതികവുമായ മേഖലകളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സ്നേഹ ബഹുമാനത്തോടെയാണ് ഏവരും നോക്കി കാണുന്നത്. പല എക്യൂമിനിക്കൽ സമ്മേളനങ്ങളിലും സഭയെ അദ്ദേഹം പ്രതിനിധാനം ചെയ്തിട്ടുണ്ട്. മാർ തേവോദോസിയോസ്, മാർ മക്കാറിയോസ് എന്നീ മെത്രാപ്പോലീത്തമാരുടെ ഭൗതിക ശരീരം മറുനാടുകളിൽ നിന്ന് ഭാരതത്തിലെത്തിക്കുവാൻ നിയോഗിതനായതും മറ്റാരുമായിരുന്നില്ല.

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഓഫ് ഇന്ത്യ (എൻ.സി.സി.ഐ) എന്ന ഭാരത ക്രൈസ്തവ സംഘടനയുടെ ദേശീയ പ്രസിഡന്റാകുവാനുള്ള അപൂർവ്വ ഭാഗ്യവും ചെറുപ്രായത്തിൽതന്നെ അദ്ദേഹത്തിന് ലഭിച്ചു. ഇന്ന് എം.സി.സി (മഹാരാഷ്ട്ര കൗൺസിൽ ഓഫ് ചർച്ചസ്) യുടെ പ്രസിഡന്റ് പദവിയും അദ്ദേഹമാണ് വഹിക്കുന്നത്. ഇന്ത്യയിലെയും, കൊറിയ, നേപ്പാൾ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലുള്ള ഹിന്ദു, മുസ്ലിം, ബുദ്ധമത നേതാക്കന്മാരുമായും അദ്ദേഹത്തിന് അടുത്ത ബന്ധമാണുള്ളത്. എൻ.എ.ബി.എസ്.സി. ന്റെ പ്രസിഡന്റ് എന്ന നിലയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളിലും വേണ്ടുവോളം ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഉറ്റവരുടെ അപായസൂചന വകവെയ്ക്കാതെ ഗുജറാത്തിലും മറ്റുമുണ്ടായ ഭൂകമ്പ ബാധിത പ്രദേശങ്ങളിലേക്ക് ഓടിയെത്തിയ ആ മനുഷ്യസ്നേഹിയെ അത്ഭുതത്തോടെ മാത്രമേ വീക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള വിവാദങ്ങൾക്ക് അറുതിവരുത്തുവാൻ ഇരുകൂട്ടർക്കും സമ്മതനായ സമർത്ഥനായ അനുനയ വക്താവായി

ട്ടാണ് അദ്ദേഹം അറിയപ്പെടുന്നത്.

സഭയുടെയും സമൂഹത്തിന്റെയും ഭാവിസംബന്ധമായ പ്രശ്നങ്ങൾക്ക് അദ്ദേഹത്തിന്റെ പ്രതിവിധിയാണ് തന്റെ മനസ്സിലുദിച്ചുയർന്ന ഗ്രിഗോറിയൻ കമ്മ്യൂണിറ്റി എന്ന ആശയം. എല്ലാ ജീവജാലങ്ങളിലും കാണപ്പെടുന്ന അസാധാരത്വത്തെ ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്തുകൊണ്ട് ഇടുങ്ങിയ സ്വാർത്ഥ താല്പര്യങ്ങൾ മാറ്റിവച്ച്, നാമഹേതുകനായ പരിശുദ്ധ പരുമല തിരുമേനി ഉപദേശിച്ച സാർവ്വലൗകിക സ്നേഹം പ്രായോഗികമാക്കുവാനാണ് ഗ്രിഗോറിയൻ കമ്മ്യൂണിറ്റി ലക്ഷ്യമിട്ടിരുന്നത്. ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യരിൽ അതിർവരമ്പുകൾ സൃഷ്ടിക്കാതെ ഓരോരുത്തരിലും അന്തർലീനമായിരിക്കുന്ന കഴിവുകൾ പുറത്തുകൊണ്ടുവരുന്നതിനും വികസിപ്പിക്കുന്നതിനുമുതകുന്ന വിധത്തിൽ പ്രവർത്തിക്കുന്നതിനും, അയൽക്കാരനെ സേവിക്കുന്നതിനും രാഷ്ട്രീയ, സാമൂഹ്യ, സാമുദായിക വേർതിരുവുകൾക്കതീതമായി കുടുംബങ്ങൾക്ക് ഒത്തുകൂടുന്നതിനുമൊക്കെ ഉതകുന്ന ഒരു വേദിയായാണ് ഗ്രിഗോറിയൻ കമ്മ്യൂണിറ്റി രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നത്. സമൂഹത്തെയും വൈഭവത്തോടെ നയിക്കുവാൻ വേണ്ട ദൈവീക കൃപയും വിജ്ഞാനവും ലഭിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

# ഗുരുവും പുരോഹിതനും

ഫാ. എബി. ഫിലിപ്പ്

ഭാരതസംസ്ക്കാരത്തിൽ ഗുരുവിനും പുരോഹിതനും വളരെ പവിത്രമായ സ്ഥാനമാണുള്ളത്. ഗുരുവിന്റെ വാക്കുകൾ ശിഷ്യഗണത്തിന് അറിവിന്റെ മന്ത്രങ്ങളാണ്. ഗുരുസവിധത്തിൽ ശിഷ്യർ സുരക്ഷിതരാണ്. ഗുരിവിന്റെ മുന്നിൽ ചമ്രംപടഞ്ഞിരിക്കുന്ന ശിഷ്യർ വലിയൊരു സംസ്ക്കാരത്തെയാണ് വിഭാവനം ചെയ്യുന്നത്. ഗുരുവിന്റെ കാൽക്കൽ ഇരുന്നാണ് ആദ്യാക്ഷരം അവർ പഠിക്കുന്നത്. താഴ്മയുടെ, വിനയത്തിന്റെ, അനുസരണയുടെ, ഉയർച്ചയുടെ അടയാളമാണത്. ശരീരത്തിൽ ഏറ്റവും താഴ്ന്ന ഭാഗത്താണ് ആദ്യക്ഷരം പഠിക്കാൻ ശിഷ്യർ ഇരിക്കുന്നത്. ഗുരുശിഷ്യ ബന്ധം അത്ര മൂല്യവത്താണ് .

ആത്മീയതയുടെ പൂർണ്ണതയിലേക്ക് വിശ്വാസി സഞ്ചരിക്കുന്നത് പുരോഹിത മാർഗ്ഗത്തിലൂടെയാണ്. ഇത് ഏതെങ്കിലും ഒരു പ്രത്യേക കാലഘട്ടത്തിലൂടെ കടന്നുവന്നതല്ല. മനുഷ്യോത്പത്തിയുടെ ചരിത്രത്തിന്റെ തുടക്കം മുതൽ പുരോഹിത ധർമ്മം കാണാൻ സാധിക്കുന്നുണ്ട്. മനുഷ്യൻ കണ്ടെത്തിയ എല്ലാ മതങ്ങളിലും പുരോഹിത ധർമ്മത്തിന് വളരെ പ്രാധാന്യമാണുള്ളത്. പുരോഹിതൻ ദൈവത്തിന്റെ പ്രതിപുരുഷനാണ്. ആ ചിന്തയിലാണ് പുരോഹിതൻ ജീവിക്കുന്നത്. പുരോഹിത ചിന്തയും ധർമ്മവും ദർശനവും വിശ്വാസിയുടെ സൂക്ഷ്മ വിശകലനത്തിന് വിധേയപ്പെടുന്നു.

പൗരോഹിത്യ ജീവിതം വളരെ പ്രയാസകരമായതാണ്. ബന്ധനത്തിലാണ് അവർ ജീവിക്കുന്നത്. അതിന്റെ ബാഹ്യ അടയാളമാണ് പുരോഹിത കുപ്പായം. അത് ആത്മീയതയുടെ സൂചനയാണ്, നിയന്ത്രണമാണ്. പുരോഹിതൻ പ്രകോപിതനാകനും, അധികം സംസാരിക്കാനും പാടില്ല. മാതൃകാ വ്യക്തിയായിരിക്കണം. ഇടയനാ

ണ്, അജപാലകനാണ്, വഴികാട്ടിയാണ്. കശീശ്ശയായും പട്ടക്കാരനായും തുടങ്ങി എത്ര വിശേഷണ നാമങ്ങളാണ് പുരോഹിതനുള്ളത്. ഈ അർത്ഥ തലങ്ങളൊക്കെ പൗരോഹിത്യ തലത്തിൽ സംരക്ഷിക്കാൻ വൈദിക ജീവിതത്തിലുള്ളവർ  കടപ്പെട്ടവരാണ്. ആ ദൗത്യം ഭംഗിയായി നിർവ്വഹിക്കുന്ന സഭാപിതാവാണ് അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി. മിതഭാഷിയായ തിരുമേനിയുടെ ആത്മീയ ചിന്തകളും ദർശനങ്ങളും മലങ്കര സഭയുടെ വളർച്ചയുടെ സഹായ ഘടകങ്ങളാണ്. സഭയെ കരുതലോടെ നയിക്കുന്ന ആത്മീയ പിതാവിന് അറുപതിന്റെ മംഗളാശംസകൾ നേരാൻ സാധിക്കുന്നത് സൗഭാഗ്യമാണ്. അഭിവന്ദ്യ തിരുമേനിയുടെ ദീർഘായിസ്സിന് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

*(വികാരി, സെന്റ് ജോർജ്ജ് ഓർത്തഡോക്സ്*
*വലിയ പള്ളി ചേപ്പാട്)*

# എന്റെ ഇളയ സഹോദരനായ ശ്രേഷ്ഠമഹാചാര്യൻ 60 ന്റെ നിറവിൽ

ജോസ് കുര്യൻ പുളിയേരിൽ

കേരളത്തിലെ പുരാതന ക്രൈസ്തവ കേന്ദ്രങ്ങളിലൊന്നായ കുറുവിലങ്ങാട് നിന്നും കോട്ടയം നഗരത്തിനടുത്ത് അരീപ്പറമ്പ് എന്ന ഗ്രാമത്തിൽ കുടിയേറിയ നാഗനിലത്തിൽനിന്നും കൊല്ലാട് സ്ഥിരതാമസമാക്കിയ മൂലയിൽ കുടുംബത്തിൽപ്പെട്ട പുളിയേരിൽ തറവാട്ടിലെ കാരണവരായി ജീവിക്കുകയും ശോഭിക്കുകയും ചെയ്ത യശ്ശശരീരനായ ശ്രീ. ടി.ഐ. കുര്യനാണ് എന്റെ പിതാമഹൻ. അദ്ദേഹം ഇഹലോകവാസം വെടിയുമ്പോൾ എനിക്ക് കേവലം ഒന്നര വയസ്സ് മാത്രമായിരുന്നു. അപ്പച്ചൻ കൊല്ലാട് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ 25ൽപരം വർഷങ്ങൾ തുടർച്ചയായി ട്രസ്റ്റിയായി സേവനം ചെയ്തിട്ടുണ്ടെന്നാണ് ഇടവക ചരിത്രം സാക്ഷിക്കുന്നത്. തന്മൂലം അന്നുണ്ടായിരുന്ന ബഹുഭൂരിപക്ഷം വൈദികരുടെയും അഭിവന്ദ്യ തിരുമേനിമാരുടെയും സ്നേഹവും കരുതലും ആവോളം അനുഭവിക്കുവാൻ ദൈവകരുണയാൽ അപ്പച്ചന് സാധിച്ചിരുന്നു. കൊല്ലാട് ദേശവും ഇടവക പള്ളിയും സന്ദർശിച്ചിട്ടുള്ള ബഹു. വൈദികരിൽ അപ്പച്ചന്റെയും അമ്മച്ചിയുടെയും സ്നേഹസത്ക്കാരങ്ങൾ ഏറ്റുവാങ്ങാത്തവരായി ആരും തന്നെ ഉണ്ടാവില്ല. ദൈവാലയത്തോട് ഞങ്ങളുടെ കുടുംബഭവനത്തിനുള്ള സാമീപ്യമാവാം ഒരു മുഖ്യഹേതു.

അപ്പച്ചന്റെ രണ്ടാം ശ്രാദ്ധം ആയിരുന്നതിനാൽ 1949 ഒക്ടോബർ 7-ാം തീയതി കൊല്ലാട് മൂലയിൽ കുടുംബാംഗങ്ങൾക്ക് പൊതുവെയും, പുളിയേരിൽ കുടുംബാംഗങ്ങൾക്ക് പ്രത്യേകിച്ചും പവിത്രമായ ആരാധനയുടെയും നിർമ്മല പ്രാർത്ഥനകളുടെയും, നിറഞ്ഞുനിന്ന കുടുംബസംഗമത്തിന്റെ സവിശേഷ ദിനം കൂടിയായിരുന്നു. ദൈവാലയത്തിൽ

നടന്ന വി. കുർബ്ബാനയിലും, കബറിങ്കലെ ധൂപപ്രാർത്ഥനയിലും സംബ ന്ധിച്ച് കുടുംബ ഭവനത്തിലേക്ക് കടന്നുവന്നവരെ സ്വാഗതം ചെയ്തത് ഏവരുടേയും മനംകുളിർപ്പിക്കാൻപോന്ന ഒരു സുവാർത്തയായിരുന്നു. ഇന്ന് മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനഭാജനമായി പ. സഭയുടെ യശസ്സും ആഢ്യതയുടെ പരിമളവും ലോകമെങ്ങും പര ത്തുവാൻ അക്ഷീണപരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഞങ്ങളുടെ സഹോദരൻ ആബൂൻ മാർ കൂറിലോസ് തിരുമേനി ഞങ്ങളുടെ മാതാ പിതാക്കളായ പി. കെ. കുര്യന്റെയും, പത്തനംതിട്ട കിഴക്കേടത്തായ മാങ്കൂട്ടത്തിൽ മറിയാമ്മ കുര്യന്റെയും അഞ്ചാമത്തെ പൈതലായി ഭൂജാതം ചെയ്ത വാർത്തയാണ് ശ്രവിച്ചവരെ കോൾമയിർ കൊള്ളി ച്ചത്. ഞങ്ങളുടെ അപ്പച്ചൻ ജീവിച്ചിരിക്കെ തന്റെ കൊച്ചു മക്കളിൽ ആരെങ്കിലും ഒരാൾ വൈദിക പദവിയിലെത്തണമെന്ന് അതിയായി ആഗ്രഹിച്ചതിലുപരിയായി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നുവെങ്കിലും ആയത് സാധിതപ്രായമാക്കുവാൻ തക്കവണ്ണം ദൈവഹിത പ്രകാരം നിയോഗിതനായ വ്യക്തിയുടെ ജനനം അപ്പ ച്ചന്റെ രണ്ടാം ശ്രാദ്ധദിനത്തിലായത് തികച്ചും ആകസ്മികമെങ്കിലും സത്യത്തിൽ ദൈവഹിതം വെളിപ്പെടുത്തലായി മാത്രമെ ഇതിനെ വീക്ഷിക്കാനാവൂ. ബാല്യകാലത്ത് ഓമനപ്പേരായി ജോർജ്കുട്ടിയെന്ന് നാമകരണം ചെയ്യപ്പെട്ടുവെങ്കിലും അന്ന് എന്റെ നാവിന് വഴങ്ങാതെ വന്നതുകൊണ്ട് ഞാൻ ജൂമോൻ എന്ന് നിർദ്ദേശിച്ചത് മാതാപിതാക്കളും എന്റെ മൂത്ത മൂന്ന് സഹോദരിമാരായ ആലീസും, മോളിയും അമ്മാൾകു ട്ടിയും നിറഞ്ഞ മനസ്സോടെ സ്വീകരിക്കുകയുമാണുണ്ടായത്. ജൂമോൻ പറഞ്ഞ് പറഞ്ഞ് 'ചൂമോൻ' എന്നായി എന്നതാണ് സത്യം.

അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ മാമോദീസാ പേര് ഗീവർഗീസ് എന്നാണ്. ഞങ്ങളുടെ മാതാവിന്റെ പിതൃനാമം അവകാ ശമായി ലഭിച്ചപ്പോൾ അതിനും ഒരു പ്രത്യേകതയുണ്ടായിരുന്നു. ഞങ്ങ ളുടെ പിതാവിന്റെ ഹൈസ്ക്കൂൾ വിദ്യാഭ്യാസ വേളയിലെ ഗുരുവും മാതാവിന്റെ സണ്ടേസ്കൂൾ ക്ലാസ്സുകളിലെ ഗുരുവും ആയിരുന്ന അന്ന് മലങ്കരസഭയുടെ ഭാഗ്യനക്ഷത്രമായി വിശേഷിക്കപ്പെട്ടിട്ടുള്ള ഭാഗ്യസ്മ രണാർഹനും പുണ്യശ്ലോകനുമായ പുത്തൻകാവിൽ കൊച്ചുതിരുമേ നിയുടെ മാമോദീസാ നാമവും ഇതുതന്നെയെന്നത് ഞങ്ങളുടെ മാതാ പിതാക്കളെ പുളകംകൊള്ളിക്കുന്ന ഒരു ഓർമ്മയായിരുന്നു. ഞങ്ങളുടെ ഏറ്റവും ഇളയ സഹോദരൻ ബാബുകുര്യൻ ജനിക്കുമ്പോൾ അഭിവന്ദ്യ

തിരുമേനിക്ക് അഞ്ച് വയസ്സ് പ്രായമായിരുന്നു.

ജോർജ്കുട്ടിയെ സ്കൂളിൽ ജോർജ് കുര്യൻ എന്നാണ് അറിയപ്പെട്ടിരുന്നത്. ചെറുപ്പം മുതൽ മിതഭാഷിയും, ശാന്തസ്വഭാവക്കാരനും, വിനയാന്വിതനും, ശാരീരിക വിശുദ്ധി പാലിക്കുന്നതിൽ സദായിപ്പോഴും ഏറെ തൽപരനും ഉത്സാഹിയുമായിരുന്നു. പഠന കാര്യങ്ങളിൽ സാധാരണയിൽ കവിഞ്ഞ സാമർത്ഥ്യം ചെറുപ്പം മുതലേ പ്രകടിപ്പിച്ചിരുന്നു. ചെറിയ ക്ലാസ്സുകൾ മുതൽ കോളേജ് തല വിദ്യാഭ്യാസം വരെയുള്ള കാലയളവിൽ ചിട്ടയും നിഷ്ടയും അച്ചടക്കവും പാലിക്കുന്നതിൽ ഏറെ ബദ്ധശ്രദ്ധനായിരുന്നു അദ്ദേഹം, അദ്ധ്യാപകരുടെ മാത്രമല്ല സഹവിദ്യാർത്ഥികളുടെയും സ്നേഹവും, വിശ്വാസവും, അഭിനന്ദനങ്ങളും നേടിയെടുക്കാൻ കഴിയുമായിരുന്നുവെന്നത് ഏറ്റവും വലിയ പ്രത്യേകതകളിലൊന്നാണ്. ഏവരുടെയും പ്രിയങ്കരനായിരിക്കാൻ കഴിഞ്ഞുവെന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു സത്യമാണ്. സ്കൂൾവിട്ട് വീട്ടിലെത്തിയാൽ തന്നാലാവുംവിധം ഗൃഹകാര്യങ്ങളിൽ പങ്കെടുക്കാനും ആത്മാർത്ഥമായി സഹകരിക്കുവാനും പരപ്രേരണ കൂടാതെ കഴിഞ്ഞിരുന്നുവെന്നത് ശ്രേഷ്ഠമായ ഒരു അനുഭവം തന്നെയാണ്. മാതാപിതാക്കളുടെയും പിതാമഹിയുടെയും സന്ദർശകരായി എത്തിക്കൊണ്ടിരുന്ന മറ്റ് പ്രായാധിക്യത്തിലുള്ളവരെയും പരിചരിക്കുവാനും സത്കരിക്കുവാനും പ്രകടിപ്പിച്ചിട്ടുള്ള ആത്മാർത്ഥതയും ശുഷ്ക്കാന്തിയും, ഏറെ പ്രശംസനീയമാണ്. അന്നൊക്കെ വീണുകിട്ടുന്ന സമയം മുഴുവൻ കളികാര്യങ്ങൾക്കായി നീക്കിവയ്ക്കാൻ ഏറെ താൽപര്യപ്പെട്ടിരുന്ന ഞങ്ങൾക്ക് അസൂയ ഉളവാക്കും വിധത്തിലുള്ള പെരുമാറ്റ ശൈലി സായത്തമാക്കാനും, പ്രായോഗികതയിൽ മികവ് കാട്ടാനും ജോർജ് കുട്ടിക്ക് കഴിയുമായിരുന്നു. ഒന്നിനോടും അമിത താൽപര്യമോ ആഗ്രഹമോ പ്രകടിപ്പിക്കാത്ത ഏക പൈതലായിരുന്നു ജോർജ്കുട്ടി.

ഞങ്ങളുടെ ബാല്യകാലത്ത് വാത്സല്യപിതാവ് ആൺമക്കളായ ഞങ്ങൾ മൂന്ന് പേരെയും പുണ്യശ്ലോകനും മഹാപരിശുദ്ധനുമായിരുന്ന പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയെകണ്ട് അനുഗ്രഹം പ്രാപിക്കുവാൻ കൊണ്ടുപോയി. യാത്ര തിരിക്കുംമുമ്പേ ഞങ്ങളുടെ വാത്സല്യമാതാവ് "പ. ബാവാതിരുമേനി ഓരോരുത്തരോടും പേര് ചോദിച്ചാൽ മാമോദീസാ പേരേ പറയാവൂ" എന്ന് പ്രത്യേകം ഓർമ്മിപ്പിച്ചിരുന്നു. ഞങ്ങൾ കാതോലിക്കേറ്റ് പാലസിൽ എത്തി പ. പിതാവിന്റെ തൃക്കരം മുത്തി. ഉടനെ സിംഹഗർജ്ജനം

എന്നപോലെ മുഴങ്ങുന്ന ശബ്ദത്തിൽ ചോദ്യംവന്നു. "നിന്റെ പേരെന്ത്?" എന്റെ പേരുപറഞ്ഞു. ജോർജ്കുട്ടി "ഗീവർഗീസ്" എന്ന് ഉത്തരം നല്കവേ "എന്റെ പേരുതന്നെയാണല്ലോ, നിനക്കൊരു കത്തനാരാകാമോ?" എന്ന് സ്നേഹമസൃണമായ ഒരു ചോദ്യമുതിർന്നു. ജോർജ്കുട്ടി ഉത്തരമായി ഒന്നും ഉരിയായില്ലായെങ്കിലും പ്രസ്തുത ചോദ്യം അദ്ദേഹത്തിന് ലഭിച്ച ദൈവവിളി യഥാസമയം യഥോചിതം തിരിച്ചറിയാനും ദൈവഹിതത്തിന് വിധേയപ്പെടുവാനും ഉപകരിച്ചിട്ടുണ്ടാവും എന്നുതന്നെയാണ് വിശ്വസിക്കേണ്ടത്. പ്രത്യേകിച്ച് അവിവാഹിത പൗരോഹിത്യം സ്വീകരിക്കാനും നിശ്ചയം കൈക്കൊള്ളുവാനും പ. പിതാവിന്റെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും, അനുഗ്രഹവും ഏറെ സഹായിച്ചിട്ടുണ്ടെന്ന് വിശ്വസിക്കാതെ തരമില്ല. പൂർണ്ണ ശെമ്മാശ്ശനാകുംമുമ്പ് കുടുംബജീവിതം സ്വീകരിക്കണമെന്ന ബന്ധുമിത്രാദികളുടെ അഭ്യർത്ഥനയും നിർദ്ദേശവും വിനയാന്വിതനായി തിരസ്ക്കരിക്കുവാൻ കാട്ടിയ മനോധൈര്യത്തിന്റെ ബലവും മറ്റൊന്നായിരിക്കില്ലാ എന്നു കരുതുകയാണ്. പൂർണ്ണ ശെമ്മാശപ്പട്ടം സ്വീകരിച്ച 1974 ഡിസംബർ 26 ന് തന്റെ ഭാഗ്യസ്മരണാർഹനായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കയായി പിന്നീട് അവരോധിതനായ അഭി. മാത്യൂസ് മാർ അത്തനാസിയോസ് തിരുമേനിയുടെ "താൻ സന്യാസി പട്ടക്കാരനായി ജീവിതം തുടരാനാണോ തീരുമാനിച്ചിരിക്കുന്നത്" എന്ന ഈ വിഷയത്തിലെ അവസാന ചോദ്യം ചോദിച്ചപ്പോഴും നിശ്ചയദാർഢ്യത്തോടെ ഉത്തരം നൽകാൻ കഴിഞ്ഞതും ദൈവകാരുണ്യവും വാങ്ങിപ്പോയ സകല പുണ്യ പിതാക്കന്മാരുടെയും മദ്ധ്യസ്ഥതയും മൂലം മാത്രമാണെന്ന് പറയാൻ കഴിയും.

പ്രൈമറി സ്കൂൾ വിദ്യാഭ്യാസം ഇടവക പള്ളിമുറ്റത്ത് നിലനിന്നിരുന്ന സെന്റ് ആൻഡ്രൂസ് എൽ.പി. സ്കൂളിലായിരുന്നു. പിതൃസഹോദര പുത്രിയാണ് ജോർജ്കുട്ടിയെ ആദ്യാക്ഷരം കുറിക്കുവാൻ സഹായിച്ചത്. ചേച്ചിയുടെ സ്കൂളിലെ സാന്നിദ്ധ്യം ഏറെ അനുഗ്രഹകരമായിരുന്നു എല്ലാകാര്യങ്ങൾക്കുമുള്ള പ്രോത്സാഹനത്തിനും. കലാകായിക കാര്യങ്ങളിൽ ചേച്ചിക്കുണ്ടായിരുന്ന വ്യുൽപത്തിയും ആഴമായ ജ്ഞാനവും എന്നുമെന്നും സ്കൂളിനും വിദ്യാർത്ഥികൾക്കും ഒരുപോലെ മുതൽകൂട്ട് തന്നെയായിരുന്നു. കേവലം 7 വയസ്സുള്ളപ്പോൾ സ്കൂളിൽ അവതരിപ്പിച്ച നാടകത്തിലെ പാറുക്കുട്ടിയുടെ വേഷവിധാനത്തിലെ ഭംഗിയും ആകർഷണവും കാണുവാനും ആസ്വദിക്കുവാനും

മൂത്ത മൂന്ന് സഹോദരിമാരും അമ്മയും മത്സര്യബുദ്ധ്യാ പെരുമാറി യത് ഇന്നും ഓർക്കുകയാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം എം.ടി. സെമിനാരി ഹൈസ്കൂളിലായിരുന്നു. ഭാരത് സ്കൗട്ട്സിൽ അംഗമായി ചേർന്ന് സ്കൂളിലെ ലീഡറായി തീർന്നതും മറ്റും ഇന്ന് എന്നപോലെ സ്മരണയിൽ നിറഞ്ഞുനിൽക്കുന്നു. കോളജ് വിദ്യാഭ്യാസം കോട്ടയം സി.എം.എസ്. കോളജിലായിരുന്നു. സ്കൂളിലും കോളേജിലുമൊക്കെ ഡ്രാമകളിൽ അഭിനയിക്കുമ്പോൾ ജോർജ് കുര്യനെ തേടിയെത്തിയിട്ടുള്ളത് സ്ത്രീവേഷങ്ങളായിരുന്നു. ഒന്നിനൊന്ന് മെച്ചമായി മികവോടെയും തന്മയത്തോടെയും അഭിനയ പാടവം പ്രകടിപ്പിക്കാൻ കഴിഞ്ഞത് തന്നെയാണിതിന് കാരണം. സി. എം.എസ്. കോളജിൽ പഠിക്കവേ കോട്ടയം മാമ്മൻ മാപ്പിളഹാളിൽ അരങ്ങേറിയതും കോളജ് വാർഷിക പരിപാടികളുടെ ധനശേഖരണാർത്ഥം നടത്തിയതുമായ ഡ്രാമയിലെ നായിക-നായക വേഷങ്ങളിൽ അരങ്ങ് തകർത്ത് പ്രേക്ഷക ഹൃദയങ്ങളിൽ ആസ്വാദനത്തിന്റെ തേന്മഴ പെയ്യിച്ചത് ഇന്ന് സിനിമാ-സീരിയൽ രംഗങ്ങളിൽ അജയ്യനടനായും, സംവിധായകനായും പ്രശോഭിച്ചുകൊണ്ടിരിക്കുന്ന ശ്രീ പ്രേംപ്രകാശും അഭിവന്ദ്യ തിരുമേനിയുമായിരുന്നു.

അഖില കേരള ബാലജനസഖ്യത്തിലെ സജീവ പങ്കാളിത്തം പല കാരണങ്ങൾകൊണ്ട് ഭാവിജീവിത കരുപിടിപ്പിക്കലുകൾക്ക് സഹായമായിട്ടുണ്ട്. ബാലജനസഖ്യം സ്റ്റേറ്റ് ലവലിൽ സംഘടിപ്പിച്ച് വന്നിരുന്ന വാർഷിക ക്യാമ്പുകളിൽ പങ്കെടുത്ത് കലാസാഹിത്യ മത്സരങ്ങളിൽ കിട്ടാവുന്ന അത്രയും സമ്മാനങ്ങൾ കരസ്ഥമാക്കുന്നതിൽ ജോർജ് കുര്യന്റെ വിരുതും കഴിവും ഏറെ ശ്രദ്ധേയമായിരുന്നു. തുടർച്ചയായി മൂന്ന് വർഷം ക്യാമ്പുകളിലെ മോണോആക്ട് മത്സരങ്ങളിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയതാണ് ഇതിൽ ഏറെയും പ്രത്യേകമായിട്ടുള്ളത്. സണ്ടേസ്ക്കൂൾ പഠനത്തിലും ഏറെ തൽപരനായിരുന്നു ജോർജ് കുര്യൻ. ഗ്രൂപ്പ് ലവലിലും, ഭദ്രാസന ലവലിലും അഖില മലങ്കര ലവലിലും പ്രസംഗം, സംഗീതം, മോണോ ആക്ട്, സ്കിറ്റ് എന്നിവയിൽ പ്രാവീണ്യം പ്രകടിപ്പിച്ചിട്ടുണ്ട്.

ദൈവാലയത്തിലും, ഭവനത്തിലും, സമൂഹത്തിലും നിസ്വാർത്ഥനും, വിശ്വസ്തനും, സേവനസന്നദ്ധനും കഠിനാദ്ധ്വാനിയായിരുന്നു. വളരെ ചെറുപ്പത്തിൽ ഭവനാങ്കണത്തിൽ പ്രത്യക്ഷപ്പെട്ട ഒരു മൂർഖൻ പാമ്പിനെ, മുതിർന്നവർ ഭയന്ന് മാറിയ സന്ദർഭത്തിൽ ധൈര്യപൂർവ്വം നേരിട്ട്

കഥ കഴിച്ചപ്പോൾ കുടുംബത്തിൽ ഒരു ധൈര്യശാലിയായ ഗീവർഗീസിനെ ലഭിച്ചതിൽ സന്തോഷിച്ച് ദൈവത്തെ സ്തുതിക്കുകയായിരുന്നു വല്യമ്മച്ചി. ജോർജ്കുട്ടി പങ്കെടുത്ത പരിപാടികളിൽ തങ്ങളുടെ മക്കളെക്കൂടി വിടാൻ ബന്ധുക്കൾക്കും അയൽക്കാർക്കും നല്ല ധൈര്യമായിരുന്നു. ഭവനത്തിലെ ദൈനംദിന ആവശ്യനിർവഹണത്തിൽ അതീവ ശ്രദ്ധാലുവാകുന്ന അതേ അവസരത്തിലും സർവ്വശക്തനായ ദൈവത്തോട് തനിക്കുള്ള കടപ്പാട് വിസ്മരിക്കാതെയും വെളിപ്പെടുത്തലുകൾ കൂടാതെയും ദൈവീക സംസർഗ്ഗത്തിൽ മുഴുകുവാനും ധ്യാനിക്കുവാനും ഏറെ ശ്രദ്ധിച്ചിരുന്നു. ചെറുപ്പം മുതലേ സ്വകാര്യജീവിത വിശുദ്ധി ഉൾപ്പെടെ ദൈവീകവിളി ലഭിച്ചിട്ടുള്ളവർ പാലിക്കേണ്ട മര്യാദകളിലും, അച്ചടക്കത്തിലും അധിതീയത പുലർത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പ്രാർത്ഥനാ ജീവിതവും വി. ഗ്രന്ഥപാരായണത്തിലുള്ള നിഷ്ക്കർഷതയും, ധ്യാനിപ്പാനുള്ള തൃഷ്ണയും, അനിതര സാധാരണായായിട്ടുള്ളതായിരുന്നു. ദൈവാലയത്തോടുള്ള സാമീപ്യം [illegible]ലയും [illegible]ളും സംസ്കാരങ്ങൾക്കും മറ്റും ഓടിയെത്തുവാൻ തക്കവണ്ണം [illegible] സഹായകമാണ്. എവിടെയും നിശബ്ദനായി പിന്നിൽനിന്ന് മറ്റുള്ളവരുടെ നന്മ ലാക്കാക്കി തന്നാലാവത് ചെയ്യാൻ ഏറെ ഉത്സാഹിക്കുമായിരുന്നു.

ചെറുപ്പത്തിൽ ഞങ്ങൾ രണ്ടും അച്ചനും കപ്യാരുമായി വേഷംകെട്ടി കളിക്കുമായിരുന്നു. എനിക്കാണ് സീനിയോരിറ്റി എന്ന കാരണം കൊണ്ടുമാത്രം ഞാൻ അച്ചൻവേഷം ഒരിക്കലും കൊടുത്തിരുന്നില്ലയെങ്കിലും ഇന്ന് സർവ്വശക്തനായ ദൈവം ഈ സ്ഥാനത്തിന് തികച്ചും യോഗ്യനായ അദ്ദേഹത്തെ വിളിച്ച് ചേർത്തിരിക്കുന്നതിനാൽ തമ്പുരാന് ആയിരമായിരം സ്തുതി. ഇന്ന് അദ്ദേഹം എന്റെ ആത്മീയ പിതാവും ശ്രേഷ്ഠ മഹാപുരോഹിതനുമായിരിക്കുന്നു. ആയതിനും ദൈവത്തിന് ആയിരമായിരം സ്തുതി കരേറ്റുകയാണ്. ഞാൻ കോളജിൽ പഠിക്കുന്ന നാളുകളിൽ പിതാവായിരുന്നു ഞങ്ങളുടെ പള്ളിയിലെ ട്രസ്റ്റി. അത്കൊണ്ടുംകൂടിയാണ് അന്ന് വികാരിയായിരുന്ന ബ. അച്ചന് ഭക്ഷണം നൽകുന്ന ചുമതല അച്ചാച്ചൻ സ്വയം ഏറ്റെടുക്കേണ്ടിവന്നു. ഒരുദിവസം ബ. അച്ചൻ വൈകിട്ടത്തെ ഭക്ഷണത്തിന് എത്തിയപ്പോൾ പറഞ്ഞു; നമ്മുടെ ജോർജ്കുട്ടിയെയും ബാവച്ചനെയും അടുത്ത ഞായറാഴ്ച കൈവയ്പ് നൽകി വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷരാക്കണം" എന്ന് ഇതുകേട്ട നിമിഷം ബാവച്ചൻ കട്ടിലിൽ

കയറി മുകളിലേക്ക് ചാടി ആഹ്ലാദം പ്രകടിപ്പിച്ചു. അന്ന് ഒരു ഭാവഭേദമുമില്ലാതെ ജോർജ്കുട്ടി ഏറെ ചിന്തിച്ചും പ്രാർത്ഥിച്ചും ഒരുക്കത്തോടെയുമാണ് ദൈവവിളിയുടെ പ്രഥമ പടി കടന്നത്. സത്യത്തിൽ ധൃതഗതിയിലുള്ള ഒരു തീരുമാനത്തിനായി ബാവച്ചൻ ഏറെ പ്രേരിപ്പിക്കുന്നുണ്ടായിരുന്നു. ഞാൻ അപ്പോഴേക്കും ശുശ്രൂഷകനായി കഴിഞ്ഞിരുന്നു.

1962 ൽ പാമ്പാടി തിരുമേനിയെ ഒരുനോക്ക് കാണുവാനും അനുഗ്രഹാശ്ശിസുകൾ നേടിയെടുക്കാനും ഞാൻ ഇളയ സഹോദരങ്ങൾ ഇരുവരേയും കൂട്ടി പാമ്പാടി ദയറായിലേക്ക് ചെന്നു. ദയറാപള്ളിയിലെ വി. കുർബാനയിൽ സംബന്ധിച്ചു. പാമ്പാടി തിരുമേനി അരമന കെട്ടിടത്തിലെ ഒരു ഈസി ചെയറിൽ വിശ്രമിക്കുമ്പോൾ വിശ്വാസികൾ പ. പിതാവിനെ കാണുവാനായി ലൈൻ ആയി നിലകൊണ്ട് കഴിഞ്ഞിരുന്നു. പ. പിതാവ് വിശ്രമിച്ച മുറിയിൽ പ്രവേശിക്കുന്ന വാതിലിന് എതിരെ പുറത്തേക്ക് ഇറങ്ങാനുള്ള കതക് തുറന്ന് കിടന്നിരുന്നു. അകത്തേക്ക് കടക്കുന്നവർ പ. പിതാവിന്റെ തൃക്കരം മുത്തി പുറത്തേക്ക് കടന്നുപൊയ്ക്കൊണ്ടിരുന്നു. പ. പിതാവ് കിടന്നിരുന്ന കസേരയ്ക്ക് മീതെ "സന്ദർശകർ ചുരുക്കമായും വ്യക്തമായും ആഗമന ഉദ്ദേശം അറിയിക്കണമെന്ന് എഴുതിയ ഒരു ബോർഡ് കാണപ്പെടുമായിരുന്നു. ഞങ്ങൾ പ. പിതാവിന്റെ തൃക്കരംമുത്തി പുറത്തിറങ്ങിയ ഉടനെ ജോർജ്കുട്ടിക്ക് ഒരാശ ഒന്നുകൂടി പ. പിതൃസന്നിധിയിലേക്ക് പോകണം. ആശയം ഞങ്ങളുമായി പങ്കുവച്ചപ്പോൾ ഞങ്ങളും സമ്മതം മൂളി.

അങ്ങനെ ഞങ്ങൾ വീണ്ടും പ. പിതാവിനെ ആദ്യമായി കാണുവാൻ കാത്തുനിന്നവരുടെ കൂടെകയറി രണ്ടാമതും കൈമുത്തി പുറത്തിറങ്ങിയപ്പോൾ വീണ്ടും ജോർജ്കുട്ടി പറയുന്നു നമുക്ക് ഒറ്റ പ്രാവശ്യംകൂടി പാമ്പാടി തിരുമേനിയെ കാണാം എന്ന്. ഞങ്ങൾക്കും സമ്മതമായി. മൂന്നാം പ്രാവശ്യം ഞങ്ങൾ പരിശുദ്ധ പിതാവിന്റെ തൃക്കരം മുത്തുമ്പോൾ "നിങ്ങളിത് എത്രാമത്തെ പ്രാവശ്യമാ വരുന്നത്. എവിടെനിന്നുമാണ് വരുന്നത്" എന്നൊക്കെ പ. പിതാവ് ചോദിച്ചു. ഞങ്ങളുടെ ഉത്തരംകേട്ട പ. പിതാവ് സംതൃപ്തനായി അനുഗ്രഹിച്ചാണ് പറഞ്ഞയച്ചത്. പരിശുദ്ധന്റെ നിരന്തരമായ മദ്ധ്യസ്ഥത ഞങ്ങൾക്ക് മൂവർക്കും വിശിഷ്യാ അഭി. തിരുമേനിക്കും ലഭിച്ചുകൊണ്ടിരിക്കുന്നു.

കൊല്ലാട് ദേശത്തിന്റെ വാത്സല്യഭാജനമായിരിക്കുന്ന അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കർമ്മവേദിയായ "ഗ്രിഗോറിയൻ കമ്മ്യൂണിറ്റി"

ആരംഭിച്ചിരിക്കുന്നത് മഹാരാഷ്ട്ര സംസ്ഥാനത്തെ റോഹാ എന്ന അതിമനോഹരവും പ്രകൃതി രമണീയവുമായ ഡിസ്ട്രിക്ടിലെ കൊലാട് എന്ന സ്ഥലത്താണെന്ന അറിവ് ആരെയും വിസ്മയിപ്പിക്കുമെന്നതിന് തർക്കമൊന്നുമില്ല. കൊല്ലാട്ടും കൊലാടും എഴുതുമ്പോൾ ഒരു (L) എന്ന അക്ഷരത്തിന്റെ മാത്രം വ്യത്യാസം. കൊല്ലാടിന്റെ അഭിമാന ഭാജനവും പ്രശംസയുമായ വാത്സല്യ ഓമനപുത്രൻ കൊലാടിന്റെ അധിപതിയാകുന്നത് യാദൃശ്ചികമെങ്കിലും, അതിലും ദൈവീക നടത്തിപ്പ് കണ്ടറിഞ്ഞ് ദൈവത്തിന് സ്തുതികരേറ്റാം. അഭിവന്ദ്യ തിരുമേനിയെ കഴിഞ്ഞ 60 വർഷക്കാലം കൃപയിലും കരുണയിലും കരുതലിലും വഴി നടത്തിയ സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുന്നതിനോടൊപ്പം ഭാവി ഭാസുരമായിരിപ്പാൻ തക്കവണ്ണം ആരോഗ്യവും സമാധാനവും സന്തോഷവും നിറഞ്ഞ ദീർഘായുസ്സും മറ്റ് അനുഗ്രഹങ്ങളും സമൃദ്ധിയായി നൽകണമെന്ന് മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാ സഹോദരങ്ങളുടെയും ബന്ധുമിത്രാദികളുടെയും ആഭ്യുദയകാംക്ഷികളുടെയും പേരിൽ ഹൃദയം നിറഞ്ഞതും സ്നേഹാദരവുകൾ നിറഞ്ഞതുമായ ആശംസയുടെ പൂച്ചെണ്ടുകൾ തൃപ്പാദത്തിങ്കൽ സമർപ്പിക്കുകയും ചെയ്യുന്നു. ദൈവമേൽപ്പിച്ച അല്പത്തിൽ വിശ്വസ്തത പാലിച്ച്പോന്ന അഭിവന്ദ്യ തിരുമേനിയെ അധികം കൈകാര്യം ചെയ്യാൻ ദൈവം അനുഗ്രഹിക്കുന്നതു കാണാൻ ഏവർക്കും സംഗതിയാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# മലങ്കരയിലെ 'കൂറിലോസ്'മാർ

വർഗീസ് ജോൺ തോട്ടപ്പുഴ

പാശ്ചാത്യ സുറിയാനി (അന്ത്യോഖ്യൻ) പാരമ്പര്യത്തിലുള്ള കേരളത്തിലെ ക്രൈസ്തവ സഭകളിൽ ഏറ്റവും കൂടുതൽ മേൽപ്പട്ടക്കാർക്കു ലഭിച്ച എപ്പിസ്കോപ്പൽ നാമമാണ് 'മാർ കൂറിലോസ്.' 19 മേൽപ്പട്ടക്കാരാണ് ഈ പേരിൽ അറിയപ്പെടുന്നത്. അവരിൽ ഏഴുപേരും 'ഗീവർഗീസ് മാർ കൂറിലോസ്' എന്നുതന്നെ അറിയപ്പെടുന്നു.

കേരളത്തിലെ ഓരോ ക്രൈസ്തവ സഭയിലും 'മാർ കൂറിലോസ്' എന്ന പേരിൽ അറിയപ്പെട്ട മേൽപ്പട്ടക്കാരും അവരുടെ മേൽപ്പട്ട കാലാവധിയും താഴെ ചേർക്കുന്നു.

**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ**

യൂയാക്കിം മാർ കൂറിലോസ് (അന്ത്യോഖ്യൻ സഭ) (1846–1874)
ഗീവർഗീസ് മാർ കൂറിലോസ്, അമ്പാട്ട് (1876–1891)
പൗലോസ് മാർ കൂറിലോസ്, കൊച്ചുപറമ്പിൽ (1908–1917)
മാത്യൂസ് മാർ കൂറിലോസ് (1953–1991–2006)
(1991 ൽ പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ)
ഗീവർഗീസ് മാർ കൂറിലോസ് (1991-----)

**പാത്രിയർക്കീസ് കക്ഷി**

കുറിയാക്കോസ് മാർ കൂറിലോസ് (1974–1995)
മാർക്കോസ് മാർ കൂറിലോസ് (2001–2005)
ഗീവർഗീസ് മാർ കൂറിലോസ് (2006------)

**മലബാർ സ്വതന്ത്ര സുറിയാനി സഭ (തൊഴിയൂർ)**

അബ്രഹാം മാർ കൂറിലോസ്, കാട്ടുമങ്ങാട്ട് (1772–1802)
ഗീവർഗീസ് മാർ കൂറിലോസ്, കാട്ടുമങ്ങാട്ട് (1794–1809)
ഗീവർഗീസ് മാർ കൂറിലോസ്, കുത്തൂർ (1829–1856)

ജോസഫ് മാർ കൂറിലോസ്, ആലത്തൂർ പനയ്ക്കൽ (1857-1888)
ഗീവർഗീസ് മാർ കൂറിലോസ്, കരുമാങ്കുഴി പുലിക്കോട്ടിൽ (1898-1935)
കുറിയാക്കോസ് മാർ കൂറിലോസ്, കുത്തൂർ (1935-1947)
ഗീവർഗീസ് മാർ കൂറിലോസ്, ചീരൻ (1948-1967)
മാത്യൂസ് മാർ കൂറിലോസ്, കുത്തൂർ (1978-1986)
ജോസഫ് മാർ കൂറിലോസ്, ആലത്തൂർ പനയ്ക്കൽ (1986-------)

### സീറോ-മലങ്കര റീത്ത്

തോമസ് മാർ കൂറിലോസ് (1997--------)

### മാർത്തോമ്മാ സുറിയാനി സഭ

യൂയാക്കിം മാർ കൂറിലോസ് (1989---------)

'കൂറിലോസ്,' 'സിറിൽ' എന്നീ പേരുകൾ ഒന്നായതുകൊണ്ട് 'സിറിൽ' എന്ന പേരുകൂടി പരിഗണിച്ചാൽ 'സിറിൽ മാർ ബസേലിയോസ്' എന്നു പേരുള്ള രണ്ടു മേൽപ്പട്ടക്കാരെക്കൂടി ഈ പട്ടികയിൽ ചേർക്കാനാകും. ഒന്നാമൻ (1978-2007) സീറോ-മലങ്കര റീത്തിൽ 2005 മുതൽ തലവനായിരുന്നു. രണ്ടാമൻ തൊഴിയൂർ സഭയുടെ ഇപ്പോഴത്തെ (2001 മുതൽ) തലവനാണ്.

# കൂറിലോസ് തിരുമേനിയുടെ പ്രസംഗം

അഭി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, പരുമല സെമിനാരി മാനേജർ യൂഹാനോൻ റമ്പാച്ചൻ, വൈദിക സെമിനാരി പ്രിൻസിപ്പാൾ ഡോ. കെ.എം. ജോർജ് അച്ചൻ, സമാരാധ്യരായ വിശിഷ്ടാതിഥികളെ, മാതാപിതാക്കളെ, സഹോദരി സഹോദരങ്ങളെ,

തികച്ചും അപ്രതീക്ഷിതമായിട്ടാണ് എന്റെ പേരു പ്രസംഗിക്കാനായിട്ട് വിളിച്ചത്. ഇത് വളരെ അനുഗൃഹീതമായി, നല്ല അനുഭവമുള്ള പ്രസ്ഥാനമാണെന്ന് സ്വാഗത പ്രസംഗത്തിൽ സമർത്ഥമായിട്ട് കേൾക്കാനിടയായി. അതിനേക്കാളുപരിയായി വ്യക്തിപരമായിട്ട് ഓരോരുത്തർക്കും അനുഭവ സമ്പത്തുള്ള ഒന്നാണ്. വളരെ ശ്രദ്ധയോടെ പ്രാർത്ഥിക്കുകയും അന്യോന്യം ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്ന ഒരു ശൈലി ഇതിനുണ്ട്. എന്നാൽ നാം കൈകാര്യം ചെയ്യുന്ന പല തലങ്ങളെക്കാളും ഇതിനകത്ത് നല്ല അനുഭവങ്ങൾ നെയ്തെടുത്തിട്ടുള്ളവർ, അഭി. ഒസ്താത്തിയോസ് തിരുമേനി മുതൽ കൊച്ചുകുട്ടികൾവരെ. അതിനെ നിസാരമാക്കിക്കൊണ്ടല്ല ഈ അടുത്തകാലത്ത് കണ്ട ഒന്നുരണ്ടു പ്രവണതകൾ നമുക്ക് അനുഭവത്തിന് ആവേശകരമായ സമർപ്പണത്തിനും കുറേക്കൂടി ശ്രദ്ധാത്മകമായിട്ടുള്ള ദൈവസാമീപ്യത്തിലെ മനുഷ്യന്റെ നൊമ്പരങ്ങളെ അർത്ഥപൂർണ്ണമായി മനസ്സിലാക്കുന്നതിനുമായി ചുരുക്കമായി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈയിടക്ക് അമേരിക്കയിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കോൺഫ്രൻസുകൾ നടന്നു. ഞാനാകെ രണ്ടു മീറ്റിംഗുകളിലെ പങ്കെടുത്തിട്ടുള്ളു. സമയപരിധികൊണ്ട്. ഒരെണ്ണം അന്റലാന്റയിൽ വെച്ചുനടന്ന നാഷണൽ ലീഡർഷിപ്പാണ്. 150 ഓളം കുട്ടികൾ ഉണ്ടായിരുന്നു. ഓരോ ഇടവകയിൽനിന്നും ഒന്നുംരണ്ടും കുട്ടികൾ പങ്കെടുത്തിരുന്നു.

5 കുട്ടികൾക്കുവരെ പങ്കെടുക്കാമായിരുന്ന രീതിയിലായിരുന്നു ക്രമീകരണം. അതിന്റെ ബാഹ്യമായ മനോഹാരിതയോ കുട്ടികളുടെ ഉത്സാഹമോ ശ്രദ്ധാർഹമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുമാത്രമല്ല അവർ ആ കോൺഫ്രൻസിനുവേണ്ടി ഒരുങ്ങിയ ശൈലികൾ ഈ വേദിയിൽ പറയുന്നത് വളരെ അനുഗ്രഹമായിരിക്കുമെന്ന് എനിക്കു തോന്നുന്നു. അമേരിക്കയിലെ കുട്ടികൾ ഒരുപക്ഷെ ഷോർട്ട്സ് ഇട്ടു നടന്നുവെന്നു വരാം. കാഷ്വലായ നീക്കങ്ങൾ ഉണ്ടായതായിട്ടും വരും. പക്ഷെ അവരുടെ ഹൃദയത്തിന്റെ ആഴം, വിശ്വാസത്തിന്റെ എന്തെങ്കിലും അംശങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽ അവർ അതെങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് നാം അറിയണം. എന്നെ അത്ഭുതപ്പെടുത്തിയ ചില സംഗതികൾ ഉണ്ട്. അതിൽ പല കുട്ടികളും നോമ്പൊന്നുമല്ലെങ്കിലും പല ദിവസങ്ങളിലും തുടർച്ചയായി ഉപവസിച്ച് പ്രാർത്ഥിച്ചിരുന്നു. ആ രീതിയിലുള്ള ഒരുക്കത്തോടെയായിരുന്നു അവർ ആ കോൺഫറൻസിൽ പങ്കെടുത്തിരുന്നത്. ബുധനും വെള്ളിയും മിക്ക കുട്ടികളും വളരെ തീക്ഷ്ണമായ രീതിയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. ഞങ്ങൾ [illegible] ശ്മീഹാ നമസ്കാരം വെള്ളി, ശനി, ഞായർ ദിവസങ്ങളിലാ[illegible]യോഗിക്കുന്നത്. ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്ത് പൂർണ്ണരൂ[illegible]ക്കിയ നമസ്ക്കാര ക്രമം ഉപയോഗിച്ചാണ് ആരാധന നടത്തിയത്. അവർ ഒരുക്കത്തോട് അതിൽ പങ്കെടുത്തു. വളരെ ശ്രദ്ധയാർന്ന വളരെ കാഷ്വലായി ആരെങ്കിലും പറഞ്ഞിട്ടല്ല, നല്ല അനുഭവങ്ങളുടെ സമ്പന്നതയിലാണ് അവർ അതെല്ലാം കൈകാര്യം ചെയ്തത്. അതുകൊണ്ട് വളരെ അടുക്കും ചിട്ടയും ഉത്തരവാദിത്വങ്ങൾ ഷെയർ ചെയ്തിട്ട് സ്റ്റേജിൽ കയറുവാനായിട്ടുള്ള വെപ്രാളത്തിലായിരുന്നില്ല. നേരേമറിച്ച് ആരും അറിയാതെ ഭക്ഷണം ഒരുക്കാനും ആരും ശ്രദ്ധിക്കാത്ത മേഖലയിൽ രാവും പകലും അദ്ധ്വാനിക്കാനും ശ്രമിക്കുന്ന അനുഗ്രഹകരമായ ആഴമുള്ള സമർപ്പണമുള്ള വ്യക്തമായ ദർശനമുള്ള നല്ല അനുഭവങ്ങളുടെ നിറവിൽജീവിക്കുന്ന ചെറുപ്പക്കാരെ കാണാനായി. അവിടെ ചെറുപ്പക്കാരായി വളർന്നിട്ട് സഭയുടെ പ്രധാനപ്പെട്ട ശുശ്രൂഷകളിൽ പങ്കെടുക്കണമെന്നാഗ്രഹിക്കുന്ന ശെമ്മാശന്മാരും ഇന്നുണ്ട്. അവരിൽ ചിലരൊക്കെ ആ കോൺഫറൻസിൽ പങ്കെടുത്തു. അവരാണ് മുഖ്യമായ വിഷയങ്ങൾ അവതരിപ്പിച്ച് ചെറുപ്പക്കാരെ ശക്തീകരിച്ചത്. അവരുടെ വാക്കും നോട്ടവും പ്രവർത്തനങ്ങളും അവതരണങ്ങളും ഒക്കെ കേൾക്കുമ്പോൾ കുഞ്ഞുങ്ങൾക്ക് വളരെ ആവേശമായിരുന്നു. ഒരു ദിവസം അവർക്ക് രണ്ടുമണിക്കൂറോളം പുറത്തുപോയി കളിക്കാനും സോഷ്യൽപ്രവർത്തനം ചെയ്യുവാനും സമയമുണ്ടായി

രുന്നു. ഞാനത് വളരെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവർ താമസിക്കുന്ന ദൂരെയുള്ള സ്ഥലത്തുപോയി ഡ്രസ്സൊക്കെ ചെയ്ഞ്ച് ചെയ്ത് ഇവിടേക്ക് വരുമ്പോഴേക്ക് ഒരു സമയമാകും. അതിനുശേഷം അത്താഴം കഴിക്കുന്നതിനുമുമ്പ് മുറിയിൽ ചെന്ന് വേഷങ്ങളൊക്കെ മാറ്റി ഒരുങ്ങി വരുന്നതിന് സമയമെടുക്കും. അവർക്ക് ആകെ കളിക്കാൻ ശരിക്കും 45 –50 മിനിറ്റുകൾ കാണും. പക്ഷെ അത്രയും സമയംകൊണ്ട് ടീം സ്പിരിറ്റോടുകൂടി കാര്യങ്ങൾ നിർവ്വഹിക്കുക മാത്രമല്ല തിരിച്ചുപോകാറായി എന്നു വന്നപ്പോൾ നേതാക്കളിലാരെങ്കിലും ഒന്നു ചലിച്ചു തുടങ്ങിയാൽ ശരിക്കും വിനോദത്തിലായിരിക്കുന്നതിൽനിന്ന് പെട്ടന്ന് തീരുമാനമെടുത്ത് അതിലേക്ക് മടങ്ങിവരാനുള്ള ശിക്ഷണബോധം അവർ ഏറ്റെടുത്തത് വളരെ അത്ഭുതകരമായിട്ടുള്ളതാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ജൂബിലി കഴിഞ്ഞ വർഷം ഇവിടെവെച്ചാണ് (പരുമല) നടന്നത്. പരുമലയുടെ പരിമളവും പവിത്രതയും പരിശുദ്ധിയുമൊക്കെ തെളിഞ്ഞു നിൽക്കുന്ന ഒരു സ്ഥലത്തുപോലും ശിക്ഷണബോധം വളർത്തിയെടുക്കാൻ ചിലരൊക്കെ രാവും പകലും അധ്വാനിക്കേണ്ടിവന്നു. ഓർത്തഡോക്സ് വിശ്വാസത്തിന്റെ ആഴവും പരപ്പും വളരെ വ്യക്തമായിട്ടും കൃത്യമായിട്ടും സ്വതന്ത്രമായിട്ടും അനുഭവിക്കാൻ സാധിക്കുന്നവർക്കും ഇത് മുഴുവനായി ഉൾക്കൊള്ളാൻ സാധിക്കും.

നമ്മൾ ചില മൂല്യങ്ങളെക്കുറിച്ച് സ്വപ്നം കാണും. അത് യാഥാർത്ഥമാക്കാൻ വളരെ കഷ്ടപ്പാട് സഹിക്കേണ്ടിവരും. മറ്റു ചിലരൊക്കെ ഓർത്തഡോക്സ് സഭയുടെ പാരമ്പര്യങ്ങൾ കണ്ടു പഠിക്കും. അത് യാഥാർത്ഥമാക്കാൻ അവർ തിരക്കുകൂട്ടും. പരുമല തിരുമേനിയിൽനിന്നും ലഭിക്കുന്ന അനുഭവങ്ങൾ ധാരാളമുണ്ട്. അത് പറയുവാനും പലരും മടിക്കുന്നുണ്ട്. മദ്ധ്യസ്ഥ പ്രാർത്ഥനയുടെ സമ്പന്നതയിലൂടെ ദൈവത്തെ മുഖാമുഖം കാണുവാനും പരുമല തിരുമേനിയെപ്പോലെ ശ്രദ്ധാലുവായിട്ട് കർത്തൃസന്നിധിയിൽ മനുഷ്യന്റെ നൊമ്പരങ്ങളുടെ മധ്യത്തിൽ ഉചിതമായ ഒരു ക്രിസ്ത്യാനിയായി നിൽക്കുവാനായിട്ടുള്ള ദൈവവിളി നമുക്കുണ്ട്. അത് കുറെക്കൂടി ഉറപ്പാക്കാനുള്ള തരത്തിൽ സമർപ്പണം ചെയ്ത് ആഴമാക്കുകയാണെങ്കിൽ നമ്മുടെ സമൂഹത്തിനു മാത്രമല്ല ചുറ്റുപാടുള്ളവർക്കും മാറ്റങ്ങൾ വരുത്തുവാനായിട്ട് സാധിക്കും. നമ്മൾ കൈകാര്യം ചെയ്യുന്ന വിശ്വാസത്തെ മറ്റാർക്കും ചോദ്യം ചെയ്യാനാകില്ല. തിയോളജിക്കൽ സെമിനാരിയിലും വൈദികർ അവരുടെ പഠിപ്പിക്കലിന്റെ സന്ദർഭങ്ങളിലൊക്കെ പരിശുദ്ധന്മാരുടെ മധ്യസ്ഥത എത്രമാത്രം പ്രസക്തമാണെന്ന് വളരെ കഷ്ടപ്പെട്ട് പഠിപ്പിക്കാനായി ശ്രമിക്കും. എന്നാലും തലയിൽ കയറുന്ന സന്ദർഭങ്ങൾ വളരെ

കുറവാണ്. എന്നാൽ പരുമലയിൽ വന്നാൽ, ഓർത്തഡോക്സുകാർ മാത്രമല്ല, ക്രിസ്ത്യാനികൾ മാത്രമല്ല ഈ കോമ്പൗണ്ടിൽ വരുന്നത്. അവരെല്ലാം അനുഭവസമ്പന്നരാണ്. പരുമല തിരുമേനിയുടെ സന്നിധിയിൽ വന്ന് മുട്ടുകുത്തി പ്രാർത്ഥിക്കുന്നത് എന്തിനാണ് ആരോടും പറയേണ്ട കാര്യമില്ല. എവിടെ മുട്ടുകുത്തിയാലും ആർക്ക് അതിന്റെ ഗുണം കിട്ടുമെന്ന് ചോദിക്കേണ്ട മൽസരിക്കേണ്ട ആവശ്യമില്ല. അടിസ്ഥാനപരമായിട്ടുള്ളത് പരുമല തിരുമേനിയെപ്പോലെ രൂപാന്തരം പ്രാപിച്ച ആളുകളുടെ സാന്നിദ്ധ്യത്തിന്റെ ആവശ്യകതയാണ്. ഇതുമായി താരതമ്യപ്പെടുമ്പോൾ നമ്മൾ വളരെ വിദൂരതയിലാണ്. ഈ പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ഒരു ലക്ഷ്യം അതുതന്നെ എന്നാണ് എന്റെ ബോധ്യം.

പരുമല തിരുമേനി പ്രാർത്ഥനയുടെ കാര്യത്തിൽ മാത്രമല്ല കൈവച്ച് അനുഗ്രഹിക്കുമ്പോൾ നീ ഓർത്തഡോക്സുകാരനാണോ എന്നാൽ നിന്റെ തലയിൽ കൈവച്ച് പ്രാർത്ഥിക്കാം എന്നു പറഞ്ഞിട്ട് മറ്റൊരുത്ത[illegible]റ്റി നിർത്തിയ കഥയില്ല. അതാണ് ഓർത്തഡോക്സുകാരന്റെ ത[illegible]തയുടെ ഗാംഭീര്യം. എന്നാൽ ഇന്നത് കൈകാര്യം ചെയ്യാനു[illegible]ദാർഢ്യവുമില്ല അതിനുള്ള തന്റേമില്ല. ആത്മാർപ്പണമി[illegible]രസ്നേഹമില്ല. ഈ ദാരിദ്ര്യത്തിൽ നിന്ന് പരുമലതിരുമേ[illegible]ത്തിയ സമ്പന്നതയിലേക്ക് നടക്കുവാൻ ദൈവം മാടിവിളി[illegible]ു കാണാൻ ചലിക്കുവാൻ ശക്തി നമുക്ക് നൽകുന്ന പ്രചോദന[illegible] വേർതിരിക്കാൻ സാധിക്കുന്നുവെങ്കിൽ അത് വളരെ അനുഗ്രഹപ്രദമായിരിക്കും. പലരുടെ വേദനകളെ ഞങ്ങൾ പുരോഹിതന്മാർ കൈവച്ചു പ്രാർത്ഥിച്ചാൽ പരുമല തിരുമേനി കൈകാര്യം ചെയ്തതുപോലെ അനേകരുടെ ദുഃഖങ്ങളും നെടുവീർപ്പുകളും വേദനകളും ചുറ്റുപാടുകളും മാറ്റുവാനായിട്ടും ആ സമയത്ത് ജനങ്ങൾ വിളിക്കുമ്പോൾ ശക്തിയായി വാക്കുകളും എത്തുന്നു. അനേകർക്ക് കൃപയും അനുഗ്രഹങ്ങളും ലഭിക്കുന്നു എന്നു വിശ്വസിക്കുന്ന ഒരു സഭയുടെ സന്താനങ്ങൾ അത് അനുഭവിക്കുന്നത് വേർതിരിക്കുവാനായിട്ട് സാധിക്കുമ്പോൾ മുഖഛായ മാറും. മനുഷ്യരുടെ ആവശ്യങ്ങളും നിലപാടു മാറും. ധാരാളമായ സാക്ഷ്യം വർദ്ധിപ്പിക്കുവാനായിട്ട് സാധിക്കും. ആ ഭാഗ്യകരമായതിലേക്ക് പരിശുദ്ധാത്മാവുവഴി നയിക്കട്ടെ. അതിന് ഈ പ്രസ്ഥാനം ഉത്തേജനം നൽകുന്ന മാതൃക പരത്തുന്നതുമായ അവസരങ്ങളിലേക്ക് വഴിയായിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. *(2009 ആഗസ്റ്റ് 22 ന് പരുമലയിൽ നടന്ന എസ്.ജി.ഒ.എസ്. വാർഷിക കുടുംബസംഗമ പ്രസംഗം)*

# കാലത്തിന്റെ സൗന്ദര്യം

## റജിപാറപ്പുറത്ത്

'അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്നവൻ യഹോവയെക്കുറിച്ച് : അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവമെന്ന് തൊണ്ണൂറ്റിയൊന്നാം സങ്കീർത്തനകാരൻ പാടുന്നു.

"ഞങ്ങളുടെ ആയുഷ്കാലം എഴുപത് സംവത്സരം ഏറെയായാൽ എൺപത് സംവത്സരം അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ; അത് വേഗം തീരുകയും ഞങ്ങൾ പറന്നുപോവുകയും ചെയ്യുന്നതായി" പ്രവാചകനായ മോശ തൊണ്ണൂറാം സങ്കീർത്തനത്തിൽ പ്രാർത്ഥിക്കുന്നു. ജീവിതത്തെ പ്രതിബദ്ധതയോടെ സമീപിച്ച പിതാക്കന്മാരുടെ അർത്ഥനകളും പ്രബോധനകളുമാണിത്. ജീവിത സൗന്ദര്യങ്ങളാണ് ഈ വാക്കുകൾ. സൗന്ദര്യം കാഴ്ചയിലെ മനോഹാരിത മാത്രമല്ല കർമ്മവും കൂടിയാണ്. കർമ്മമില്ലാത്ത സൗന്ദര്യം വ്യർത്ഥമാണ്. കർമ്മമാണ് സൗന്ദര്യമായി മാറുന്നതെന്ന് ചരിത്രവും. സൗന്ദര്യവും കർമ്മവും ഒന്നിക്കുന്ന സഭാ പിതാവാണ് ഇവിടെ സ്മരണീയ വ്യക്തി.

പൗരോഹിത്യത്തിന്റെ ഗൗരവം സമീപനത്തിലും, ദൈവത്തോട് സംസാരിക്കുന്നതിന് നിശ്ശബ്ദതയുടെ പ്രാധാന്യവും ഈ ആത്മീയ ആചാര്യൻ തിരിച്ചറിയുന്നു. അധികാരവും പദവിയും ഒന്നും വിസ്മരിക്കാനല്ല, പിന്നിട്ട വഴികളെ അറിഞ്ഞ് മുന്നേറാനാണെന്ന് അഭിവന്ദ്യ ഗീവർഗീസ് മാർ കുറിലോസ് തിരുമേനിക്ക് അറിയാം. സഭയുടെ പാരമ്പര്യവും പട്ടത്വവും വിശ്വാസികളുടെ കാഴ്ചപ്പാടുകളുമാണ് തന്റെ പദവിയെന്ന് അറുപതു സംവത്സരത്തിലെ ജീവിതം തിരുമേനിയെ ഓർമ്മപ്പെടുത്തുന്നു. മിസ്രേയമിൽ നിന്ന് വാഗ്ദാന നാട്ടിലേക്ക് യിസ്രായേൽ ജനതയുമായി നടക്കുന്ന മോശയുടെ ചിത്രം തെളിയുന്നു. വേദനകളുടെയും പരിഹാസത്തിന്റെയും യാത്രയായിരുന്നു മോശയുടേത്. മോശ പ്രത്യാശയുള്ളവനും ധീരനുമായിരുന്നു. മനസ്സു നുറുങ്ങുമ്പോൾ വേദനയോടെ ഹൃദയം തിരുസന്നിധിയിൽ പകർന്നു. പരിമിതികളെ അറിഞ്ഞായിരുന്നു മോശ യിസ്രായേൽ ജനതയുടെ നായകനായത്. "ഞാൻ

തടിച്ച നാവുകാരനും സംസാര തടസ്സമുള്ളവനും" എത്ര വിനീതമായ സമർപ്പണമായിരുന്നു മോശയുടേത്. മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ കർമ്മത്തിലെ സജീവ സാന്നിദ്ധ്യത്തിലായിരുന്നു വിദ്യാർത്ഥി പ്രസ്ഥാനത്തിലെ ജോർജ് കുര്യനച്ചൻ. മുളന്തുരുത്തി മാർത്തോമൻ പള്ളിയിലെ വികാരി പദവി തന്നിലേക്ക് വന്നപ്പോൾ അത് തിരസ്കരിച്ച് അവിടെ നിന്ന് ആറേഴു കിലോമീറ്റർ അകലെയുള്ള വെട്ടിക്കൽ ദയറായിലേക്ക് നടന്നടുത്ത ഗീവർഗീസ് അച്ചൻ എന്ന പതിനെട്ടു വയസ്സുകാരനായ പിൽക്കാലത്തെ പരുമലതിരുമേനിയും മനസ്സിലേക്കെത്തുന്നു.

161 വർഷങ്ങൾക്ക് മുൻപ് നടന്നൊരു മാമോദീസ. സ്വീകർത്താവിന്റെ നാമവും കാർമ്മികനായ പുരോഹിത നാമവും ഗീവർഗീസ് എന്നായിരുന്നു. പിന്നീട് ഗീവർഗീസിന് പൂർണ്ണ ശെമ്മാശപട്ടവും, കശീശ്ശാപട്ടവും, കോർ എപ്പിസ്കോപ്പാ സ്ഥാനവും നൽകിയത് ഒരേ മേൽപ്പട്ടക്കാരനായിരുന്നു. അത് യൂയാക്കിം മാർ കൂറിലോസ് തിരുമേനിയായിരുന്നു. പരുമലതിരുമേനിയുടെ മാമ്മോദീസ നാമത്തോടും പൗരോഹിത്യ ജീവിതത്തിലെ കൂറിലോസ് തിരുമേനിയെയും ചേർത്ത് പ്രതിപാദ്യ മെത്രാപ്പോലീത്തയെ കാണുമ്പോൾ [illegible] അന്വേഷണം ആരംഭിക്കുന്നു.

[illegible] ലെ മെത്രാഭിഷേക ശുശ്രൂഷ കാണുന്നതിനായി സ്ത്രീകൾ [illegible] ഞങ്ങൾ ക[illegible]ിന്ന ഡസ്ക് ഒടിഞ്ഞ് വീണ സന്ദർഭം, അന്ന് [illegible]യിൽ നിന്ന് മലങ്കരയിലെ നവാഭിഷിക്തരായ മെത്രാപ്പോലീത്തമാരെ [illegible]ിന് ശേഷം കൂറിലോസ് തിരുമേനിയെ പിന്നീട് കണ്ടതായി ഓർക്കുന്നത് യുവജനപ്രസ്ഥാനത്തിന്റെ 1994 ലെ തുമ്പമൺ വാർഷിക ക്യാമ്പിലായിരുന്നു. ആ വർഷം ബോംബെയിലെത്തിയപ്പോഴും വാഷി പള്ളിയിൽ ഞാൻ സ്ഥിരം പോകുമായിരുന്നു. പാട്ടിൽ യാതൊരു വിധ താളമില്ലാത്ത എനിക്ക് ശ്മീഹാ നമസ്കാര ക്രമം തന്നപ്പോഴുള്ള മാനസികാവസ്ഥ എഴുതാൻ കഴിയുന്നില്ല. വാഷിപള്ളിയിൽ ചിലപ്പോഴൊക്കെ അഭിവന്ദ്യ തിരുമേനിയും ഞാനും മാത്രമായി സന്ധ്യാ നമസ്ക്കാരം നടത്തിയതും ഓർക്കുകയാണ്.

അറുപത് സംവത്സരം ഭാഗ്യകരമായ ജീവിതത്തിലൂടെ അഭി. തിരുമേനിയെ ദൈവം നയിച്ചു. ഓരോ ജീവിതവും ദൈവീക പദ്ധതികളാണെന്നുള്ളത് വിസ്മരിക്കുന്നില്ല. ഈ കാലയളവിൽ അറുപതിന്റെ തികവിലെത്തിയ മേല്പട്ടക്കാരും കൂടി മലങ്കര സഭയിലുണ്ട്. ഓർത്തഡോക്സ് സഭയിലെ കണ്ടനാട് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് ([illegible].07.1949), കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യാക്കോബ് മാർ ഐറേനിയോസ് (15.08.1949), യാക്കോബായ സഭ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത തോമസ് മാർ തിമോത്തിയോസ് (11.07.1949), മാർത്തോമാ സഭാ [illegible]ൂർ ഭദ്രാസന മെത്രാപ്പൊലീത്ത ഡോ. ജോസഫ് മാർ ബർണബാസ്

(8.09.1949) എന്നിവർ ഷഷ്ടിപൂർത്തിയിലെത്തിയ അഭി. കുറിലോസ് തിരുമേനിക്ക് കൂട്ടായി സഞ്ചരിക്കുന്നു. ഇതൊരു ദൈവീക സമ്മാനമാണ്.

ചരിത്രം അന്വേഷിക്കുന്ന ആത്മീയയാത്ര തുടരാൻ കാലത്തിന്റെ സൗന്ദര്യമാകുന്ന കർമ്മത്തിൽ വീണ്ടും ശോഭിക്കാൻ 'യഹോവ എന്റെ ഇടയനാകുന്നു' എന്ന കീർത്തനക്കാരന്റെ പാതയിലൂടെ സഞ്ചരിക്കാൻ ദീർഘായുസ്സുകൊണ്ട് ഞാൻ നിനക്ക് തൃപ്തിവരുത്തുമെന്ന് മോശയുടെ പ്രാർത്ഥന സഫലമാകാൻ അഭി. തിരുമേനിക്ക് എല്ലാ നന്മകളും നേരുന്നു.